വികസന രേഖ
നെടുമ്പന ഗ്രാമ പഞ്ചായത്ത്

നെടുമ്പന ഗ്രാമപഞ്ചായത്ത്

വികസനരേഖ

വികസന സെമിനാർ

29-12-1996

നെടുമ്പന യു.പി. സ്കൂൾ

നെടുമ്പന
ഗ്രാമപഞ്ചായത്ത്



KOLLAM DIST. KERALA
LOCATION MAP



* കേരളം *



- കൊല്ലം ജില്ല
- നെടുമ്പന ഗ്രാമപഞ്ചായത്ത്.

സമർപ്പണം

നാട്ടിൽ എന്തു നടക്കണം,
നടത്തുന്നതാര്, എങ്ങനെയെന്നറിയാതെ
പഴിച്ചും പഴിപറഞ്ഞും
അവസാനവാക്കിൽ
''ഇതിങ്ങനേ നടക്കൂ'' എന്നു വിശ്വസിക്കുന്ന
അടിസ്ഥാന ദുർബ്ബല ജനവിഭാഗത്തിന്റെ
പ്രത്യാശയുടെ രജതരേഖയായി
ഈ വികസനരേഖ
ആദരപൂർവ്വം സമർപ്പിക്കുന്നു.

ഗ്രാമങ്ങളുണർന്നേ ഇന്ത്യ ഉണരൂ....

ജനകീയാസൂത്രണ ഉന്നതതല മാർഗ്ഗനിർദ്ദേശക കമ്മിറ്റി അദ്ധ്യക്ഷൻ

മുൻ പ്രസിഡന്റുമാർ

എൻ.കെ. മഹേശ്വരൻപിള്ള
1953–1962

അബ്ദുൽ ഖാദർ കുഞ്ഞ് ലബ്ബ
1964–1978

എം. സുകുമാരൻ ഉണ്ണിത്താൻ
1979

പി. ആർ. ജയചന്ദ്രൻ
1979–1984
1991–1995

ബി. സുധാകരൻനായർ
1988–1990

ആമുഖം

നിലവിലുള്ള ഗ്രാമപഞ്ചായത്തു ഭരണസമിതി 1995 ഒക്ടോബർ 2-ന് അധികാരത്തിൽ വന്നു. പഞ്ചായത്തീരാജ് സംവിധാനം നിലവിൽവന്ന ശേഷം തെരഞ്ഞെടുക്കപ്പെട്ട ആദ്യ സമിതി എന്ന സവിശേഷത നിലവിലുള്ള ഭരണസമിതിക്കുണ്ട്.

ഗ്രാമ സ്വരാജ് എന്ന ഗാന്ധിയൻ സ്വപ്നത്തിന്റെ സാക്ഷാത്കാരം കൈവരിക്കുന്ന തെരഞ്ഞെടുപ്പ് എന്ന വമ്പിച്ച പ്രചാരണം ജനമദ്ധ്യത്തിൽ ഉയർത്തിയ പ്രവർത്തനങ്ങളാണ് അന്നു നടന്നത്. പഞ്ചായത്തീരാജ് സംവിധാനം ഗ്രാമത്തിന്റെ മുഖച്ഛായക്ക് ഒരു പുതിയ മാനം സൃഷ്ടിക്കുമെന്ന നാട്ടുകൂട്ടങ്ങളിലെ വ്യാപക ചർച്ചയുടേയും, അഭിപ്രായ രൂപീകരണങ്ങളുടേയും സജീവത നിലനിൽക്കുമ്പോഴാണ് ഭരണസമിതി അധികാരമേൽക്കുന്നത്. എല്ലാ പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താനുള്ള വേദിയും, വികസനപ്രവർത്തനങ്ങളിൽ പഞ്ചായത്തിനു ലഭിക്കാൻപോകുന്ന മേൽക്കൈയും പ്രദേശത്തിന് ഒരു പുത്തൻ ഉണർവ് കൈവരാൻപോകുന്നു എന്ന ഉറച്ച വിശ്വാസം ജനങ്ങളിൽ വന്നിട്ടുണ്ട്. കീഴ്വഴക്കങ്ങളിലൂടെയും, നിയമപരമായും നേടിയെടുത്ത അധികാരം ഉദ്യോഗസ്ഥതലത്തിൽനിന്ന് താഴോട്ടു കൈമാറുന്നതിൽ എത്രത്തോളം ഫലപ്രാപ്തിയുണ്ടാകുമെന്ന കാര്യത്തിൽ സംശയങ്ങൾ അന്ന് ബാക്കിനിന്നിരുന്നു.

നിലവിലുള്ള ഭരണസമിതി അധികാരത്തിൽ വന്ന് ആറുമാസം കഴിഞ്ഞാണ് അസംബ്ലി തെരഞ്ഞെടുപ്പ് നടന്നതും ഭരണമാറ്റമുണ്ടായതും. പഞ്ചായത്തീരാജ് നിയമപ്രകാരം അധികാരം താഴേത്തലത്തിലേക്ക് വിന്യസിക്കുക എന്ന ഉത്തരവാദിത്വം സംസ്ഥാനഗവൺമെന്റിന്റെ ചുമതലയുടെ ഭാഗമായി. ആ ചുമതല ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വരുന്ന സാദ്ധ്യതകളുടെ അടിസ്ഥാനത്തിൽ പ്രാവർത്തികമാക്കാനുള്ള ഉത്തരവാദിത്വം ഏറ്റെടുക്കുമെന്നതിന്റെ തെളിവാണ് ജനകീയാസൂത്രണ പരിപാടി.

ഭരണസമിതി അധികാരത്തിൽ വന്നത് രൂക്ഷമായ വരൾച്ചയുടെ നാളുകളിലാണ്. കുടിവെള്ളക്ഷാമം ഏറെ അനുഭവപ്പെടുന്ന പ്രദേശമാണിവിടം. മുൻ ഭരണസമിതികൾ പ്രശ്നപരിഹാരത്തിന് വിപുലമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ശാശ്വത പരിഹാരത്തിന് തടസ്സങ്ങൾ ഏറെയുണ്ട്. അവ പരിഹരിക്കപ്പെടേണ്ടവയാണുതാനും. വരൾച്ചയുമായി ബന്ധപ്പെട്ട് സമിതി ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. 65 കിണറുകൾ ആഴംകൂട്ടി അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു. അടിഇടിയുന്ന ഒട്ടേറെ കിണറുകൾ തൊടിയിറക്കി 4 1/2 കി.മീറ്റർ നീളത്തിൽ പുതിയ പൈപ്പുലൈനുകൾ സ്ഥാപിച്ചു. ടാങ്കർ ലോറികളിലും പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഏർപ്പാടാക്കിയ വാഹനങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മുഴുവൻ മേഖലകളിലും യുദ്ധകാലാടിസ്ഥാനത്തിൽ വെള്ളമെത്തിച്ചു. 1 1/2 മാസത്തോളം ഈ പ്രവർത്തനം നടത്തി.

കാർഷികരംഗത്തെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനുവേണ്ടി വിവിധ സെമിനാറുകൾ സംഘടിപ്പിച്ചു. കാർഷിക വികസനസമിതി പുനഃസംഘടിപ്പിച്ചു. 14.8.96-ൽ കൃഷിമന്ത്രി പങ്കെടുത്തുകൊണ്ടുള്ള കർഷക സംഗമം നടത്തി. കാർഷികരംഗത്തെ പ്രശ്നപരിഹാരത്തിന് ഒട്ടേറെ നിവേദനങ്ങൾ കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾക്ക് അനുമതിലഭിച്ചിട്ടുണ്ട്.

സന്നദ്ധ പ്രവർത്തനംവഴി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ 6 കി.മീറ്റർ നീളത്തിൽ പുതിയ റോഡുകൾ നിർമ്മിച്ചു. 400 ഓളം സന്നദ്ധ പ്രവർത്തകർ ഈ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. ഇത് ഒരു പുതിയ അനുഭവമാണ്.

സാനിട്ടേഷൻ, മൃഗസംരക്ഷണം, റോഡുനിർമ്മാണം, കൃഷി, പൊതുജനാരോഗ്യം, ജലസേചനം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ 13 ലക്ഷം രൂപ വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തി.

ഗവൺമെന്റ് സഹായത്തോടെ നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ശാസ്താംപൊയ്ക ഉഗ്രൻകുന്നു കോളനികൾ വൈദ്യുതീകരിച്ചു P.W.D ഏറ്റെടുത്ത പള്ളിമൺ മജിസ്ട്രേട്ട്മുക്കു റോഡ് അരക്കോടിരൂപ ചിലവഴിച്ച് നിർമ്മാണപ്രവർത്തനം ആരംഭിച്ചു. 25 ലക്ഷം രൂപാ ചെലവഴിച്ച് വിവിധ റോഡുകളുടെ പുനരുദ്ധാരണപ്രവർത്തനം നടത്തിയിട്ടുണ്ട്. വിവിധരംഗങ്ങളിൽ 17 ലക്ഷം രൂപയുടെ വികസനപ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

പോളയിൽ പുഞ്ച കൃഷിയോഗ്യമാക്കാൻ കേന്ദ്രഗവൺമെന്റിന്റെ ഇന്നെവിറ്റി സ്കീമിൽപ്പെടുത്തി 65 ലക്ഷം രൂപയുടെ

പദ്ധതി രൂപപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്. C.R.S.P സ്കീമിൽപ്പെടുത്തി പഞ്ചായത്തിലെ സാനിട്ടേഷൻ ഡ്രെയിനേജ് സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ പദ്ധതിയനുവാദം ലഭിക്കുന്നതിന് കേന്ദ്രഗവൺമന്റിൽ സമർപ്പിച്ചിട്ടുണ്ട്. പള്ളിമൺ വാട്ടർ സപ്ളേ സ്കീമുമായി ബന്ധപ്പെട്ട ഓവർഹെഡ് ടാങ്ക് കെട്ടുവാൻ 9 ലക്ഷം രൂപയുടേയും, കുണ്ടുമൺ പാലം പുതുക്കിപ്പണിയുവാൻ ഒരുകോടി രൂപയുടേയും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

പഞ്ചായത്തുസമിതിയുടെ കൂട്ടായ പ്രവർത്തനം ഇക്കാര്യത്തിലാകെയുണ്ട്. കക്ഷിരാഷ്ട്രീയത്തിനതീതമായി വികസന പ്രവർത്തനങ്ങളിൽ യോജിച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ കഴിയുന്നു എന്ന സന്തോഷകരമായ അനുഭവമുണ്ട്. ഒട്ടേറെ പദ്ധതികളുടെ നടത്തിപ്പിനുവേണ്ടി സമിതി കൂട്ടായ ചർച്ചകളിലൂടെ തുടർപ്രവർത്തനങ്ങൾ നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്.

സമൂഹ പങ്കാളിത്തത്തോടെ ലഭ്യമാകുന്ന സമ്പത്തുപയോഗിച്ച് ലക്ഷ്യമിടുന്നതിലേറെ കാഴ്ചവച്ച് ഒരു വലിയ മാറ്റം നമ്മുടെ പ്രദേശത്തുണ്ടാക്കാൻ നമുക്കെന്നിച്ചു പ്രവർത്തിക്കാം. സമഗ്രവീക്ഷണത്തോടെ കാർഷികരംഗത്ത് ഒരു പുതിയ മാനംസൃഷ്ടിക്കാം. സർഗ്ഗശക്തിയും, കർമ്മശക്തിയും നമുക്ക് നമ്മുടെ മണ്ണിന് ദാനംചെയ്യാം. ഭാവിയെ ഒരു പുത്തൻ വികസന സംസ്കാരത്തിന്റെ പാതയിലേക്ക് തിരിച്ചുവിടുന്ന പ്രവർത്തനം ഇവിടെ ആരംഭിക്കാം.

എസ്. നാസറുദ്ദീൻ
പ്രസിഡന്റ്
നെടുമ്പന ഗ്രാമ പഞ്ചായത്ത്

പഞ്ചായത്തിന്റെ തനതു വരവ് ഒഴിച്ചുള്ള മറ്റു വരുമാനമാർഗ്ഗങ്ങളിലെ വരവുചെലവ്

1. വരവ്

വർഷം	മൈനർ ഇറിഗേഷൻ	വില്ലേജ് റോഡ് മെയിന്റനൻസ്	വാഹന നികുതി	അടിസ്ഥാന നികുതി	സ്റ്റാമ്പ് ഡ്യൂട്ടി		മറ്റുള്ളവ	അൺടൈഡ് ഫണ്ട്		JRY
					25%	75%				
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.
1991-92	17,000	84,378	46,061	25,681	50,000	1,43,659	-	1,06,000	65,000	5,195,88
1992-93	18,500	82,629	91,138	25,692	30,000	2,90,165	3,50,000	1,07,800	71,000	5,00,837
1993-94	18,500	81,432	23,000	25,469	1,55,882	3,64,229	-	1,01,900	88,750	46,88,155
1994-95	18,500	80,833	_	_	3,27,560	2,00,000	_	1,58,210	1,01,635	3,77,357
1995-96	18,500	79,755	7,27,153	_	2,48,497	1,70,508	_	1,42,395	1,42,285	3,00,420

1. ചെലവ്

വർഷം	ചെറുകിട ജലസേചനം	റോഡുകൾ	മറ്റുള്ളവർ	അൺടൈഡ് ഫണ്ട്		JRY		അൺടൈഡ് ഫണ്ട്			JRY	
				ജനറൽ	S.C.P.	ജനറൽ	SC/ST	വീട്		വൈദ്യുതി	വീട്	കക്കൂസ്
	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	രൂ.	എണ്ണം	എണ്ണം	എണ്ണം	എണ്ണം	എണ്ണം
991-92	40820	143062	9935	-	93956	361350	126961	-	60	116	12	-
1992-93	-	38270	5140	106000	65438	378326	162139	-	56	199	14	-
1993-94	-	530657	63934	117800	67073	387797	150810	2	46	168	12	-
1994-95	-	557323	23986	181400	44800	130883	41331	7	108	-	-	-
1995-96	18965	30662	2916	67000	103298	243668	81222	9	96	-	3	-

ഭരണസാരഥികൾ

എസ്. നാസറുദ്ദീൻ
പ്രസിഡന്റ്

എൻ. അനിത
വൈസ്പ്രസിഡന്റ്



കെ. ഉണ്ണികൃഷ്ണൻ
സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

ഭരണസമിതി അംഗങ്ങൾ



ജി. സദാനന്ദൻപിള്ള



ഇ. ആസാദ്



എ.സി. മത്തായി



സി. മണിപ്രസാദ്

എസ്. ലൈലാമണി



എം. ബദറുദ്ദീൻ

എ. അബ്ദുൾ റഷീദ്



ജി. ശശിധരൻപിള്ള

സി. ശ്രീലത

എ. കുത്സംബീവി



എ. ബഷീർകുട്ടി

ബി. ഇന്ദിര

കെ. ചന്ദ്രിക
പഞ്ചായത്ത് സെക്രട്ടറി

പേജുകൾ മറിയുമ്പോൾ

ഭാഗം 1 ഗ്രാമ പഞ്ചായത്ത് പൊതുവിവരങ്ങൾ

ഭാരവാഹികൾ 11
പഞ്ചായത്തുസമിതി 12
മുൻ പ്രസിഡന്റുമാർ .....
ജില്ലാ പരിശീലകർ 18
നാട്ടറിവ് 18

ഭാഗം 2 ആമുഖം 9

സാമൂഹ്യ-രാഷ്ട്രീയ ചരിത്രം 31
പഠനപര്യടനം, സ്ഥാപനവിവരം 15
സംഭവങ്ങൾ, സംരംഭങ്ങൾ 19
ഭൂപ്രകൃതി 21

ഭാഗം 3 പ്രശ്നങ്ങൾ വെല്ലുവിളികൾ

I കൃഷി, ജലസേചനം 36
II മൃഗസംരക്ഷണം, മത്സ്യബന്ധനം 52
III വിദ്യാഭ്യാസം 56
IV കുടിവെള്ളം, പൊതുജനാരോഗ്യം 62
V വ്യവസായം 72
VI ഗതാഗതം, ഊർജ്ജം 78
VII പാർപ്പിടം, സാമൂഹ്യക്ഷേമം 94
VIII സംസ്കാരം 101
IX വനിത 106
X സഹകരണമേഖല 109
XI പട്ടികജാതി-പട്ടികവർഗ്ഗം 115
XII വിഭവസമാഹരണം 120

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	–	നെടുമ്പ്ര ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	–	നെടുമ്പന, പള്ളിമൺ
ബ്ളോക്ക് പഞ്ചായത്ത്	–	ഇത്തിക്കര
ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ	–	നെടുമ്പന A, നെടുമ്പന B
താലൂക്ക്	–	കൊല്ലം
അസംബ്ലി മണ്ഡലം	–	ചാത്തന്നൂർ
വിസ്തീർണ്ണം	–	28.06 sq. km.
ജനസാന്ദ്രത	–	1510

അതിരുകൾ

വടക്ക്	–	കരീപ്ര പഞ്ചായത്ത് പ്രദേശം
തെക്ക്	–	ആദിച്ചനല്ലൂർ പഞ്ചായത്ത് പ്രദേശം
കിഴക്ക്	–	പൂയപ്പള്ളി പഞ്ചായത്ത് പ്രദേശം
പടിഞ്ഞാറ്	–	തൃക്കോവിൽവട്ടം, കൊറ്റങ്കരപഞ്ചായത്ത് പ്രദേശങ്ങൾ

ജനസംഖ്യ	–	42357
വാർഡുകൾ	–	**ജനപ്രതിനിധികൾ**
I പഴങ്ങലം വെസ്റ്റ്	–	ജി. സദാനന്ദൻപിള്ള തെക്കേവീട് പഴങ്ങാലം
II പഴങ്ങാലം ഈസ്റ്റ്	–	എൻ. അനിത, നാരായണവിലാസം; പഴങ്ങാലം
III നല്ലില	–	എ.സി. മത്തായി, എള്ളുവിള വീട്; നല്ലില
IV നെടുമ്പന നോർത്ത് (പട്ടികജാതിസംവരണം)	–	സി. മണിപ്രസാദ്, പുത്തൻവീട്; നെടുമ്പന
V നെടുമ്പന മിഡിൽ (വനിതാസംവരണം)	–	എസ്. ലൈലാമണി, മോഹനവിലാസം; നെടുമ്പന
VI നെടുമ്പന സൗത്ത്	–	എ. അബ്ദുൽ റഷീദ്, ബദരിയാമൻസിൽ, കുളപ്പാടം, നെടുമ്പന
VII മുട്ടക്കാവ് നോർത്ത്	–	ഇ. ആസാദ്, സാലികാമൻസിൽ, മുട്ടയ്ക്കാവ്; നെടുമ്പന
VIII മുട്ടയ്ക്കാവ് സൗത്ത്	–	എം. ബദറുദീൻ, തെക്കേവീട്, മുട്ടയ്ക്കാവ്; നെടുമ്പന
IX കുണ്ടുമൺ	–	എ. ബഷീർകുട്ടി, ലാടന്റഴികത്ത് വീട്; വെളിച്ചിക്കാല
X മിയ്യണ്ണൂർ വെസ്റ്റ്	–	എസ്. നാസറുദീൻ, പുലിവിളവീട്; നെടുമ്പന
XI മിയ്യണ്ണൂർ ഈസ്റ്റ്	–	ജി. ശശിധരൻപിള്ള, പുത്തൻവീട്; മിയ്യണ്ണൂർ
XII പള്ളിമൺ നോർത്ത്	–	സി. ശ്രീലത, പ്ലാവിളവീട്; ഇളവൂർ
XIII പള്ളിമൺ സൗത്ത്	–	കെ. ഉള്ളിക്കൃഷ്ണൻ; അഞ്ചു ഭവൻ; പള്ളിമൺ
XIV പുലിയില ഈസ്റ്റ് (വനിതാ സംവരണം)	–	എം. കുത്സം ബീവി, കുന്നുവിളവീട്; പുലിയില
XV പുലിയില വെസ്റ്റ് (പട്ടികജാതി വനിതാസംവരണം)	–	ബി. ഇന്ദിര, തെക്കേവിളവീട്; പുലിയില

പ്രസിഡന്റ് – S. നാസറുദീൻ
വൈസ് പ്രസിഡന്റ് – N. അനിത

സ്റ്റാന്റിംഗ് കമ്മിറ്റി

കെ. ഉണ്ണിക്കൃഷ്ണൻ – (ചെയർമാൻ
സി. മണിപ്രസാദ് – (അംഗം)
എ. അബ്ദുൽറഷീദ് – ''
സി. ശ്രീലത – ''
എൻ. അനിത – ''
എ. ബഷീർകുട്ടി – ''
എസ്. നാസറുദീൻ – ''

ബ്ലോക്ക് പഞ്ചായത്ത് പ്രതിനിധികൾ

ഇത്തിക്കര എ – കെ. ഇന്ദിരാഭായി, ഹരിവിഹാർ, പഴങ്ങാലം.
ഇത്തിക്കര ബി – എ. നസ്സിമുദീൻലബ്ബ, പുത്തൻവീട്; നെടുമ്പന
ജില്ലാ പഞ്ചായത്ത് പ്രതിനിധി – അഡ്വ: എ. ഷാനവാസ്ഖാൻ
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി – കെ. ചന്ദ്രിക

സ്ഥാപന പട്ടിക

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	വകുപ്പ്	കെട്ടിടം	ഉദ്യോഗ സ്ഥന്മാരുടെ എണ്ണം	റിമാർക്ക്സ്
		പ്രാദേശിക ഭരണം	സ്വന്തം വാടക		
1.	നെടുമന ഗ്രാമ പഞ്ചായത്ത്		സ്വന്തം	15	
2.	വില്ലേജ് ഓഫീസ്, നെടുമ്പന	റവന്യൂ	''	5	
3.	വില്ലേജ് ഓഫീസ്, പള്ളിമൺ	''	''	5	
4.	പോസ്റ്റോഫീസ്, നെടുമ്പന	P&T	വാടക	5	
5.	പോസ്റ്റോഫീസ്, നല്ലില	''	''	4	
6.	പോസ്റ്റോഫീസ്, പള്ളിമൺ	''	സ്വന്തം	4	
7.	പോസ്റ്റോഫീസ്, മീയ്യണ്ണൂർ	''	വാടക	3	
8.	ഗവ: ഹോസ്പിറ്റൽ, നെടുമ്പന	ആരോഗ്യം	സ്വന്തം	38	
9.	ഇ.എസ്.ഐ, നല്ലില	''	''	22	
10.	ഗവ: ആയൂർവ്വേദ ആശുപത്രി, നെടുമ്പന	''	''	8	
11.	ഗവ: ഹോമിയോ ആശുപത്രി, പള്ളിമൺ	''	വാടക	3	
12.	FWC സബ്സെന്റർ, നെടുമ്പന	''	സ്വന്തം	1	
13.	FWC സബ്സെന്റർ, പള്ളിമൺ	''	''	1	
14.	FWC '', കുണ്ടമൺ	''	വാടക	1	
15	FWC '', പഴങ്ങോലം	''	സ്വന്തം	1	

16.	FWC '', നല്ലി	''	''	1
17.	വെറ്റിനറി ഹോസ്പിറ്റൽ, നെടുമ്പന	മൃഗസംരക്ഷണം	''	3
18.	വെറ്റിനറി ഹോസ്പിറ്റൽ, നല്ലില	''	''	3
19.	ICDP യൂണിറ്റ്, പുലിയില	''	വാടക	2
20.	ICDP യൂണിറ്റ്, മീയ്യണ്ണൂർ	''	''	1
21.	കൃഷിഭവൻ, നെടുമ്പന	കൃഷി	സ്വന്തം	4
22.	കൃഷി ഡമോൺസ്ട്രേറ്റർ ഓഫീസ്, മഞ്ഞക്കര	''	''	പ്രവർത്തനമില്ല
23.	'' '', പള്ളിമൺ	''	''	''
24.	നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ Q 117, നെടുമ്പന	സഹകരണം	''	8
25.	പഴങ്ങാലം സർവ്വീസ് സഹകരണസംഘം	''	''	2
26.	നെടുമ്പന പഞ്ചായത്ത് പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘം Q 864 പള്ളിമൺ നോർത്ത്	''	''	2
27.	സഹകരണ കൺസ്യൂമർ സ്റ്റോർ, നല്ലില	സഹകരണം	വാടക	2
28.	WCS, പുലിയില	''	സ്വന്തം	3
29.	ക്ഷീരോല്പാദന സഹകരണസംഘം, പള്ളിമൺ	''	വാടക	2
30.	'' '' , മുട്ടയ്ക്കാവ്	''	''	2
31.	'' '' , നല്ലില	''	''	2
32.	'' '' , കുണ്ടുമൺ	''	''	2
33.	VEO, നല്ലില	പൊതുജനക്ഷേമം	വാടക	1
34.	VEO, മുട്ടയ്ക്കാവ്	''	''	1
35	VEO, പള്ളിമൺ	''	''	1
36.	ടെലഫോൺ എക്ചേഞ്ച്, നെടുമ്പന	വാർത്താവിനിമയം	''	6
37.	മൈക്രോവേവ് സ്റ്റേഷൻ, മീയ്യണ്ണൂർ	''	സ്വന്തം	–
38.	ഇല: സെക്ഷൻ ഓഫീസ്, നല്ലില	വൈദ്യുതി	വാടക	15
39.	ഇലക്ട്രിക്കൽ ഓവർസിയർ, പള്ളിമൺ	''	''	3
40.	ഗവ: ഹൈസ്കൂൾ, പള്ളിമൺ	വിദ്യാഭ്യാസം	സ്വന്തം	27
41.	RSM ഹൈസ്കൂൾ, പഴങ്ങാലം	''	''	24
42.	ഗവ: U.P.S, പഴങ്ങാലം	''	''	16
43.	ഗവ: U.P.S, നല്ലില	''	''	26
44.	ഹംസ U.P.S, മുട്ടയ്ക്കാവ്	''	''	21
45.	K.S.M. U.P.S, കുണ്ടുമൺ	''	''	9
46.	S.M.T. U.P.S, വെളിച്ചിക്കാല	''	''	12
47.	U.P.S, നെടുമ്പന	''	''	19
48.	L.P.S, പഴങ്ങാലം	''	''	9
49.	N.S.S. L.P.G.S, നെടുമ്പന	''	''	11
50.	ഗവ. L.P.S, നെടുമ്പന	''	''	9
51.	ഗവ: L.P.S, മുട്ടയ്ക്കാവ്	''	''	10
52.	ഗവ: L.P.S., പള്ളിമൺ	''	''	9
53.	ഗവ: L.P.S, മീയ്യണ്ണൂർ	''	''	6
54.	L.P.S., ഇളവൂർ	''	''	6

55.	S.M.T. L.P.S., വെളിച്ചിക്കാല	''	''	10
56.	അംഗനവാടി 136, നെടുമ്പന നോർത്ത്	സാമൂഹ്യക്ഷേമം	വാടക	2
57.	'' 64, കുണ്ടുമൺ	''	സ്വന്തം	2
58.	'' 65, മുട്ടയ്ക്കാവ്	''	സ്വന്തം	2
59.	'' 66, മുട്ടയ്ക്കാവ്	''	''	2
60.	'' 67, വെളിച്ചിക്കാല	''	''	2
61.	'' 68, പള്ളിമൺ ഈസ്റ്റ്	''	''	2
62.	'' 69, നെടുമ്പന	''	''	2
63.	'' 70, തടത്തിൽ-നെടുമ്പന	''	''	2
64.	'' 71, പഴങ്ങാലം	''	''	2
65.	'' 72, നെടുമ്പന	''	''	2
66.	'' 73, മുട്ടയ്ക്കാവ്	''	''	2
67.	'' 74, നല്ലില	''	''	2
68.	'' 75, നല്ലില	''	''	2
69.	" 76 നല്ലില	''	''	2
70.	" 77 പുലിയില	''	''	2
71.	" 78 പള്ളിമൺ നോർത്ത്	''	''	2
72.	" 79 ''	''	"	2
73.	" 80 കുളപ്പാടം	''	''	2
74.	" 81 പള്ളിമൺ	''	''	2
75.	" 101 പഴങ്ങാലം P.K.P. കവല	''	''	2
76.	" 106 പുലിയില	''	''	2
77.	" 107 നെടുമ്പന നോർത്ത്	''	''	2
78.	" 111 പുലിയില	''	''	2
79.	" 117 പഴങ്ങാലം	''	''	2
80.	" 118 നല്ലില	''	''	2
81.	" 119 പള്ളിമൺ	''	''	2
82.	" 125 മീയെണ്ണൂർ	''	''	2
83.	" 135 പഴങ്ങാലം	''	''	2
84.	" 132, മുട്ടയ്ക്കാവ്	''	സ്വന്തം	പ്രവർത്തനമില്ല
85.	ശിശുവിഹാർ ''	''		
86.	മാവേലിസ്റ്റോർ, കുളപ്പാടം	പൊതു വിതരണം	വാടക	2
87.	കമ്മ്യൂണിറ്റി ഹാൾ, കളയ്ക്കൽ	ഹരിജനക്ഷേമം	സ്വന്തം	പ്രവർത്തനമില്ല
88.	ഖാദി പ്രൊഡക്ഷൻ സെന്റർ, കുളപ്പാടം	K.K.V.I ബോർഡ്	''	-
89.	ഖാദി പ്രൊഡക്ഷൻസെന്റർ, പുലിയില	''	''	-
90.	ആഗ്രോ സർവ്വീസ് സെന്റർ, ചാലക്കര	കൃഷി	''	-
91.	സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, നല്ലില ശാഖ	ബാങ്കിംഗ്	വാടക	8

ജില്ലാതല പരിശീലകർ

1) ആർ. അയ്യപ്പൻപിള്ള; കൺവീനർ
2) മേപ്പൻകോട് വിദ്യാധരൻ
3) എസ്. നജീബ്
4) ലഫ: കേണൽ പി.ജി. ഫിലിപ്പ്
5) എം. വേണുഗോപാൽ
6) പി. മോഹനൻ
7) വി.എൻ. പ്രേംഷാജ്
8) ഇ. അബ്ദുൽ അസീസ്
9) കെ. ഇന്ദിരാഭായി
10) ആർ. നാരായണൻകുറുപ്പ്
11) വി. ചെല്ലപ്പൻപിള്ള
12) ദിനേശ്ബാബു
13) ആർ. രാഘവൻപിള്ള (Retd. Supd. Engineer)
(14) ഷാനവാസ്

നാട്ടറിവു ശേഖരണം

1. എസ്. നാസറുദീൻ
2. മേപ്പൻകോട് വിദ്യാധരൻ
3. പി. മോഹനൻ
4. പള്ളിമൺ പ്രേംഷാജ്
5. ആർ. അയ്യപ്പൻപിള്ള

ഭൂപടനിർമ്മാണവും ഭൂപ്രകൃതിവിവരണവും

എസ്. സക്കീർ,

പ്രോജക്ട് സയന്റിസ്റ്റ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, തിരുവനന്തപുരം

ആദ്യത്തെ സംഭവങ്ങൾ, സംരംഭങ്ങൾ, വ്യക്തികൾ

1. പഞ്ചായത്ത് തെരഞ്ഞെടുപ്പ്	1953
2. പഞ്ചായത്ത് പ്രസിഡന്റ്	ശ്രീ. N.K. മഹേശ്വരൻപിള്ള
3. സർക്കാർ ഓഫീസ്	വില്ലേജ് ആഫീസ്, നെടുമ്പന
4. പോസ്റ്റോഫീസ്	നല്ലില
5. സർക്കാർ ആശുപത്രി	ഗവ: ആശുപത്രി, നെടുമ്പന
6. ജനപ്രതിനിധി	ശ്രീ. ഗോവിന്ദൻവല്യതാൻ (ശ്രീമൂലം പ്രജാസഭ മെമ്പർ)
7. ഹൈസ്കൂൾ	ഗവ: H.S. പള്ളിമൺ
8. ബസ് സർവ്വീസ്	ശ്രീകൃഷ്ണ മോട്ടോർ സർവ്വീസ്
9. വൈദ്യൻ	തെക്കേവീട്ടിൽ വൈദ്യൻ
10. പത്രപ്രവർത്തകൻ	ശ്രീ. R.V. ഉണ്ണിത്താൻ
11. പത്രം	മലയാളരാജ്യം
12. കശുവണ്ടിവ്യവസായം	ശ്രീ. കുഴിയനാട്ട് ദാമോധരൻമുതലാളി
13. വായനശാല	ജനതാ വായനശാല, നല്ലില (1946)
14. കോൺക്രീറ്റ് പാലം	പ്പള്ളിമൺ പാലം
15. ബിരുദധാരി	ശ്രീ. P.N. നീലകണ്ഠപിള്ള (പേറയിൽ)
16. M.B.B.S ബിരുദധാരി	ഡോ: വിജയൻ, പുലിയില
17. പകർച്ചവ്യാധി	1948-ലെ കോളറ
18. നാടകനടൻ	ശ്രീ. നാരായണപിള്ള (K.P.A.C)
19. ക്രിസ്തീയ ദേവാലയം	സെന്റ്: ഗബ്രിയേൽ ഓർത്തഡോക്സ് ചർച്ച്, നല്ലില
20. മുസ്ലീം ആരാധനാലയം	നെടുമ്പന മുസ്ലീം ജുമാ അത്ത് പള്ളി
21. അദ്ധ്യാപകനായ പുരോഹിതൻ	റവ: V.K. ഡാനിയേൽ, നല്ലില
22. ക്രിസ്തീയ കുടിയേറ്റക്കാർ	കൊടശ്ശനാട്ടുകാർ
23. പട്ടാള ഉദ്യോഗസ്ഥൻ	ലെഫ്: കേണൽ ഫിലിപ്പ്
24. റോഡ്	കേരളപുരം-ആയൂർവ്വേദ റോഡ്
25. ഗ്രന്ഥകാരൻ	വിദ്വാൻ: സി.ടി. യോഹന്നാൻ
26. പഞ്ചായത്ത് വനിതാ മെമ്പർ	ശ്രീമതി: നാരായണിയമ്മ, പള്ളിമൺ
27. എൻജിനീയറിംഗ് ബിരുദധാരി	ശ്രീ. R. രാഘവൻപിള്ള, കരിങ്ങോട്, പള്ളിമൺ
28. പഞ്ചായത്താഫീസ് പ്രവർത്തിച്ചത്	പ്രസിഡന്റ്: മഹേശ്വരൻപിള്ളയുടെ വസതിയിൽ
29. പഞ്ചായത്താഫീസ് സ്ഥലം സൗജന്യമായി കൊടുത്തയാൾ	പുതുവൽവീട്ടിൽ ശ്രീ. സുന്ദരൻ ഉണ്ണിത്താൻ, നെടുമ്പന
30. പട്ടികജാതി വിഭാഗത്തിലെ പഞ്ചായത്ത് മെമ്പർ	വടകോടൻ നാരായണൻ, നെടുമ്പന
31. ടെലഫോൺ കിട്ടിയ വർഷം	1984

32. വാഹന ഉടമ	കുഞ്ഞുറാൻ കുഞ്ഞുവൈദ്യൻ, മുട്ടയ്ക്കാവ്
33. ടൈൽ ഫാക്ടറി	ടൈൽ ഫാക്ടറി SKN, കുണ്ടുമൺ
34. സിനിമാ തിയേറ്റർ	രാഗം, നല്ലില
35. കശുവണ്ടി ഫാക്ടറി	ഗ്രാന്റ് കഷ്യൂ, നല്ലില
36. ക്ഷീരോല്പാദകസംഘം	പള്ളിമൺ
37. കമ്മ്യൂണിസ്റ്റ് പാർട്ടി സെൽ രൂപീകരണം	1948
38. കുടുംബക്ഷേമ കേന്ദ്രം	നല്ലില
39. വൈദ്യുതി എത്തിയത്	1953
40. വയർകട്ട് ബ്രിക്സ്	എസ്.പി. ബ്രിക്സ്, മുട്ടയ്ക്കാവ്
41. ആദ്യ വില്ലുവണ്ടി	നെടുമ്പന വടക്കേടത്തു കുടുംബക്കാർ

ആദ്യകാല ഭൂഉടമകൾ

1.	നല്ലില പേങ്ങാട്ടുമഠത്തിൽ ദേവരു ശങ്കരരു
2.	കുന്നത്തൂർ താലൂക്കിൽ ഏനാദിമംഗലം മുറിയിൽ ഊരാഇമഠത്തിൽ തായർ ചുമരരു.
3.	കുഴിമതിക്കാട് വല്യമഠത്തിൽ ശങ്കരഗുരുദേവരരു
4.	നെടുമങ്ങാട് താലൂക്കിൽ ആലങ്ങാട്ട് ഉതിയരുമഠത്തിൽ കണ്ഠരരുവാസുദേവരരു
5.	പഴങ്ങാലം ശാസ്താവ് വക
6.	പൊന്നാനിതാലൂക്കിൽ മൈലത്തു അംശംദേശത്ത് കടലാമനക്കൽ മൂർത്തി നാരായണരു നമ്പൂതിരിപ്പാട്
7.	എഴുകോൺ പകുതിയിൽ ഏറ്റമായിക്കോട്ടു മുല്ലശ്ശേരിമഠത്തിൽ ദാമോദരു കേശവരരു
8.	പള്ളിമൺമഹാദേവരരു വക ദേവരരു പരമേശ്വരരു വല്യത്താൻ
9.	തൃശ്ശിവപേരൂർ വല്ലച്ചിറവീട്ടിൽ വടക്കാശ്ശേരിദേശത്ത് ഊൺപള്ളിമനയ്ക്കൽ തൂപ്പരുനാരായണരു നമ്പൂതിരിപ്പാട്
10.	ഉമയനല്ലൂർ ശങ്കരരു
11.	മുട്ടയ്ക്കാവ് അകവൂർമനയ്ക്കൽ

അവലംബം: റവന്യൂ സെറ്റിൽമെന്റ് രേഖകൾ

ഭൂപ്രകൃതി



ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിലെ പ്രദേശങ്ങൾ "ഇടനാട്" വിഭാഗത്തിൽപ്പെടുന്നു. ഈ പഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം മീയണ്ണൂരിലെ വലിയമലകുന്നാണ്. സമുദ്രനിരപ്പിൽനിന്നും 108 മീറ്റർ ഉയരത്തിൽ കാണുന്നു. ഏറ്റവും താഴ്ന്നപ്രദേശം 20 മീറ്ററിന് താഴെ സ്ഥിതിചെയ്യുന്നു. നിമ്നോന്നതിയനുസരിച്ച് പഞ്ചായത്തിനെ പല ഭാഗങ്ങളായി തിരിക്കാം.

1. 20 മുതൽ 40 മീറ്റർവരെ ഉയരം
2. 40 '' 60 ''
3. 60-ന് മുകളിൽ

ഓരോ മേഖലകളുടേയും വിസ്തൃതി ചുവടെ പട്ടികയിൽ

CESS REPORT

നിമ്നോന്നതി	വിസ്തൃതി ച:കി:മീ:	ശതമാനത്തിൽ
20 മുതൽ 40 വരെ	12.4	44.28%
40 മുതൽ 60 വരെ	6.062	21.65%
60-ന് മുകളിൽ	.50	1.78%

ഭൂപ്രകൃതിയെക്കുറിച്ചുള്ള വിശദപഠനത്തിലൂടെ ഈ പഞ്ചായത്തിലെ പ്രദേശങ്ങളെ നാലായി വിഭജിക്കാം.

1. ഒറ്റപ്പെട്ട കുന്നുകൾ
2. ഉയർന്ന കുന്നുകൾ (ഉയർന്ന സമതലം)
3. ചരിവുകൾ
4. താഴ്വരകൾ

CESS REPORT

ഭൂപ്രകൃതി മേഖലകൾ	വിസ്തീർണ്ണം (ച:കി:മീ:)	ശതമാനം
1 ഒറ്റപ്പെട്ട കുന്നുകൾ	1.63	5.8%
2. ഉയർന്ന കുന്നിൻപ്രദേശങ്ങൾ	5.14	18.35%
3. ചരിവ് പ്രദേശങ്ങൾ	13.109	46.81%
4. താഴ്വര	8.121	29%

1. ഒറ്റപ്പെട്ട കുന്നുകൾ

ഈ പഞ്ചായത്തിൽ ഒട്ടേറെ ഒറ്റപ്പെട്ട കുന്നുകൾ ഉണ്ട്. ഇവയിൽ ചെമ്മണ്ണ് കാണപ്പെടുന്നു. മണ്ണിന്റെ ഘനം ഏകദേശം 10 സെ.മീറ്റർ മുതൽ 60 സെ.മീറ്റർവരെയാണ്. ഇവിടുത്തെ കിണറുകളിലെ അടിവശം ഇടിഞ്ഞ് താഴാറുണ്ട്.

2. കുന്നിൻപ്രദേശങ്ങൾ

കുന്നുകളുടെ മുകളിൽ സ്ഥിതിചെയ്യുന്ന പ്രദേശങ്ങളാണിവ. മണ്ണിന്റെ ഘനം 10 സെ.മീറ്റർമുതൽ 90 സെ.മീറ്റർവരെയാണ്. ഇവിടേയും ചെമ്മണ്ണാണ്. ഈ ഭാഗങ്ങളിൽ കിണറുകളുടെ അടിവശം ഇടിയുന്നു.

3. ചരിവ് പ്രദേശങ്ങൾ

കുന്നിൻപ്രദേശങ്ങളിലെ നിരപ്പ് ഭൂവിഭാഗമാണ് ചരിവ് പ്രദേശങ്ങൾ. ഏറ്റക്കുറച്ചിൽ അനുസരിച്ച് ചരുവുകളെ മാന്നായി തരംതിരിക്കാം.

(1) ചെറു ചരിവ്

(2) ഇടത്തരം ചരിവ്

(3) മിതമായ ചരിവ്

അപൂർവ്വം ചില പ്രദേശങ്ങളിൽ ചെങ്കുത്തായ ചരുവുകളും ഉണ്ട്. ചരിവുപ്രദേശങ്ങളിൽ മണ്ണിന്റെ ഘനം ഭൂപ്രകൃതി ചരിവ് അനുസരിച്ച് മാറിക്കൊണ്ടിരിക്കുന്നു. ഏകദേശം 30 മുതൽ 80 സെ.മീ. വരെ ഘനം ഉണ്ട്. കിണറുക

ളുടെ അടിവശം ഇടിഞ്ഞുതാഴുന്ന പ്രവണതയുണ്ട്.

താഴ്വാരം

ചരിവുകളവസാനിക്കുന്ന നിരപ്പായ പ്രദേശങ്ങളെ താഴ്വാരം എന്ന് പറയുന്നു. ചരിവ് പ്രദേശങ്ങളിൽ അനുഭവപ്പെട്ട മണ്ണൊലിപ്പിലൂടെ എത്തിച്ചേർന്നതും, നദികൾ, തോടുകൾ എന്നിവകളിലൂടെ ഒഴുകിയെത്തുന്നതുമായ എക്കൽ മണ്ണാണ് ഇവിടെയുള്ളത്. 1 മീറ്റർമുതൽ 3 മീറ്റർവരെയാണ് മണ്ണിന്റെ ഘനം. തുടർച്ചയായ മണ്ണൊലിപ്പിലൂടെ വരുന്ന മണ്ണ് തോടുകളുടേയും, നദികളുടേയും ആഴം കുറയ്ക്കുകയും വെള്ളത്തിന്റെ അളവ് കുറയുകയും ചെയ്യുന്നു. തൻനിമിത്തം വെള്ളപ്പൊക്കം ഉണ്ടാകുന്നു.

മണ്ണ്

പാറകളുടെ അപക്ഷയംമൂലമാണ് മണ്ണ് ഉണ്ടാവുന്നത്. മണ്ണിനങ്ങൾ ചുവടെ ചേർക്കുന്നു.

മണ്ണിന്റെ ഇനം	കാണപ്പെടുന്ന പ്രദേശം
1. ചെമ്മണ്ണ്	കുന്നിൻപ്രദേശങ്ങൾ ചരിവ് പ്രദേശങ്ങൾ
2. എക്കൽമണ്ണ്	താഴ്വരകളിൽ, നദിക്കരകളിൽ

വെട്ടുകല്ലിന്റെ അപക്ഷയംമൂലം ചെമ്മണ്ണ് ഉണ്ടാകുന്നു. ഇവയിൽ ഇരുമ്പിന്റെ അളവ് കൂടുതലുണ്ട്. മഞ്ഞയും, തിവിട്ടുംകലർന്ന നിറവുമാണ്. ഇവയിൽ അപക്ഷയപാറ മണ്ണായിമാറുന്ന ഘട്ടത്തിലുണ്ടാവുന്ന ചരലുംകൂടി കലർന്നാണ് മറ്റൊരുതരം മണ്ണ് . ഇവ പ്രധാനമായും ചരുവ്പ്രദേശങ്ങളിൽ കാണുന്നു. മീയ്യണ്ണൂർ കുന്നിൻപ്രദേശങ്ങളിലും, പിലിയിലായിലുമാണ് ഇവ പ്രധാനമായി കാണുന്നത്.

കാലാവസ്ഥ അവലംബം: ലാന്ററിസോഴ്സ് ഓഫ് കേരള

കാലം	മാസങ്ങൾ മില്ലിമീറ്റർ	ലഭിച്ച മഴ	കൂടിയ ചൂട്
I മഴക്കാലം (a) തെക്ക് പടിഞ്ഞാറൻ മൺസൂൺ	ജൂൺമുതൽ ആഗസ്റ്റ്വരെ	1300 മി:മീ:	
(b) വടക്ക് കിഴക്കൻ മൺസൂൺ	സെപ്റ്റംബർ മുതൽ നവംബർവരെ	1000 മി:മീ:	
II മഞ്ഞുകാലം	ഡിസംബർമുതൽ ഫെബ്രുവരിവരെ		
III വേനൽ കാലം	മാർച്ചുമുതൽ മേയ്വരെ		31.7^0 സെൽഷ്യസ്

ആണ്ടിൽ ആറുമാസം മഴ ലഭിക്കുന്നു. ജൂൺമുതൽ ആഗസ്റ്റ്വരെയുള്ള തെക്കുപടിഞ്ഞാറൻ മൺസൂൺകാലത്താണ് നമുക്ക് കൂടുതൽ മഴ ലഭിക്കുന്നത്.

ജനപ്രകൃതി

1991-ലെ കനേഷുമാരി അനുസരിച്ച് പഞ്ചായത്തിന്റെ ജനസംഖ്യ 42357 ആണ്. 20930 പുരുഷന്മാരും 21427 സ്ത്രീകളും, പതിനഞ്ച് പഞ്ചായത്തുകളിലെ വാർഡുകളിലെ 8964 ഭവനങ്ങളിലായി ഇവർ അധിവസിക്കുന്നു. വീടൊന്നിന് ശരാശരി 5 ആളുകൾ. ജനസാന്ദ്രത1510. സാക്ഷരർ 32707. സാക്ഷരതാ നിരക്ക് 77.2%. നിരക്ഷരരിൽ ഭൂരിഭാഗവും 60 വയസ്സിന് മുകളിലുള്ളവരാണ്. അവരിൽ 75 ശതമാനവും സ്ത്രീകൾതന്നെ. സാക്ഷരരിൽ പുരുഷന്മാരാണ് സ്ത്രീകളെക്കാൾ മുന്നിൽ. ആൺകുട്ടികളേക്കാൾ അധികം പെൺകുട്ടികളും.

ഭൂവിനിയോഗം

നെടുമ്പന, പള്ളിമൺ വില്ലേജുകളിലായി 6943 ഏക്കർ സ്ഥലത്ത് വ്യാപിച്ചുകിടക്കുന്ന ഭൂപ്രദേശമാണ് നെടുമ്പന ഗ്രാമ പഞ്ചായത്ത്. ഇതിൽ 6276 ഏക്കർ പൂർണ്ണമായും കൃഷിയോഗ്യമാണ്. ഇതിൽ പുരയിടം, നിലം, തരിശ്, പുറംപോക്ക് എന്നിവയിലായി 6571 ഏക്കർ ഭൂമിയുണ്ട്. ഈ ഭൂമിയത്രയും 34804 ഉടമസ്ഥരുടെ വകയാണ്. ഭൂവിനിയോഗംസംബന്ധിച്ച പട്ടിക കാണുക.

രണ്ട് വില്ലേജുകളിലായി 238 ഏക്കർ പുറംപോക്ക്ഭൂമി ഉണ്ട്. പതിനോരായിരത്തിൽപ്പരം ആളുകൾ 5 സെന്റു മുതൽ പത്തുസെന്റുവരെ ഭൂമി ഉള്ളവരാണ്. വൻകിട കൃഷിക്കാരായി ആകെ പതിനഞ്ചുപേർ മാത്രമാണ്. പതിച്ചു കൊടുക്കാവുന്ന ഭൂമിയുടെ വിസ്തീർണ്ണം 34 ഏക്കർ. 10 മുതൽ 25 സെന്റുവരെയുള്ള 11884 ഭൂ ഉടമസ്ഥന്മാർ ഉണ്ട്. ഭൂമിസംബന്ധിച്ച പട്ടിക കാണുക.

ആകെ ജനസംഖ്യയിൽ പൂർണ്ണമായും തൊഴിലുള്ളവർ 10933 പേരാണ്. 8896 പുരുഷന്മാരും2037 സ്ത്രീകളും. സ്ത്രീകളെക്കാൾ തൊഴിലുള്ളവർ പുരുഷന്മാരാണ്. പുരുഷന്മാരിൽ 1045 പേർ ഭാഗികമായി തൊഴിലുള്ളവരാണ്. സ്ത്രീകൾ 2010 പേരുമാണ്. ആകെ തൊഴിലെടുക്കുന്നവരിൽ കർഷകതൊഴിലാളികൾ 25%ത്തിൽ താഴെയാണ്. ആകെ ജനസംഖ്യയിൽ തൊഴിൽചെയ്യാൻ കെല്പുള്ളവരിൽ 30% താഴെ ആളുകൾക്ക് മാത്രമേ പൂർണ്ണമായോ ഭാഗികമായോ തൊഴിൽലഭിക്കുന്നുള്ളു.

ജനപ്രകൃതി പട്ടിക (അവലംബം: കാനേഷുമാരി)

ജനസംഖ്യ		സാക്ഷരർ			പട്ടികജാതി			കുട്ടികൾ 6 വയസ്സ്വരെ		
ആൺ	പെൺ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
20930	21472	16909	15798	32707	2439	2630	5069	2711	2722	5433

ഭൂരൂപനി വിഭാഗം. 2

INDEX

- കുന്നിൻപുറങ്ങൾ - (Hill crust, Ridge crust)
- ഉയർന്ന പ്രദേശങ്ങൾ (ഉയർന്ന സമതലം)
- താഴ്വാരം (Valley)
- ചരിവുകൾ (Slope)


മണ്ണ് ചാർട്ട്
5
N
0 125 190
INDEX
ചെമ്മണ്ണ് (വെട്ടുകല്ല്)
കക്കലുവിഭാഗം (എക്കൽ മണ്ണ്)
നദീതടത്തിലെ എക്കൽ മണ്ണ്
മുടിയിച്ചിറ.

നിർദ്ദേശത്തിനുള്ള ഭൂപടം 4

(ഉയരം കാണിക്കുന്ന ഭൂപടം)

INDEX

- 0 – 20m
- 20 – 40m
- 40 – 60
- 60 – മുകളിൽ

പട്ടിക : ഭൂമി സംബന്ധിച്ച വിവരങ്ങൾ (അവലംബം വില്ലേജ് രേഖകൾ) പട്ടിക 2.1

വില്ലേജിന്റെ പേര്	ഭൂവിസ്തൃതി ഏക്കറിൽ					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1 സെന്റ് മുതൽ10വരെ	10-25	25-50	50-100	1 ഏക്കർ മുതൽ 2 ഏക്കർ	2 മുതൽ 5 ഏക്കർ	5 ഏക്കറിന് മേൽ
	2	3	4	5	6	7	8	9	10	11	12	13
പള്ളിമൺ	2386	486	463	142	3127	3200	3310	2827	589	118	95	1
നെടുമ്പന	2710	546	75	63	3394	8021	8774	7004	819	150	92	14
ആകെ	5096	1032	238	205	6571	11221	11884	9821	1408	268	187	15

പതിച്ചുകൊടുക്കാവുന്ന ഭൂമി പട്ടിക 2.3

	ഭൂമിയുടെ വിസ്തീർണ്ണം ഏക്കറിൽ				
	പുരയിടം	നിലം	തരിശ്	മറ്റുള്ളവ	ആകെ
പള്ളിമൺ	-	-	10	-	10
നെടുമ്പന	-	-	24	-	24
ആകെ	nil	Nil	34	nil	34

തൊഴിൽ അവലംബം : കനേഷുമാരി 1991

വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ വിവരം

മുഖ്യ തൊഴിൽ			ഭാഗികമായി തൊഴിൽ			കൃഷിക്കാർ			കർഷക തൊഴിലാളികൾ			കുടിൽ വ്യവസായം			മറ്റ് കൈത്തൊഴിലുകൾ			കെട്ടിട നിർമ്മാണം			വ്യാപാരം / വ്യവസായം			ഗതാഗതം വാർത്താ വിനിമയം			മൈനിംഗ് ക്വേ പാറ കോറി			ഇതര സർവ്വീസുകൾ		
male	Female	Total	F	M	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T	M	F	T
8896	2037	10933	1045	2010	3055	2137	67	2206	2869	167	2036	1036	1322	2358	125	125	50	400	245	645	729	86	815	349	12	361	125	35	160	1003	522	1535

ആകെ ജനസംഖ്യയിൽ പൂർണ്ണമായും തൊഴിലുള്ളവർ 10933 പേരാണ്. 8896 പുരുഷന്മാരും2037 സ്ത്രീകളും. സ്ത്രീകളെക്കാൾ തൊഴിലുള്ളവർ പുരുഷന്മാരാണ്. പുരുഷന്മാരിൽ 1045 പേർ ഭാഗികമായി തൊഴിലുള്ളവരാണ്. സ്ത്രീകൾ 2010 പേരുമാണ്. ആകെ തൊഴിലെടുക്കുന്നവരിൽ കർഷകതൊഴിലാളികൾ 25%ത്തിൽ താഴെയാണ്. ആകെ ജനസംഖ്യയിൽ തൊഴിൽ ചെയ്യാൻ കെല്പുള്ളവരിൽ 30% താഴെ ആളുകൾക്ക് മാത്രമേ പൂർണ്ണമായോ ഭാഗികമായോ തൊഴിൽലഭിക്കുന്നുള്ളു.


പഠനപര്യടനം - 2
പഠനപര്യടനം -1

പഠനപര്യടനം ശാസ്താംപൊയ്ക മുതൽ പഴങ്ങാലംവരെ 24-11-96

ഭൂപ്രകൃതി	ഉയർന്ന പീഠഭൂമി	ചരിവുതലം	സമതലം	ഉയർന്ന പീഠഭൂമി	സമതലം	ഉയർന്ന കുന്നിൻമണ്ട	ചരിവ്
മൺതരം	ചരൽമണ്ണ് വെട്ടുകല്ല് മണൽ	ചരൽമണ്ണ്	പശിമരാശി മണ്ണ്	പശിമരാശി മണ്ണ്, ഞാറ, വെട്ടി	പശിമരാശി മണ്ണ് കശുമാവ്	ചരൽമണ്ണ് പാറക്കെട്ട്	ചരൽമണ്ണ് മിശ്രവിള
സസ്യാവരണം	റബ്ബർ, തെങ്ങ് മരച്ചീനി, വാഴ നെല്ല്, കശുമാവ് ഇഞ്ചി, കിഴങ്ങുവർഗ്ഗം വരൾച്ച	റബ്ബർ ചീനി കശുമാവ് തെങ്ങ് വരൾച്ച	തെങ്ങ്, വാഴ നെല്ല്, മാടൻ വിളക്കാവ്, കളീയ്ക്കൽ കാവ്	തെങ്ങ് കുരുമുളക് വാഴ, നെല്ല് മണ്ണാലിപ്പ്	നെല്ല്, വാഴ തെങ്ങ് ജലം ലഭ്യം	റബർ, തെങ്ങ് ഫലവൃക്ഷങ്ങൾ കുരുമുളക് രൂക്ഷമായ	കശുമാവ്
	മണ്ണാലിപ്പ്	80 അടി താഴ്ചയിൽ കിണർ		ചതുപ്പുനിലം	ചെളിയെടുത്ത കുഴി വെള്ളക്കെട്ട്	വരൾച്ച	

പഠനപര്യടനം വെളിച്ചക്കാല മുതൽ ഇളവൂർവരെ 24-11-96

ഭൂപ്രകൃതി	സമതലം	ചരിവുതലം	കുന്നിൻമണ്ട	ചരിവുതലം	സമതലം	ചരിവുതലം	ചരിവുതലം	ചരവുതലം	കുന്നിൻമണ്ട	ചരിവുതലം	സമതലം
മൺതരം	മണൽ കലർന്ന എക്കൽ മണ്ണ്	ചെമ്മണ്ണ് വെട്ടുകല്ല്		വെട്ടുകല്ല്		ചരൽ കലർന്ന ചെമ്മണ്ണ് വെട്ടുകല്ല്		ചെമ്മണ്ണ് വെട്ടുകല്ല്, ചരൽ			ചെമ്മണ്ണ് വെട്ടുകല്ല്
സസ്യാവരണം	തെങ്ങ്, നെല്ല് മരച്ചീനി വാഴ	തെങ്ങ്, വാഴ ഫലവൃക്ഷങ്ങൾ മിശ്രവിളകൾ മണ്ണാലിപ്പ്			നെല്ല് തെങ്ങ് മിശ്രവിള	വെട്ടുകല്ല് നെല്ല് തെങ്ങ് മിശ്രവിള തെങ്ങ് മണ്ണാലിപ്പ്	നെല്ല് തെങ്ങ് മിശ്രവിള തെങ്ങ് ഫലവൃക്ഷങ്ങൾ	നെല്ല് തെങ്ങ് മിശ്രവിള	റബർ വൃക്ഷങ്ങൾ	ഫല	റബർ, തേങ്ങ വാഴ മിശ്രവിള ഫലവൃക്ഷങ്ങൾൾ
പരിസ്ഥിതി പ്രശ്നങ്ങൾ				മണ്ണാലിപ്പ്	വെള്ളക്കെട്ട്						മണ്ണാലിപ്പ്

സാമൂഹ്യ സാംസ്കാരിക ചരിത്രം

നെടുമ്പന ഗ്രാമ പഞ്ചായത്ത്,

കൊല്ലം താലൂക്കിന്റെ കിഴക്കൻ അതിർത്തിയിലെ അവികസിത ഗ്രാമങ്ങൾ ഉൾക്കൊള്ളുന്ന പ്രാദേശിക സ്വയംഭരണ സ്ഥാപനം. 1953-ൽ രൂപംകൊള്ളുമ്പോൾ നെടുമ്പന വില്ലേജ് മാത്രമേ ഉണ്ടായിരുന്നുള്ളു. പിൽക്കാലത്തെ വില്ലേജ് പുനർനിർണ്ണയത്തോടെ പള്ളിമൺ എന്ന പുതിയൊരു വില്ലേജ് സംവിധാനംകൂടി നിലവിൽ വന്നു. തുടക്കത്തിൽ ഉണ്ടായിരുന്ന ഭൂവിസ്തൃതിയിലും അതിരുകൾക്കും മാറ്റമില്ലാതെ തുടരുന്നു. രൂപീകരണവേളയിൽ ഏഴു വാർഡുകളും എട്ടു മെമ്പർമാരുമാണ് ഉണ്ടായിരുന്നത് (നെടുമ്പന ദ്വയാംഗം). പിന്നീട് നെടുമ്പന വിഭജിച്ച് 10 വാർഡുകളാവുകയും ഒരു വനിതാ നോമിനിയടക്കം 11 അംഗങ്ങൾ ഉണ്ടാവുകയും ചെയ്തു. വീണ്ടും മീയണ്ണൂർ, പള്ളിമൺ വാർഡുകൾ വിഭജിച്ച് 12 മണ്ഡലങ്ങളായി. തുടർന്ന് പതിമൂന്ന് വാർഡുകളായും ഏറ്റവുമൊടുവിൽ പഴങ്ങാലം പുലിയില വാർഡുകൾ വിഭജിച്ച് 15 വാർഡുകൾ രൂപീകരിക്കപ്പെട്ടു.

കഴിഞ്ഞ നാല് ദശാബ്ദങ്ങളായി ഒരുകൂട്ടം കർമ്മനിരതരായ ജനപ്രതിനിധികളുടെ സേവനത്തിലൂടെ നമ്മുടെ പഞ്ചായത്ത് നിരവധി നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. നെടുമ്പന വില്ലേജിൽ നെടുമ്പന ചേരിയിൽ വടക്കേടത്തുവീട്ടിൽ ശ്രീമാൻ എൻ.കെ. മഹേശ്വരൻപിള്ളയാണ് ഈ പഞ്ചായത്തിലെ പ്രഥമ പ്രസിഡന്റ്. 1953-ൽ രൂപംകൊണ്ട ആദ്യ ഭരണസമിതിയിലെ ശ്രീമാൻ ജനാർദ്ദനൻപിള്ള (മീയണ്ണൂർ), ശ്രീമാൻ കേശവപിള്ള (പഴങ്ങാലം) എന്നിവരൊഴികെ മറ്റാരും ജനകീയ ആസൂത്രണ പ്രക്രിയയിലൂടെയുള്ള ഈ പുത്തൻ മുന്നേറ്റത്തിന് ദൃക്സാക്ഷിയാവാൻ നമ്മോടൊപ്പമില്ല. കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാലം പ്രസിഡന്റായിരുന്ന ശ്രീമാൻ എം. അബ്ദുൾ ഖാദർ കുഞ്ഞ് ലബ്ബ, എം. സുകുമാരൻ ഉണ്ണിത്താൻ തുടങ്ങിയ ജനപ്രീയരായ പല ഭരണസാരഥികളും. സർവ്വാദരണീയരായ ഈ മഹാത്മാക്കളുടെ ഓർമ്മയ്ക്കുമുന്നിൽ നമ്രശീരസ്കരായിക്കൊണ്ട് ഇന്നലയുടെ ഇടനാഴിയിലൂടെ നമുക്കല്പം പിന്നോട്ടു പോകാം. ഒളിമങ്ങാത്ത ഗ്രാമേതിഹാസത്തിന്റെ നാഡിമിടിപ്പുകൾ നേരിട്ടറിയാൻ.

ദേശീയവും, അന്തർദേശീയവുമായ ഒട്ടേറെ ചരിത്രസംഭവങ്ങൾ കേട്ടറിയാൻ മാത്രം അവസരം ലഭിച്ച ജനവിഭാഗമാണ് നെടുമ്പനയിലേത്. ഇവിടെ മനുഷ്യവാസം ആരംഭിച്ചിട്ട് നൂറ്റാണ്ടുകൾ ആയെങ്കിലും മഹത്തായ സാമൂഹ്യ ചരിത്രത്തിനു വിലപ്പെട്ട സംഭാവനചെയ്യാൻ നമുക്കു കഴിഞ്ഞില്ല. നിലവിലിരുന്ന സാമൂഹ്യാചാരങ്ങളോട് സമരസപ്പെട്ടു പോകുന്ന സാധാരണക്കാർ.

നെടുമ്പന എന്ന് ഈ ഗ്രാമത്തിന് പേരുകിട്ടാൻ കാരണമെന്തെന്ന് സ്ഥലപുരാണങ്ങളിൽ പരാമർശമില്ല. "നെടുമ്പനയ്ക്കൽ" എന്നാണ് പഴയ റവന്യൂ രേഖയിൽ കാണുന്നത്. പനകൾ ധാരാളമായി കണ്ടുവന്ന പ്രദേശമായിരുന്നു നെടുമ്പനയെന്നും കഴിഞ്ഞ തലമുറ ഇന്നുമോർക്കുന്നു.

ഭൂമിശാസ്ത്രപരമായി ഒറ്റപ്പെട്ടുകിടക്കുന്ന നമ്മുടെ പഞ്ചായത്ത് പ്രദേശങ്ങൾ നൂറ്റാണ്ടുകൾക്കുമുമ്പ് നിരവധി ബ്രാഹ്മണ കുടുംബങ്ങളുടെ അധീനതയിലായിരുന്നു. പുലിയില, മുട്ടയ്ക്കാവ്, നല്ലില, പഴങ്ങാലം, പള്ളിമൺ എന്നീ പ്രദേശങ്ങളിൽ ബ്രാഹ്മണ മഠങ്ങൾ ഉണ്ടായിരുന്നു. കാലപ്പഴക്കം പറയാനാവാത്ത പ്രസ്തുത മഠങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും അവിടങ്ങളിൽ കാണാം. ക്ഷേത്രപരിപാലനവും വേദപഠനവും മുഖ്യ തൊഴിലായി സ്വീകരിച്ചുപോന്ന ഈ ബ്രാഹ്മണരുടെ വിസ്തൃതമായ കൃഷിയിടങ്ങളിൽ വിളയിറക്കിയിരുന്നത് അവരുടെ വിശ്വസ്തരോ പാർശ്വവർത്തികളോ ആയിരുന്നകരപ്രമാണിമാരായിരുന്നു. ഇത്തരം കരപ്രമാണിമാർ ഭൂമി ഉപഭോഗത്തിന് പ്രതിഫലംമായി കൊടുത്ത കാർഷിക വിഭവങ്ങളായിരുന്നു "പോറ്റി"മാരുടെ മുഖ്യ

ഉപജീവനമാർഗ്ഗം. കാലാന്തരത്തിൽ ഈ കരപ്രമാണിമാർ കൊല്ലിനും കൊലയ്ക്കും അധികാരമുള്ള നാടുവാഴികളായി പരിണമിച്ചു. നികുതിപിരിക്കാൻപോലും ഇവർക്കധികാരമുണ്ടായിരുന്നത്രേ. അവർ കരംകൊടുക്കുന്നതിൽ വീഴ്ചവരുത്തുന്നവർക്ക് ശിക്ഷനൽകിയിരുന്നു. കരപ്രമാണിമാരുടെ തേർവാഴ്ച്ചക്കാലം വർണ്ണാധിപത്യം വലിച്ചുചീന്തിയ സാമൂഹ്യജീവിതം, തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും പാരമ്യതയിൽ എത്തിയിരുന്ന അക്കാലത്ത് അവശജനവിഭാഗങ്ങളുടെ ജീവിതം തികച്ചും അടിച്ചമർത്തപ്പെട്ടതായിരുന്നു. ഇന്നത ജാതികുടുംബങ്ങളിലെ മുറ്റം കടക്കാൻ ഇക്കൂട്ടരെ അനുവദിച്ചിരുന്നില്ല. ആരാധനാലയങ്ങളിലും അധസ്ഥിതർക്ക് പ്രവേശനം നിക്ഷേധിച്ചു. സാമൂഹ്യജീവിതത്തിന്റെ വിവിധ തുറകളിലുണ്ടായ ഇത്തരം വിലങ്ങുകൾക്കിടയിൽ ഉണ്ടായ സംഘബോധത്തിന്റെ ചരിത്രസ്മരണകളാണ് നമ്മുടെ പഞ്ചായത്തിൽ ചില പ്രദേശങ്ങളിൽ കാണുന്ന അവർണ്ണരുടെ മാത്രം അമ്പലങ്ങൾ. പള്ളിമൺ (വള്ളുവൻതറ ക്ഷേത്രം), നെടുമ്പന (പേനട), മിയ്യണ്ണൂർ (ചാവരുകാവ്) കോണത്തുകാവ് (പുലിയില) എന്നിവ ഇന്നും അവയുടെ തനിമയിൽത്തന്നെ നിലകൊള്ളുന്നു.

കൂടുതൽ ജനപഥങ്ങളുടെ കടന്നുവരവ്, കൃഷിയുടെ പ്രാധാന്യമേറിയ കാലം, കിട്ടിയ പ്രതിഫലം ജീവിതോപാധികൾക്ക് പര്യാപ്തമല്ലാതായ ഘട്ടത്തിൽ പോറ്റിമാർ തങ്ങളുടെ ഭൂമി വിലവാങ്ങിക്കൊണ്ട് വ്യാപകമായി ചാർത്തിക്കൊടുത്തു. ഈ ഭൂമികൈമാറ്റം നമ്മുടെ പഞ്ചായത്തിലെ ഭൂ ഉടമകളുടെ എണ്ണത്തിൽ വമ്പിച്ച വർദ്ധനവുണ്ടാക്കി. കൃഷിയും തത്സംബന്ധമായ കാലിവളർത്തലും അതിവേഗം പുരോഗമിച്ചു.

ഭൂമിക്കുടയോരായിരുന്ന പോറ്റിമാർ പലരും പുറംനാടുകളിലേക്ക് പോയി. പരിമിതി സ്വത്തുടമകളായി. ഒരു ന്യൂനപക്ഷം ഇവിടെത്തന്നെ തുടർന്നു. അധികാരവും ആൾബലവുമുള്ള കരപ്രമാണിമാർ ഈ അവസരത്തിൽ സമൂഹത്തിലെ മേധാശക്തിയായി ഉയിർത്തെഴുന്നേറ്റു. ശാക്തികചേരിയുടെ കിടമത്സരങ്ങൾമൂലം ചില പോറ്റിമാർ കൊല്ലപ്പെട്ട സംഭവങ്ങൾപോലുമുണ്ടായിട്ടുണ്ട്.

ഒരുകാലത്ത് ഭൂപ്രഭുക്കളായിരുന്ന ബ്രാഹ്മണശക്തിക്ക് ക്ഷയമുണ്ടായതിന് തിരുവിതാംകൂറിന്റെ ചരിത്രവുമായി ബന്ധമുണ്ട്. മാർത്താണ്ഡവർമ്മ രാജാവും, രാമയ്യനുംഎട്ടുവീട്ടിൽ പിള്ളമാരുടെ ആക്രമണത്തെ ഭയന്ന് ഒളിവിൽ ക്കഴിയുന്ന കാലം. പുലിയിലായിലെത്തിയ മഹാരാജാവ് ആദ്യം പോർക്കുളം മഠത്തിലെത്തി. പോറ്റി അഭയം നിക്ഷേധിച്ചതിനെത്തുടർന്ന് പഴങ്ങാലം വലിയമഠത്തിൽ അഭയംതേടി. അവിടേയും അദ്ദേഹത്തെ ഉൾക്കൊണ്ടില്ല. ഒടുവിൽ കുഴിമതിക്കാട് മഠമാണ് രാജാവിന് അഭയംനൽകിയത്. പിൽക്കാലത്ത് മഹാരാജാവ് തനിക്കഭയംനൽകാത്ത മഠങ്ങൾ പൊളിച്ചുമാറ്റി അന്തർജനങ്ങളെ കടപ്പുറത്തെ മുക്കുവർക്ക് ദാനംചെയ്തതായി പറയുന്നു. മനയുടെ മരവുമുപയോഗിച്ച് ആശ്രമം അമ്പലത്തിന്റെ ഊട്ടുപുര നിർമ്മിച്ചു എന്നാണ് പ്രചാരത്തിലുള്ളത്. മഹാരാജാവിന് അന്ന് വഴികാട്ടിയവർക്കും വെള്ളംകൊടുത്തവർക്കും കരമൊഴിവായി ഭൂമി പതിച്ചുകൊടുത്ത പഴയ റവന്യൂരേഖകളുമുണ്ട്. അക്കാലങ്ങളിൽനടന്ന ക്ഷേമപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുണ്ടായവയാണ് നമ്മുടെ പഞ്ചായത്തിൽ ഇന്നുകാണുന്ന ചുമടുതാങ്ങികളും, വഴിയമ്പലവും, കളിത്തട്ടുകളും.

ദേശാധിപത്യം സ്ഥാപിക്കാനുള്ള തത്രപ്പാടിൽ കരപ്രമാണികൾ തമ്മിലും ഇടയ്ക്കിടെ പോരടിക്കാറുണ്ടായിരുന്നുവെന്ന് പോർക്കളം, കൊരക്കളം തുടങ്ങിയ പ്രാദേശിക സ്ഥലനാമങ്ങൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അക്കാലത്ത് പള്ളിമണാറിന്റെ വിശാലമായ മണൽതിട്ടയിൽ രൂപംകൊണ്ട കൊലക്കളമാണ് പിന്നീട് "കൊരക്കള"മായി മാറിയത്.

കരപ്രമാണികൾക്ക് രാജഭരണവുമായി ബന്ധമുണ്ടായിരുന്നു. കരം പിരിവിൽ ഒരംശമെടുത്ത് ചെലവാക്കാനും സ്വാതന്ത്ര്യമുള്ള ഇവർ തങ്ങളുടെ അധികാരപരിധിക്കുള്ളിൽ കളരികൾ സ്ഥാപിച്ച് സ്വന്തം പ്രതാപം നിലനിർത്തി നാടിനെ വിദേശികൾ ആക്രമിക്കുന്ന കാലത്ത് ചാവേറ്റുപടയെ സഹായത്തിനെത്തിക്കുക ഈ നാടുവാഴികളുടെ ചുമതലയായിരുന്നു. ഇവരുടെ അനുഗ്രഹാശിസുകളോടെയായിരുന്നു രാജാക്കന്മാർപോലും ഭരണം നടത്തിയിരുന്നത്. ഇങ്ങനെ സർവ്വാധികാരവും കയ്യാളിയ കുടുംബക്കാരെ "പിള്ളവീട്ടുകാർ" എന്ന സ്ഥാനപ്പേരുനൽകി ബഹുമാനിക്കുകയുണ്ടായി. ഇപ്രകാരം ജന്മി-നാടുവാഴിത്വത്തിന്റെ പര്യായമായ പിള്ളവീടുകൾ നമ്മുടെ പഞ്ചായത്തിലുമുണ്ട്.

നൂറ്റാണ്ടുകൾക്ക് മുമ്പ് കൊല്ലം പട്ടണത്തിലെത്തിയ വിദേശവ്യാപാരികളാണ് നമ്മുടെ ഗ്രാമത്തിൽ വൈദേശികമതങ്ങൾക്ക് പ്രചാരംനൽകിയതെന്ന് കരുതുന്നതിൽ തെറ്റില്ല. ഏകദേശം രണ്ടര നൂറ്റാണ്ടുമുമ്പ് കൊടശനാട്ടുനിന്നെത്തിയ ഏതാനും വിശ്വാസികളാണ് നമ്മുടെ പഞ്ചായത്തിലെ ക്രിസ്തുമതവിശ്വാസികളുടെ മുൻഗാമികൾ. കൊല്ലങ്ങൾക്കുശേഷം ഇസ്ലാംമതവും പ്രചാരത്തിലെത്തി. പുതിയ മതങ്ങളുടെ രംഗപ്രവേശനം നമ്മുടെ വ്യാവസായിക ചരിത്രത്തിൽ പുത്തൻ വാതായനങ്ങൾ തുറന്നു. കൃഷിയിലും, മൃഗസംരക്ഷണത്തിലും വ്യാപൃതരായിരുന്ന ജനത ചെറുകച്ചവടത്തിലേക്കും കൈത്തൊഴിലിലേക്കും പിൻതിരിഞ്ഞു.

വ്യാപകമായി വീടുകൾ നിർമ്മിക്കപ്പെട്ടു. ഇങ്ങനെയുണ്ടായ വീടുകളുടെ ശില്പവിദ്യയിൽ ചൈനീസ് മാതൃകകലർന്നിരുന്നു. വർഷങ്ങളോളം കൊല്ലത്തുവന്ന് കച്ചവടംനടത്തിയ ചൈനാക്കാർ നമ്മുടെ ഗൃഹനിർമ്മാണ ചരിത്രത്തിൽ നൽകിയ മായാത്ത സംഭാവനയാണ് "കോടികൾ". വീടുനിർമ്മാണത്തിൽ പരക്കെ കണ്ടുവന്ന ഈ 'കോടി'കൾ സമ്പ്രദായം ഇന്ന് ഏതാണ്ടൊക്കെ മാഞ്ഞുപോയിരിക്കുന്നു. പരമ്പരാഗത കൈത്തൊഴിലായ കളിമൺ പാത്രനിർമ്മാണത്തിൽ മുട്ടയ്ക്കാവ് പ്രദേശങ്ങൾക്കുള്ള പ്രാധാന്യം അദ്വീതീയമാണ്. കച്ചവടത്തിനായി കടൽകടന്നെത്തിയ പോർച്ചുഗീസുകാർ കൊണ്ടുവന്ന കശുവണ്ടി പിൽക്കാലത്ത് കൊല്ലംജില്ലയെ ആഗോള വ്യാവസായിക ഭൂപടത്തിൽ ഒരു പ്രത്യേക സ്ഥാനത്തിനർഹമാക്കി. കശുവണ്ടി ഉല്പാദനത്തിൽ നമ്മുടെ പഞ്ചായത്ത് ഒരുകാലത്ത് വളരെ മുന്നിലായിരുന്നു.

കൃഷിയും, കച്ചവടവും വ്യാപകമായതോടെ എഴുത്തും, വായനയും, കണക്കുകൂട്ടലും നിത്യജീവിതത്തിന്റെ ഒരനിവാര്യതയായി. അക്കങ്ങളുടേയും, അക്ഷരങ്ങളുടേയും വർദ്ധിച്ച് ആവശ്യം മന്ത്രോച്ചാരണത്തിൽ ഒതുങ്ങിനിന്ന മതപഠനത്തിന്റെ പ്രാധാന്യം കുറച്ചു. അറിവിന്റെ ചക്രവാളം അനുനിമിഷം വികസിച്ചതോടെ അക്ഷരവിദ്യയിൽ വ്യാപകമായി അഭിനിവേശമുണ്ടായി. ആശാൻപള്ളിക്കൂടത്തിലെ പനയോലച്ചുരുളിൽ ഒതുങ്ങിനിന്ന അക്ഷരവിദ്യ കടലാസിന്റെ പ്രചാരത്തോടെ ക്ലാസ്മുറികളിൽ ചേക്കേറി. അക്ഷരവിദ്യ പഠിച്ച ചുരുക്കംചില ജനസേവകരുടെ പരിശ്രമഫലമായി ആദ്യം "നൈറ്റ്" സ്കൂളുകളും പിന്നീട് ആശാൻ പള്ളിക്കൂടങ്ങളും ഗ്രാന്റ് പള്ളിക്കൂടങ്ങളുമുണ്ടായി. കൊല്ലവർഷം 1095-ൽ ശ്രീ. പുത്തൻപുരയിൽ (താഴവിള) നാണുപിള്ള നെടുമ്പനയിൽ സ്ഥാപിച്ച പ്രൈമറി വിദ്യാലയം നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലാണ്. തുടർന്ന് പഞ്ചായത്തിലാകെ ആശാവഹമായതോതിൽ വിദ്യാഭ്യാസസ്ഥാപനങ്ങളുണ്ടായി. നമ്മുടെ പഞ്ചായത്തിലെ സർക്കാർ വിദ്യാലയമായ പള്ളിമൺ ഹൈസ്കൂൾ വിദ്യാഭ്യാസ ഭൂമികയിലെ ദുഃഖസ്മാരകമാണ്. അറിവിന്റെ കനി തേടി അയൽഗ്രാമങ്ങളിലേക്ക് പോയ അഷ്ടബാലികമാരുടെ ദുരന്തത്തിന്റെ ബാക്കിപത്രം. ഒരു കാലത്ത് വിദ്യാഭ്യാസം അധീശവർഗ്ഗത്തിന്റെ കുത്തകയിലായിരുന്നു. അധഃസ്ഥിതന് അന്യമായിരുന്നു വിദ്യാഭ്യാസം. അന്ധവിശ്വാസത്തിലും, അനാചാരത്തിലും ആണ്ടുകിടന്ന ജനത. ആവേശം കൊള്ളിച്ച ചരിത്രസംഭവങ്ങളുടെ പടയോട്ടം. ശ്രീനാരായണഗുരു, അയ്യൻകാളി, ചട്ടമ്പിസ്വാമി, സഹോദരനയ്യപ്പൻ എന്നിവർ ചരിത്രത്തിന് വിലപ്പെട്ട സംഭാവനനൽകിയ കാലം. ഒരുമയുടെ സന്ദേശവുമായി ശ്രീനാരായണഗുരു നമ്മുടെ പഞ്ചായത്തിലെ നെടുമ്പന പ്രദേശവും സന്ദർശിച്ചിട്ടുണ്ട്. നവോത്ഥാന നായകൻമാരുടെ കടന്നുവരവും, ദേശീയപ്രസ്ഥാനത്തിന്റെ കരുത്തും, പുരോഗമനാശയങ്ങളുടെ വ്യാപനവും നാടെങ്ങുമുണ്ടാക്കിയ ചലനങ്ങൾ നമ്മുടെ നാടിനേയും ബാധിച്ചു. സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി ഐ.എൻ.എയിൽ ചേർന്നുപ്രവർത്തിച്ച നിരവധിയാളുകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. സമരനായകനായ ഗാന്ധിജി അന്ന് ജനതയുടെ ആവേശമായിരുന്നു. കൊല്ലത്തെത്തിയ മഹാത്മാവിനെ കാണാൻ നെടുമ്പനയിൽനിന്ന് കാൽനടയായിപ്പോയ സംഭവം ഓർമ്മിക്കുന്നവരായി ചിലരെങ്കിലും ഈ പഞ്ചായത്തിലുണ്ടെന്നാണ് നാട്ടറിവ് വിഭാഗത്തിന് ലഭിച്ച സന്തോഷകരമായ വാർത്ത. മനുഷ്യമനസ്സിൽ മയങ്ങിക്കിടന്ന സേവനതൃഷ്ണ തട്ടിയുണർത്തി കർമ്മരംഗത്തേക്കാനയിക്കുന്നതിൽ ദേശീയപ്രസ്ഥാനം വഹിച്ച പങ്ക് അവിസ്മരണീയമാണ്. നമ്മുടെ പഞ്ചായത്തിൽ ഉണ്ടായ വികസനപ്രക്രിയയിൽ ബഹുജനപങ്കാളിത്തം എന്നത്തേക്കാളുമധികം പ്രകടമായത് നാല്പതുകളുടെ ആരംഭത്തിലായിരുന്നു. പഞ്ചായത്തിലെ പ്രധാനപ്പെട്ട പല റോഡുകളും വിലമതിക്കാനാവാത്ത മനുഷ്യാദ്ധ്വാനത്തോടെ നിർമ്മിക്കപ്പെട്ടത് ഈ കാലത്താണ്. പിൽക്കാലത്ത് പഞ്ചായത്ത്കെട്ടിടം സ്ഥിതിചെയ്യുന്ന ഭൂമി സൗജന്യമായി നൽകിയ നെടുമ്പന പുതുവലിൽവീട്ടിൽ ശ്രീമാൻ. സുന്ദരനുണ്ണിത്താൻ അവർകളെ ഇത്തരുണത്തിൽ പ്രത്യേകം സ്മരിക്കേണ്ടതുണ്ട്.

1943-ൽ മനുഷ്യനെ കൂട്ടക്കൊലചെയ്ത കോളറയേയും, വസൂരിയേയും രക്ഷാപ്രവർത്തനംകൊണ്ട് നിർമ്മാർജ്ജനം ചെയ്തത് അന്നത്തെ മനുഷ്യരുടെ ഒത്തൊരുമയുടെ ഉദാഹരണമാണ്. കുന്നും, മലയും, വെള്ളക്കെട്ടുംകൊണ്ട് തുരുത്തുകളെപ്പോലെ സ്ഥിതിചെയ്തിരുന്ന ഗ്രാമങ്ങൾ. വില്ലേജിന്റെ ആസ്ഥാനമായ നെടുമ്പനയിൽ എത്തിച്ചേരുക ദുഷ്കരമായിരുന്നു. തന്മൂലം ചില പ്രത്യേക കേന്ദ്രങ്ങളിൽ ചെന്നിരുന്ന് വില്ലേജ് ഓഫീസർ (പ്രവർത്ത്യാർ) നികുതി പിരിവ് നടത്തിയ കാലം. കൊച്ചുകൊച്ചു മൺ റോഡുകൾ കൊണ്ട് ഗ്രാമങ്ങളെ ബന്ധിപ്പിച്ചതോടെ ഒത്തുചേരലിനും ആശയവിനിമയത്തിനും കൂടുതൽ അവസരങ്ങൾ കൈവന്നു. ഗതാഗതത്തിന്റെ പുരോഗതി കൃഷിയെ സ്വാധീനിച്ചു. കാർഷികവൃത്തിയിലെ മിച്ചവരുമാനം കച്ചവടത്തിൽ വിനിയോഗിക്കപ്പെട്ടു. കടകമ്പോളങ്ങൾ വ്യാപകമായി. കാലിച്ചന്തകൾക്ക് പഞ്ചായത്തിൽ കൂടുതൽ പ്രാധാന്യമേറി. അയൽനാടുകളിലുണ്ടായിരുന്ന വ്യവസായം ഇങ്ങോട്ട് കടന്നുവ

ന്നു. നല്ലിലായിൽ സ്ഥാപിതമായ കശുവണ്ടി ഫാക്ടറിയാണ് ഈ പഞ്ചായത്തിലെ ആദ്യ വ്യവസായശാല. വ്യവസായത്തിന്റെ ഉദയം ട്രേഡ്‌യൂണിയൻപ്രസ്ഥാനത്തെ ക്ഷണിച്ചുവരുത്തി. പട്ടണപ്രദേശമായ കൊല്ലത്തെ കോട്ടൺമിൽ സമരവും പെരുമ്പുഴ-കണ്ണനല്ലൂർ പ്രദേശങ്ങളിലെ കശുവണ്ടിത്തൊഴിലാളികളുടെ സമരചരിതങ്ങളും കണ്ടും കേട്ടും അറിഞ്ഞ തൊഴിലാളികളിൽ സംഘബോധത്തിന്റെ വിത്തു മുളച്ചു. ഈ കാരണംകൊണ്ടുതന്നെ പുരുഷൻമാരേക്കാൾ മുമ്പേ നമ്മുടെ സ്ത്രീകളാണ് കൂട്ടായ്മയുടെ കരുത്ത് തിരിച്ചറിഞ്ഞവർ.

സ്വാതന്ത്ര്യസമരത്തിന്റെ അന്ത്യനാളുകൾ രാജ്യത്തെങ്ങും മതഭ്രാന്തിന്റെ കാലമായിരുന്നു. ഹിന്ദുക്കളും, മുസ്ലീങ്ങളും ഇടതിങ്ങിപ്പാർക്കുന്ന പഞ്ചായത്തിൽ എവിടെയും അന്ന് സാഹോദര്യത്തിന്റെ മുഖങ്ങളായിരുന്നു. ദൈനംദിന ജീവിതത്തിന്റെ താളംതെറ്റിക്കുന്ന ഫാസിസ്റ്റ് പ്രവണതകൾ ദൃശ്യമായിക്കൊണ്ടിരിക്കുന്ന വർത്തമാനപരിതസ്ഥിതിയിൽപ്പോലും നമ്മുടെ ജാതിമതസൗഹാർദ്ദം പോറലേൽക്കാതെ നിലകൊള്ളുന്നു.

പോയകാലം നമുക്കുതന്ന നേട്ടം വ്യാവസായികരംഗത്തെ നേരിയ പുരോഗതിയാണ്. കേവലം ഒരു കശുവണ്ടി ഫാക്ടറിമാത്രമുണ്ടായിരുന്ന നമുക്കിപ്പോൾ കശുവണ്ടി, കമ്പിക്കല്ല് തുടങ്ങിയവയിലായി ഏകദേശം ആറായിരത്തിൽപ്പരം തൊഴിലാളികളെ ഉൾക്കൊള്ളുന്ന ഒരു വ്യവസായശൃംഖലയുണ്ട്. കൂടാതെ ചില പഞ്ചായത്തുകേന്ദ്രങ്ങൾ ആധുനിക സമൂഹത്തിന് അനുയോജ്യമായ മാർക്കറ്റുകളായി വികസിച്ചുകൊണ്ടിരിക്കുന്നു. നല്ലില, കുളപ്പാടം എന്നിവിടങ്ങളിലെ പുരോഗതി അനുദിനം വേഗത കൈവരിച്ചുകൊണ്ടിരിക്കുന്നു.

പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സ്വാതന്ത്ര്യപ്പുലരിയെ ഭാരതീയജനത എതിരേറ്റത് പ്രത്യാശകളോടെയായിരുന്നു. വൈദേശികഭരണം ഉപേക്ഷിച്ചുപോയ നിത്യ ദുരിതത്തിലാണ്ട ജനത പുത്തൻ ഭരണത്തിൻകീഴിൽ തങ്ങളുടെ കാഴ്ചപ്പാടുകൾക്ക് അറുതിവരുമെന്ന പ്രതീക്ഷയോടെ കാത്തിരുന്നു. പദ്ധതികൾ പലതും ആവിഷ്കരിക്കപ്പെട്ടു. എന്നാൽ ഇവയൊന്നും ഉദ്ദേശലക്ഷ്യങ്ങൾ പൂർണ്ണമായും നിറവേറ്റിയില്ല. പ്രത്യേകിച്ചും ദരിദ്രജനതയുടെ ഉന്നമനകാര്യത്തിൽ. ഈ സ്ഥിതി പരിഹരിക്കണമെന്ന കാഴ്ചപ്പാടോടെ 9-ാം പഞ്ചവത്സരപദ്ധതി ജനപങ്കാളിത്തം ഉറപ്പുവരുത്തി നടപ്പാക്കാനുള്ള തീവ്രയത്നത്തിലാണ് നാം എത്തിനിൽക്കുന്നത്. ഇന്ത്യൻ ഭരണഘടനയുടെ 73,74 ഭേദഗതികളിലൂടെ നിലവിൽവന്ന പഞ്ചായത്തീരാജ് സംവിധാനം അധികാരം ജനങ്ങളിലേക്ക് പകർന്നിരിക്കുകയാണ്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ വികസനത്തിന്റെ ചവിട്ടുപടികളായി തീർന്നിരിക്കുന്നു. കാലത്തിന്റെ കടമ നിറവേറ്റാൻ നാം പ്രതിജ്ഞാബദ്ധരാണ്. വികസനചരിത്രത്തിൽ ലോകത്തെങ്ങും മാതൃകയില്ലാത്ത ജനകീയാസൂത്രണമെന്ന ഈ പുതിയ സംരംഭത്തിന്റെ വിജയത്തിനായി പഞ്ചായത്തിൽ ഒട്ടുവളരെ പ്രവർത്തനങ്ങൾ നടന്നു. എല്ലാ വോട്ടർമാർക്കും പ്രത്യക്ഷപങ്കാളിത്തമുള്ള ഗ്രാമസഭാസമ്മേളനങ്ങൾ 15 വാർഡുകളിലും ചേരുകയുണ്ടായി. ഗ്രാമത്തിന്റെ പുരോഗതിക്കായി നിരവധി നിർദ്ദേശങ്ങൾ ഈ സമ്മേളനങ്ങളിൽ ഉയർന്നുവരുകയുണ്ടായി. കാർഷികരംഗത്ത് ഉല്പാദനം വർദ്ധിപ്പിക്കാനും, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, പാർപ്പിടം എന്നീ അടിസ്ഥാനപ്രശ്നങ്ങൾക്കും ഒട്ടേറെ പരിഹാരനിർദ്ദേശങ്ങളുണ്ടായി. 1996 സെപ്തംബർ 21ന് ആരംഭിച്ച് ഒക്ടോബർ 6ന് അവസാനിച്ച വിശേഷാൽ ഗ്രാമസഭകളിൽ 1416 പുരുഷന്മാരും 380 സ്ത്രീകളുമടക്കം 1796 പേർ പങ്കെടുത്തു.

നമ്മുടെ ഗ്രാമത്തിന്റെ വിഭവശേഷിയും, ഭൂപ്രകൃതിയും മനസ്സിലാക്കുന്നതിനായി 1996 ഒക്ടോബർ 24ന് രണ്ട് പഠനപര്യടനങ്ങൾ നടത്തി. പഞ്ചായത്തിലെ ഏറ്റവും ഉയർന്ന കുന്നിൻപ്രദേശമായ ശാസ്താംപൊയ്കയിൽനിന്നും. ചരിവ്പ്രദേശമായ വെളിച്ചിക്കാലയിൽനിന്നും ആരംഭിച്ച പഠനപര്യടനസംഘങ്ങൾ പഴങ്ങാലം-ഇളവൂർ എന്നിവിടങ്ങളിൽ എത്തിച്ചേർന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റും ജനപ്രതിനിധികളും ഈ സംഘത്തെ നയിച്ചു. പഠനസംഘം തയ്യാറാക്കിയ ഭൂഘടന പട്ടിക റിപ്പോർട്ടിൽ ചേർത്തിട്ടുണ്ട്.

ഗ്രാമസഭകൾ പരിഗണനയ്ക്ക് വിധേയമാക്കിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ വിഭവശേഷി നമ്മുടെ പഞ്ചായത്തിനില്ല. കിട്ടാവുന്നത്ര വിഭവസമാഹരണംനടത്തി പരമാവധി ജനപങ്കാളിത്തത്തോടെവരുന്ന അഞ്ച് വർഷക്കാലം നാട്ടിൽനടക്കേണ്ട വികസനപ്രവർത്തനങ്ങൾ ഫലപ്രാപ്തിയിലെത്തിയ്ക്കുക എന്നതാണ് ഈ ചരിത്രദശാസന്ധിയിൽ നമ്മുടെ കടമ. ഇതിലേക്കായി അനുകൂലവും പ്രതികൂലവുമായ ഒട്ടേറെ കാര്യങ്ങൾ വിശകലനംചെയ്യേണ്ടതുണ്ട്. ഇത്തരം വിശകലനങ്ങളുടെ ഫലപ്രാപ്തിയിൽനിന്നുമാത്രമേ ജനങ്ങളുടെ സ്ഥായിയും ദ്രുതഗതിയിലുള്ളതുമായ സാമ്പത്തിക വളർച്ചയെന്ന വികസനപ്രക്രിയക്ക് രൂപംനൽകാനാവൂ.

നെടുമ്പന പഞ്ചായത്തിന്റെ കമ്മിറ്റി യോഗം NO: 1

[illegible]

Members :-

(1) S. Kesava Pillai (2) P. Janardhanan Pillai
(3) K. Varghese (4) C. Narayanan
(5) Prabhakaran Unnithan (6) N. K. Maheswaran Pillai
(7) T. K. Ariyaru Kunju Vaidian (8) V. Krishna Pillai

[illegible]

തീരുമാനങ്ങൾ :- (1) [illegible] (2) August 15th [illegible] "തൊഴിലുറപ്പ് പദ്ധതി" [illegible] (3) [illegible] (4) [illegible] August [illegible] 4 P.M [illegible]

[illegible]

(1) V. Krishna Pillai (sd)
(2) N. Prabhakaran Unnithan (sd)
(3) T. K. Ariyaru Kunju Vaidian (sd)
(4) K. Varghese (sd)
(5) P. Janardhanan Pillai (sd)
(6) C. Narayanan (sd)
(7) S. Kesavan Pillai (sd)

N. K. Maheswara Pillai
Panchayat President

കൃഷി, ജലസേചനം



മണ്ണിൽ അടങ്ങിയിട്ടുള്ള പോഷകമൂലകങ്ങളെ ജീവരാശിക്കുപകരിക്കുന്ന വിളവുകളാക്കി മാറ്റുന്ന പ്രക്രിയയാണ് കൃഷി. ഭൂമി, ജലം, സൂര്യപ്രകാശം ഇവയുടെ സഹായത്തോടെ വിഭവങ്ങളെ പ്രയോജനകാരികളായ ഉല്പന്നങ്ങളാക്കി മാറ്റുന്ന ഉപാധിയായി കൃഷിയെ കണക്കാക്കാം.

അതിപ്രാചീന കാലത്തുതന്നെ ഭാരതത്തിലെ ജനങ്ങൾ കൃഷിയിൽ ഏർപ്പെട്ടിരുന്നു എന്നുമാത്രമല്ല കൃഷി അതിന്റെ വികസിതരൂപത്തിൽത്തന്നെ നിലനിന്നിരുന്നതായും കാണാം. വേദങ്ങളിൽത്തന്നെ ഇതിനുപോൽബലകമായ പരാമർശങ്ങൾ നിരവധിയുണ്ട്.

ഭാരതം സ്വതന്ത്രമായപ്പോൾ കൃഷിയുടെ നിലവാരം വളരെ മോശപ്പെട്ടതായിരുന്നു. ഭക്ഷ്യ ദൗർലഭ്യംകൊണ്ട് രാജ്യത്തിന്റെ പല ഭാഗങ്ങളിലും കൊടിയ ക്ഷാമവും, പട്ടിണിമരണങ്ങളും ഉണ്ടായിട്ടുണ്ട്. കൃഷിക്ക് ഊന്നൽകൊടുത്തുകൊണ്ടുള്ള പദ്ധതി ആസൂത്രണത്തിന്റെ ഫലമായി ഏറെ പുരോഗതി ഉണ്ടായിട്ടുണ്ട്. എങ്കിലും കേരളത്തെ സംബന്ധിച്ചിടത്തോളം കാർഷികരംഗത്ത് ഈ മുന്നേറ്റം അനുഭവപ്പെട്ടില്ല. ഉല്പാദനരംഗം മന്ദീഭവിക്കുകയും ചെയ്തു. നമ്മുടെ സംസ്ഥാനത്തുള്ള വിഭവങ്ങളും സാദ്ധ്യതകളും കണക്കിലെടുക്കാതുള്ള ആസൂത്രണമാണ് ഇതിന് മുഖ്യകാരണം. മനുഷ്യനും പ്രകൃതിയും കൈകോർത്തുപിടിച്ചുകൊണ്ട് പ്രകൃതിദത്തമായ വിഭവങ്ങളെ ലക്ഷ്യബോധത്തോടെ ഉപയോഗിച്ചുകൊണ്ടുള്ള കൂട്ടായ യജ്ഞം ഈ രംഗത്ത് പരമപ്രധാനമാണ്. ആവഴിക്കുള്ള ഒരു സമീപനമാണ് ജനകീയാസൂത്രണത്തിന്റെ പാതയിലേക്ക് നമ്മെ കൊണ്ടുചെന്നെത്തിച്ചിരിക്കുന്നത്.

കൃഷി നെടുമ്പന പഞ്ചായത്തിൽ

കൃഷി എന്ന വാക്കിന് ഇന്ന് വളരെ വ്യാപ്തിയുള്ള അർത്ഥമുണ്ടെങ്കിലും കൃഷി എന്നാൽ നെൽകൃഷി എന്നും തൊഴിലാളി എന്നാൽ കർഷകത്തൊഴിലാളി എന്നും അർത്ഥമാക്കുന്ന ഒരു ഭൂതകാലം നമ്മുടെ പ്രദേശത്തെ കൃഷിയുടെ ചരിത്രത്തിലുണ്ട്. ഏതാണ്ട് 60 വർഷങ്ങൾക്കു മുമ്പുവരെ ഈ പ്രദേശങ്ങളിലെ മുഴുവൻ നെൽപ്പാടങ്ങളിലും നെൽകൃഷിതന്നെചെയ്തിരുന്നു. തെങ്ങും, മരച്ചീനിയും, കുരുമുളകും, പയറും, മുതിരയും, വാഴയും, കാച്ചിലും, കൂവരകുമൊക്കെ കരഭൂമികളിൽ കൃഷിചെയ്തിരുന്നു. പാടങ്ങൾ മുഴുവൻ കൃഷിചെയ്യപ്പെട്ടിരുന്നെങ്കിലും കരഭൂമികൾ മിക്കവാറുംതന്നെ കുറ്റിക്കാടുകളും, വൻ കാടുകളും, മൊട്ടക്കുന്നുകളുമായിക്കിടന്നിരുന്നു. ഈ പ്രദേശങ്ങൾ കാലിമേയ്ക്കുന്നതിനും, നെൽകൃഷിക്കാവശ്യമായ പച്ചിലവളങ്ങൾ സംഭരിക്കുന്നതിനും കൃഷിക്കാർ പ്രയോജനപ്പെടുത്തിയിരുന്നു. പാടങ്ങളിൽ മിക്കവയുംതന്നെ ഫലഭൂയിഷ്ടമായ വളക്കൂറുള്ളവയായിരുന്നു. പോരെങ്കിൽ രണ്ടു കരകളിലും കുറ്റിക്കാടുകൾനിറഞ്ഞ മണ്ണൊലിപ്പില്ലാത്ത ചരിവുകളും ചെറുകുന്നുകളും. അതുകൊണ്ടുതന്നെ രണ്ടു പൂവ് ആദായകരമായി കൃഷിചെയ്തിരുന്നു. രണ്ടാം വിളവെടുപ്പുകഴിഞ്ഞാൽ മകരം കുംഭമാസങ്ങളിലെ വേനലിൽ പൂട്ടി പൊടിയാക്കിയ നിലങ്ങളിൽ കരിയിലയും, ചവറും നിരത്തിയിട്ട്, ചുടുക, അതിനുശേഷം മേടമാസത്തിലെ പുതുമഴക്ക് വെള്ളത്തിലും പൊടിയിലുമായി "അറാംവെള്ള" "ചുട്ട്യാരൻ" തുടങ്ങിയ നെൽവിത്തുകൾ കൃഷിചെയ്യുക എന്നതായിരുന്നു അന്നത്തെ പതിവ്.

കൂടാതെ ഈ പ്രദേശങ്ങളിലെ ചുരുക്കംചില ഏലാകൾ രണ്ടുപൂവ് കൃഷിചെയ്യാൻ കഴിയാതെ വെള്ളക്കെട്ടുകളായി കിടന്നിരുന്നു. പള്ളിമണും പരിസരത്തുമുള്ള ചില ഏലകൾ ഈ വിഭാഗത്തിൽപ്പെട്ടവയായിരുന്നു. എന്നാൽ ഇവിടെയും വെള്ളം വറ്റിച്ച് പുഞ്ചകൃഷി നടത്തിയിരുന്നു. ഇത്തിക്കരയാറിന്റെ ശംഖയായ പള്ളിമൺ ആറിന്റെ സാമീപ്യംകൊണ്ട് പള്ളിമൺ, കുണ്ടുമൺ, മുട്ടക്കാവ് പ്രദേശങ്ങളിൽ ചിലപ്പോഴൊക്കെ വെള്ളപ്പൊക്കവും തുടർന്ന് അഴു

കിചേതവും ഉണ്ടാകാറുണ്ടായിരുന്നു. പോളയിൽ കായൽ തുടങ്ങി ചില സ്ഥലങ്ങൾ വെള്ളക്കെട്ടായി കിടന്നിരുന്നു വെങ്കിലും വെള്ളം വറ്റിച്ച് ഒരുപ്പൂ നെൽകൃഷി നടത്തിയിരുന്നു. കാലവർഷത്തിന് മുമ്പുള്ള വേനൽമഴകഴിഞ്ഞ് കര യ്ക്കും നെൽകൃഷി ചെയ്തിരുന്നു.

കരകൃഷിയിൽ മുഖ്യസ്ഥാനം തെങ്ങിനായിരുന്നു. കൂ ടാതെ മരച്ചീനി, കുരുമുളക്, കാച്ചിൽ, കിഴങ്ങ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും, പയർ, മുതിര, ഉഴുന്ന് തുടങ്ങിയ പയ റുവർഗ്ഗങ്ങളും കൂവരക്ക്, എള്ള് തുടങ്ങിയ പല കൃഷിക ളും ധാരാളമായി ചെയ്തിരുന്നു.

വർഷങ്ങൾക്കുമുമ്പ് മരച്ചീനി ഈ പ്രദേശത്തെ ഒരു മുഖ്യ വിളയായിരുന്നു. നെല്ലിന്റേയും അരിയുടേയും കുറ വുമൂലം ഉണ്ടാകാമായിരുന്ന ദാരിദ്ര്യം ഒരു പരിധിവരെ ഒഴി വാക്കിയത് മരച്ചീനിയാണ്. ഈ പ്രദേശങ്ങളിലെ പാവ പ്പെട്ടവരുടേയും ഇടത്തരക്കാരുടേയും പ്രധാന ആഹാരമെ ന്നനിലയിൽ മരച്ചീനിക്ക് വൻപിച്ച പ്രാധാന്യമാണ് ഇവി ടെ ഉണ്ടായിരുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്ത് നെ ല്ലും, അരിയും കിട്ടാതെവന്നപ്പോൾ ഈ പ്രദേശങ്ങളിലെ ജനങ്ങൾ പട്ടിണിയില്ലാതെ ജീവിച്ചത് മരച്ചീനി ഉണ്ടായിരു ന്നതിനാലാണ് എന്ന വസ്തുത നാം ഓർക്കേണ്ടതുണ്ട്.

മിക്കവാറും എല്ലാ സ്ഥലങ്ങളിലുംതന്നെ എട്ടും പത്തും ഏക്കർ സ്ഥലങ്ങളിൽ കൃഷിക്കാർ കൂട്ടമായി ഉഴവടിസ്ഥാ നത്തിൽ കൃഷിചെയ്തിരുന്നു. ഉഴവുകാരൻ ഇന്മിക്കും കാ വൽക്കാരനും ഒരു നിശ്ചിതശതമാനം വിളവ് ആദായമായി കൊടുത്തിരുന്നു. (വിളവുമോഷണം അന്ന് സാധാരണമാ യിരുന്നു) ഇതായിരുന്നു കൃഷിരീതി. മാറിമാറിയുള്ള വിള വുകൾ മത്സരിച്ചുതന്നെ കടുംകൃഷിസമ്പ്രദായത്തിൽ ചെ യ്തിരുന്നു.

വേതനവ്യവസ്ഥകൾ

ജാതി തൊഴിലുകളായ ആശാരിപ്പണി, കൊല്ലപ്പണി, സ്വർണ്ണപ്പണി, കൽപ്പണി തുടങ്ങിയവ ഒഴിച്ചുനിറുത്തിയാൽ ബാക്കി ഉണ്ടായിരുന്നത് കൃഷിപ്പണികളാണ്. കാര്യമായ വ്യവസായങ്ങളൊന്നും അക്കാലങ്ങളിൽ ഈ പ്രദേശങ്ങ ളിൽ ഇല്ലാതിരുന്നതിനാൽ തൊഴിൽചെയ്തുജീവിക്കേണ്ടവർ ക്ക് കൃഷിപ്പണികൾ മാത്രമായിരുന്നു ആശ്രയം. അതിൽ ത്തന്നെ ചെറുകിടക്കാരും, നാമമാത്ര കൃഷിക്കാരുംമറ്റും സ്വ ന്തമായിത്തന്നെ കൃഷിപ്പണിചെയ്തിരുന്നു. ഇടത്തരക്കാരും സമ്പന്ന കൃഷിക്കാരുമാണ് തൊഴിലാളികളെക്കൊണ്ട് ജോ ലിചെയ്യിച്ചിരുന്നത്. ഉല്പന്നങ്ങളായിത്തന്നെ കൂലികൊടുത്തി രുന്നു. നെല്ലായിരുന്നു പ്രധാനകൂലി. രണ്ടിടങ്ങഴിമുതൽ മൂ ന്നിടങ്ങഴിവരെയായിരുന്നു ഒരു കർഷകതൊഴിലാളിയുടെ കൂലി. സ്ത്രീതൊഴിലാളികൾക്ക് അതിൽ കുറവ്. പണമായി കൂലി ആവശ്യപ്പെടുന്നവർക്ക് നെല്ലിന് കാലാകാലങ്ങളി ലുള്ള വിലയെ അടിസ്ഥാനപ്പെടുത്തി കൊടുത്തിരുന്നു.

കൊയ്ത്ത്

കാർഷികമേഖലയിൽ തൊഴിലാളികളുടെ എണ്ണം കൂ ടുതലും, ജോലി പരിമിതവുമായിരുന്നു. അതുതന്നെ സീ സണുകളിൽ മാത്രം. ആയതിനാൽ തൊഴിലിനെ ആശ്രയി ച്ച് ജീവിച്ചിരുന്നവർക്ക് പരിമിതമായ ജോലിയും കൂടുതൽ തൊഴിലില്ലായ്മയും. അതുകൊണ്ടുതന്നെ തൊഴിലാളിഭവ നങ്ങളിൽ ദാരിദ്ര്യവും കഷ്ടപ്പാടും നിലനിന്നിരുന്നു. തന്മൂ ലം കൊയ്ത്തുകാലങ്ങളിൽ ഇടത്തരക്കാർമുതൽ താഴോ ട്ടുള്ള മിക്കവരും സന്തോഷത്തോടുകൂടി കൊയ്ത്തിൽ പങ്കെ ടുത്തിരുന്നു. കഴിയുന്നത്ര കൂടുതൽ കൊയ്ത്ത് പതമായി കിട്ടുന്ന നെല്ല് കരുതിവയ്ക്കാൻ ശ്രദ്ധിച്ചിരുന്നു. കൊയ്ത്തു കാലം പൊതുവിൽ ആവേശത്തിന്റേയും, സന്തോഷത്തി ന്റേയും കാലമായിരുന്നു. ഒന്നാംവിളയുടെ കൊയ്ത്തുകാ ലത്ത് ഓണവും, രണ്ടാംവിളയുടെ കൊയ്ത്തുകാലത്തുള്ള ഉത്സവകാലവും പൊതുവിൽ സന്തോഷത്തിന്റെ കാലമാ യിരുന്നു. നമ്മുടെ പ്രദേശങ്ങളിൽ കൊയ്ത്തിന് ഏഴിന് ഒന്നായിരുന്നു പതംകൊടുത്തിരുന്നത്. ഈ അടുത്തകാലം വരെ ഇതുതന്നെയായിരുന്നു നിരക്ക്. ഒരു തൊഴിലാളിക്ക് ഒരുദിവസം കിട്ടുന്ന വേതനത്തേക്കാൾ മെച്ചപ്പെട്ട പ്രതി ഫലം ഒരു കൊയ്ത്തുതൊഴിലാളിക്ക് ലഭിക്കുമായിരുന്നു. അതുകൊണ്ടുതന്നെ വളരെയധികം ആളുകൾ കൊയ്ത്തി നു പങ്കെടുത്തിരുന്നു.

അന്ന് വ്യവസായവൽക്കരണം രൂപംകൊണ്ടിട്ടില്ലായി രുന്നതിനാൽ സമ്പന്നതയുടെ മാനദണ്ഡം ഓരോ കൃഷി ക്കാരന്റേയും സ്വന്തമായുള്ള കൃഷിയിടങ്ങളുടെ ഭൂവിസ്തൃതി യായിരുന്നു-വിശേഷിച്ചും നെൽകൃഷിഭൂമിയുടെ.

ഭൂവുടമവ്യവസ്ഥകൾ

ഭൂമിയിൽ പ്രധാനമായും നാലിനം ഉടമാസമ്പ്രദായങ്ങൾ നിലനിന്നിരുന്നു

1. ദേവസ്വം
2. ബ്രഹ്മസ്വം
3. ദാനം
4. പണ്ടാരവക (ഭണ്ഡാരവക)

നമ്മുടെ പ്രദേശത്തെ പണ്ടാരവകവസ്തുക്കൾ കൂടുതലും മറ്റിനത്തിലുള്ളവ കുറവുമായിരുന്നു. ഈ പ്രദേശത്തെ പല ക്ഷേത്രങ്ങളുടേയും ഉടമാവകാശം മലബാർപ്രദേശത്തുള്ള ബ്രാഹ്മണ ജന്മിമാർക്കായിരുന്നു. അവരുടെതന്നെ ഉടമസ്ഥതയിലുള്ള ഭൂമി-വയലും കരയും-ഓരോ പ്രദേശത്തുമുള്ള അവരുടെ ക്ഷേത്രങ്ങളുടെ ചെലവുകൾക്കായി മാറ്റിവച്ചിരുന്നു. ഈ വസ്തുക്കളുടെ കൈവശക്കാരൻ താഴെപ്പറയുന്ന ഏതെങ്കിലും ഒരു വ്യവസ്ഥയിൽ പാട്ടം ജന്മിക്കോ ജന്മി അധികാരപ്പെടുത്തിയോ പ്രതിനിധിക്കോ കൊടുത്തിരുന്നു.

1. വെൺപാട്ടം
2. കാണപ്പാട്ടം

രണ്ടു വ്യവസ്ഥകളിലും ജന്മി കൊടുക്കേണ്ടത് നെല്ലുതന്നെ. വെൺപാട്ടത്തിന് കൂടുതൽ നെല്ലും, കാണപ്പാട്ടത്തിന് കുറവും. ഇവ കൂടാതെ ദാനവും, പണ്ടാരവക വസ്തുക്കളും, ജന്മിമാർക്ക് കൃഷിക്കാരൻ പാട്ടവും പാതിവാരവും കൊടുത്തിരുന്നു. ഈ വസ്തുക്കൾക്ക് താരതമ്യേന ഗവൺമെന്റിനു കൊടുക്കേണ്ട പാട്ടം (കരം) കുറവായിരുന്നു. ഇത് ജന്മിതന്നെ കൊടുക്കണം. പാട്ടവും പാതിവാരവും കൃഷി ചെയ്യുന്നയാൾ ഉടമസ്ഥന് (ജന്മിക്ക്) കൊടുക്കേണ്ടതാണ്.

ഈ ഭൂ ഉടമ വ്യവസ്ഥകൾക്ക് മാറ്റമുണ്ടായത് കേരളാ ഗവൺമെന്റിന്റെ കാർഷികബന്ധനിയമത്തിന്റെ ഫലമായാണ്. ഇപ്പോൾ മുഴുവൻ വസ്തുക്കളും ഗവൺമെന്റ്വകയാണ്. ഉടമാവകാശമുള്ളയാൾ ഗവൺമെന്റിന് നികുതികൊടുത്താൽ മതി. മറ്റു ജന്മിഭോഗങ്ങളോ പാട്ടവ്യവസ്ഥകളോ നിലവിലില്ല.

കൃഷി ഇന്ന്

ഇന്നത്തെ ഏറ്റവും പ്രധാനപ്പെട്ട കൃഷിയും നെല്ലുതന്നെയാണെങ്കിലും ഉല്പാദനം വളരെ പിന്നോക്കംപോയിട്ടുണ്ട്. മുട്ടക്കാവ്, കുണ്ടുമൺ, പള്ളിമൺ പ്രദേശങ്ങളിലെ പാടങ്ങൾ ഏതാണ്ട് മുഴുവനായും ഇളവൂർ ഏലാ ഭാഗികമായും കൃഷിയോഗ്യമല്ലാതായിട്ടുണ്ട്. പഞ്ചായത്തിലെ ബാക്കി ഏലാകളിലാണ് ഇപ്പോൾ നെൽകൃഷി ഉള്ളത്.

കൃഷിസമ്പ്രദായംതന്നെ പാടെ മാറിയിരിക്കുന്നു. ആവശ്യത്തിന് തൊഴിലാളികളെ കിട്ടുന്നില്ല. ജൈവവളപ്രധാനമായ കൃഷി നിലച്ചിരിക്കുന്നു. രാസവളവും, കീടനാശിനികളുമുണ്ടെങ്കിൽ കൃഷി മെച്ചപ്പെടുത്താൻ കഴിയുമെന്ന് ബഹുഭൂരിപക്ഷം കൃഷിക്കാരും തെറ്റിദ്ധരിച്ചിരിക്കുന്നു. ഇതിന്റെയൊക്കെ ഫലമായി മണ്ണിന്റെ ഫലഭൂയിഷ്ടത നശിച്ചുകൊണ്ടിരിക്കുന്നു.

കരഭൂമി കൂടുതലും മുൻകാലങ്ങളിൽ ഒഴിഞ്ഞുകിടന്നിരുന്നുവെങ്കിൽ ഇന്ന് മുഴുവൻ ഭൂമിയും കൃഷിക്ക് പ്രയോജനപ്പെടുത്തുന്നു. തരിശുഭൂമികൾ നാമമാത്രമായെ ഇപ്പോഴുള്ളു. കരകൃഷികളിൽ തെങ്ങ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾ വളരെ കുറഞ്ഞിരിക്കുന്നു. റബ്ബർകൃഷി പുതുതായി രംഗപ്രവേശം ചെയ്തിട്ടുണ്ട്. ഇടവിളകൃഷികൾ പാടെ കുറഞ്ഞിരിക്കുന്നു. കൃഷിച്ചെലവുകളുമായി തട്ടിച്ചുനോക്കിയാൽ ഈ കൃഷികളിൽനിന്നുള്ള ആദായം കുറയുന്നതിനാലാണ് ഇത് കുറഞ്ഞുകൊണ്ടിരിക്കുന്നത്. ചുരുക്കത്തിൽ കാർഷികോല്പാദനം അപകടകരമാംവിധം കുറഞ്ഞിട്ടുണ്ട്. കാരണങ്ങൾ പലതുണ്ടാകാമെങ്കിലും ഈ പോക്ക് നിയന്ത്രിച്ചേ തീരൂ.

മുൻകാലങ്ങളിലെ കൃഷിയിൽ കൃഷിക്കാരനുണ്ടായിരുന്ന സമീപനവും കൂറും ഇന്ന് നിലവിലില്ല. കുടുംബത്തിലെ ഗൃഹനായകനും മറ്റംഗങ്ങളും കൂട്ടായി കുറെ കൃഷിപ്പണികൾ ചെയ്തിരുന്നു. അത് കൃഷിച്ചെലവുകൾ ലാഭിക്കാൻ മാത്രമല്ല കൃഷിപ്പണികളോടുള്ള ആദരവ്, അത് കൂട്ടായിചെയ്യുന്നതിലുള്ള സംതൃപ്തി ഇതൊക്കെ ഇതിന്റെ പിന്നിലെ വികാരങ്ങളായിരുന്നു. അതൊന്നും ഇന്ന് കാണുന്നില്ല. അതുപോലെതന്നെ ആഹാരത്തിനുള്ള സാധനങ്ങൾ എന്നതിലുപരി ഭക്തിയുടേയും, ആദരവിന്റേയും ഒരു പരിവേഷം തന്നെ കാർഷികോല്പന്നങ്ങളോടുണ്ടായിരുന്നു. കൃഷിയോടുള്ള കാഴ്ചപ്പാട് പാടെ മാറിയിരിക്കുന്നു. കൃഷിക്കാരന്റെ അദ്ധ്വാനം കൃഷിയിടങ്ങളിൽ നാമമാത്രമാണ്. ഈ സമീപനം മാറണം. കൃഷിപ്പണിയോടുള്ള പ്രതിബദ്ധത പുനഃസ്ഥാപിക്കണം.

വിവിധ വിളവുകൾ കൃഷിചെയ്യപ്പെടുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണവും, ഉല്പാദനതോതും താഴെകൊടുക്കുന്നു. വാർഷികോല്പാദന കണക്കാണ് പട്ടികയിൽ പെടുത്തിയിരിക്കുന്നത്.

വിളകൾ	ആകെവിസ്തീർണ്ണം ഹെക്ടറിൽ	ഉല്പാദനതോത് ഹെക്ടറിൽ
നെല്ല്	200	5000 Kg
തെങ്ങ്	1466	4627 എണ്ണം
മരച്ചീനി	500	14000 Kg.
റബ്ബർ	80	3000Kg.
കുരുമുളക്	60	6000Kg.
കശുവണ്ടി	30	6500Kg.
പയറുവർഗ്ഗങ്ങൾ	85	700 Kg

(അവലംബം: സോയിൽ സർവ്വേ റിപ്പോർട്ട്)

മുഴുവൻ ഏലകളിലും നെൽകൃഷി ചെയ്തിരുന്നകാലത്ത് വാർഷികോല്പാദനം ഉദ്ദേശം 1238400 കിലോഗ്രാം നെല്ല് ഉല്പാദിപ്പിച്ചിരുന്നു. എന്നാൽ പകുതിയോളം നെൽപ്പാടങ്ങൾ നെൽകൃഷിക്ക് ഉപയോഗിക്കാതെവന്നസാഹചര്യത്തിൽ വാർഷികോല്പാദനം 800000 കിലോഗ്രാമായി കുറഞ്ഞിരിക്കുന്നു. പണ്ട് 413 ഹെക്ടർ കൃഷിചെയ്തിരുന്നത് ഇപ്പോൾ 200 ഹെക്ടറായി കുറഞ്ഞിരിക്കുന്നു.

നെൽകൃഷി ഏലാകളുടെ നിലവിലുള്ള സ്ഥിതിവിവരക്കണക്ക് താഴെക്കൊടുക്കുന്നു.

പട്ടിക

ഏലാകൾ	വിസ്തീർണ്ണം
പഴങ്ങാലം	38 ഹെക്ടർ
നല്ലില	15 ''
പുലിയിലാ	38 ''
കുളപ്പാടം	41 ''
പറക്കോട്ടുകോണം	13 ''
ചിലവൂർക്കോണം	26 ''
നെടുമ്പന വടക്ക്	13 ''
മിയ്യണ്ണൂർ	16 ''

(അവലംബം: സോയിൽ സർവ്വേ റിപ്പോർട്ട്)

പഞ്ചായത്തുപ്രദേശത്തെ വിവിധ വാർഡുകളിലെ തെങ്ങുകൃഷിയെസംബന്ധിച്ചും, രോഗബാധയെസംബന്ധിച്ചുമുള്ള വിവരം പട്ടികയായി താഴെക്കൊടുത്തിരിക്കുന്നു.

വാർഡ്	വിസ്തീർണ്ണം ഹെക്ടറിൽ	എണ്ണം			രോഗങ്ങൾ ബാധിച്ചവ		
		കായ്ഫല മുള്ളത്	കായ്ഫല മില്ലാത്തത്	ആകെ	റൂട്ടുവിൽറ്റ്	ലീഫ്റോട്ട്	സ്റ്റെം ബ്ലീഡിംഗ്
1.	224	9000	2200	11200	270	2210	175
2.	217	9320	2170	11490	315	3105	210
3.	260	10400	26000	13000	231	4100	165
4.	252	10080	2520	12600	315	5215	95
5.	230	8780	2720	11500	200	6210	215
6.	220	8800	2200	11000	235	7115	90
7.	203	8078	2072	10150	135	6110	126
8.	215	8620	2130	10750	310	3125	214
9.	337	13484	3366	16830	246	2135	324
10.	217	8680	2170	10850	285	3510	162
11.	340	13600	3400	17000	195	4210	174
12.	242	9680	2420	12100	244	5115	234
13.	225	9000	2250	11250	274	2175	175
14.	218	8720	2180	10900	192	4335	216
15.	221	8840	2210	11050	215	4530	114

ഇടവിളകൃഷിയുടെ വ്യാപനം നമ്മുടെ ഭക്ഷ്യപ്രശ്നത്തിന് ഒരളവോളം പരിഹാരമാണ്. മരച്ചീനി, ചേന, ചേമ്പ് തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങൾ പയറുവർഗ്ഗങ്ങൾ എന്നിവ വിസ്തൃതമായ തെങ്ങിൻതോപ്പിലും, കൊയ്ത്തുകഴിഞ്ഞ പാടശേഖരങ്ങളിലും വിജയകരമായി നടത്താൻ കഴിയും. മണ്ണിനെ പോഷകസമ്പുഷ്ടമാക്കുന്ന പയർകൃഷി ഇന്ന് വേരറ്റ മട്ടാണ്. നാടൻ പയറിനങ്ങൾക്ക് വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്നു. മുതിരകൃഷിക്ക് അനുകൂലമായ കാലാവസ്ഥയാണെങ്കിലും ഇന്ന് ആ കൃഷി ഇല്ലതന്നെ. വാഴകൃഷി അങ്ങിങ്ങ് ഉണ്ടെങ്കിലും വാണിജ്യാടിസ്ഥാനത്തിൽ കൃഷി വികസിപ്പിക്കേണ്ടിയിരിക്കുന്നു.



ഭൂവിനിയോഗം സംബന്ധിച്ച ചാർട്ടാണ് മേൽ കൊടുത്തിരിക്കുന്നത്

പഞ്ചായത്തിലെ കൃഷിരീതിയും അതുൾക്കൊള്ളുന്ന പ്രദേശത്തിന്റെ വിസ്തൃതിയും സെസ്സ് (CESS) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ താഴെ പട്ടികപ്പെടുത്തിയിരിക്കുന്നു.

പ്രധാന കൃഷികൾ	വിസ്തൃതി ച:കി:മീ:	ശതമാനം
മിശ്രവിളകൾ (തെങ്ങ്, മരച്ചീനി, വാഴ, കുരുമുളക്)	15.2	50.7
നെല്ല്	8.6	30.7
റബ്ബർ,	3.1	14.6
തെങ്ങ് (തോട്ടങ്ങൾ)	0.810	2.8
കൃഷിക്കനുയോജ്യമായ തരിശുഭൂമി	0.240	0.85

ജലസേചനം

പള്ളിമൺ നോർത്ത്, സൗത്ത്, കുണ്ടമൺ വാർഡുകളിലൂടെ 7.36 കി:മീറ്റർ ദൂരത്തിൽ ഒഴുകുന്ന പള്ളിമൺ ആറും അനുബന്ധ തോടുകളുമാണ് പഞ്ചായത്തിലെ പ്രധാന ഉപരിതല ജലസ്രോതസ്സുകൾ.

വറ്റാത്ത പുഴയും, തോടുകളും കണ്ടുവളർന്ന ഒരു തലമുറ ഇപ്പോഴും നമ്മുടെ പ്രദേശത്തുണ്ട്. ഋതുഭേദങ്ങൾ കാഴ്ചവച്ചിരുന്ന കാലാവസ്ഥാപ്രതിഭാസങ്ങളെ മുൻകൂട്ടി കണ്ടറിഞ്ഞ്–ഞാറ്റുവേല ഭാനുമദ്ധ്യം, കരിവളളി–മെയ്കരുത്ത് ചവുട്ടനിനിന്ന മണ്ണിന് ദാനംനൽകി വിത്തെറിഞ്ഞ് വിളവെടുത്ത ആ നല്ലകാലം പുതിയ തലമുറക്ക് അന്യമായി. പ്രകൃതിയെ സ്വന്തം ഇച്ഛാശക്തിക്ക് വഴിവിട്ടു കീഴ്പ്പെടുത്തിയ മനുഷ്യൻ ജലസ്രോതസ്സുകളെപ്പോലും വെറുതേവിട്ടില്ല. വറ്റിവരളുന്ന നീരുറവകളും പുഴയും കാണുമ്പോൾ കഴിഞ്ഞ കാല സ്മരണകൾ അയവിറക്കുന്ന കാരണവന്മാർ വരച്ചുകാട്ടിത്തന്ന ചിത്രം ഭാവിയെ ഭീതിദമായി ഉറ്റുനോക്കുന്നതാണ്. ജീവന്റെ തുടിപ്പുകൾ നാമ്പിട്ട ജലം ഒരപൂർവ്വ വസ്തുവാകാൻ, പോക്കിതാണെങ്കിൽ ഇനിയും അധികകാലം വേണ്ടിവരില്ല.

ജലസ്രോതസ്സുകൾ പൊതുസ്വത്താണെന്നും അത് തന്റേതുകൂടിയാണെന്നും അത് സംരക്ഷിക്കപ്പെടേണ്ട ചുമതല താനും, താനുൾക്കൊള്ളുന്ന സമൂഹത്തിനും അനുപേക്ഷണീയമാണെന്നുമുള്ള അവബോധം നഷ്ടപ്പെട്ടിരിക്കുന്നു. ഈ സ്രോതസ്സുകൾ ദുരുപയോഗംചെയ്യുമ്പോഴും മലിനപ്പെടുത്തുമ്പോഴും സ്വന്തം ജീവിതാവശ്യങ്ങളേയും, ആരോഗ്യത്തേയും ബാധിക്കുന്ന ഗുരുതര പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുമെന്നുള്ളതിനെക്കുറിച്ച് നഷ്ടപ്പെട്ട നിസ്സംഗതയാണ് ഇന്നത്തെ ഗുരുതരമായ പ്രശ്നം.

കൂടാതെ വിവിധ വാർഡുകളിലെ കുളങ്ങൾ, ജലസേചന കിണറുകൾ, തോടുകൾക്കു കുറുകെ കെട്ടിയിരിക്കുന്ന ക്രോസ്സ് ബാറുകൾ, ചീർപ്പുകൾ തടയിണകൾ അടക്കമുള്ള ജലസേചനസൗകര്യങ്ങൾ മുഴുവൻ ഉപയോഗപ്പെടുത്തിയാലും ലഭ്യമായ കണക്കുകളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ 1690 ഏക്കർ സ്ഥലം നനക്കാനാവശ്യമായ ജലം മാത്രമേ നിലവിൽ ലഭിക്കുന്നുള്ളു. ആകെ കൃഷിയിടങ്ങളുടെ 25% പോലും നനക്കാൻ ഈ ജലസേചന സൗകര്യങ്ങൾക്ക് സാദ്ധ്യമല്ല. വിശാലമായ ഈ ഭൂപ്രദേശം നനക്കാനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക എന്നത് ദുഷ്കരമാണ്. എങ്കിലും നിലവിലുള്ള പദ്ധതികൾ ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ചും, പുതിയ

സ്രോതസ്സുകൾ കണ്ടെത്തി ഫലപ്രദമായി വിനിയോഗിച്ചും പദ്ധതികളാവിഷ്കരിച്ചാൽ ഈ മേഖലയിൽ വമ്പിച്ച മാറ്റങ്ങളുണ്ടാകും.

പമ്പിംഗ് സംവിധാനം ഉപയോഗിച്ച് നെൽകൃഷി മെച്ചപ്പെടുത്തുന്നതിനുവേണ്ടി ലക്ഷക്കണക്കിന് രൂപാമുടക്കി നടപ്പിലാക്കിയ പോളക്കായലിലെ പെട്ടിയും പറയും,, പഴങ്ങാലം ഏലായ്ക്കുവേണ്ടിയുള്ള കല്ലുകുഴി പദ്ധതി, മിയ്യണ്ണൂർ ഏലക്കുവേണ്ടി മിയ്യണ്ണൂർ ക്ഷേത്രസമീപത്തുള്ള പമ്പ്ഹൗസ്, പള്ളിമൺ ഏലായിലെ നെൽകൃഷി മെച്ചപ്പെടുത്തുവാൻവേണ്ടി പള്ളിമൺ പാലത്തിനുസമീപമുള്ള പമ്പ്ഹൗസ്, കരുവിള ഏലായിലെ കൂട്ടുംമുഖം പമ്പ്ഹൗസ് എല്ലാംതന്നെ പ്രവർത്തനരഹിതമാണ്. പമ്പുഹൗസുകളിൽ സ്ഥാപിച്ചിരിക്കുന്ന മോട്ടറുകൾ പ്രവർത്തിക്കാത്തതും (രണ്ടെണ്ണം) മോട്ടറില്ലാത്ത (രണ്ടെണ്ണം) പമ്പുഹൗസുകളുമാണുള്ളത്.

പദ്ധതിതുക ചിലവിടുക എന്നതിൽക്കവിഞ്ഞ് ജനാഭിപ്രായത്തിന്റേയും, സാദ്ധ്യതയുടേയും അടിസ്ഥാനത്തിൽ പദ്ധതി നടപ്പാക്കുക എന്നരീതി അവലംബിക്കാത്തതുകൊണ്ട് കാർഷികരംഗത്തുണ്ടായ തകർച്ചയുടെ ഉദാഹരണങ്ങൾ നിരവധിയാണ്.

ചെറുകിട ജലസേചന സൗകര്യങ്ങൾ

വാർഡ്	ജലസേചനകിണർ	കുഴൽകിണർ ജലസേചനത്തിന്	കുളം	പമ്പ് ഹൗസ്
1.	–	–	2	1
2.	–	–	2	–
3.	–	–	2	–
4.	–	–	1	–
5.	–	–	1	–
6.	–	–	1	–
7.	–	–	1	1
8.	–	–	–	–
9.	–	–	–	–
10.	–	–	–	–
11.	–	–	3	1
12.	–	–	1	1
13.	–	–	2	1
14.	–	–	2	–
15.	–	–	2	–
ആകെ		–	19	5

ക്രമ നമ്പർ	തൊടുകളുടെ പേര്	നനയ്ക്കാവുന്ന ഭൂവിസ്തൃതി
001	ചുരുളമാടശ്ശേരി തോട്	300 ഏക്കർ
002	ചരിയിൽ ഇറമുന്നൂർ തോട്	150 "
003	ചിലവൂർക്കോണം തോട്	100 "
004	വേങ്ങനാട് പള്ളിമൺ തോട്	100 "
005	കൊക്കോട് പുലിയിലക്ഷേത്രം തോട്	50 "
006	കോണത്ത് പുലിയിലക്ഷേത്രം തോട്	30 "
007	കലയം ഇളവൂർ ഏലാതോട്	75 "
008	കുളപ്പാടം കൂട്ടുംമുഖം തോട്	25 "
009	പുലിയിലാ കുളപ്പാടം തോട്	15 "
010	മലേവയൽ മഹാലക്ഷ്മി എസ്റ്റേറ്റ് തോട്	28 "
011	മേപ്പൻകോട് പള്ളിമൺ പുഞ്ച	10 "
012	പാലംകോണം മഹാലക്ഷ്മി എസ്റ്റേറ്റ്	20 "
013	കല്ലുപുരക്കുളം തോട്	20 "
014	പോളയിൽ പുഞ്ചചുറ്റുതോട്	10 "
015	മുടീച്ചിറതോട്	20 "
016	നെടുമ്പന പുലമൺ പറക്കോട്ടുകോണം കളയ്ക്കൽ മൂന്നുതോട്	140 "
017	തലക്കുളം നല്ലിലാതോട്	35 "
018	അയ്യൻകോയിക്കൽ ഇറതോട്	30 "
019	തലക്കുളം കുഴിയറ തോട്	25 "
020	മിയ്യണ്ണൂർ തലച്ചിറമുതലുള്ള മുത്തോട്	40 "

കോളൂർ ഏലാബണ്ടും, പള്ളിമൺ പാലത്തിനു മുകളിലുള്ള ആറ്റിലെ ക്രോസ്സ്ബാറും ഫലത്തിൽ ജലസേചനത്തിന് ഉപയോഗയോഗ്യമല്ലാത്ത സ്ഥിതിയാണ്.

കല്ലട ജലസേചനപദ്ധതിയുടെ ഡിസ്ട്രിബ്യൂട്ടറുകളിൽ മുട്ടക്കാവ് കുണ്ടുമൺ ഡിസ്ട്രിബ്യൂട്ടെറികൾ പണി പൂർത്തീകരിച്ചിട്ടുണ്ട്. കുണ്ടുമൺ ഡിസ്ട്രീബ്യൂട്ടെറിയിലൂടെ വെള്ളം ലഭ്യമായിത്തുടങ്ങിയിട്ടുണ്ട്. എന്നാൽ ഇട്ടെഴച്ചുപോകുന്ന ഈ പദ്ധതി പൂർത്തീകരിച്ചാൽ നെടുമ്പനപഞ്ചായ

ത്തിനെസംബന്ധിച്ചിടത്തോളം കാർഷികരംഗത്ത് ശ്രദ്ധേയമായ നേട്ടങ്ങളുണ്ടാക്കാൻ കഴിയും.

വളപ്രയോഗം

പഞ്ചായത്തുപ്രദേശത്ത് ജനവാസവും, കൃഷിയും ആരംഭിച്ചത് നൂറ്റാണ്ടുകൾക്കു മുമ്പാണെന്ന് സൂചിപ്പിച്ചിട്ടുണ്ടല്ലോ? കൃഷി വ്യാപകമായത് ഈ നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലാണ്. ആദിയിൽ വളപ്രയോഗത്തിന്റെ ആവശ്യം തുലോം പരിമിതമായിരുന്നു. കാലാന്തരത്തിൽ മണ്ണിന്റെ വീര്യം ചോർന്നു; വളപ്രയോഗത്തിന്റെ ആവശ്യകത ആരംഭിച്ചു. പച്ചിലയും, കാലിവളവും ഉപയോഗിക്കാൻ തുടങ്ങി. വർദ്ധിച്ചുവന്ന ഭക്ഷ്യക്കമ്മി അനുഭവപ്പെട്ടപ്പോൾ അറുപതുകളിൽ രാസവളം ഉപയോഗിച്ചുള്ള കൃഷി വ്യാപകമാകാൻ തുടങ്ങി. തുടക്കത്തിൽ ഉല്പാദനരംഗത്ത് വമ്പിച്ച മാറ്റംകണ്ട കൃഷിക്കാരൻ ആദായം കൊയ്തെടുക്കാനുള്ള അത്താണിയും ആശ്രയവും രാസവളപ്രയോഗമെന്ന ബോധ നിലവാരത്തിലെത്തി. എഴുപതുകളിലും, എൺപതുകളിലും അനിയന്ത്രിതമായരീതിയിൽ രാസവളപ്രയോഗം നടത്താനുള്ള പ്രവണത മൂർദ്ധന്യത്തിലെത്തി, ഒപ്പം ജൈവവളങ്ങളുടെ നിരാസവും. മരിച്ച മണ്ണിന്റെ ഉടമകളായി തങ്ങളെന്ന ബോധത്തിലേക്ക് കൃഷിക്കാരന്റെ തിരിച്ചുവരവിന്റെ കാലഘട്ടത്തിൽ ഇപ്പോഴെത്തിനിൽക്കുന്നു. മണ്ണിന്റെ ജൈവസമൃഷ്ടത നിലനിർത്തിയിരുന്ന പച്ചിലക്കാടുകൾ ഇന്നില്ലതന്നെ. പച്ചില രാസവളപ്രയോഗം നടത്തുന്നതിനുള്ള ഉപാധികൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

പരിഷ്കൃത രാജ്യങ്ങളിലെല്ലാം കീടനാശിനികൾ ജൈവസമ്പത്തിനും, പരിസ്ഥിതിക്കും പ്രത്യാഘാതങ്ങൾ സൃഷ്ടിച്ചിരിക്കുന്ന വസ്തുത ബോദ്ധ്യപ്പെട്ട് നിരോധിച്ചിരിക്കുന്നു. കീടനാശിനികളുപയോഗിച്ചുള്ള കാർഷികോല്പന്നങ്ങളുടെ ഇറക്കുമതികൾപോലും ആ രാജ്യങ്ങൾ നിരോധിച്ചിരിക്കുന്നു. കീടനാശിനികൾ ജൈവവൈവിദ്ധ്യത്തിലേൽപ്പിക്കുന്ന ആഘാതങ്ങളും, ആരോഗ്യരംഗത്തുയർത്തുന്ന പ്രശ്നങ്ങളും എന്തെന്നുള്ളകാര്യത്തിൽ നമ്മുടെ കൃഷിക്കാർ അജ്ഞരാണ്. ഈ നില മാറേണ്ടിയിരിക്കുന്നു.

വളം കീടനാശിനികളുടെ കഴിഞ്ഞ മൂന്നുവർഷത്തെ ഉപഭോഗംസംബന്ധിച്ച വിവരങ്ങൾ പട്ടികപ്പെടുത്തി താഴെക്കൊടുക്കുന്നു.

93-94		94-95		95-96	
രാസവളം	കീടനാശിനി	രാസവളം	കീടനാശിനി	രാസവളം	കീടനാശിനി
ഫാക്ടംഫോസ്	പരാമർ 250മില്ലി	ഫാക്ടംഫോസ്	പരാമർ 250 മില്ലി	ഫാക്ടംഫോസ്	പരാമർ 250 മില്ലി
56 ടൺ	55 ബോട്ടിൽ	66 ൺ	62 ബോട്ടിൽ	64 ടൺ	48 ബോട്ടിൽ
പൊട്ടാഷ്	പരാമർ 100 മില്ലി	പൊട്ടാഷ്	പരാമർ 100 മില്ലി	പൊട്ടാഷ്	പരാമർ 100 മില്ലി
26.5 ടൺ	71 ബോട്ടിൽ	26.5 ൺ	68 ബോട്ടിൽ	30 ടൺ	73 മില്ലി
യൂറിയ	മാലത്തിയോൺ	യൂറിയ	മാലത്തിയോൺ	യൂറിയ	മാലത്തിയോൺ
28 ടൺ	45 ബോട്ടിൽ	33 ൺ	43 ബോട്ടിൽ	24 ടൺ	28 മില്ലി
മിക്സ്ചർ	BHC 50%	മിക്സ്ചർ	BHC 50%	മിക്സ്ചർ	BHC 50%
46 ടൺ	157 Kg.	51 ടൺ	265 Kg.	49 ടൺ	82 Kg.
അമോണിയ	BHC 10%	അമോണിയ	BHC 10%	അമോണിയ	BHC 10%
25 ടൺ	900 Kg.	22 ടൺ	775 Kg.	16 ടൺ	615 Kg.

അവലംബം: വില്പനകേന്ദ്രങ്ങൾ

ജൈവവൈവിദ്ധ്യം

ഭൂമിയിലെ വിവിധങ്ങളായ എല്ലാ സസ്യങ്ങളും, മൃഗങ്ങളും, സൂക്ഷ്മജീവികളും ഓക്കെചേർന്നുള്ള ജൈവസമ്പന്നതയാണ് ജൈവവൈവിദ്ധ്യം. മഴയുടെ ലഭ്യതയും, അനുയോജ്യ താപനിലയും ഉയരവും മണ്ണിനങ്ങളുമാണ് നമ്മുടെ നാടിനെ ജൈവസമ്പന്നമാക്കിയത്.

ഒരുപ്രദേശത്തെ ചുറ്റുപാടുകൾക്കനുസൃതമായി പൊരുത്തപ്പെട്ടുജീവിക്കുന്ന സസ്യങ്ങളും, മൃഗങ്ങളും സൂക്ഷ്മജീവികളെയെല്ലാം ചേർത്ത ജീവിതവ്യവസ്ഥയാണ് ആവാസവ്യവസ്ഥ. ഒരു ആവാസവ്യവസ്ഥയിൽ കാണുന്ന മൃഗങ്ങളും, സസ്യങ്ങളും മറ്റൊരു ആവാസവ്യവസ്ഥയിൽ കാണണമെന്നില്ല.

നമ്മുടെ വനങ്ങളും, കാവുകളും, കുളങ്ങളും, കുന്നുകളും, ചിരുവുകളും, സമതലങ്ങളും, ചതുപ്പുകളും, പുഴകളും, പുഴയോരങ്ങളുമെല്ലാം ഒരുകാലത്ത് ജൈവസമ്പുഷ്ടമായിരുന്നു. ആവാസവ്യവസ്ഥകളാകെ തകർക്കപ്പെട്ടു. വനങ്ങളും, കാവുകളും, കാടുകളും വെട്ടിയഴിച്ചു. കുളങ്ങളും, ചതുപ്പുകളും നികത്തപ്പെട്ടു. കോടാനുകോടി ഉപകാരികളായ മണ്ണിലടങ്ങിയിരുന്ന സൂക്ഷ്മ ജീവികളെ മാരകമായ വിഷം മണ്ണിൽകലർത്തി കശാപ്പുചെയ്തു. നിലനിൽപ്പിനു വേണ്ടി നിലമറന്ന് വിളവർദ്ധനക്കുവേണ്ടി നാം സ്വീകരിച്ച വള കീടനാശിനിപ്രയോഗങ്ങൾ മണ്ണിനെ മൃതപ്രായമാക്കി. പ്രാഥമികാരോഗ്യസംരക്ഷണത്തിന് ഉപയോഗിച്ചുകൊണ്ടിരുന്ന ഔഷധസസ്യങ്ങളും, ഒറ്റമൂലികളും അന്യമായിരിക്കുന്നു. ആടലോടകവും, ശതാവരിയും, കുറുന്തോട്ടിയും, വേപ്പും, കറ്റാർവാഴയും, കൈതാന്നിയും, കൂവളവും, മാതളവും ഒക്കെത്തേടി നമ്മുടെ പ്രദേശത്ത് നടക്കുന്നവരെ കാണേണ്ട ഗതികേടിലെത്തി. ഒരുകാലത്ത് നെടുമ്പനപ്രദേശം ഇവയുടെ കലവറകളായിരുന്നു.

മുളയും, ഈറയും, ചൂരലും, പുന്നയും, മരോട്ടിയും, കാഞ്ഞിരവും, ചാരുംതാന്നിയുമെല്ലാം നമ്മുടെ പഞ്ചായത്തു പ്രദേശത്തെ കാവുകളിൽ സുലഭമായിരുന്നു. ആ മരങ്ങളെല്ലാം വംശനാശത്തിന്റെ വക്കിലെത്തിനിൽക്കുന്നു. വെള്ളംകൊള്ളി, കർപ്പൂരമാവ്, കപ്പൂമാവ് തുടങ്ങിയ ഫലവൃക്ഷങ്ങളും വളരെ ചുരുക്കമാണ്. സുഗന്ധസസ്യങ്ങളായ കറുകയും, വയണയും, വിരളമാണ്. ബലികാക്കയും, പച്ചിലപ്പാമ്പും, തവളയും, മണ്ണിരയും അപൂർവ്വമായികാണുന്ന ജീവികളായി. കുറ്റിക്കാടുകൾ ആകെ വെട്ടിയഴിക്കപ്പെട്ടു. തഴച്ചുനിന്ന കാട്ടുതെറ്റികൾ ഇന്നില്ല. മുള്ളിയും, ഞാവലും കാണാനില്ലതന്നെ. നെൽപ്പാടങ്ങളിൽ ആറാംവെള്ളയും, ഞവരയും, ചുട്ടാരനും, പടനവെള്ളയും, കുരിചെമ്പാവും കാണാനില്ല. കരയ്ക്കു കൃഷിചെയ്യാൻ പറ്റിയ പടനവെള്ള ലഭ്യമല്ല എന്നുമാത്രമല്ല നെൽകൃഷി കരയിൽ പാടെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

ജൈവസമ്പത്തിന്റെ ദുർവിനിയോഗവും ആവാസവ്യവസ്ഥയിൽ വരുത്തിയ ഭാവനാശൂന്യമായ നടപടികളുമാണ് ഇതിനു കാരണം. ചരിവുതലങ്ങളിലെ കുറ്റിക്കാടുകൾ മണ്ണൊലിപ്പിന് തടഞ്ഞു എന്നുമാത്രമല്ല നെൽപ്പാടങ്ങൾക്ക് ജൈവസമ്പുഷ്ടത നൽകിയുമിരുന്നു.

പഴയ ആവാസവ്യവസ്ഥയും, ജൈവസമ്പന്നതയും അതേപടി പുനരാവിഷ്കരിക്കാൻ നമുക്കാവില്ലെങ്കിലും നഷ്ടപ്പെട്ടതോ നശിച്ചുപോയതോ ആയ ജൂനുസ്സുകളേയും, മരങ്ങളേയും, കാവുകളേയും സൂഷ്മാണുക്കളേയും വരുംതലമുറക്കന്യമാകാതിരിക്കാൻ എന്തെങ്കിലും ചെയ്തേ മതിയാവു.

കാർഷികരംഗത്തെ പ്രശ്നങ്ങൾ

1. നെൽപ്പാടങ്ങളിൽനിന്നുള്ള ചെളിയെടുപ്പ്
2. അനിയന്ത്രിതമായ രാസവളപ്രയോഗം
3. രാസ കീടനാശിനികളുടെ അനിയന്ത്രിതമായ ഉപയോഗം
4. ചരിവുതലങ്ങളിൽനിന്നുള്ള വർദ്ധമാനമായ മണ്ണൊലിപ്പ്
5. കർഷകത്തൊഴിലാളികളുടെ ദൗർലഭ്യം
6. തോടുകളിൽനിന്നുള്ള മണൽവാരൽ
7. നടപ്പാക്കിയിട്ടുള്ള കാർഷിക ജലസേചന പദ്ധതികളുടെ ഉപയോഗക്ഷമതയില്ലായ്മ.
8. വ്യാപകമായ തെങ്ങുരോഗം
9. ഏലാറോഡുകളുടേയും, ട്രാക്ടർ പാസ്സേജുകളുടേയും അപര്യാപ്തത.
10. പലയിനം വിത്തുകളുടെ ഉപയോഗവും വ്യത്യസ്ഥ സമയങ്ങളിലെ കൃഷി ഇറക്കും.
11. മണ്ണുപരിശോധനാസംവിധാനത്തിന്റെ അപര്യപ്തത.
12. ജൈവവളപ്രയോഗത്തിന്റെ അഭാവം.
13. കല്ലട ജലസേചനപദ്ധതി നടപ്പിലാക്കുന്നതിൽ വന്ന വീഴ്ച.
14. പാടശേഖരസമിതികളുടെ ഏകോപിത പ്രവർത്തനമില്ലായ്മ.
15. ഉപരിതല ജലസ്രോതസ്സുകളുടെ സമർത്ഥമല്ലാത്ത സംവിധാനം.

ചരിത്രാതീത ജീവനിരണ്ണയ ഭൂപടം



16. ഇടവിള കൃഷികളുടെ കുറവ്
17. കാർഷികരംഗത്ത് യുവാക്കളുടെ പങ്കാളിത്തമില്ലായ്മ.
18. കാർഷിക വായ്പയുടെ അമിതമായ പലിശ.
19. ഉല്പാദനതോതിലെ ഇടിവ്.
20. കാർഷികോല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാതിരിക്കുന്ന അവസ്ഥ.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രത്യേക പ്രശ്നങ്ങൾ

വാർഡ് 1

1 പഴങ്ങാലം ഏലാതോട്ടിൽ ചീർപ്പുകളും,ക്രോസ് ബാറുകളും നിർമ്മിക്കുക

2 മണ്ണുപരിശോധനാസംവിധാനം മെച്ചപ്പെടുത്തുക.

3 തോടിന്റെ വരമ്പുകൾ വീതിയിൽ കെട്ടുക

4 കല്ലുകുഴിമുടീ പടിക്കൽ അമ്പലത്തിനടുത്തുള്ള ഇറിഗേഷൻ കുളം ജലസേചനത്തിന് സൗകര്യപ്രദമാക്കുക.

വാർഡ് I1

1 R.S.M. H.Sന് സമീപം പടിഞ്ഞാറുവശമുള്ള തോട്ടിൽ ക്രോസ്സ്ബാർ കെട്ടുക.

2 തോടിനു കുറുകെ നടപ്പാലം കെട്ടുക. ക്ഷേത്രത്തിനു സമീപമുള്ള തോട്ടിൽ ചീർപ്പുകെട്ടുക.

3 പനയിറ ഇറതോട്ടിലെ ചീർപ്പിന്റെ പണി പൂർത്തിയാക്കുക.

വാർഡ് II1

1 നല്ലില ഏലാതോട് മൂഴിക്കര തോട്ടിൽ കയറ്റി പഴവൂർക്കോണം ഏലായിലെ വലിയതോട്ടിൽ എത്തിക്കണം. തോടിന്റെ സൈഡ് കെട്ടുക.

2 നല്ലിലാ ഏലായിൽ വന്നുചേരുന്ന കരതോടുകൾ പരിഷ്കരിക്കുക.

3 മഠത്തിൽക്കുളവും, അയ്യൻകോയിക്കൽ കുളവും ആഴം കൂട്ടി പമ്പുസെറ്റുകൾ സ്ഥാപിക്കുക

4 കിഴക്കേക്കര തോട് വരമ്പുകെട്ടി കരവെള്ളശല്യം ഒഴിവാക്കുക.

വാർഡ് 1V

1 നെടുമ്പന നോർത്ത് വാർഡിലെ തോടിനുകുറുകെ വിളവീട്ടിൽ ഇറ, വടക്കടത്തിറ, അമ്പലത്തി ഇറ എന്നീ ഭാഗങ്ങളിൽ ചീർപ്പുകെട്ടുക.

2 കൊല്ലാ പൊട്ടുന്നഭാഗങ്ങളിൽ വരമ്പുകെട്ടുക.

3 മണ്ണുപരിശോധനാസമ്പ്രദായം വ്യാപകമാക്കുക.

4 മുഴുവൻ വിളകൾക്കും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

5 പഠനക്ലാസ്സുകളും, സെമിനാറുകളും, കാർഷിക പ്രദർശനങ്ങളും സംഘടിപ്പിക്കുക.

വാർഡ് V

1. മൂന്നുതോടിനു തലയ്ക്കലും മീമ്പുകാട് ഇറക്ക് സമീപവും കുളംകുഴിച്ച് പമ്പിംഗ് സൗകര്യമുണ്ടാക്കുക.

2 മൂന്നു തോടിനു കുറുകെ തടയിണകൾ കെട്ടുക.

3 പറക്കോട്ടുകോണം ഏലായിലെ തോടിന്റെ സ്ഥിതി മെച്ചപ്പെടുത്തുക.

വാർഡ് V1

1 കമ്പോസ്റ്റ്വള ഫാക്ടറി സ്ഥാപിക്കുക.

2 പച്ചിലച്ചെടിവിത്തുകൾ വിതരണംചെയ്യുക.

3 കുളപ്പാടം ഏലായിലെ തോട്ടിൽ ചീർപ്പുകൾ കെട്ടുക

4 നടീൽവസ്തുക്കൾ (വാഴ, മരച്ചീനി) ലഭ്യമാക്കുക.

വാർഡ് VII

1. മണ്ണൊലിപ്പ് തടയുക

2 പോളച്ചിറ കൃഷിയോഗ്യമാക്കുക, ചിറയുടെ നാലുവശവും നീർക്കുളങ്ങൾ സ്ഥാപിക്കുക.

3. മഞ്ഞക്കുഴിയിലെ കൃഷിഭവന്റെ കീഴിലുള്ള കെട്ടിടം കൃഷിഭവന്റെ അനക്സായി പ്രവർത്തിപ്പിക്കുക.

വാർഡ് VII1

1 കോട്ടക്കായൽ കൃഷിക്കുപയുക്തമാക്കുക.

വാർഡ് IX

1 കുണ്ടമൺ ക്രോസ്സ്ബാറിന് പലക സ്ഥാപിക്കണം.

2 കുറക്കുളം തോടുകൾ പുനരുദ്ധരിക്കുക.

വാർഡ് X

1 മണ്ണൊലിപ്പ് തടയുക.

2 കൃഷിഭവന്റെ ഒരു യൂണിറ്റ് ഈ വാർഡിൽ സ്ഥാപിക്കുക

3 മലേവയൽ, കാഞ്ഞിരത്തിങ്കൽ ഏലാകളിലെ തോടുകൾ കുഴിച്ച് സൈഡുകെട്ടുക. ആശാരികോണത്തും കാഞ്ഞിരത്തിങ്കലും ചിറകൾ നിർമ്മിക്കണം, പമ്പുസെറ്റുകൾ സ്ഥാപിക്കണം.

5

N

0 125 150

നീർമറി പ്രദേശങ്ങൾ

INDEX

- നീർമറി രേഖ
- മൃദുമിച്ചിറ
- നോട്ടങ്ങൾ
- ചരിവ് വശം
- പ്രധാന നദീതീരം

രണ്ടാം പഞ്ചായത്ത് കമ്മിറ്റി [1964 - 78]



3-ാം പഞ്ചായത്ത് കമ്മിറ്റി (1978-79



3

N

ഭൂപടം.

0 125

INDEX

കുടുതൽ

സാദാരണ വെള്ളം ലഭിക്കുന്ന പ്രദേശങ്ങൾ

കുറവ്

നീരുറവ

തോടുകൾ

4 വെറ്റിലകൃഷി പ്രോത്സാഹിപ്പിക്കണം.

വാർഡ് X1

1 മിയ്യണ്ണൂർ ഏലായിലെ കരതോടുകളുടെ സൈഡുകൾ കെട്ടുക.

2 കടമ്പട്ടുമൂലമുതൽ തോടിന്റെ സൈഡുകെട്ടുക.

3 മിയ്യണ്ണൂർ ഏലായിലെ പൊട്ടൻകുളം കുഴിച്ച് പമ്പു സ്ഥാപിച്ചുള്ള പമ്പുഹൗസ് നിർമ്മിക്കുക.

വാർഡ് XI1

1 കലയം, കളരീഭാഗം, മാരായിക്കോട്, കോളൂർ, പെരുക്കംകോട്, വാളാമൂഴി ഭാഗങ്ങളിൽ ജലസേചനക്കുളങ്ങൾ വേണം.

2 ഇളവൂർ ഏലായിലെ തോട് കുഴിക്കുക, വീതികൂട്ടുക, തടയണകൾ നിർമ്മിക്കുക.

3 കലയംകുളം വിപുലീകരിച്ച് പമ്പുസെറ്റുകൾ സ്ഥാപിക്കുക.

വാർഡ് XIII

1 തൊഴിൽസേന രൂപീകരിക്കുക.

2 പള്ളിമൺ ഹൈസ്കൂളിൽ കാർഷിക ക്ലബ്ബുകൾ ഉണ്ടാക്കുക.

3 നെൽപ്പാടങ്ങളിൽ രണ്ടാംവിള കഴിഞ്ഞ് പച്ചക്കറികൃഷി നടപ്പാക്കുക, ഇറിഗേഷൻസൗകര്യം വർദ്ധിപ്പിക്കുക.

4 നടീൽവസ്തുക്കൾ ലഭ്യമാക്കുക

5 പള്ളിമൺ കൃഷി ഓഫീസ്പ്രവർത്തനമില്ല. ഇത് ഡമോൺസ്ട്രേഷൻ ഓഫീസാക്കുക.

6 കൂട്ടുംമുഖം തോട്ടിർ ചീർപ്പുകെട്ടുക.

വാർഡ് XIV

1 വേങ്ങനാട് ഏലായിൽ തലച്ചിറ

2 നെല്ലുല്പാദകസമിതിയുടെ സ്ഥലത്ത് ഫാംഹൗസ് ഉണ്ടാക്കാൻ സാമ്പത്തികസഹായം നൽകണം.

3 കൊയ്ത്തുകാലത്ത് കശുവണ്ടിഫാക്ടറികൾക്ക് അവധികൊടുക്കുക.

4 കൊക്കോട്ടുചിറ, പോർക്കുളം ക്ഷേത്രക്കുളം കോണത്തുചിറ ഇവ ആഴംകൂട്ടി പമ്പുസെറ്റ് നിർമ്മിക്കണം.

5 ഏലാവികസനത്തിന് 1993ൽ തയ്യാറാക്കി അയച്ച എസ്റ്റിമേറ്റ് അനുസരിച്ചുള്ള പണികൾ ഉടനാരംഭിക്കുക.

വാർഡ് XV

1. കാർഷികരംഗത്ത് യന്ത്രവൽക്കരണം വേണം

2 നെല്ലിന് താങ്ങുവില നിശ്ചയിക്കുക, സംഭരിച്ച് അരിയാക്കി റേഷൻകടകൾവഴി വിതരണംചെയ്യുക

3 തേങ്ങയ്ക്ക് താങ്ങുവില നിശ്ചയിക്കുക, സർക്കാർ വിലകൊടുക്കുക.

4 കമ്പോസ്റ്റിർമ്മാണത്തിന് പ്രോത്സാഹനം നൽകുക.

5 ഇടവിളകൃഷികൾ പ്രോത്സാഹിപ്പിക്കുക.

6 പഞ്ചായത്തടിസ്ഥാനത്തിൽ മരുന്നുതളി നടത്തുക (തെങ്ങിനും, റബ്ബറിനും)

ഗ്രാമസഭകളിലുയർന്ന പൊതു ആവശ്യം

1. വെറ്റിലക്കൊടി ആദായകരമായ കൃഷിയാണ്. സാമ്പത്തികസഹായം കൊടുത്ത് ആ കൃഷി പ്രോത്സാഹിപ്പിക്കണം.

2. തെങ്ങുംതോപ്പുകളിൽ കമുകും, കുരുമുളകും കൃഷിചെയ്താൽ തെങ്ങിൽനിന്നുള്ള ആദായക്കുറവും പരിഹരിക്കാം. കമുകുകൃഷി വ്യാപകമാക്കണം.

നടപ്പുപദ്ധതികൾ

ക്രമ നമ്പർ	പദ്ധതി-പദ്ധതിപ്രദേശം	പദ്ധതി തുക
1	P.M.R.Y കുളപ്പാടം ഏലായുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ	11 ലക്ഷം രൂപ
2	P.M.R.Y ചിലവൂർക്കോണം ഏലായുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ	41/2 ലക്ഷം രൂപ
3	M.I. Class2. മലേവയൽ ഏലായുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ	2 ലക്ഷം രൂപ
4.	M.I. Class.2 നല്ലിലാ ഏലായിലെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തൽ	2 ലക്ഷം രൂപ
5.	M.I. Class പഴങ്ങാലം, കല്ലുകുഴിക്കുളം ആഴംവർദ്ധിപ്പിച്ച് പമ്പുസെറ്റ് സ്ഥാപിക്കൽ	അപേക്ഷ സമർപ്പിച്ചു
6.	M.I. Class.2 കൊക്കോട്ടുചിറയിൽ പമ്പുസെറ്റ് സ്ഥാപിക്കൽ	Do
7.	M.I Class.2 മാലേവയൽ ആശാരികോണത്ത് കുളം കുഴിക്കൽ	Do
8.	ഇന്നവിറ്റി സ്കീമിൽ പോളയിൽ പുഞ്ചക്കായൽ വെള്ളം വറ്റിച്ച് കൃഷിയോഗ്യമാക്കൽ	60 ലക്ഷം രൂപയുടെ പദ്ധതി സമർപ്പിച്ചു
9.	കൃഷിവകുപ്പ്, സോയിൽ കൺസർവേഷൻ വകുപ്പ് നെടുമ്പന വാട്ടർഷെഡ് പദ്ധതി	15 ലക്ഷം ഭരണാനുമതി ലഭിച്ചു.
10.	C.C.D.P. ചാലക്കര 10 ഹെക്ടർ തെങ്ങുകൃഷിക്ക് കമ്മ്യൂണിറ്റി ഇറിഗേഷൻ	2 ലക്ഷം
11.	C.C.D.P. പറക്കോട്ടുകോണം 10 ഹെക്ടർ തെങ്ങുകൃഷിക്ക് കമ്മ്യൂണിറ്റി ഇറിഗേഷൻ	ഭരണാനുമതി ലഭിച്ചു.
12.	C.C.D.P പഞ്ചായത്തുപ്രദേശത്ത് 2500 രൂപ സബ്സിഡിയോടെ 20 കിണറും പമ്പ്സെറ്റും	21/2ലക്ഷം ഭരണാനുമതി ലഭിച്ചു.
13.	പഞ്ചായത്തു ഫണ്ട്. വാഴകൃഷി-പഞ്ചായത്തുപ്രദേശത്ത്	26250 രൂപ.

സാദ്ധ്യതകൾ

★ പകുതി സബ്സിഡിനിരക്കിൽ നല്ല ഇനം തെങ്ങിൻ തൈകൾ വിതരണംചെയ്യണം.

★ ജൈവവിള കമ്പോസ്റ്റും, മണ്ണിരകമ്പോസ്റ്റും ഉണ്ടാക്കുവാൻ കർഷകർക്ക് ആനുകൂല്യംനൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണം.

★ പച്ചിലവള വിത്തുകൾ 50% സബ്സിഡിയോടെ വിതരണംചെയ്യണം. ശീമക്കൊന്ന വ്യാപകമായി വച്ചുപിടിപ്പിക്കണം.

★ മഗ്നീഷ്യം സൾഫേറ്റും, കുമ്മായവും പകുതിവിലക്ക് ലഭ്യമാക്കണം.

★ സൊസൈറ്റികൾമുഖേന നാളീകേരം സംഭരിക്കണം, ന്യായവില ഉറപ്പുവരുത്തണം.

★ കേരസമിതിയുടെ ആഭിമുഖ്യത്തിൽ കൊപ്രാ ആട്ടുയൂണിറ്റും ഉപോല്പന്ന നിർമ്മാണ ചെറുകിട വ്യവസായയൂണിറ്റും ആരംഭിക്കണം.

★ തെങ്ങുകൃഷി കൂടുതൽ മേഖലയിലേക്ക് വ്യാപിപ്പിക്കുക.

★ കൂട്ടായി തെങ്ങിന് മരുന്നുതളിക്കാൻ കേരവികസനസമിതിയുടേയും, പഞ്ചായത്തിന്റേയും മേൽനോട്ടത്തിൽ സ്പ്രേയിംഗ് സ്ക്വാഡ് രൂപീകരിക്കുക.

★ കാറ്റുവീഴ്ച രോഗം ബാധിച്ച തെങ്ങുകൾ പൂർണ്ണമായി വെട്ടിമാറ്റുന്നതിന് ആവശ്യമായ സാമ്പത്തികസഹായം സർക്കാർ നൽകണം.

★ നല്ല ഇനം വിത്തിനങ്ങൾ വിതരണംചെയ്ത് പച്ചക്കറികൃഷി സാമ്പത്തികസഹായത്തോടെ വ്യാപകമാക്കണം.

★ എല്ലാ ഏലാകളിലും ഏലാ റോഡുകൾ നിർമ്മിക്കണം. ഏലാകളിൽ ആവശ്യമുള്ള എല്ലാ ഭാഗങ്ങളിലും ട്രാക്ടർ പാസ്സേജുകൾ നിർമ്മിക്കണം.

★ ജലസേചന, ജലനിർഗ്ഗമന സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.

★ ഉല്പാദനശേഷിയുള്ള നെൽവിത്ത് പാടശേഖരസമിതിയുടെ നേതൃത്വത്തിൽ ഉല്പാദിപ്പിച്ച് വിതരണംചെയ്യുന്നതിന് നടപടി വേണം.

★ കൃഷിപ്പണികൾ കൂട്ടായി ചർച്ചചെയ്ത് കാലാകാലങ്ങളിൽ ചെയ്യുവാൻ നടപടിവേണം.

★ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം വന്നാൽ യഥാസമയം അർഹമായ സഹായം കർഷകന് നൽകാൻ നടപടി സ്വീകരിക്കണം.

★ സഹകരണസംഘങ്ങൾ ന്യായവിലയ്ക്ക് നെല്ല് സംഭരിച്ച് അരിയാക്കി വിതരണംചെയ്യുക.

★ നെൽകൃഷിബോണസിന്റെ തുക വർദ്ധിപ്പിക്കണം.

★ വെറ്റിലകൃഷിയും, കമുകുകൃഷിയും വ്യാപകമാക്കണം.

★ ഓരോ സമിതിക്കും ടില്ലർ, പാറ്റുയന്ത്രം, മെതിയെന്ത്രം, കൊയ്ത്ത് യന്ത്രം എന്നിവ വാങ്ങാനുള്ള സഹായം നൽകണം.

★ പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഫാംഹൗസുകൾ സ്ഥാപിക്കണം.

★ പഞ്ചായത്തടിസ്ഥാനത്തിൽ ഹോൾട്ടികൾച്ചർ സൊസൈറ്റി രൂപീകരിക്കണം. സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ പമ്പക്കറികൃഷി വ്യാപനം, സംഭരണം, വിപണനം നടക്കണം.

★ സുഗന്ധ വിള വികസനം വ്യാപിപ്പിക്കണം.

★ പുഷ്പകൃഷി വികസനം നടപ്പാക്കുക.

★ പ്രവർത്തനരഹിതമായ പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കു.

★ നഴ്സറികൾ ആരംഭിക്കുക

★ പഞ്ചായത്തിൽ വ്യാപകമായി മണ്ണുപരിശോധന നടത്തുക.

★ ജൈവവള പ്രയോഗം പ്രോത്സാഹിപ്പിക്കാൻ മാതൃകാതോട്ടങ്ങളിൽ വളപ്രയോഗംനടത്തി മേന്മ ബോദ്ധ്യപ്പെടുത്തുക.

★ കാർഷികോല്പന്നങ്ങളുടെ സംഭരണ, വിപണന, സംസ്കരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

★ റബ്ബർമാർക്കറ്റിംഗ് സൊസൈറ്റി രൂപീകരിക്കുക.

★ 25 സെന്റുവരെയുള്ളവർക്ക് പമ്പുസെറ്റുവച്ച് ജലസേചനംനടത്തുന്നതിന് സബ്സിഡി നൽകുക.

★ ചുരുങ്ങിയ പലിശക്ക് കർഷകന് വായ്പ ലഭ്യമാക്കണം.

★ കാർഷിക വികസന സേന രൂപീകരിക്കണം.

★ കാർഷികാവശ്യങ്ങൾക്കുള്ള വായ്പാ സബ്സിഡി മുമ്പത്തെപ്പോലെ പുനഃസ്ഥാപിക്കണം.

★ വാഴകൃഷി വാണിജ്യാടിസ്ഥാനത്തിൽ നടത്തണം.

★ ആവശ്യാനുസരണം കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി നടപ്പാക്കണം.

നെടുമ്പന ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര പുരോഗതിക്ക് നിദാനമായ ഒട്ടേറെ ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ ഇതിലടങ്ങിയിട്ടുണ്ട്. പുത്തൻ വികസനസംസ്കാരം ഉൾക്കൊണ്ടുകൊണ്ട് കൂടുതൽ ദീപ്തമായ ഭാവിയിലേക്ക് നമുക്ക് നടന്നുനീങ്ങാം.

മൃഗസംരക്ഷണം, മത്സ്യബന്ധനം



എല്ലാ ജനവാസ ചരിത്രത്തിലുമെന്നപോലെ നെടുമ്പനയിലും കൃഷിയുടെ ഭാഗമായിട്ടാണ് കാലിവളർത്തൽ ആരംഭിച്ചത്. പുരാതന കർഷക തറവാടുകളോട് ചേർന്ന് വണ്ണംവച്ച വയ്ക്കോൽ കൂനകൾ ആഭിജാത്യത്തിന്റെ അടയാളമായിരുന്നു. പശു, കാള, എരുമ, പോത്ത്, ആട് എന്നിവയായിരുന്നു അക്കാലത്തെ പ്രധാന വളർത്തുമൃഗങ്ങൾ. വളർത്തു പക്ഷികളിൽ മുഖ്യസ്ഥാനം കോഴികൾക്കായിരുന്നു. പാലുല്പാദനം, നിലം ഉഴൽ, ഭാരം വലിക്കൽ എന്നിവ മാത്രമല്ല, ജൈവവളത്തിന്റെ മുഖ്യ ഉറവിടവും ഈ കാലിസമ്പത്തായിരുന്നു. കാലികളെ കൂട്ടത്തോടെ മേയ്ക്കുന്ന സമ്പ്രദായമായിരുന്നു അക്കാലത്തുണ്ടായിരുന്നത്. കൂട്ടത്തോടെ കന്നുകാലിവളർത്താനുള്ള ഭൗതിക സാഹചര്യം നമ്മുടെ പഞ്ചായത്തിൽ എന്നെന്നേക്കുമായി നഷ്ടപ്പെട്ടു. ഒന്നിലധികം കാലികളെ വളർത്തുകയെന്നത് സാഹസികമായി. ശാസ്ത്രവളർച്ചയുടെ വ്യാപനത്തിന്റെ ഫലമായി വിത്തുകാളകളേയും, വണ്ടിക്കാളകളേയും സംരക്ഷിക്കുന്ന സമ്പ്രദായംതന്നെ ഇല്ലാതായി. കാളവണ്ടികളുടെ സ്ഥാനം മോട്ടോർ വാഹനങ്ങൾ കൈയ്യടക്കി. കാർഷികവൃത്തി അതിവേഗം യന്ത്രവത്കൃതമായിക്കൊണ്ടിരിക്കുന്നതിനാൽ ഉഴവ്കാളകളുടെ ഉപയോഗം കുറഞ്ഞു. വൻകിട ഇടത്തരം കൃഷിക്കാർക്കുപോലും ഉഴവുമാടുകളെ വളർത്താൻ വിമുഖത കാട്ടുന്നു.

വളർത്തുമൃഗങ്ങളിൽ പ്രമുഖസ്ഥാനം പശുവിനാണ്. നാടൻ പശുക്കൾ നന്നെ കുറവ്. പശുവളർത്തൽ മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളുമുണ്ട്. ഏറിയപങ്കും വീട്ടാവശ്യത്തിനായി വളർത്തുന്നവരാണ്. കാലിത്തീറ്റയുടെ വിലക്കൂടുതലും, പുല്ലിന്റെ ദൗർലഭ്യവുമാണ് കാലിവളർത്തൽ നേരിടുന്ന പ്രധാന വെല്ലുവിളി. മേച്ചിൽസ്ഥലങ്ങളുടെ അഭാവവും കാലിവളർത്തലിന് പ്രതികൂലമാണ്.

പാൽ, ഇറച്ചി എന്നിവയുമായി ബന്ധപ്പെട്ട പ്രധാന വളർത്തുമൃഗമാണ് ആട്. കൂട്ടത്തോടെ ആടിനെ മേയ്ക്കുന്ന ചരിത്രമുണ്ടായിരുന്ന നമുക്ക് മേച്ചിൽപ്പുറങ്ങളുടെ കുറവും, പച്ചില ദൗർലഭ്യവും ആടുവളർത്തൽ ദുഷ്കരമാക്കുന്നു.

കോഴിവളർത്തലിലുള്ള താല്പര്യവും കുറഞ്ഞുവരികയാണ്.

കുളപ്പാടം, നല്ലില എന്നിവിടങ്ങളിലെ മൃഗാശുപത്രികളും, പുലിയില, മിയ്യണ്ണൂർ, നല്ലില, ഐ.സി.ഡി.പി. യൂണിറ്റുകളാണ് പ്രധാന മൃഗപരിശോധന കേന്ദ്രങ്ങൾ. കാലിരോഗത്തിനെതിരെ സാമാന്യം മെച്ചപ്പെട്ട സേവനമാണ് നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ളത്. പഞ്ചായത്തിലെ മൃഗസമ്പത്തിനെക്കുറിച്ച് താഴെക്കാണുന്ന പട്ടികയിൽനിന്നും സാമാന്യവിവരം ലഭിക്കും.

കാലി സമ്പത്ത്

അവലംബം: (1991-ലെ കന്നുകാലി സെൻസസ്സ്)

മൃഗങ്ങൾ	എണ്ണം
പശു-നാടൻ	475
സങ്കരവർഗ്ഗം	1901
എരുമ	219
ആട്	1800
പോത്ത്	50
കാള	250
കോഴി	30000

നല്ലില, പള്ളിമൺ, കുണ്ടുമൺ, മുട്ടയ്ക്കാവ് എന്നിവിടങ്ങളിൽ നാല് ക്ഷീരസംഭരണ വിതരണ കേന്ദ്രങ്ങളാണ് പഞ്ചായത്തിൽ നിലവിലുള്ളത്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ കാൽഭാഗം മാത്രമേ സംഭരിക്കാൻ കഴിയുന്നുള്ളൂ. പഞ്ചായത്തിൽ നെടുമ്പന, പുത്തൻചന്ത, പഴങ്ങാലം, മിയ്യണ്ണൂർ, പുലിയില, ഇളവൂർ, കുളപ്പാടം എന്നിവിടങ്ങളിൽ പുതിയ ക്ഷീരോല്പാദക വിതരണ കേന്ദ്രങ്ങൾ ആരംഭിക്കണം.

രോഗപ്രതിരോധ കുത്തിവെയ്പുകൾ

അവലംബം: മൃഗാശുപത്രി രേഖകൾ

വർഷം	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	മറ്റുള്ളവ
	കുളമ്പുരോഗം	232	–	70	–	–
1995-96	കുരലടപ്പൻ	38	–	–	–	–
	പേവിഷബാധ	6	–	4	154	–
	പേ വിഷബാധ	21	–	–	5	–

ക്രിത്രിമ ബീജസങ്കലനം

വർഷം	മൃഗം	ആകെ	ഒന്നാംതവണ കുത്തിവയ്പ്	ഒന്നിലധികം തവണ കുത്തിവയ്പ്
1995-96	പശു	2995	1688	191
	എരുമ	75	69	6
	കിടാരി	510	350	161

രോഗസംബന്ധമായ വിവരങ്ങൾ

(അവലംബം: മൃഗാശുപത്രി രേഖകൾ)

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പട്ടി	പൂച്ച	കോഴി
1.	ദഹനസംബന്ധമാകക്കയത്	1640	32	257	–	–	–
2	ശ്വാസകോശസംബന്ധം	415	16	241	–	–	756
3	ഉപാചയ സംബന്ധം	101	–	22	–	–	–
4	ത്വക്ക് സംബന്ധം	168	6	40	–	–	–
5	ധാതുലവണക്കുറവ്	12 4	41	–	–	–	
6	പരാദരോഗം	845	–	101	–	–	250
7	പ്രത്യുല്പാദനസംബന്ധം	345	28	72	–	–	–
8	വന്ധ്യത	267	3	70	–	–	–
9	അകിട് വീക്കം	210	–	86	–	–	–
10	മുടന്തൻപനി	300	–	–	–	–	–
11	പകർച്ചവ്യാധി	300	–	–	–	–	1800

മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾ

1. മേച്ചിൽസ്ഥലങ്ങളുടെ അഭാവം
2. കാലിത്തീറ്റയുടെ വിലവർദ്ധനവ്
3. തീറ്റപ്പുല്ലിന്റെ ലഭ്യതക്കുറവ്
4. ധനസഹായ പദ്ധതികളുടെ അപര്യാപ്തത
5. മേൽത്തരം കന്നുകാലികുട്ടികളുടെ ലഭ്യതക്കുറവ്
6. പാൽ വിതരണകേന്ദ്രങ്ങളുടെകുറവ്
7. ആട് വളർത്തലിന് മേച്ചിൽസ്ഥലങ്ങളുടെ കുറവും കുറ്റിക്കാടുകളുടെ അഭാവവും, പച്ചിലയുടെ ലഭ്യതക്കുറവും.
8. മേൽത്തരം കോഴിക്കുഞ്ഞുങ്ങളുടെ ലഭ്യതക്കുറവ്.
9. കോഴികൾക്കുണ്ടാകുന്ന രോഗങ്ങൾ.
10. ഈ രംഗത്തേക്കുള്ള ആളുകളുടെ താല്പര്യക്കുറവ്

സാദ്ധ്യതകൾ

1. പുൽകൃഷി വ്യാപകമാക്കുക, വാൻ പ്രോത്സാഹനം നൽകുക.
2. ഗുണനിലവാരമുള്ള പുൽവിത്തും, വളവും സൗജന്യമായി നൽകുക.
3. കാലിത്തീറ്റ മിക്സിംഗ് യൂണിറ്റ് സ്ഥാപിച്ച് പഞ്ചായത്തിൽ ആവശ്യമുള്ള കാലിത്തീറ്റ മിതമായനിരക്കിൽ കർഷകർക്ക് വിതരണംചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
4. മൃഗസംരക്ഷണത്തിൽ താല്പര്യമുള്ള സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന കർഷകർക്ക് ആവശ്യമായ സാമ്പത്തികസഹായം, കുറഞ്ഞപലിശനിരക്കിൽ വായ്പകൾ അനുവദിക്കാൻ ധനകാര്യസ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.
5. ഉല്പാദനശേഷിയുള്ള കന്നുകുട്ടികളെ കർഷകർക്ക് നൽകുന്നതിനുള്ള ഏർപ്പാടുകൾ ചെയ്യുക.
6. മൃഗപരിപാലനത്തിന് മൃഗാശുപത്രികളുടെ സേവനം എല്ലാ പ്രദേശങ്ങളിലും വ്യാപിപ്പിക്കണം.
7. കന്നുകുട്ടി പരിപാലനകേന്ദ്രം ആരംഭിക്കണം.
8. പാലും, പാലുല്പന്നങ്ങളും വിറ്റഴിക്കുന്നതിന് ആവശ്യമായ ക്ഷീരോല്പാദക-വിതരണ സഹകരണ സംഘം പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആരംഭിക്കുക.
9. ആടുവളർത്തൽകൃഷി വ്യാപകമാക്കുന്നതിന്റെ ഭാഗമായി ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
10. പഞ്ചായത്തിൽ കന്നുകാലി, കന്നുകുട്ടി പ്രദർശനം നടത്തുക.
11. കോഴിവളർത്തലിനും, വിപണനത്തിനും സാദ്ധ്യതയുള്ള പ്രദേശമാണ്. കർഷകരുടെ താല്പര്യക്കുറവുമൂലം കോഴിവളർത്തൽകേന്ദ്രങ്ങൾ തീരെ കുറവാണ്. ഇറച്ചിക്കോഴിവളർത്തൽ കേന്ദ്രങ്ങൾ വ്യാപകമായി തുടങ്ങാൻ കഴിയും.
12. താറാവുകൃഷിക്ക് സാദ്ധ്യതയുള്ള പ്രദേശമാണ്. എന്നാൽ ഈ രംഗത്തേക്ക് ആരും കടന്നുവരുന്നില്ല. ഈ കൃഷി വ്യാപകമാക്കുന്നതിന് ആവശ്യമായ യൂണിറ്റുകൾ ആരംഭിക്കണം.
13. ഭ്രൂണമാറ്റംവഴി അത്യുല്പാദനശേഷിയുള്ള പശുക്കുട്ടികളെ ഉല്പാദിപ്പിക്കുന്നതിനാവശ്യമായ നടപടി പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.
14. പ്രിയംബുൾ സെമൻ മൃഗാശുപത്രികൾവഴി ലഭ്യമാക്കണം.

മത്സ്യബന്ധനം

മത്സ്യബന്ധനത്തിന് സാദ്ധ്യതയില്ലാത്ത പഞ്ചായത്താണ്. മത്സ്യവിപണന മേഖലയാണ്. ഈ രംഗത്ത്, 100 ലധികം ആൾക്കാർ പണിയെടുക്കുന്നു. നല്ലിലം, കുളപ്പാടം, പള്ളിമൺ, വെളിച്ചിക്കാല, നെടുമ്പന പുത്തൻചന്ത, നെടുമന എന്നിവയാണ് പ്രധാനപ്പെട്ട വിപണനകേന്ദ്രങ്ങൾ. പ്രതിദിനം 75000 രൂപയുടെ മത്സ്യവിപണനം പഞ്ചായത്തിലാകെ നടക്കുന്നുണ്ട്. മാർക്കറ്റുകളിൽ ശീതീകരണസംവിധാനം ഇല്ലാത്തതിനാൽ ബാക്കിവരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ കഴിയുന്നില്ല. ഇതുമൂലം മോശപ്പെട്ട മത്സ്യം പലപ്പോഴും വിറ്റഴിക്കുന്നു. ഈ രംഗത്ത് പണിയെടുക്കുന്നവർക്ക് ക്ഷേമാനുകൂല്യങ്ങൾ നിയമപരമായി ലഭിക്കുന്നില്ല.

ശുദ്ധജല മത്സ്യകൃഷിക്ക് സാദ്ധ്യതയുള്ള പ്രദേശമാണ്. അടുത്തകാലത്ത് നെല്പാടങ്ങൾ കുഴിച്ചുണ്ടായ വെള്ളക്കെട്ടുകൾ മത്സ്യകൃഷിക്ക് ഉപയോഗപ്രദമാണ്. മുൻകാലങ്ങളിൽ പുഞ്ചകൃഷി നടത്തിവന്നിരുന്ന പോളച്ചിറ, മുടിച്ചിറ, പള്ളിമൺ ചാൽ എന്നിവിടങ്ങളിൽനിന്ന് വൻതോതിൽ പുഴമത്സ്യവും ലഭിക്കുമായിരുന്നു. വരാൽ, വാള, നെടുമീൻ, കൈതക്കോര, കാരി, എരൽ, ചേറുമീൻ, കുറുവ, ഏട്ട, തഴുമൽ എന്നിവ ധാരാളം കണ്ടിരുന്നു. കായൽമീനായ കരിമീനും ചില സീസണുകളിൽ കിട്ടിയിരുന്നു. അടുത്തകാലത്ത് വന്നുപെട്ട മാരകമായ മത്സ്യരോഗവും, കാർഷികമേഖലയിലെ അമിതമായ രാസ-കീടനാശിനി പ്രയോഗവും ഇവകളിൽ വരാൽ തുടങ്ങിയ മത്സ്യങ്ങൾക്ക് വംശനാശംവരുകയും കുറുവ മത്സ്യസമ്പത്തിൽ ഗണ്യമായ കുറവുണ്ടാകുകയും ചെയ്തു.

രണ്ടുമുതൽ 30 സെന്റുവരെ വിസ്തൃതിയുള്ള 25 കുളങ്ങളും 100 ഹെക്ടറോളം വെള്ളക്കെട്ടുകളുമുള്ള ഈ പഞ്ചായത്തിൽ മത്സ്യകൃഷിനടത്തി മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാൻ കഴിയും.

മത്സ്യകൃഷിയെ പ്രോത്സാഹിപ്പിക്കുന്നതിൽ സാമ്പത്തികസഹായം ലഭിക്കുന്നില്ല. ശാസ്ത്രീയമായി മീൻവളർത്തലിന് പരിശീലകരുടെ അഭാവം ഉണ്ട്. മത്സ്യഭവനുകൾ ഇല്ല.

ശാസ്ത്രീയ മത്സ്യകൃഷിനടത്തുന്നതിന് ആവശ്യമായ പരിശീലനം ലഭിക്കണം. വിവിധ ഏജൻസികൾവഴി മത്സ്യകൃഷിക്കും, മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും സാമ്പത്തികസഹായം ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാവണം.

വിദ്യാഭ്യാസം



കൊല്ലംജില്ലയുടെ വിദ്യാഭ്യാസ ഭൂപടത്തിലെ പിന്നോക്കപ്പെട്ടികയിൽ സ്ഥാനംപിടിച്ച പഞ്ചായത്താണ് നമ്മുടേത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ആശാൻപള്ളിക്കൂടങ്ങൾ എന്നറിയപ്പെട്ടിരുന്ന കുടിപ്പള്ളിക്കൂടങ്ങളെ ആശ്രയിച്ചുപോന്നു ഇവിടുത്തെ അക്ഷരപഠനം. സമൂഹത്തിലെ സമ്പന്നരായ ചിലർ അയൽഗ്രാമങ്ങളിലെ അംഗീകൃത വിദ്യാലയങ്ങളിൽ എത്തി പുസ്തകങ്ങളിൽനിന്നും പുതിയ പാഠങ്ങൾ ഉൾക്കൊള്ളുമ്പോൾത്തന്നെ പഴമയുടെ പര്യായമായ പനയോലച്ചുരുൾ നീർത്തി 'ഹരിശ്രീ' മന്ത്രം ഉരുവിട്ടിരുന്നു.

ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്ത് പ്രദേശങ്ങൾ ഒറ്റപ്പെട്ടുകിടക്കുന്ന കാലം. ദേശീയപ്രസ്ഥാനത്തിന്റെ മുന്നേറ്റവും, നവോത്ഥാന നായകൻമാരുടെ സത്മാർഗ്ഗോപദേശവുംകൊണ്ട് തിരുവിതാംകൂറിന്റെ വിജ്ഞാനദാഹം ഉച്ചാവസ്ഥയിലെത്തിയ നാളുകൾ. പുതിയ മാറ്റത്തിന്റെ അലയൊലി നമ്മുടെ പഞ്ചായത്തിലും പ്രകടമായി. അയൽഗ്രാമങ്ങളിൽപ്പോയി വിദ്യാഭ്യാസം നേടിവന്ന കുറേപ്പേർ അവരുടെ കരകളിൽ കൊച്ചുകൊച്ചു കുടിപ്പള്ളിക്കൂടങ്ങൾ സ്ഥാപിച്ചു. മിയ്യണ്ണൂർ, നെടുമ്പന, പള്ളിമൺ, മുട്ടയ്ക്കാവ്, പഴങ്ങാലം, നല്ലില തുടങ്ങി ഒട്ടുമിക്ക കരകളിലും ഇത്തരം കുടിപ്പള്ളിക്കൂടങ്ങൾ ഉണ്ടായിരുന്നു. ശ്രീമാൻമാർ മഞ്ചാടിയിൽ വേലുപ്പിള്ള, കൊച്ചുതുണ്ടിൽ നാരായണപിള്ള, (പള്ളിമൺ), വടക്കേമംഗലം നാണുപിള്ള, മാധവൻപിള്ള (മുട്ടയ്ക്കാവ്), തടത്തിൽ ഗോവിന്ദപിള്ള (മിയ്യണ്ണൂർ), പുത്തൻപുര നാണുപിള്ള (നെടുമ്പന), ഡാനിയൽ (നല്ലില) എന്നിവർ അക്കാലത്തെ ആരണീയരായ ഗുരുനാഥന്മാരായിരുന്നു.

വ്യക്തികൾ മുൻകൈയ്യെടുത്ത് സ്ഥാപിച്ച ഇത്തരം കുടിപ്പള്ളിക്കൂടങ്ങളിലേയും, നെറ്റ് സ്കൂളുകളിലേയും മിടുക്കന്മാരായ ആശാന്മാർക്ക് മാസംതോറും ഒരു ചെറിയ തുക (ഗ്രാന്റായി) നൽകി. ഇങ്ങനെ കുടിപ്പള്ളിക്കൂടങ്ങൾ ഗ്രാന്റ്കൂളുകളായി പരിണമിച്ചു. സർക്കാർ വിദ്യാലയങ്ങൾ ആരംഭിക്കാൻ പിന്നെയും വർഷങ്ങൾ വേണ്ടിവന്നു. പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ കൊല്ലവർഷം 1095-ൽ ശ്രീ പുത്തൻപുരയിൽ നാണുപിള്ള നെടുമ്പനയിൽ സ്ഥാപിച്ച പ്രൈമറി വിദ്യാലയമാണ്. തുടർന്ന് വിവിധ കരകളിൽ നിലനിന്ന ഗ്രാന്റ് സ്കൂളുകൾ മിക്കവാറും സർക്കാർ അംഗീകാരമുള്ള മാനേജ്മെന്റ് സ്കൂളുകളായി. ഈ നില അധികനാൾ തുടർന്നില്ല. സേവന ലക്ഷ്യത്തോടെ മാത്രം പള്ളിക്കൂടങ്ങൾ നടത്തിക്കൊണ്ടുപോന്ന മാനേജർമാർ സാമ്പത്തിക പ്രതിസന്ധിയിൽ ചെന്നുപെട്ടു. ഈ അവസ്ഥ മറികടക്കാൻ തങ്ങളുടെ സ്ഥാപനങ്ങൾ സർക്കാരിന് സറണ്ടർ ചെയ്യാൻ അവർ നിർബ്ബന്ധിതരായി. നമ്മുടെ പഞ്ചായത്തിലെ സർക്കാർ പ്രൈമറി സ്കൂളുകളിൽ ഭൂരിഭാഗവും ഇപ്രകാരം സ്വകാര്യ മാനേജ്മെന്റുകളിൽനിന്ന് ഏറ്റെടുത്തവയാണ്.

പഞ്ചായത്തിലെ ഏക സർക്കാർ ഹൈസ്കൂളായ പള്ളിമൺ എച്ച്.എസ്സിന്റെ പിറവിക്കു പിന്നിലെ ദുരന്തസംഭവം ഓർമ്മിക്കാത്തവരായി പഴയതലമുറയിൽ ആരുമുണ്ടാവില്ല. (1960 ഒക്ടോബർ ഒന്നാംതീയതി ഇത്തിക്കരയാറ്റിലെ കൊഞ്ചിക്കടവിലുണ്ടായ തോണിയപകടം)

ഇന്നിപ്പോൾ നമ്മുടെ പഞ്ചായത്തിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ എന്നീ വിഭാഗങ്ങളിലായി പതിനാറ് വിദ്യാലയങ്ങൾ ഉണ്ട്. ഇവയിൽ സർക്കാർ ഉടമയിൽ ഏഴും സ്വകാര്യമേഖലയിൽ ഒമ്പതും വിദ്യാലയങ്ങളാണുള്ളത്.

സ്കൂൾ എണ്ണം ഒറ്റനോട്ടത്തിൽ

ക്രമ നമ്പർ	സ്കൂളുകൾ	എണ്ണം	ഉടമസ്ഥത സർക്കാർ	സ്വകാര്യം	അദ്ധ്യാപകർ
1	L.P.S	8	4	4	67
2	U.P.S	6	2	4	97
3	H.S	2	1	1	45
	–	16	7	9	209

ഒന്നാം സ്റ്റാന്റേർഡുമുതൽ പത്താം സ്റ്റാന്റേർഡുവരെ 5446 കുട്ടികളും, 209 അദ്ധ്യാപകരും ഉൾക്കൊള്ളുന്നതാണ് നമ്മുടെ പഞ്ചായത്തിലെ വിദ്യാഭ്യാസരംഗം. കൂടാതെ സമീപപ്രദേശങ്ങളായ കുഴിമതിക്കാട്, കൊട്ടറ, ആദിച്ചനല്ലൂർ, കണ്ണനല്ലൂർ, മുഖത്തല, വാക്കനാട് എന്നവിടങ്ങളിലെ വിദ്യാലയങ്ങളിൽ പോകുന്നവരായി ഏകദേശം രണ്ടായിരത്തിലധികം വിദ്യാർത്ഥികളുണ്ട്. 24 അദ്ധ്യാപകരും 611 വിദ്യാർത്ഥികളുമുള്ള നല്ലില യു.പി. സ്കൂളാണ് നമ്മുടെ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾപഠിക്കുന്ന വിദ്യാലയം. 83 ആൺകുട്ടികളും 75 പെൺകുട്ടികളടക്കം 158 വിദ്യാർത്ഥികളും, 5 അദ്ധ്യാപകരുമുള്ള മിയ്യണ്ണൂർ എൽ.പി. സ്കൂളാണ് ഏറ്റവും കുറഞ്ഞ വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാലയം. 226 ആണും 256 പെൺകുട്ടികളുംഅടക്കം 482 കുട്ടികളാണ് ഇക്കൊല്ലം ഒന്നാംക്ലാസ്സിൽ ചേർന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് ഇത് കുറഞ്ഞ എണ്ണമാണ്. ജനനനിരക്കിലുണ്ടായ കുറവും, അൺ എയിഡഡ് അൺ റക്ഗ്നൈസ്ഡ് സ്കൂളുകളുടെ ആധിക്യവുമാണ് ഈ കുറവിന് പ്രധാനകാരണം.

പഴങ്ങാലം, പള്ളിമൺ ഹൈസ്കൂളുകളിലായി പത്താം ക്ലാസ്സിൽപഠിക്കുന്ന കുട്ടികളുടെ എണ്ണം 238 ആണ്. ഇതിൽ 38 വിദ്യാർത്ഥികൾ പട്ടികജാതിക്കാരാണ്. പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യയനനിലവാരം പൊതുവേ തൃപ്തികരമല്ല. പഴങ്ങാലം പള്ളിമൺ ഹൈസ്കൂളുകളിലെ കഴിഞ്ഞ അഞ്ചുവർഷത്തെ വിജയശതമാനം 45-ൽ അധികമായിട്ടില്ല. പൊതുമേഖല നമ്മുടെ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ സാമാന്യം തൃപ്തികരമാണ്. ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന നല്ലില യു.പി.എസ്സ് സ്ഥലസൗകര്യമില്ലാത്തതിനാൽ സെക്ഷണൽ സമ്പ്രദായം നിലനിൽക്കുന്ന ഏക വിദ്യാലയമാണ്. ചുറ്റുമതിലിന്റെ അഭാവം ഇവിടുത്തെ ഒരു പ്രധാന പ്രശ്നമാണ്. മിക്ക സ്കൂളുകളിലും കുടിവെള്ളം ലഭ്യമാണ്. ഭൂരിപക്ഷം സ്കൂളുകൾക്കും ചുറ്റുമതിലുകൾ ഇല്ല. ഇളവൂർ എൽ.പി.എസ്സ്, പഴങ്ങാലം ഹൈസ്കൂൾ എന്നിവിടങ്ങൾ യാത്രാസൗകര്യം കുറഞ്ഞ സ്കൂളുകളാണ്. ഉച്ചഭക്ഷണം തയ്യാറാക്കുന്നതിന് എല്ലാ സർക്കാർ സ്കൂളുകൾക്കും പഞ്ചായത്തിന്റെ ചുമതലയിൽ പാചകപ്പുര നിർമ്മിച്ചുനൽകിയിട്ടുണ്ട്. ഭൂരിപക്ഷം വിദ്യാലയങ്ങളും വൈദ്യുതീകരിക്കാത്തവയാണ്. മൂത്രപ്പുര ഇല്ലാത്ത ഒരു സ്കൂൾപോലും നമ്മുടെ പഞ്ചായത്തിൽ ഇല്ല. എല്ലാ സ്കൂളുകളിലും പി.ടി.എ, മാതൃസംഗമങ്ങൾ എന്നിവയുണ്ടെങ്കിലും പ്രവർത്തനം തൃപ്തികരമല്ല.

നമ്മുടെ വിദ്യാലയങ്ങളിൽ തോറ്റുപടിക്കുന്ന 409 കുട്ടികളിൽ 74 പേർ പട്ടികജാതിക്കാരായ വിദ്യാർത്ഥികളാണ്. വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് പ്രൈമറി, യു.പി. ക്ലാസ്സുകളിൽ നേരിയതോതിൽ മാത്രമേ ഉള്ളൂ. ഹൈ

സ്കൂൾ സബന്ധമായ വിവരങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	സ്റ്റാൻഡേർഡ്	ഉടമസ്ത/സർക്കാർ സ്വകാര്യം	ആൺ	പെൺ	ആകെ	അദ്ധ്യാപകർ	ഉച്ചക്കഞ്ഞി കുട്ടികൾ
1.	ഗവ. എൽ.പി. എസ്. പള്ളിമൺ	I-IV	സർക്കാർ	114	105	219	0	115
2.	" മിയ്യണ്ണൂർ	"	"	83	75	158	5	19
3.	" മുട്ടയ്ക്കാവ്	"	"	154	173	327	9	163
4.	" നെടുമ്പന	"	"	109	94	203	8	100
5.	എൽ.പി. എസ്. ഇളവൂർ	I-V	സ്വകാര്യം	88	83	171	6	100
6.	എൽ.പി. എസ്. പഴങ്ങാലം	I-IV	സ്വകാര്യം	129	118	247	9	247
7.	എസ്. എം. എൽ.പി. എസ്. വെളിച്ചിക്കാല	"	"	134	123	257	10	135
8.	എൽ.പി.ജി. എസ്. നെടുമ്പന	"	"	216	168	384	11	200
9.	ഗവ. യു.പി. എസ്. പഴങ്ങാലം	I-VII	സർക്കാർ	257	238	490	16	249
10.	" നല്ലില	"	"	305	306	611	24	318
11.	യു.പി. എസ്. നെടുമ്പന	V-VII	സ്വകാര്യം	225	237	462	18	230
12.	ഹംസ യു.പി. എസ്. മുട്ടയ്ക്കാവ്	"	"	257	277	534	20	216
13.	എസ്.എം.റ്റി.യു.പി. എസ്. വെളിച്ചിക്കാല	"	"	117	110	227	11	115
14.	കെ. എസ്. എം. യു.പി. എസ്. കുണ്ടുമൺ	"	"	90	94	184	8	96
15.	ഗവ. ഹൈസ്കൂൾ പളിമൺ	V-X	സർക്കാർ	286	314	600	23	195
16.	ആർ. എസ്. എം. എച്ച്. എസ്. പഴങ്ങാലം	VII-X	സ്വകാര്യം	209	183	392	22	-
				2778	2668	5446	209	2302

കുട്ടികളെ സംബന്ധിച്ച വിവരം

സ്റ്റാൻഡേർഡ്	ഓരോ ക്ലാസ്സിലേയും കുട്ടികൾ			തോറ്റു പഠിക്കുന്നവർ			ഓരോ ക്ലാസ്സിലേയും പഠിക്കുന്ന പട്ടികജാതിക്കാർ			ഓരോ ക്ലാസ്സിലേയും തോറ്റു പഠിക്കുന്ന പട്ടികജാതിക്കാർ		
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	222	256	478				40	40	80			
II	293	261	554	22	7	29	40	43	83	1	1	2
III	272	283	555	23	22	45	36	40	76	2	0	2
IV	322	312	634	22	19	41	41	49	90	4	5	9
V	328	360	688	20	12	36	38	49	87	4	4	8
VI	371	386	757	31	24	55	48	54	100	8	7	15
VII	381	371	752	80	38	118	44	43	87	7	1	8
VIII	124	113	237	49	26	75	26	19	45	12	6	18
IX	145	139	238	10	4	14	14	28	42	8	4	12
X	109	139	238	ലഭ്യമല്ല			16	22	38			

സ്കൂൾ ക്ലാസ്സുകളിൽ ഇത് 5% വരും. എൽ.പി, യു.പി. വിഭാഗത്തിലെ കുട്ടികളിൽ 2000 കുട്ടികൾ ഉച്ചക്കഞ്ഞി കഴിക്കുന്നവരാണ്.

സർക്കാർ സ്കൂളുകളെക്കാൾ അധികം സ്വകാര്യവിദ്യാലയങ്ങൾ ഉൾക്കൊള്ളുന്നതാണ് കേരളത്തിന്റെ പൊതു വിദ്യാഭ്യാസരംഗം. ചെലവുകുറഞ്ഞതും, ജനസാമാന്യത്തിന് സ്വീകാര്യമായതുമായ ഈ മേഖലയ്ക്ക് ഭീക്ഷണിയായിത്തീർന്നിട്ടുള്ള അൺ എയിഡഡ്, അൺ റെക്ക്ഗ്നൈസ്ഡ്, ഇംഗ്ലീഷ് മീഡിയം സ്കൂളുകളും അനുബന്ധമായി പ്രവർത്തിക്കുന്ന നഴ്സറി വിദ്യാലയങ്ങളും നമ്മുടെ പഞ്ചായത്തിൽ ഒട്ടും കുറവല്ല. വിവിധ ഏജൻസികൾ നടത്തുന്ന 12 നഴ്സറി സ്കൂളുകളിൽ പഞ്ചായത്ത് പ്രദേശത്തെ 400 വിദ്യാർത്ഥികൾ എൽ.കെ.ജി, യു.കെ. ജിവിഭാഗത്തിൽ പഠിക്കുന്നു. കൂടാതെ പൊതു വിദ്യാഭ്യാസ ധാരയിൽ എത്തേണ്ടവരായ 300 കുട്ടികൾ (ഒന്നുമുതൽ നാലുവരെ) ഇവിടുത്തെ നഴ്സറി സ്കൂളുകളിൽ പ്രൈവറ്റായി പഠിക്കുന്നു. പൊതു വിദ്യാഭ്യാസ ധാരയിൽനിന്ന് കുട്ടികളെ അകറ്റിക്കൊണ്ടുപോകുന്ന ഈ പ്രവണത അവസാനിച്ചേ മതിയാകൂ. പൊതുധാര വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ വർദ്ധിപ്പിച്ചുകൊണ്ടുമാത്രമേ ഇതിനു പരിഹാരം കാണാനാകൂ. ശരിയായ ബോധവൽക്കരണം മാത്രമല്ല അദ്ധ്യാപകന്റെ പ്രതിബദ്ധതകൂടി തെളിയിക്കപ്പെടേണ്ടതുണ്ട്. ഒട്ടേറെ പരിമിതികൾ ഉള്ള പൊതു വിദ്യാഭ്യാസ ധാരയെ പുഷ്ടിപ്പെടുത്താൻ നാനാരംഗത്തുള്ളവരുടെ കൂട്ടായ്മയും തക്കസമയത്തെ ജനകീയ ഇടപെടലും ആവശ്യമത്രേ. ബോധനരീതിയൽ, പരീക്ഷാസമ്പ്രദായങ്ങളിൽ എന്നു വേണ്ട സമസ്തരംഗവും നവീകരിച്ചുകൊണ്ടുള്ള നടപടികൾക്കുമാത്രമേ നമ്മുടെ വിദ്യാഭ്യാസരംഗത്തെ ചൈതന്യവത്തക്കാനാവൂ.

പ്രശ്നങ്ങൾ

(1) പഴഞ്ചൻ ബോധനരീതി
(2) പൊതു വിദ്യാഭ്യാസരംഗം ക്ഷീണിച്ചുകൊണ്ടിരിക്കുന്നു. ഗുണനിലവാരം മെച്ചമല്ല.
(3) അദ്ധ്യാപകന്റെ പ്രതിബന്ധത കുറവ്
(4) വിദ്യാഭ്യാസമേഖലയിൽ ഇപ്പോഴും കേന്ദ്രീകൃത സംവിധാനം നിലനിൽക്കുന്നു.
(5) ഗുണനിലവാരമുയർത്താൻ തങ്ങൾക്കൊന്നും ചെയ്യാനാവില്ലെന്ന് തെറ്റായ ബോധം രക്ഷിതാക്കളിൽ നിലനിൽക്കുന്നു.
(6) ഓരോ വിദ്യാലയത്തിന്റേയും പൊതുപരിസ്ഥിതി ചർച്ച ചെയ്യുന്നില്ല.
(7) പാഠ്യാനുബന്ധ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കുറയുന്നു.
(8) കലാ-സാംസ്കാരിക പ്രവർത്തനപരിശീലനം വിദ്യാലയങ്ങളിൽ നടക്കുന്നില്ല.
(9) കായിക വിദ്യാഭ്യാസരംഗത്തെ അവഗണിക്കുന്നു.
(10) പി.റ്റി.എ, മാതൃസംഗമം എന്നിവ ഫലവത്തായി പ്രവർത്തിക്കുന്നില്ല.
(11) സ്കൂൾ കോംപ്ലക്സുകൾ ഫലപ്രദമല്ല.

സ്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ

നമ്പർ	സ്കൂളിന്റെ പേര്	കെട്ടിടം സ്ഥിരം/ താൽക്കാലികം	ചുറ്റുമതിൽ	ഉപകരണങ്ങൾ	കുടിവെള്ളം	മൂത്രപുര	പി.ടി.എ.	മാതൃസംഗമം	വൈദ്യുതി	പാചകപ്പുര/ കെട്ടിടം
1.	ഗവ. എൽ.പി. എസ്. പള്ളിമൺ	സ്ഥിരം	ഇല്ല	കുറവുണ്ട്	ഉണ്ട്	ഉണ്ട്	സജീവം	സജീവം	ഇല്ല	ഉണ്ട്
2.	" മിയ്യണ്ണൂർ	"	"	"	"	"	"	"	ഉണ്ട്	"
3.	" മുട്ടയ്ക്കാവ്	"	"	"	"	"	"	"	ഉണ്ട്	"
4.	" നെടുമ്പന	"	"	കുറവുണ്ട്	"	"	"	"	ഇല്ല	"
5.	എൽ.പി. എസ്. ഇളവൂർ	"	"	ഉണ്ട്	"	"	"	"	ഇല്ല	താൽക്കാലികം
6.	എൽ.പി. എസ്. പഴങ്ങാലം	"	"	ഉണ്ട്	"	"	"	"	"	
7.	എസ്.എം.എൽ.പി.എസ്. വെളിച്ചിക്കാല	"	"	"	"	"	"	"	"	
8.	എൽ.പി.ജി. എസ്. നെടുമ്പന	"	ഭാഗികം	"	"	"	"	"	"	"
9.	ഗവ. യു.പി. എസ്. നല്ലില	"	ഇല്ല	കുറവ്	"	"	"	"	ഉണ്ട്	ഉണ്ട്
10.	ഗവ. യു.പി. എസ്. പഴങ്ങാലം	"	"	"	"	"	"	"	ഇല്ല	"
11.	യു.പി. എസ്. നെടുമ്പന	"	"	ഉണ്ട്	"	"	"	"	ഇല്ല	താൽക്കാലികം
12.	ഹംസ യു.പി. എസ്. മുട്ടയ്ക്കാവ്	"	"	ഉണ്ട്	"	"	"	"	ഉണ്ട്	ഇല്ല
13.	എസ്.എം.റ്റി.യു.പി.എസ്. വെളിച്ചിക്കാല	"	ഇല്ല	ഉണ്ട്	"	"	"	"	ഇല്ല	താൽക്കാലികം
14.	കെ. എസ്. എം. യു.പി. എസ്. കുണ്ടുമൺ	"	"	ഉണ്ട്	"	"	"	"	ഇല്ല	"
15.	ഗവ. ഹൈസ്കൂൾ പള്ളിമൺ	" /താത്കാലി	ഭാഗികം	കുറവുണ്ട്	"	"	"		ഉണ്ട്	ഉണ്ട്
16.	ആർ. എസ്. എം. എച്ച്. എസ്. പഴങ്ങാലം	"	ഇല്ല	ഉണ്ട്	"	"	"	"	ഉണ്ട്	ഇല്ല

(12) സാങ്കേതിക വിദ്യാഭ്യാസത്തിന് അവസരമില്ല.
(13) പ്രീ-പ്രൈമറിരംഗം പൂർണ്ണമായും അവഗണിച്ചിരിക്കുന്നു.
(14) പൊതു വിദ്യാഭ്യാസ ധാരയോടുള്ള അവഗണന വളർന്നുവരുന്നു.
(15) പാഠപുസ്തകങ്ങളുടെ വിലവർദ്ധനവ് രക്ഷിതാക്കളെ സാമ്പത്തിക പ്രതിസന്ധിയിൽ എത്തിക്കുന്നു.
(16) വിദ്യാഭ്യാസം സിദ്ധിച്ചവരുടെ തൊഴിലില്ലായ്മ രൂക്ഷമാകുന്നു.
(17) പിന്നോക്കംപോകുന്ന വിദ്യാർത്ഥികൾക്ക് പരിഗണന നിക്ഷേധിക്കുന്നു.
(18) വിദ്യാലയങ്ങളിൽ ഗൃഹപാഠങ്ങൾ നൽകുന്നില്ല.
(19) ദൃശ്യാശ്രാവ്യ ഉപാധികൾ പ്രയോജനപ്പെടുത്തുന്നില്ല.
(20) പഠനയാത്രകളെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാട്.

സാദ്ധ്യതകൾ

1. പഞ്ചായത്തിലെ സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുക.
2. കായിക വിദ്യാഭ്യാസത്തിന് ഊന്നൽനൽകുന്നതിനുവേണ്ടി കളിസ്ഥലം, ഉപകരണങ്ങൾ എന്നിവ കണ്ടെത്തുക.
3. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിദ്യാഭ്യാസ വികസന സമിതി രൂപവൽക്കരിക്കുക.
4. ഗുണനിലവാരം വിലയിരുത്തി രണ്ടുമാസത്തിലൊരിക്കൽ വികസനസമിതികൂടി ചർച്ചചെയ്ത് പരിഹാരം കണ്ടെത്തണം.
5. സ്കൂൾ രക്ഷാകർത്തൃസമിതി വർഷാരംഭത്തിൽ പ്രവർത്തനം ആരംഭിക്കു. പരമാവധി രക്ഷകർത്താക്കൾ പങ്കെടുക്കാൻ ബോധവൽക്കരണപരിപാടികൾ ആസൂത്രണം ചെയ്യുക.

6. പഞ്ചായത്തിലെ മുഴുവൻ സ്കൂളുകളെ ഉൾപ്പെടുത്തി സ്കൂൾ കോംപ്ലക്സ് രൂപീകരിക്കുക. വികസനസമിതി സ്കൂൾ കോംപ്ലക്സിന്റെ പൂർണ്ണ ചുമതല വഹിക്കുക.
7. പഠനാനുബന്ധപ്രവർത്തനങ്ങൾക്ക് ഊന്നൽനൽകുക. കായിക കലാവിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം സൃഷ്ടിക്കുക. പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. വികസനസമിതിയുടെ ചുമതലയിൽ ഉചിത നടപടികൾ സ്വീകരിക്കുക.
8. അദ്ധ്യാപകർക്ക് വിദ്യാഭ്യാസത്തിലെ കാലിക മാറ്റം എത്തിക്കാൻ Inservice Refresher കോഴ്സ് ഏർപ്പെടുത്തുക.
9. പഞ്ചായത്തുതലത്തിൽ ഒരു അക്കാഡമിക് കൗൺസിൽ രൂപീകരിക്കുക. അദ്ധ്യാപകരുടെ കൂട്ടായ്മ ഉറപ്പുവരുത്തുക. ഗുണനിലവാരം ചർച്ചചെയ്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുക.
10. സ്കൂളുകളിൽ കാർഷിക ക്ലാസ്സുകൾ ആരംഭിക്കുകയും, അതുവഴി കുട്ടികൾക്ക് കൃഷിയോടും, പരിസ്ഥിതിസംരക്ഷണത്തോടുമുള്ള മനോഭാവം വളർത്തിയെടുക്കുക, കാർഷികോപകരണങ്ങളും, വിത്തുകളും, വളങ്ങളും സൗജന്യമായി വിതരണംചെയ്യുക.
11. പ്രൈമറിതലത്തിൽ റീഡിംഗ്റൂം ആരംഭിക്കുക. ലൈബ്രറി സൗകര്യം മെച്ചപ്പെടുത്തി പരമാവധി കുട്ടികൾക്ക് പ്രയോജനപ്പെടുത്തണം.
12. പള്ളിമൺ ഗവൺമെന്റ് ഹൈസ്കൂൾ വൊക്കേഷണൽ ഹയർസെക്കന്ററിയായി ഉയർത്തുക. പ്ലസ് ടു ആരംഭിക്കുക.
13. പഞ്ചായത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥ അനുഭവിക്കുന്ന വിദ്യാർത്ഥികൾക്ക് സാമ്പത്തികസഹായം ലഭ്യമാക്കുക. പഠനകാര്യത്തിൽ സഹായിക്കാൻ സന്നദ്ധസംഘടനകളെ സജ്ജമാക്കുക.
14. രക്ഷാകർത്തൃസമിതിയുടെ നേതൃത്വത്തിൽ പ്രീ-പ്രൈമറി വിദ്യാഭ്യാസം ഏർപ്പെടുത്തുക.
15. വിദ്യാലയ വാർഷിക പരിപാടി സംഘടിപ്പിച്ച് കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.
16. പ്രൈമറി സ്കൂളിൽ നിലവിലുള്ള മാതൃസംഗമം ഹൈസ്കൂൾതലംവരെ വ്യാപിപ്പിക്കുക.
17. ഹൈസ്കൂളുകളിലെ ലബോറട്ടറി സൗകര്യം ഉപയോഗിച്ച് എൽ.പി, യു.പി. വിഭാഗം കുട്ടികളിലും സാധാരണജനങ്ങളിലും ശാസ്ത്രബോധം വളർത്താൻ ഉതകുന്ന പരിപാടികൾ ആസൂത്രണംചെയ്യുക.
18. കൊഴിഞ്ഞുപോക്കുകാരെ കണ്ടെത്തി പുനർവിദ്യാഭ്യാസം ചെയ്യിക്കുക.
19. ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭവുമായി ബന്ധപ്പെട്ട വിദ്യാർത്ഥിപ്രസ്ഥാനത്തിന്റെ ചരിത്രം സ്കൂൾ സിലബസ്സിൽ ഉൾപ്പെടുത്തുന്നു.
20. പഞ്ചായത്ത് വിദ്യാഭ്യാസവികസനസമിതിക്ക് അക്കാദമിക് കാര്യങ്ങളിലടക്കം ഇടപെടാൻ അവസരം ഉണ്ടാകണം.
21. സാമൂഹ്യ രാഷ്ട്രീയ ബോധം വളർത്താൻ പര്യാപ്തമായ കർമ്മപരിപാടികളിൽ വിദ്യാർത്ഥികളെ പങ്കാളികളാക്കണം.

ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങൾ

★ പഴങ്ങാലം ഹൈസ്കൂളിനോടു ചേർന്ന് ഒരു വായനശാല സ്ഥാപിക്കുക.
★ അഭ്യസ്ഥവിദ്യരുടെ സഹായത്തോടെ കോളനികളിൽ സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
★ നിലവിലുള്ള പഠനരീതി കുട്ടികളിൽ വിരസത ജനിപ്പിക്കുന്നു. ശാസ്ത്രബോധവും പഠനാഭിരുചിയും വളർത്തുന്ന ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുക.
★ പഴങ്ങാലം വെസ്റ്റ് യു.പി. എസ്സിൽ കുട്ടികളുടെ വായനശാലയ്ക്ക് സ്ഥിരം കെട്ടിടം നിർമ്മിക്കുക.
★ കുട്ടികളുടെ വായനശാലക്ക് പ്രസിദ്ധീകരണങ്ങൾ വാങ്ങാൻ സഹായിക്കുക. വാട്ടർടാങ്ക് സ്ഥാപിക്കുക.
★ പള്ളിമൺ ഗവ: ഹൈസ്കൂളിൽ ഹയർ വൊക്കേഷണൽ കോഴ്സ് ആരംഭിക്കുക.
★ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കൂടുതൽദൂരം സഞ്ചരിക്കേണ്ടിവരുന്ന പ്രദേശമായ നെടുമ്പന പുത്തൻചന്തയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുക.
★ പി.റ്റി.എ ഫലപ്രദമായി പ്രവർത്തിപ്പിക്കണം. അദ്ധ്യാപക രക്ഷകർത്താ സമ്മേളനം കൂടണം. സ്കൂളുകളിൽ മാതൃസംഗമം സംഘടിപ്പിക്കണം. സർക്കാർ വിദ്യാലയങ്ങളിൽ ഉണ്ടാകുന്ന ഒഴുവുകൾ കൃത്യസമയങ്ങളിൽ നികത്തണം.
★ വിദ്യാഭ്യാസരംഗത്തെ ഉന്നത വിജയംനേടുന്ന വിദ്യാർത്ഥികൾക്ക് എന്റോവ്മെന്റുകളും, ക്യാഷ് അവാർഡുകളും നൽകി പ്രോത്സാഹിപ്പിക്കണം. തുടർ സാക്ഷരതാപ്രവർത്തനം ഊർജ്ജിതപ്പെടുത്തുക.
★ സംഘം ജംഗ്ഷൻ കേന്ദ്രമാക്കി ഒരു പ്രൈമറി സ്കൂൾ ആരംഭിക്കുക.
★ മുട്ടയ്ക്കാവ് സ്കൂളിൽ ഷിഫ്റ്റ് അവസാനിപ്പിക്കാൻ സ്ഥലസൗകര്യം ഏർപ്പെടുത്തുക.
★ മുട്ടയ്ക്കാവിൽ എൽ.പി.എസ്സിനോട് ചേർന്ന് ഒരു പ്രീ-പ്രൈമറി സ്കൂൾ സ്ഥാപിക്കുക. ടി
★ സ്കൂളിലെ കുടിവെള്ളപ്രശ്നം പരിഹരിക്കുക.
★ നെടുമ്പന ആയുർവ്വേദ ജംഗ്ഷനിൽ പ്രവർത്തനരഹിതമായിക്കിടക്കുന്ന ശിശുവിഹാർ പുനരാരംഭിക്കുക.
★ ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കൂടുതൽദൂരം സഞ്ചരിക്കേണ്ടിവരുന്ന സ്ഥലങ്ങളിൽ പുതിയ ഹൈസ്കൂൾ സ്ഥാപിക്കുക.
★ നല്ലില യു.പി.എസ്സിലെ സെക്ഷൻ സമ്പ്രദായം അവസാനിപ്പിക്കാൻ നടപടികൾ സ്വീകരിക്കുക. ചുറ്റുമതിൽ അത്യാവശ്യമാണ്. ഭൂമി എടുക്കണം.
★ മിയ്യണ്ണൂർ എൽ.പി.എസ്സിനോട് ചേർന്ന് പ്രീ-പ്രൈമറി സ്കൂൾ ആരംഭിക്കണം. സ്കൂളിന് ചുറ്റുമതിൽ കെട്ടുക, പമ്പുസെറ്റ് സ്ഥാപിക്കുകയും വേണം.
★ കുളപ്പാടത്ത് ഒരു എൽ.പി.എസ്സ് സ്ഥാപിക്കണം.

വസൂരി രോഗം

പഞ്ചായത്തിൽ പടരുന്നു.....

XVIII

XIX

വീണ്ടും വസൂരി ആക്രമണ ഭീതിയിൽ.....

കുടിവെള്ളവും പൊതുജനാരോഗ്യവും

ശുദ്ധമായ കുടിവെള്ളം ജനങ്ങളുടെ ആരോഗ്യകാര്യത്തിൽ ഏറ്റവുമധികം സ്വാധീനംചെലുത്തുന്ന ഘടകമാണ്. നമ്മുടെ പഞ്ചായത്തിലെ ജലസ്രോതസ്സുകൾ സ്വകാര്യ കിണർ, പഞ്ചായത്ത് കിണർ, കുളങ്ങൾ, കുഴൽക്കിണറുകൾ, K.W.A നടപ്പാക്കിയിട്ടുള്ള രണ്ടു ജലവിതരണപദ്ധതികൾ എന്നിവയാണ്.

കുടിവെള്ളത്തിനായി പഞ്ചായത്തിലെ 90% ജനങ്ങളും കിണറുകളെയാണ് ആശ്രയിക്കുന്നത്. പതിനഞ്ചുവർഷം മുമ്പുവരെ കുടിവെള്ളക്ഷാമം അനുഭവപ്പെടാതിരുന്ന ഒരു ഗ്രാമപ്രദേശമാണ് നമ്മുടേത്. എന്നാൽ ഏതാണ്ടെല്ലാ മേഖലകളിലും കുടിവെള്ളപ്രശ്നം അതിരൂക്ഷമാണ്. മുൻകാലങ്ങളിലുണ്ടായിരുന്ന കാവുകളും, കുറ്റിക്കാടുകളും നശിപ്പിക്കപ്പെട്ടതുവഴി മണ്ണിന്റെ ജൈവഘടനയിൽ വന്നമാറ്റവും അശാസ്ത്രീയമായ ഭൂവിനിയോഗവും ഭൗമാന്തർഭാഗത്തെ ജലവിതാനം താഴുന്നതിനുള്ള കാരണങ്ങളായി. കൂടാതെ നമ്മുടെ പ്രദേശത്ത് 30 ശതമാനത്തോളം നെൽപ്പാടങ്ങൾ വ്യാവസായികാവശ്യത്തിന് യാതൊരു നിയന്ത്രണവുമില്ലാതെ കുഴിക്കപ്പെട്ടതും ജലവിതാനം താഴുന്നതിന്റെ മുഖ്യ കാരണങ്ങളിലൊന്നാണ്.

നെടുമ്പന പഞ്ചായത്തിലെ ഏക നദിയാണ് ഇത്തിക്കരയാറിന്റെ കൈവഴിയായി ഇളവൂർ, പള്ളിമൺ, കുണ്ടുമൺ വഴി 7.36 കിലോമീറ്റർ ദൂരത്തിൽ ഒഴുകുന്ന പള്ളിമൺ ആറ്. ആറ്റുതിട്ടയും, പുറമ്പോക്കും കയ്യേറിയുള്ള ചെളിയെടുപ്പും, അനിയന്ത്രിതമായ മണൽവാരലുംമൂലം ആറ് ഗതിമാറി ഒഴുകുകയും നിലവിലുണ്ടായിരുന്ന ബണ്ടുകൾ മുഴുവനും നശിക്കപ്പെടുകയും ചെയ്തു. ഇതിന്റെ ഫലമായി ജലവിതാനത്തിൽ വലിയ താഴ്ചവന്നിട്ടുണ്ട്.

ഇവിടെ ധാരാളം നീരുറവകൾ കണ്ടിരുന്നു. ഈ നീരുറവകൾ ഭൂരിഭാഗവും ഇന്നു വറ്റിപ്പോയ സ്ഥിതിയിലാണ്. അവശേഷിക്കുന്ന നീരുറവകൾ സംരക്ഷിക്കാനും ജലസ്രോതസ്സുകളെ ഫലപ്രദമായി ഉപയോഗിക്കുവാനുമുള്ള നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു. വറ്റിപ്പോയ നീരുറവകൾ തെളിച്ചെടുക്കാൻ കഴിയുന്നവ ഏതൊക്കെയെന്ന് കണ്ടെത്തുകയും അവ ഉപയോഗ്യമാക്കുകയും വേണം.

പട്ടിക 1

കിണറുകൾ

പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ	
വറ്റാത്തത്	വറ്റുന്നത്	വറ്റാത്തത്	വറ്റുന്നത്
42	54	1300	2500

പട്ടിക 2

K.W.A പദ്ധതികൾ–2

	കി.മീ.	പൊതു ടാപ്പ്	ഹൗസ് കണക്ഷൻ
മുട്ടയ്ക്കാവ്	28Km.	123	267
പള്ളിമൺ	15 Km.	75	47

പട്ടിക–3

കുഴൽക്കിണറുകൾ

ക്രമ നമ്പർ	വാർഡും സ്ഥലവും
1	II വേലമ്പറമ്പ്
2	IV മുടവാരം
3	XI കൊട്ടുപാറ
4	XI പാലമുക്ക്
5	XII ചാമവിളമുക്ക്
6	XIV പുലിയില പള്ളിമുക്ക്
7	XV സംഘംമുക്ക്
8	XV പൊയ്കവിളമുക്ക്

കുടിവള്ളം

പട്ടിക 4

വാർഡ്	ജലക്ഷാമപ്രദേശങ്ങൾ	ഗ്രാമസഭാനിർദ്ദേശങ്ങൾ
1. പഴങ്ങാലം വെസ്റ്റ്	ഈച്ചാടിമുക്ക്, U.P.S. ജംഗ്ഷൻ പരിസരം, പള്ളിമുക്കും പരിസരവും	ആറ്റൈക്കോണത്തെ ജലസ്രോതസ് പ്രയോജനപ്പെടുത്താം പള്ളിമുക്കിൽ കുഴൽകിണർ കുഴിച്ച് മോട്ടോർ സ്ഥാപിക്കണം.
2. പഴങ്ങാലം ഈസ്റ്റ്	വേലമ്പറമ്പ്, ആറ്റൈക്കോണം, ഉണ്ണിയേശു കോളനി, രാജീവ് ഗാന്ധി കോളനി, ജയന്തി കോളനി, കുന്നുവിള കോളനി	വേലപ്പറമ്പിലെ കുഴൽകിണർ പുനരുദ്ധരിക്കുക. ആറ്റൈക്കോണം ഭാഗത്തെ ജലസ്രോതസ് പ്രയോജനപ്പെടുത്താം. കോളനിപ്രദേശത്തെ പൊതുകിണറുകൾ ആഴം കൂട്ടുക, കുഴൽ കിണർ സ്ഥാപിച്ച് മോട്ടോർ പമ്പിംഗ് നടത്തി ടാപ്പ് വഴി ജലവിതരണം നടത്തുക. പഴങ്ങാലം ഏലായിലെ കിണർ കുഴിക്കാൻ മാറ്റിവച്ച സ്ഥലത്ത് കിണർ കുഴിക്കുക.
3. നല്ലില	നല്ലില ജംഗ്ഷൻ, ESI ജംഗ്ഷൻ ബംഗ്ലത്തുകുഴി, വടക്കേപ്പള്ളി U.P.S, കല്ലുവിളപ്പള്ളി, എള്ളുവിള	നല്ലില ഏലായോടു ചേർന്നുള്ള പൊതുകിണർ പരിഷ്കരിക്കുക. ട്രാൻസ്ഫോർമർ ജംഗ്ഷനിൽ കുഴൽകിണർ കുഴിക്കുക.
4. നെടുമ്പന നോർത്ത്	കാട്ടൂർ മേലേഭാഗം, മുതിരവിളഭാഗം ഇടപ്പനയം, കളയ്ക്കൽ, പുന്നൂർ	പഴവൂക്കോണം ആയുർവേദാശുപത്രി, ചെറുകിട ജലസേചനപദ്ധതി, KWA മുട്ടയ്ക്കാവ് പദ്ധതി, എക്സ്റ്റെൻഷൻ നടത്തുക
5. നെടുമ്പന മിഡിൽ	വാർഡുപ്രദേശം മുഴുവൻ	മുട്ടയ്ക്കാവ് KWA പദ്ധതിവഴിയുള്ള ജലവിതരണം മെച്ചപ്പെടുത്തുക, 1000 മീറ്റർ ലൈൻ നീട്ടണം. കനകക്കുന്നിലും പോങ്ങറക്കുന്നിലും കുഴൽകിണർ.
6. നെടുമ്പന സൗത്ത്	പുത്തൻകടമുക്കിനു വടക്കുഭാഗം മണ്ണാംവിളഭാഗം, വള്ളിക്കു വടക്ക്	പൈപ്പ്ലൈനിന്റെ പോരായ്മകൾ പരിഹരിക്കണം. മുട്ടയ്ക്കാവ് KWA പദ്ധതിക്ക് ഒരു വാട്ടർടാങ്ക്കൂടി നിർമ്മിക്കണം, ഫിൽൽട്രേഷൻ സംവിധാനം മെച്ചപ്പെടുത്തണം, പള്ളിമൺ KWA പദ്ധതിയിൽനിന്നും കുളപ്പാടത്തേയ്ക്കു കണക്ഷൻ കൊടുക്കണം.
7. മുട്ടക്കാവ് നോർത്ത്	നവജീവൻ ജംഗ്ഷൻ, കളപ്പാടം ജംഷ്ഷനു തെക്കുഭാഗം, പുത്തൻകടമുക്കിന് തെക്കുഭാഗം	1000 മീറ്റർ പൈപ്പ്ലൈൻ നീട്ടണം, മുടീച്ചിറ, വലിയവിള കോളനി, എന്നിവിടങ്ങളിൽ പൊതുകിണർ, പൈപ്പ് ലൈനിലൂടെയുള്ള ജലവിതരണം കാര്യക്ഷമാക്കണം, മുട്ടയ്ക്കാവ് KWA പദ്ധതിക്ക് പുതിയ ടാങ്ക് നിർമ്മിക്കണം.
8. മുളയ്ക്കാവ് സൗത്ത്	മുളവറക്കുന്ന്, കോട്ടേക്കുന്ന് വേളാർ കോളനി	മുളവറക്കുന്ന്, കോട്ടേക്കുന്ന് എന്നിവിടങ്ങളിൽ കുഴൽകിണർ, വേളാർ കോളനിയിൽ പൊതുകിണർ പൈപ്പ്ലൈൻ 1000 മീറ്റർ നീട്ടണം.
9. കുണ്ടുമൺ	ലക്ഷംവീടുകോളനി, കാട്ടുവിള ഹരിജൻ കോളനി, വെളിച്ചിക്കാല	കട്ടച്ചൽ പദ്ധതിയിൽനിന്നും നിലവിലുള്ള ലൈൻവഴി ജലവിതരണം നടത്തുക, ലൈൻ എക്സ്റ്റെൻഷൻ നടത്തുക, ലക്ഷംവീടു കോളനിക്ക് സമീപം ആറ്റിൽ കിണർ കുഴിച്ച് മിനിപദ്ധതി.

10. മിയ്യണ്ണൂർ വെസ്റ്റ്	TB ആശുപത്രിക്ക് പടിഞ്ഞാറുവശം ഇലവുംമൂട്, TB ജംഗ്ഷൻ, ഉഗ്രൻകുന്ന്, ശാന്തിപുരം, ശാസ്താംപൊയ്ക, കാഞ്ഞിരത്തിങ്കൽ	നിലങ്ങൾ ആഴത്തിൽ കുഴിക്കുന്നത് അവസാനിപ്പിക്കുക, പ്ലാച്ചിപൊയ്കയിൽ കിണർ കുഴിച്ച് അടുത്തുള്ള ഉയർന്ന പ്രദേശത്ത് ടാപ്പ് കെട്ടി ചെറുകിട പദ്ധതി, KWA പള്ളിമൺ പദ്ധതിയുടെ ശേഷി വർദ്ധിപ്പിക്കുക, കട്ടച്ചൽ വാട്ടർ സപ്ലൈസ്കീമിൽ നിന്ന് ലൈൻ നീട്ടുക, വേനൽകാലത്ത് കല്ലട പദ്ധതിയുടെ കനാലുകളിൽ വെള്ളം തുറന്നുവിടുക, TB ജൂംഷ്ഷൻ, ഇലവുംമൂട്, ശാന്തിപുരം കുഴൽകിണർ.
11. മിയ്യണ്ണൂർ ഈസ്റ്റ്	ഹൗസ് സൈറ്റ് കോളനി, കണ്ണങ്കര കുന്ന്, തെക്കടത്തുഭാഗം, പാലമുക്ക് കുഴൽകിണർ ഉപയോഗയോഗ്യമല്ല വഞ്ചിമുക്ക് തൊറ്റുപാറ	ഹൗസ്സൈറ്റ് കോളനിയിൽ കുഴൽകിണർ കുഴിക്കണം. പള്ളിമൺ പദ്ധതി പ്രയോജനപ്പെടുത്താം. തെക്കടത്തുഭാഗത്ത് പൊതുകിണർ പാലമുക്ക്, കൊട്ടുപാറ കുഴൽ കിണറുകൾ നന്നാക്കുക.
12. പള്ളിമൺ നോർത്ത്	വാർഡ് പ്രദേശം	KWA പള്ളിമൺ പദ്ധതി വഴി വാർഡിൽ മുഴുവൻ ജലമെത്തിക്കുക, വട്ടവിള സെറ്റിൽമെന്റ് കോളനിയിലും ഹരിജൻ കോളനിയിലുമുള്ള പൊതുകിണറുകൾ ആഴം കൂട്ടുക, അഭിലാഷ് സെറ്റിൽമെന്റ് കോളനിയിൽ പൊതുകിണർ കുഴിക്കുക.
13. പള്ളിമൺ	പള്ളിമൺ തെക്കേഭാഗം	പള്ളിമൺ പദ്ധതിയിൽനിന്നും വെള്ളമെത്തിക്കുക. കൊക്കോട്ട് ചിറ കേന്ദ്രീകരിച്ച് മിനിപദ്ധതി. പൊതുകിണർ കുഴിക്കുക.
14. പുലിയില ഈസ്റ്റ്	വട്ടവിള പടിഞ്ഞാറ്, അഭിലാഷ് മുക്കിന് പടിഞ്ഞാറ്, ഭഗവാൻ മുക്ക്, കൊക്കോട്, പാലനിരപ്പ്, പൊയ്കവിളമുക്ക്	പള്ളിമൺ പദ്ധതിയിൽനിന്നും വെള്ളമെത്തിക്കുക. കൊക്കോട്ട് ചിറ കേന്ദ്രീകരിച്ച് മിനിപദ്ധതി പൊതുകിണറുകൾ കുഴിക്കുക.
15. പുലിയില വെസ്റ്റ്	ത്രിവേണി മുക്ക്, ലക്ഷംവീട് കോളനി, സംഘക്കടമുക്കിന് കിഴക്കുഭാഗം സംഘക്കടമുക്കിനു വടക്കുഭാഗം, മണ്ടയ്ക്കാട്ടുക്ഷേത്രം കൊട്ടയ്ക്കാട്ടുവിളമുക്ക്, കൈരളി ജൂംഗ്ഷൻ.	പള്ളിമൺ പദ്ധതി പ്രയോജനപ്പെടുത്താം പൊതുകിണറുകൾ ആഴംകൂട്ടുക, കൂവറക്കുളം മിനിപദ്ധതി, ലക്ഷംവീടു കോളനിയിൽ കുഴൽകിണർ.

പഞ്ചായത്തിലെ പതിനഞ്ച് ഗ്രാമസഭകളിലുംകൂടി കുടിവെള്ളക്ഷാമത്തിന്റെ പ്രശ്നങ്ങളും, പരിഹാരനിർദ്ദേശങ്ങളും വന്നിട്ടുണ്ട്. പുതിയ പൊതു കിണറുകളും, കുഴൽകിണറുകളും, ചെറുകിട ജലവിതരണപദ്ധതികളും, കേരള വാട്ടർ അതോറിറ്റിയുടെ നിലവിലുള്ള പദ്ധതികളുടെ പൈപ്പുലൈൻനീട്ടലും പൊതുവേ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

K.W.A പദ്ധതികൾ

1. **മുട്ടയ്ക്കാവ് ജലവിതരണപദ്ധതി** 1979-ൽ ആരംഭിച്ച ഈ പദ്ധതിക്ക് 40000 ലിറ്റർ കപ്പാസിറ്റിയുള്ള ടാങ്കും, എട്ട് കിലോമീറ്റർ പൈപ്പുലൈനും ടാപ്പുമാണ് ഉണ്ടായിരുന്നത്. ഇപ്പോൾ 21 കിലോമീറ്റർ ദൈർഘ്യത്തിൽ പൈപ്പുലൈനും 143 ടാപ്പും 267 വീടുകൾക്ക് കണക്ഷനുമുണ്ട്. 5, 6, 7, 8 വാർഡുകളും 4-ാം വാർഡിന്റെപടിഞ്ഞാറ് പുത്തൻചന്ത ഭാഗവും, 13-ാം വാർഡിലെ മജിസ്ട്രേട്ട് മുക്ക്, ചാലക്കര പ്രദേശങ്ങളും ഈ പദ്ധതിയുടെ വിതരണശൃംഖലയിൽ വരുന്നു.

ശേഷിയുടെ ഇരട്ടി വിതരണശൃംഖലയുള്ളതുകൊണ്ട് പല മേഖലകളിലും ജലം എത്തുന്നില്ല. പമ്പുഹൗസിൽ രണ്ട് മോട്ടറുകൾ ഉണ്ടെങ്കിലും ഒന്നുമാത്രമാണ് പ്രവർത്തിക്കുന്നത്. വോൾട്ടേജ്ക്ഷാമം പലപ്പോഴും പമ്പിംഗിന് തടസ്സമാണ്. രാത്രി വൈകിമാത്രമാണ് പമ്പിംഗ് നടത്താറുള്ളത്. പമ്പിംഗ് ലൈനിൽനിന്ന് ചെറിയതോതിൽ വിതരണവും നടത്തുന്നതുമൂലം ഈ ലൈനിലെ ടാപ്പുകൾ പൊട്ടുകയും ടാങ്കിൽ ആവശ്യത്തിന് വെള്ളമെത്താതിരിക്കുകയും ചെയ്യുന്നു. ഫിൽട്ടറേഷൻ സംവിധാനം ഫലപ്രദമല്ലാത്തതിനാൽ കലക്കവെള്ളമാണ് പൈപ്പിലൂടെ ലഭിക്കുന്നത്. സപ്ളൈ ലൈൻ പൊട്ടി ഒഴുകുന്നതുമൂലം വൻതോതിൽ ജലനഷ്ടം ഉണ്ടാവുന്നു. ടാപ്പുകൾ പലതും പൊട്ടിപ്പൊളിഞ്ഞുകിടക്കുകയാണ്. കൃത്യമായി അറ്റകുറ്റപ്പണികൾ നടക്കുന്നില്ല.

★ പമ്പുഹൗസിലേക്ക് പ്രത്യേക ലൈൻ വലിച്ച് വോൾട്ടേജ്ക്ഷാമം പരിഹരിക്കണം.
★ രണ്ട് മോട്ടറുകളും പ്രവർത്തിപ്പിച്ച് മൂന്ന് ഷിഫ്റ്റ് പമ്പിംഗ് നടത്തണം.
★ പമ്പിംഗിന് സമയക്ലിപ്തത ഉണ്ടാവണം.
★ ഫിൽട്ടറേഷൻ സംവിധാനം മെച്ചപ്പെടുത്തണം.
★ 50000 ലിറ്റർ ശേഷിയുള്ള ഒരു ടാങ്കുകൂടി സ്ഥാപിക്കുക.
★ പൈപ്പുലൈനും, ടാപ്പുകളും കൃത്യമായി അറ്റകുറ്റപ്പണികൾ നടത്തണം.
★ ജല ദുർവ്യയം ഒഴിവാക്കണം.
★ പമ്പിംഗ് ലൈനിൽനിന്നുള്ള വിതരണം പൂർണ്ണമായി അവസാനിപ്പിക്കുക.
★ 5, 6, 7, 8 എന്നീ വാർഡുകളിലും 4-ാം വാർഡിന്റെ പടിഞ്ഞാറ് കാട്ടൂർ, ഇടപ്പനയം ഭാഗങ്ങളിലുമായി പത്ത് കിലോമീറ്റർ പൈപ്പ് ലൈൻ നീട്ടുക.

2. പള്ളിമൺ ജലവിതരണപദ്ധതി

-ൽ പദ്ധതി ആരംഭിച്ചു. പള്ളിമൺ ആറ്റിൽ പാലത്തിന് സമീപമുള്ള കിണറിൽനിന്നാണ് വെള്ളം പമ്പുചെയ്യുന്നത്. നിലവിൽ സംഭരണിയില്ലാത്തതിനാൽ നേരിട്ടുള്ള പമ്പിംഗാണ് നടക്കുന്നത്. അതുകൊണ്ട് പൈപ്പുലൈൻ പൊട്ടിയൊലിക്കുന്നു.

10-ാം വാർഡിൽ പള്ളിമൺ കിഴക്ക്, മലയവയൽ 11-ാം വാർഡിൽ പാലമുക്ക് 13-ാം വാർഡിൽ പള്ളിമൺ പ്രദേശങ്ങളിലും ഈ പദ്ധതിവഴി ജലവിതരണം നടക്കുന്നു. 4-ാം വാർഡിൽ പുന്നൂർ, മുടവാരം, 3-ാം വാർഡിൽ പണിക്കോട് 12-ാം വാർഡിന്റെ തെക്ക് ഭാഗം 14-ാം വാർഡിന്റെ തെക്കുഭാഗം, 15-ാം വാർഡിന്റെ തെക്കുഭാഗം എന്നിവിടങ്ങളിൽ പൈപ്പുലൈൻ ഇട്ടിട്ടുണ്ട്.

★ ഈ പദ്ധതിക്ക് പള്ളിമൺ കിഴക്കേക്കരയിൽ ഓവർ ഹെഡ് ടാങ്ക് സ്ഥാപിക്കണം.
★ 20 കിലോമീറ്റർ പൈപ്പ്ലൈൻ നീട്ടി 12, 13, 15 വാർഡുകളിൽ പൂർണ്ണമായും 4, 10, 11, 14, 9 വാർഡുകളിൽ ഭാഗികമായും ജലമെത്തിക്കാം.

കേരള വാട്ടർ അതോറിറ്റിയുടെ കട്ടച്ചൽ ജലവിതരണപദ്ധതിയിൽനിന്ന് കുണ്ടുമൺ, വെളിച്ചിക്കാല പ്രദേശത്ത് പൈപ്പ്ലൈൻ വന്നിട്ടുണ്ട്. നിലവിലുള്ള കറുത്ത പൈപ്പുലൈൻമാറ്റി P.V.C പൈപ്പിട്ട് ജലവിതരണം ആരംഭിക്കണം. അഞ്ച് കിലോമീറ്റർ പൈപ്പ്ലൈൻ നീട്ടി കുണ്ടുമൺ കാട്ടുവിള, വെളിച്ചിക്കാല ലക്ഷംവീട്കോളനി 10-ാം വാർഡിലെ ഉഗ്രൻകുന്ന്, ശാസ്താംപൊയ്ക, ഇലവുംമൂട് ഭാഗങ്ങളിൽ വെള്ളമെത്തിക്കാം.

നിലവിലുള്ള കുഴൽകിണറുകൾ മിക്കതും ഉപയോഗയോഗ്യമല്ല. ജി.ഐ പൈപ്പ്മാറ്റി P.V.C പൈപ്പ് ഇട്ടാൽ പ്രശ്നം പരിഹരിക്കാവുന്നതാണ്. ഹാൻഡ് പമ്പിംഗ് ഒഴിവാക്കി മോട്ടോർ പമ്പിംഗ് ഏർപ്പെടുത്തി ഓരോ കുഴൽകിണറിനും പതിനഞ്ച് ടാപ്പുകൾവീതം സ്ഥാപിച്ചാൽ ഈ പ്രദേശങ്ങളിൽ ജലവിതരണം കാര്യക്ഷമമാക്കാം.

ശരിയായ സർവ്വേനടത്തി കോളനിപ്രദേശങ്ങളിലും ഉയർന്ന പ്രദേശങ്ങളിലും P.V.C പൈപ്പ് ഉപയോഗിച്ചുള്ള കുഴൽകിണറുകൾ സ്ഥാപിക്കണം.

ചെറുകിട പദ്ധതികൾ

ജലവിതരണത്തിന് വൻകിട പദ്ധതികളെക്കാൾ ചെറുകിട പദ്ധതികളാണ് നമുക്ക് പ്രായോഗികം.

★ ആറേക്കോണം, പറക്കാണിഭാഗം എന്നിവിടങ്ങളിലെ ജലസ്രോതസ്സ് ഉപയോഗിച്ച് 1, 2, 3 വാർഡുകൾക്ക് പ്രയോജനപ്പെടുന്നതരത്തിൽ പദ്ധതി ആരംഭിക്കുക.

★ K.W.A കൊറ്റങ്കര, കരീപ്ര സ്കീമുകളിൽനിന്ന് പൈപ്പുലൈൻ നീട്ടി ഒന്നും രണ്ടും വാർഡുകളിൽ ജലം എത്തിക്കണം.

★ നല്ലിലാ വാർഡിലെ പെരുവഴിക്കാട് ഏലായിലുള്ള ജല സ്രോതസ്സ് പ്രയോജനപ്പെടുത്തി 3, 15 വാർഡിലേയും 4-ാം വാർഡിന്റെ കിഴക്കൻമേഖലയിലും 14-ാം വാർഡിന്റെ വടക്കുഭാഗത്തേയും കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പദ്ധതി നടപ്പിലാക്കാം.

★ പത്താം വാർഡിലെ പ്ലാച്ചിപ്പൊയ്ക കേന്ദ്രീകരിച്ച് പദ്ധതി നടപ്പിലാക്കിയാൽ 10, 11 വാർഡുകളിലെ ഉയർന്ന പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം.

★ പതിനാലാം വാർഡിലെ കൊക്കോട്ചിറ പ്രയോജനപ്പെടുത്തി മിനി വാട്ടർ സപ്ലൈ സ്കീം ആരംഭിക്കണം.

കുടിവെള്ളപദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും പഞ്ചായത്തിന് ഇപ്പോൾ പരിമിതികൾ ഉണ്ട്. വാട്ടർ അതോറിറ്റിയുടെ അധികാരങ്ങൾ വികേന്ദ്രീകരിച്ച് ഗ്രാമ-ജില്ലാ പഞ്ചായത്തുകളെ ഏൽപ്പിച്ചാൽ നടത്തിപ്പിൽ കാര്യക്ഷമമായ പങ്കുവഹിക്കാൻ കഴിയും.

ജലവിതരണപദ്ധതികളെ മാത്രം ആശ്രയിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കുവാൻ സാദ്ധ്യമല്ല. പ്രദേശത്തിന്റെ പ്രത്യേകത കണക്കിലെടുത്താൽ കിണറുകളെതന്നെയാണ് പ്രധാനമായും ആശ്രയിക്കേണ്ടിവരുക. ഭൂഗർഭ ജലവിതാനം താഴ്ന്നുപോയതിനാൽ നമ്മുടെ കിണറുകളിൽ ഭൂരിപക്ഷവും വേനൽക്കാലത്ത് വറ്റിപ്പോകുന്നു. മിക്കവാറും പ്രദേശങ്ങളിലും കിണറുകളുടെ തൊടി ഇടിഞ്ഞുപോകുന്ന സ്ഥിതിയുണ്ട്.

ഭൂഗർഭജലം സംരക്ഷിക്കാതെ പദ്ധതികൾ ആവിഷ്കരിക്കുന്നതുകൊണ്ട് പ്രയോജനമില്ല.

★ മഴവെള്ളം പുരയിടങ്ങളിൽ താഴാൻ അനുവദിക്കുക.

★ തോടുകളിൽ ഉയരംകുറഞ്ഞ തടയണകൾ നിർമ്മിച്ച് ഒഴുക്ക് നിയന്ത്രിക്കുക.

★ ഭൂ വിനിയോഗം ശാസ്ത്രീയമാക്കുക.

★ കാവുകളും, കുറ്റിക്കാടുകളും സംരക്ഷിക്കുക.

★ ജലദുർവ്യയം തടയുക.

★ കൃഷിവകുപ്പും മണ്ണുസംരക്ഷണവകുപ്പും ചേർന്ന് നടപ്പിലാക്കുന്ന വാട്ടർഷെഡ് പദ്ധതി ഉപയോഗപ്പെടുത്തുക.

★ ജലസമിതികൾ രൂപീകരിച്ച് ആവശ്യമായ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും, പദ്ധതി നടത്തിപ്പിനും, സംരക്ഷണത്തിനും സന്നദ്ധസേവനം പ്രയോജനപ്പെടുത്തുകയും ചെയ്യുക.

പൊതുജനാരോഗ്യം

ആരോഗ്യദൃഢഗാത്രരും, അദ്ധ്വാനശീലരുമായിരുന്നു നമ്മുടെ പൂർവ്വികർ. പ്രകൃതിദത്തമായ ആഹാരവും,ശുദ്ധമായ ജലവും, വായുവും അന്ന് ലഭ്യമായിരുന്നു.

ജനസംഖ്യാവർദ്ധനവ്, ആഹാരരീതിയിലുണ്ടായ മാറ്റം, വാഹനങ്ങളുടെ അമിതമായ ഉപയോഗം, വ്യവസായശാലകളിൽനിന്നുള്ള മാലിന്യം, ശുചിത്വമില്ലായ്മ, ശാസ്ത്രസാങ്കേതികവിദ്യകളുടെ ദുരുപയോഗം തുടങ്ങിയവ മനുഷ്യന്റെ ആരോഗ്യത്തെ കാർന്നുതിന്നാൻ തുടങ്ങി.

ഭാരതത്തിന്റെ തനതായ ആയൂർവ്വേദ പാരമ്പര്യ ചികിത്സാരീതികൾക്ക് നമ്മുടെ പൂർവ്വികർ രൂപംകൊടുത്തിരുന്നു. ഈ രീതികൾ ഇപ്പോഴും നാം ഉപയോഗപ്പെടുത്തുന്നു. മുട്ടക്കാവ് തെക്കേവീട്ടിൽ വൈദ്യന്മാർ തുടങ്ങി പ്രസിദ്ധരായ ആയൂർവ്വേദ ഭിഷഗ്വരന്മാർ നമ്മുടെ പഞ്ചായത്തിൽ ജീവിച്ചിരുന്നു.

അന്ധവിശ്വാസവുമായി ബന്ധപ്പെട്ട ചികിത്സാരീതികളും നിലനിന്നിരുന്നത് ഇപ്പോഴും ചിലയിടങ്ങളിൽ തുടരുന്നുണ്ട്.

ശാസ്ത്രസാങ്കേതിക പരിജ്ഞാനത്തിന്റെ കടന്നുവരവോടുകൂടി നമ്മുടെ പഞ്ചായത്തിലും ആധുനിക ചികിത്സാസമ്പ്രദായങ്ങൾ ആരംഭിച്ചു.

60-കളിൽ പ്രവർത്തനമാരംഭിച്ച നെടുമ്പന ഗവൺമെന്റ് ആശുപത്രിയാണ് നമ്മുടെ പഞ്ചായത്തിലെ ആധുനിക ചികിത്സാരംഗത്തെ ആദ്യ പൊതുസ്ഥാപനം. നെടുമ്പന ആയൂർവ്വേദ ആശുപത്രി, നല്ലില E.S.I ഡിസ്പെൻസറി, കുടുംബക്ഷേമ കേന്ദ്രങ്ങൾ, പള്ളിമൺ ഹോമിയോ ആശുപത്രി എന്നിവ ചികിത്സാരംഗത്തെ പൊതുസ്ഥാപനങ്ങളാണ്. സ്വകാര്യമേഖലയിൽ പരിമിതമായ സൗകര്യങ്ങൾമാത്രമുള്ള ആശുപത്രികളും പ്രവർത്തിക്കുന്നു. ഭൂമിശാസ്ത്രപരമായ പ്രശ്നങ്ങളും, ഗതാഗതസൗകര്യമില്ലായ്മയും സർവ്വോപരി നിലവിലുള്ള ആരോഗ്യകേന്ദ്രങ്ങളുടെ പരിമിതിയും രോഗികൾ മറ്റുപ്രദേശത്തുള്ള ആശുപത്രികളെ സമീപിക്കാൻ കാരണമാകുന്നു. വിദഗ്ദ്ധ ചികിത്സക്കായി 20 കിലോമീറ്റർ സഞ്ചരിക്കേണ്ടിവരുന്നു.

പൊതുജനാരോഗ്യം

പട്ടിക-1

വാർഡ്	പൊതു ആരോഗ്യകേന്ദ്രം	ജീവനക്കാരുടെ എണ്ണം	സ്വകാര്യ ആരോഗ്യകേന്ദ്രം
1 പഴങ്ങാലം വെസ്റ്റ്	കുടുംബക്ഷേമ കേന്ദ്രം	1	ഇല്ല
2 പഴങ്ങാലം ഈസ്റ്റ്	ഇല്ല	–	ഇല്ല
3 നല്ലില	കുടുംബക്ഷേമകേന്ദ്രം ഇ.എസ്.ഐ ആശുപത്രി	1	P.N. ആശുപത്രി സായികൃപ ഹോമിയോ ആമ്പാടി ആയുർവേദം
4 നെടുമ്പന നോർത്ത്	ആയുർവ്വേദ ആശുപത്രി കുടുംബക്ഷേമ കേന്ദ്രം	8	ഇല്ല
5 നെടുമ്പന മിഡിൽ	ഇല്ല	–	ഇല്ല
6 നെടുമ്പന സൗത്ത്	കുടുംബക്ഷേമകേന്ദ്രം	1	ഇല്ല
7 മുട്ടയ്ക്കാവ് നോർത്ത്	ഇല്ല	–	രാഹുൽ ആശുപത്രി
8 മുട്ടയ്ക്കാവ് സൗത്ത്	ഇല്ല	–	ഹോമിയോ ക്ലനിക്
9 കുണ്ടുമൺ	കുടുംബക്ഷേമകേന്ദ്രം	1	ഇല്ല
10 മിയ്യണ്ണൂർ വെസ്റ്റ്	നെടുമ്പന ഗവ: ആശുപത്രി	39	ഇല്ല
11 മിയ്യണ്ണൂർ ഈസ്റ്റ്	കുടുംബക്ഷേമകേന്ദ്രം	–	ഉണ്ട്
12 പള്ളിമൺ നോർത്ത്	കുടുംബക്ഷേമകേന്ദ്രം	1	രഞ്ജിനി ആയുർവ്വേദ ക്ലനിക്ക്
13 പള്ളിമൺ സൗത്ത്	ഗവ: ഹോമിയോ ആശുപത്രി	3	കെ.ബി.എം. ആശുപത്രി കണക്കാരത്ത് ആശുപത്രി
14 പുലിയില ഈസ്റ്റ്	ഇല്ല	–	ഇല്ല
15 പുലിയില വെസ്റ്റ്	ഇല്ല	–	ഇല്ല

ആരോഗ്യരംഗത്ത് ഗുണപരമായ മാറ്റം ആവശ്യമാണ്. ഗ്രാമസഭകളിൽനിന്ന് ഒട്ടേറെ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും ഉയർന്നുവന്നിട്ടുണ്ട്. ഇത് പരിശോധിച്ച് പഞ്ചായത്തുതലത്തിൽ സമഗ്രമായ ആരോഗ്യപരിപാലന പരിപാടിക്ക് രൂപംകൊടുക്കണം.

പോഷകാഹാരക്കുറവ്, ജലജന്യരോഗങ്ങൾ, വായുജന്യരോഗങ്ങൾ, പ്രാണിജന്യരോഗങ്ങൾ, ദന്തരോഗം, ത്വക്രോഗം, ക്യാൻസർ, പ്രമേഹം, ചിക്കൻപോക്സ്, ചെങ്കണ്ണ്, ചൊറി തുടങ്ങിയവ പൊതുവേ നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്നു.

1995-96-ൽ 7704 ത്വക്രോഗങ്ങളും, 3608 വാതരോഗങ്ങളും 128 പകർച്ചവ്യാധികളും, 102 വിഷചികിത്സയും, 19332 മറ്റുള്ള രോഗങ്ങളും സംബന്ധിച്ച വിവരങ്ങൾ P.H. സെന്റർ, നെടുമ്പന ആയുർവ്വേദ ആശുപത്രി, നെടുമ്പന ഗവൺമെന്റ് ആശുപത്രി എന്നിവിടങ്ങളിൽനിന്ന് ലഭിച്ചു. നമ്മുടെ പഞ്ചായത്തിൽനിന്ന് മറ്റുപ്രദേശങ്ങളിൽപ്പോയി ചികിത്സനടത്തുന്നതിന്റെ വിവരം ലഭ്യമല്ല.

'95-96-ൽ 340 ജനനവും 63 മരണവും P.H. സെന്റർ റിപ്പോർട്ടുചെയ്തിട്ടുണ്ട്.

കുടുംബക്ഷേമകേന്ദ്രങ്ങൾ

ഏഴ് കുടുംബക്ഷേമ കേന്ദ്രങ്ങൾ കലയ്ക്കോട് P.H. സെന്ററിന്റെ മേൽനോട്ടത്തിൽ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു.

★ ഈ കേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമല്ല.

★ ആരോഗ്യപ്രവർത്തകരുടെ സേവനം എല്ലാ പ്രദേശത്തും ഫലപ്രദമായി ലഭിക്കുന്നില്ല.

★ പഞ്ചായത്തിന്റെ ഭൂപ്രകൃതിപരമായ വൈവിദ്ധ്യവും, ഗതാഗതസൗകര്യമില്ലായ്മയുംമൂലം എട്ടുവാർഡുകളിൽകൂടി കുടുംബക്ഷേമകേന്ദ്രങ്ങൾ ആരംഭിക്കണം.

★ കുടുംബക്ഷേമകേന്ദ്രങ്ങളിൽ ആഴ്ചയിൽ രണ്ടുദിവസം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുകയും, രോഗികൾക്ക് പ്രയോജനംചെയ്യുന്നരീതിയിൽ പ്രവർത്തനം ക്രമീകരിക്കുകയും വേണം.

★ നെടുമ്പന, മീയ്യണ്ണൂർ, കുണ്ടുമൺ എന്നീ കേന്ദ്രങ്ങൾക്ക് കെട്ടിടം നിർമ്മിക്കണം.

★ ആരോഗ്യപ്രവർത്തകരുടെ പ്രവർത്തനമേഖല സൗകര്യപ്രദമായി നിർണ്ണയംചെയ്യണം.

★ നിലവിലുള്ളതും സ്ഥാപിക്കുന്നതുമായ കുടുംബക്ഷേമകേന്ദ്രങ്ങൾ ഏകോപിപ്പിച്ചു പ്രവർത്തിക്കുന്നതിന് ഒരു മിനി P.H. സെന്റർ സ്ഥാപിക്കുക (പുലിയിലാ വാർഡിൽനിന്ന് ആരോഗ്യവകുപ്പിന് കൈമാറിയിട്ടുള്ള കൂവറക്കാവ് പ്രയോജനപ്പെടുത്തുക).

നെടുമ്പന ഗവൺമെന്റാശുപത്രി

പഞ്ചായത്തിലെ പ്രധാനപ്പെട്ട ആശുപത്രിയാണിത്. 75 കിടക്കകളുള്ള ആശുപത്രിക്ക് മൂന്ന് ഡോക്ടർമാർ നിലവിലുണ്ട്. ഡോക്ടർമാരുടെ സേവനം പൂർണ്ണമായി ലഭിക്കുന്നില്ല. ആശുപത്രിയുടെ പ്രവർത്തനവും പൂർണ്ണസമയവും ലഭ്യമല്ല. മെഡിക്കൽ ലബോറട്ടറി, ഇ.സി.ജി. എക്സ് റേ സൗകര്യങ്ങൾ ഇല്ല. മൈനർ സർജ്ജിക്കൽ എക്യൂപ്മെന്റും ആംബുലൻസും ഇല്ല. നിലവിലുള്ള കിടക്കകൾ ഉപയോഗ്യമല്ല. ജലവിതരണസംവിധാനം പ്രവർത്തനക്ഷമമല്ല. ഗതാഗതസൗകര്യമില്ല.

★ ഈ ആശുപത്രി താലൂക്കാശുപത്രിയുടെ ഗ്രേഡിലേക്ക് ഉയർത്തുക.

★ ഇ.എൻ.ടി, ഗൈനോക്കോളജി തുടങ്ങിയ സ്പെഷ്യലൈസ്ഡ് വിംഗ് ആരംഭിക്കുക.

★ മെച്ചപ്പെട്ട സേവനം ഉറപ്പുവരുത്തുക.

★ ആംബുലൻസ് വാങ്ങുക. നിലവിലുള്ള മോർച്ചറിക്കെട്ടിടം പ്രവർത്തനയോഗ്യമാക്കുക.

★ നിലവിലുള്ള കിണറിന്റെ ആഴം വർദ്ധിപ്പിച്ചും, മോട്ടറിന്റെ H.P. വർദ്ധിപ്പിച്ചും, പൈപ്പ്ലൈനിന്റെ അറ്റകുറ്റപ്പണി നടത്തിയും ജലവിതരണസംവിധാനം മെച്ചപ്പെടുത്താം.

★ ചുറ്റുമതിൽകെട്ടി ആശുപത്രിയുടേയും ക്വാർട്ടേഴ്സിന്റേയും സംരക്ഷണം ഉറപ്പുവരുത്തുക.

★ ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

നെടുമ്പന ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി

ഒരു ഡോക്ടർ ഉൾപ്പെടെ എട്ട് ജീവനക്കാർ ഉണ്ട്. പത്തു രോഗികളെ കിടത്തിചികിത്സിക്കുന്നു. എന്നാൽ ഇതിനാവശ്യമായ സ്ഥലസൗകര്യമില്ല. വർഷങ്ങൾക്കുമുമ്പ് പണിതീർത്ത കെട്ടിടം ആശുപത്രിക്ക് കൈമാറിയിട്ടില്ല.

ആശുപത്രിക്കുവേണ്ടി പണിതീർത്തിട്ടുള്ള കെട്ടിടം കൈമാറി ആശുപത്രിയുടെ സ്ഥലപരിമിതി പരിഹരിക്കാം. ശുചീകരണസൗകര്യം മെച്ചപ്പെടുത്തുക. ആവശ്യമായ മരുന്നു

കൾ യഥാസമയം ലഭ്യമാക്കുക. സൺട്രി ആർട്ടിക്കിൾസ് ലഭ്യമാക്കുക. പമ്പുസെറ്റ് റിപ്പയർചെയ്ത് ജലക്ഷാമം പരിഹരിക്കുക. കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കുക. ആശുപത്രി കോമ്പൗണ്ട് മതിൽ കെട്ടിസംരക്ഷിക്കുക.

ഹോമിയോ ക്ലിനിക്, പള്ളിമൺ

സ്വന്തം കെട്ടിടമില്ല. നെയിം ബോർഡില്ല. ആവശ്യത്തിന് മരുന്നുകളും, ഫർണിച്ചറും, ഫ്രീഡ്ജുമില്ല. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമില്ല.

കെട്ടിടം നിർമ്മിക്കണം. ഫർണിച്ചറും, ഫ്രിഡ്ജും, മരുന്നുകളും എത്തിക്കണം. പ്രാഥമികാവശ്യങ്ങൾക്കുള്ള സൗകര്യമേർപ്പെടുത്തണം.

നെടുമ്പന E.S.I. ഡിസ്പെൻസറി, നല്ലില

പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കണം. ആവശ്യമായ മരുന്നുകൾ, ലബോറട്ടറി, എക്സ് റേ സൗകര്യങ്ങളും ഏർപ്പെടുത്തണം. തൊഴിലാളികളുടെ സൗകര്യാനുസൃതം പ്രവർത്തനസമയം ക്രമീകരിക്കണം.

സ്വകാര്യ ചികിത്സാകേന്ദ്രങ്ങൾ

നമ്മുടെ പഞ്ചായത്തിൽ വിദഗ്ദ്ധ ചികിത്സലഭിക്കുന്ന സ്വകാര്യ ആശുപത്രികളൊന്നുമില്ല. തീരെ പരിമിതമായ സൗകര്യങ്ങളോടുകൂടി ചില ആശുപത്രികൾ പ്രവർത്തിക്കുന്നു. സ്വകാര്യ ചികിത്സാകേന്ദ്രങ്ങൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ ആകണം. യോഗ്യതയുടെ അടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും, ചികിത്സാഫീസ് ഈടാക്കുന്നതിന് മാർഗ്ഗനിർദ്ദേശം കൊടുക്കുകയും വേണം. രസീതുസമ്പ്രദായം, ചികിത്സാഫീസ് ഏകീകരണം തുടങ്ങിയവ നടപ്പാക്കാം.

പൊതുമേഖലയിൽ ഒരു ആയുർവ്വേദാശുപത്രിയും, ഒരു ഹോമിയോ ക്ലനിക്കും, പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗത്ത് P.H. സെന്ററും നമ്മുടെ പഞ്ചായത്തിൽ ആരംഭിക്കണം.

പൊതു ആരോഗ്യകേന്ദ്രങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത മാറ്റിയെടുക്കേണ്ടതാണ്.

ചികിത്സിച്ച് ഭേദമാക്കുന്നതിനേക്കാൾ നല്ലത് രോഗം വരാതെ സൂക്ഷിക്കുക എന്ന ബോധം ജനങ്ങളിൽ വളർത്തിയെടുക്കാൻ സന്നദ്ധ സംഘടനകളുടെ സഹായം തേടാവുന്നതാണ്.

ആരോഗ്യപൂർണ്ണമായ സമൂഹം കെട്ടിപ്പടുക്കുന്നതിന് പരിസരശുചിത്വം അനിവാര്യമാണ്. ഇതിൽ കക്കൂസുകൾക്ക് പ്രധാന പങ്കാണുള്ളത്. നമ്മുടെ പഞ്ചായത്തിൽ 10517 വീടുകൾ ഉള്ളതിൽ 3056 കുടുംബങ്ങൾക്ക് കക്കൂസില്ല. ഇത് നമ്മുടെ ആരോഗ്യരംഗത്ത് പ്രതിസന്ധിസൃഷ്ടിക്കുന്നു. വിരശല്യം, വയറിളക്കം, മറ്റു ജലജന്യരോഗങ്ങൾ ഇവയുണ്ടാവാൻ കാരണമാകുന്നു. 1995-96-ൽ 921 ജലജന്യരോഗങ്ങൾ P.H. സെന്ററിൽമാത്രം റിപ്പോർട്ടുചെയ്തിട്ടുണ്ട്.

ഇവിടെ കക്കൂസ് നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്നത് സാമ്പത്തിക പരാധീനതയും, പരിസരശുചീകരണത്തെക്കുറിച്ച് വേണ്ടത്ര പോധമില്ലായ്മയും, ഉദാസീനതയുമാണ്.

കോളനി കേന്ദ്രീകരിച്ച് ശുചീകരണപ്രവർത്തനം കാര്യക്ഷമമാക്കണം. പഴങ്ങാലം ഈസ്റ്റിൽ ഫിഷർമെൻ കോളനിയടക്കം നാലു കോളനികളിലായി ഇരുനൂറോളം കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്നു. അടിയന്തിരമായി ഇവിടെ എല്ലാ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിക്കണം. കൂടാതെ പഞ്ചായത്തിലെ മറ്റ് സെറ്റിൽമെന്റ് കോളനികളിലുംകൂടി 3056 കക്കൂസ് നിർമ്മിക്കുന്നതിന് സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽനിന്നും സന്നദ്ധസംഘങ്ങളിൽനിന്നും ധനസമാഹരണം നടത്തണം. കൂടാതെ സന്നദ്ധസേവനം പ്രയോജനപ്പെടുത്താം. ആരോഗ്യപ്രവർത്തകരെ ബന്ധപ്പെടുത്തി ചർച്ചാക്ലാസ്സുകൾ സംഘടിപ്പിച്ച് ബോധവത്കരണം നടത്തണം. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടേയും, ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടേയും ശുചീകരണപദ്ധതികൾ പ്രയോജനപ്പെടുത്താം.

കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്ന ശുചീകരണപദ്ധതികൾ സന്നദ്ധസംഘടനകളുടെപേരിൽ ചില ഏജൻസികൾ ദുരുപോയോഗം ചെയ്യുന്നതുമൂലം യഥാർത്ഥ ഗുണഭോക്താവിന് ഇതിന്റെ ഫലം കിട്ടുന്നില്ല. ഈ പദ്ധതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പിലാക്കാൻ സംസ്ഥാനഗവൺമെന്റ് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ധംചെലുത്തണം.

ആരോഗ്യപൂർണ്ണമായ ഒരു തലമുറയെ വാർത്തെടുക്കുന്നതിന് ആരോഗ്യശുചീകരണപ്രവർത്തനങ്ങൾ അംഗൻവാടികളിൽനിന്നും സ്കൂളുകളിൽനിന്നും ആരംഭിക്കണം. അംഗൻവാടികൾ ഇല്ലാത്തിടത്ത് അവ സ്ഥാപിക്കുകയും ഗർഭിണികൾക്കും കുട്ടികൾക്കും പോഷകാഹാരം കൊടുക്കുകയും ആരോഗ്യബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും വേണം. സ്കൂളുകളിൽ മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിക്കുകയും, കു

ട്ടികൾക്ക് പോഷകാഹാരം നൽകുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം. മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ സ്കൂളുകളിൽ വ്യാപിപ്പിക്കണം.

★ കക്കൂസുകളുടെ ഫൗൾഗ്യാസ് പൈപ്പിന്റെ മുകളറ്റം വലകെട്ടി കൊതുകുകൾ കടക്കാതെ സംരക്ഷിക്കുക.

★ പൊതു മാർക്കറ്റുകൾ വൃത്തിയാക്കാൻ സ്ഥിരം സംവിധാനം ഉണ്ടാക്കണം.

★ സ്ലാട്ടർഹൗസുകൾ സ്ഥാപിക്കണം. അനധികൃത സ്ലാട്ടറിംഗ് നിയന്ത്രിക്കണം.

★ ജലാശയങ്ങളും തോടുകളും വൃത്തിയായി സൂക്ഷിക്കണം.

★ അലഞ്ഞുതിരിയുന്ന തെരുവുനായ്ക്കളെ നശിപ്പിക്കുക.

★ രാസവളങ്ങളുടേയും കീടനാശിനികളുടേയും ഉപയോഗം നിയന്ത്രിക്കണം.

★ വ്യക്തിശുചിത്വം പാലിക്കാൻ പ്രേരിപ്പിക്കണം. പുകയില ഉപയോഗം തടയണം.

★ മദ്യ-ലഹരി പദാർത്ഥങ്ങളുടെ ഉപയോഗത്തിനെതിരായ ബോധവൽക്കരണം വ്യാപകമാക്കുക.

★ അടുപ്പിൽനിന്നുണ്ടാകുന്ന പുകയും, ആവിയും, പൊടിയും സ്ഥിരമായി ശ്വസിക്കുന്നതുകൊണ്ട് ശ്വാസകോശരോഗങ്ങളും, നേത്രരോഗങ്ങളും ഉണ്ടാകുന്നു. പുകയില്ലാത്ത അടുപ്പുകളുടെ പ്രചരണവും, പുകനിർഗ്ഗമന സംവിധാനവും ഉണ്ടാക്കണം.

★ വ്യവസായശാലകളിൽനിന്നുള്ള പുകയും, പൊടിയും ശ്വാസകോശരോഗങ്ങളുണ്ടാക്കുന്നു. ഉയരത്തിൽ ചൂളകെട്ടി ഒരു പരിധിവരെ ഇതു പിരഹരിക്കാം.

★ കുട്ടികൾക്ക് കൃത്രിമാഹാരം കൊടുക്കുന്നതുമൂലം ഉദരരോഗങ്ങളുണ്ടാകുന്നു. രോഗപ്രതിരോധശേഷി നശിക്കുന്നു. മുലയൂട്ടിയും, കൂവ, കൂവരക്ക്, ഏത്തക്കാപ്പൊടി, പയറ്, ഉഴുന്ന്, നിലക്കടല തുടങ്ങിയവ ഉപയോഗിച്ചും കൃത്രിമാഹാരം ഒഴിവാക്കാം.

★ ഇംഗ്ലീഷ്മരുന്നുകളുടെ അമിതമായ ഉപയോഗംമൂലം രോഗപ്രതിരോധശേഷി നശിക്കുന്നു. പുതിയ രോഗങ്ങളുണ്ടാകുന്നു. ഇംഗ്ലീഷ് മരുന്നുകളുടെ ഉപയോഗം നിയന്ത്രിക്കണം.

★ കോളനികൾ കേന്ദ്രീകരിച്ച് മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുക.

★ രക്തഗ്രൂപ്പിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിച്ച് രക്തദാനസംഘങ്ങൾ ഉണ്ടാക്കുക.

★ നേത്രദാനത്തെസംബന്ധിച്ച് അന്ധവിശ്വാസം മാറ്റുകയും പ്രചരണപരിപാടികൾ നടത്തുകയും വേണം.

★ ക്രിത്രിമാഹാരങ്ങൾ ഉപേക്ഷിക്കുക. പച്ചക്കറികളും, ഇലക്കറികളും ആഹാരത്തിൽ കൂടുതലായി ഉൾപ്പെടുത്തുക.

★ ക്യാൻസർബാധയുടെ നിരക്ക് നമ്മുടെ പഞ്ചായത്തിൽ കൂടിവരികയാണ്. നിരവധിപേർ ഈ രോഗംബാധിച്ച് മരിച്ചുകൊണ്ടിരിക്കുന്നു. കുളിപ്പാടം, മുട്ടയ്ക്കാവ് പ്രദേശങ്ങളിൽ പ്രത്യേകിച്ചും ക്യാൻസർരോഗനിർണ്ണയം നടത്തുന്നതിന് റീജിയണൽ ക്യാൻസർ സെന്ററിന്റെ സഹായം നമ്മുടെ പഞ്ചായത്തിൽ സംവിധാനം ഉണ്ടാക്കും.

പ്രകൃതി ചികിത്സ

ചിലവുകുറഞ്ഞ ഈ ചികിത്സാരീതി പ്രചരിപ്പിക്കണം. അവനവൻ സ്വയം ചികിത്സവാനാവുക എന്നതാണ് ഈ ചികിത്സയുടെ പ്രത്യേകത. നമ്മുടെ പഞ്ചായത്തിൽ ഒരു പ്രകൃതിചികിത്സാകേന്ദ്രം ഉണ്ടാക്കണം.

കുടിവെള്ളം, പൊതുജനാരോഗ്യം, ശുചിത്വം ഈ വിഷയങ്ങളിൽ മേൽനോട്ടംവഹിക്കാൻ സന്നദ്ധസംഘടനാപ്രവർത്തകരെക്കൂടി ഉൾപ്പെടുത്തി വാർഡുതലത്തിൽ സമിതികൾ രൂപീകരിച്ച് ഈ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ഒരു പുത്തൻ ആരോഗ്യ സംസ്കാരം രൂപപ്പെടുത്തുകയും വേണം.

പൊതുജനാരോഗ്യം പട്ടിക-2
1996 ഡിസംബർ 7-ന്റെ പൾസ് പോളിയോ ലഭിച്ച കുട്ടികൾ

I മീയണ്ണൂർ

1 നെടുമ്പന ഗവൺമെന്റ് ആശുപത്രി	126
2 അംഗൻവാടി നമ്പർ 68, പള്ളിമൺ	168
3 മീയണ്ണൂർ ശാന്തി ക്ലനിക്	80
4 ശാസ്താംപൊയ്ക അംഗൻവാടിനമ്പർ104	94

II നെടുമ്പന

1 അംഗൻവാടി നമ്പർ 7, തടത്തിൽമുക്ക്	123
2 അംഗൻവാടി നമ്പർ 107 നെടുമ്പന	83
3 അംഗൻവാടി നമ്പർ 72 നെടുമ്പന	49

4 അംഗൻവാടി നമ്പർ 117 പഴങ്ങാലം 64
5 കുടുംബക്ഷേമ കേന്ദ്രം, നെടുമ്പന പഴങ്ങാലം 80
6 അംഗൻവാടി നമ്പർ 101 പി.കെ.പവി. കവല 76

III മുട്ടയ്ക്കാവ്

1 കുടുംബക്ഷേമകേന്ദ്രം, മുട്ടക്കാവ് 264
2 അംഗൻവാടി നമ്പർ 73 ഖാദി ഇംഗ്ഷൻ 166
3 അംഗൻവാടി നമ്പർ 66 മുട്ടക്കാവ് 123
4 വടക്കേമുക്ക് 114
5 ബിനോജ്ഭവൻ, പുത്തൻകട 114

IV പള്ളിമൺ

1 അംഗൻവാടി നമ്പർ 81 ചാലക്കര 140
2 അംഗൻവാടി നമ്പർ 119 പള്ളിമൺ തെക്ക് 69
3 അംഗൻവാടി നമ്പർ 78 ഇളവൂർ 68
4 കുടുംബക്ഷേമകേന്ദ്രം പള്ളിമൺ 165

V നല്ലില

1 കർമ്മലറാണി പള്ളി, പഴങ്ങാലം 100
2 നല്ലില മൃഗാശുപത്രിക്ക് സമീപം 117
3 കുടുംബക്ഷേമകേന്ദ്രം, നല്ലില 144
4 റോയി ക്യാഷ്യൂ ഫാക്ടറിക്ക് സമീപം 61

VI പുലിയില

1 ജനതാ വായനശാല 171
2 പ്ലാവീട്, സംഘമുക്ക് 92
3 അംഗൻവാടി നമ്പർ 136 81
4 ഭഗവാൻമുക്ക് 135

VII കുണ്ടുമൺ

1 അംഗൻവാടി നമ്പർ 65 മുട്ടക്കാവ് 76
2 S.M. ആശുപത്രി, മുട്ടക്കാവ് 116
3 അംഗൻവാടി നമ്പർ 137, നാല്പങ്ങൽ 123
4 അംഗൻവാടി നമ്പർ 64 കുണ്ടമൺ 115
5 മുംതാസ് മൻസിൽ, വെളിച്ചിക്കാല 145

ആകെ പൾസ് DIPO36
ആകെ കുട്ടികൾ-3672

വെള്ളിനറി ഹോസ്പിറ്റൽ 71



വ്യവസായം

തികച്ചും കാർഷികമേഖലയായിരുന്ന ഈ പഞ്ചായത്തിൽ രണ്ടു ദശകങ്ങൾക്കുമുമ്പ് പരിമിതമായ വ്യവസായസംരംഭങ്ങൾ മാത്രമാണുണ്ടായിരുന്നത്. ഇന്ന് ആ സ്ഥിതിയിൽ വ്യതിയാനംവന്നിട്ടുണ്ട്. വ്യാവസായികരംഗത്ത് ഒരളവുവരെ നാം മുന്നോട്ടുപോയിട്ടുണ്ട്.

1953-ൽ പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ വളരെ പരിമിതമായ എണ്ണം കശുവണ്ടിഫാക്ടറികളാണുണ്ടായിരുന്നത്. അതിൽ പ്രധാനപ്പെട്ടത് കശുവണ്ടിവ്യവസായപ്രമുഖനായിരുന്ന ശ്രീ. തങ്ങൾകുഞ്ഞു മുസലിയാരുടെ ഉടമസ്ഥതയിലുള്ള നലല്ലിലാ കശുവണ്ടിഫാക്ടറിയായിരുന്നു. നാല്പതുകളിൽ ഈ വ്യവസായത്തിന് കൊല്ലംജില്ലയിലുണ്ടായ വേരോട്ടവും കശുവണ്ടിയുടെ ലഭ്യതയും കുറഞ്ഞ കൂലിക്ക് തൊഴിലാളികളെ കിട്ടിയിരുന്ന അവസ്ഥയുമാണ് ഈ വ്യവസായം ഇവിടെ ആരംഭിക്കാൻ കാരണം.

ഇന്ത്യയിലെ ഇതരസംസ്ഥാനങ്ങളിൽനിന്ന് വളരെ വിഭിന്നമായ വ്യാവസായികമുഖമാണ് കേരളത്തിനുള്ളത് അറിവിന്റെ വെളിച്ചംനേടുന്നതിലും, പരിമിതവരുമാനത്തിലുമെച്ചപ്പെട്ട ജീവിതശൈലി സ്വായത്തമാക്കി എന്നഭിമാനം കൊള്ളുന്നതിലും, ആരോഗ്യപരിപാലനകാര്യത്തിൽ മുന്നോക്കംപോയതിൽ ഊറ്റംകൊള്ളുന്നതിലും ഒക്കെ വസ്തുതാപരമായി ശരിയുണ്ട്. എന്നാൽ ചില പ്രമുഖരംഗങ്ങളിൽ നാം പുറകോട്ടടിക്കപ്പെട്ടു എന്നത് താമസിച്ചെങ്കിലും ബോദ്ധ്യപ്പെട്ടിരിക്കുന്നു. അതിൽ പ്രധാനം വ്യാവസായികരംഗമാണ്. കാർഷിക വ്യവസായികോല്പന്നങ്ങളുടെ കാര്യത്തിൽ തികച്ചും ഒരു ഉപഭോഗ സംസ്ഥാനമായി മാറിയിരിക്കുന്നു കേരളം. വിലവർദ്ധനവിന്റെ തോത് മറ്റുസംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതൽ നമുക്കാണെന്ന തിരിച്ചറിവിലേക്ക് നാം വന്നിരിക്കുന്നു. നമുക്കാവശ്യമായ ഉല്പന്നങ്ങളുടെ സംസ്കരണം ഇവിടെയാവുമോ? അതിനാവശ്യമായ എന്തെല്ലാം അസംസ്കൃത സാധനങ്ങൾ ലഭ്യമാണ്. വമ്പിച്ച ജനശക്തി കെട്ടഴിച്ചുവിട്ട് ഈ പ്രക്രിയയിൽ അവരെ എങ്ങനെ പങ്കാളികളാക്കാം. അത്തരമൊരു സംരംഭത്തിന്റെ തുടക്കമെന്നനിലയിൽ ജനകീയാസൂത്രണപരിപാടിയെ നമുക്കു കാണാം.

കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾക്കുള്ളിൽ പഞ്ചായത്തിൽ വ്യാവസായികരംഗത്തുവന്ന മാറ്റങ്ങൾ പരിശോധിക്കാം.

1970 ഓടുകൂടി കെട്ടിടനിർമ്മാണരംഗത്ത് ഒരു വലിയ മാറ്റം അനുഭവപ്പെട്ടു. വമ്പിച്ച ലാറ്റ്റേറ്റുനിക്ഷേപമുള്ള പ്രദേശമാണിവിടം. എഴുപതുകളുടെ അവസാനംവരെ കെട്ടിടനിർമ്മാണരംഗത്ത് വ്യാപകമായി വെട്ടുകല്ലുപയോഗിച്ചുവന്നു. മലക്കുഴികൾ എന്നുവിളിച്ചുവന്ന "കല്ലുവെട്ടാംകുഴികൾ" ഓരോ പ്ലോട്ടിലും കാണാമായിരുന്നു. കുഴികൾ മിക്കതും ഇന്നു നികന്നുപോയിരിക്കുന്നു. എങ്കിൽപ്പോലും അവിടവിടെ കാണാൻകഴിയും.

വാണിജ്യാടിസ്ഥാനത്തിൽ ചില പ്രദേശങ്ങളിൽ ലാറ്റ്റേറ്റ് ഖനനം ഇപ്പോഴും നടക്കുന്നുണ്ട്. ചരിവുതല ഭൂപ്രകൃതിയുള്ള ഈ പഞ്ചായത്തിലെ മലക്കുഴികൾ നീർവാർച്ചയിൽനിന്ന് ഒരു പരിധിവരെ കൃഷിയിടങ്ങളെ സംരക്ഷിച്ചിരുന്നു. എന്നാൽ ഇതിനൊരു മാറ്റം വന്നു. വെട്ടുകല്ലിന്റെ സ്ഥാനം ഇഷ്ടിക കയ്യടക്കി. നെൽപ്പാടങ്ങളിലെ വമ്പിച്ച ചെളിയുടെ നിക്ഷേപമാണ് ഇതിനു സഹായകമായത്. ആദ്യകാലങ്ങളിൽ കുണ്ടുമൺ, മുട്ടക്കാവ്, ഇളവൂർ മേഖലകൾ കേന്ദ്രീകരിച്ച് നാടൻ ഇഷ്ടിക നിർമ്മാണമാണ് നടന്നുവന്നത്. തുടർന്ന് ഈ രംഗത്തും യന്ത്രവൽക്കരണമാരംഭിച്ചു. എൺപതുകളോടെവ്യാപകമായി കമ്പിക്കട്ട നിർമ്മാണമാരംഭിച്ചു. ഇപ്പോൾ 96 കമ്പിക്കട്ട വ്യവസായയൂണിറ്റുകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ആകെയുള്ള നെൽപ്പാടങ്ങളിൽ 30%ത്തോളം പാടശേഖരങ്ങളിലെ ചെളി വെട്ടിമാറ്റപ്പെട്ടു. വളരെ താഴ്ചയിലുള്ള ഈ നിക്ഷേപം ചൂഷ

ണംചെയ്യപ്പെട്ടപ്പോൾ പാടശേഖരങ്ങൾ വ്യാപകമായി പ ടുംകുഴികളായി രൂപംമാറി. കുണ്ടുമൺ, പള്ളിമൺ, മുട്ട ക്കാവ്, ഇളവൂർ പ്രദേശങ്ങളിലെ ചെളിയുടെ നിക്ഷേപം ഏതാണ്ട് അവസാനിച്ചമട്ടാണ്. തുടർന്ന് ഇപ്പോൾനടക്കു ന്നത് മണൽവാരലാണ്.

അസംസ്കൃതവസ്തുവിന്റെ ദൗർലഭ്യം ഇഷ്ടികവ്യവസാ യത്തെ പ്രതിസന്ധിയിലാക്കിയിരിക്കുന്നു. മറ്റു പ്രദേശങ്ങ ളിൽനിന്ന് ചെളി ലോറിയിലടിച്ചാണ് ഈ യൂണിറ്റുകൾ പ്ര വർത്തിക്കുന്നത്. വിറകിന്റെ വിലക്കൂടുതലും, പവർക്കട്ടും വോൾട്ടേജ്ക്ഷാമവുമെല്ലാം ഈ വ്യവസായത്തെ പ്രതികൂ ലമായി ബാധിക്കുന്നു. ഈ യൂണിറ്റുകൾ എങ്ങനെ നില നിറുത്താം, തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ എന്തൊക്കെ ചെയ്യാം എന്നുംമറ്റും സമഗ്രമായി അന്വേഷിക്കേണ്ടിയിരി ക്കുന്നു.

മൂന്ന് ഓടുവ്യവസായയൂണിറ്റുകൾ ഇവിടെ പ്രവർത്തി ക്കുന്നു. ഇവിടെ പ്രവർത്തിക്കുന്ന ഇഷ്ടികവ്യവസായയൂ ണിറ്റുകൾ നേരിടുന്ന മുഴുവൻ പ്രതിസന്ധിയും ഈ വ്യവ സായരംഗത്തേയും ബാധിക്കുന്നു. വിപണിയിലെ മാന്ദ്യമാ ണ് ഈ വ്യവസായത്തിലെ മറ്റൊരു സവിശേഷത.

മുട്ടക്കാവ്, മഞ്ഞക്കര, വെളിച്ചിക്കാല, ഭാഗങ്ങളിൽ വമ്പിച്ച ചൈനാക്ളേ നിക്ഷേപമുണ്ട്. ഇതാകെ ഇവിടെനി ന്ന് ഖനനംചെയ്തുകൊണ്ടുപോയിരുന്ന സ്ഥിതിയാണുണ്ടാ യിരുന്നത്. വിപണിയിൽ വളരെയധികം പ്രാധാന്യവും വി ലപിടിപ്പുമുള്ള വിവിധ ഇനം ക്ളേ പൗഡറുകൾ സംസ്ക രിച്ചെടുക്കുന്നത് ചൈനാക്ളേയിൽനിന്നാണ്. നമ്മുടെ പഞ്ചാ യത്തിൽ വ്യാവസായികാടിസ്ഥാനത്തിൽ ഭേദപ്പെട്ട ഒരു ക്ളേ പൗഡർ സംസ്കരണയൂണിറ്റ് ആരംഭിച്ചിട്ടുണ്ട്.

രണ്ടു ഖാദിഡിപ്പാർട്ടുമെന്റിൽ പ്രൊഡക്ഷൻ സെന്ററു കൾ നിലവിലുണ്ട്. ഇതിൽ പുലിയിലാ ഖാദിസെന്റർ അട ച്ചുപൂട്ടിയിട്ട് വർഷങ്ങളായി. കുളപ്പാടം ഖാദിസെന്റർ ഭാഗി കമായി പ്രവർത്തിക്കുന്നു. തദ്ദേശീയ വിഭവസമാഹരണ ത്തിലൂന്നിനിന്നുകൊണ്ടുള്ള വ്യവസായസംരംഭങ്ങളാണ് പര മാവധി തളർത്തുന്ന ചില നയസമീപനങ്ങളുടെ പരിണിത ഫലമാണ് ഗ്രാമീണ തൊഴിൽമേഖലയെ ഇന്നു ബാധിച്ചിരി ക്കുന്ന ഏറ്റവും വലിയ വിപത്ത്. ഗ്രാമസഭകളിലൂടെ ഉയർ ന്നുവന്ന ചർച്ചകളും വിലയിരുത്തലുകളും ഈ ദിശയിലേ ക്കാണ് വിരൽചൂണ്ടുന്നത്.

അൻപതുകളിൽ നമ്മുടെ ഗ്രാമം കൈത്തറിരംഗത്ത് സ ജീവ ശ്രദ്ധചെലുത്തിയിരുന്നു. ഒറ്റയും, കച്ചയും, ചുട്ടിത്തോർ ത്തും നെയ്തെടുക്കുന്ന ഗൃഹാന്തരീക്ഷം ഈ ഗ്രാമത്തിലാ കെ നിറഞ്ഞുനിന്നിരുന്നു. സമ്പന്നതയുടെ പ്രതീകമായ പു ള്ളിയിലക്കരയൻ ഇന്നില്ലതന്നെ. ഉപജീവനത്തിനുള്ള മുഖ്യ ഉപാധികളിലൊന്നായി ഈ മേഖലയെ അന്നുകണ്ടിരുന്നു. ഈടിലും, പാവിലും ജീവിതം നെയ്തെടുത്ത ഈ വിഭാഗം ഇന്നു വിരളമാണ്.

സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട കൈ ത്തറിമേഖലയാണ് പിന്നെ നാം കണ്ട ഈ രംഗത്തെ മാ റ്റം. സഹകരണ കൈത്തറിമേഖലയും ഇന്ന് കടുത്ത പ്രതി സന്ധിയെ നേരിടുന്നു. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഒരു യൂണിറ്റാണ് നിലവിലുള്ളത്. പുലിയിലായിൽ വളരെ ഫലപ്രദമായി പ്രവർത്തിച്ചുകൊണ്ടിരുന്ന യന്ത്രവത്കൃത യൂണിറ്റ് ഇന്ന് നിലവിലില്ല.

വളരെയധികം തൊഴിൽലഭിക്കുന്ന മേഖലയാണ്കശു വണ്ടിരംഗം നിലവിൽ ആറു ഫാക്ടറികൾ പ്രവർത്തിക്കു ന്നു. പഴക്കമുള്ള നല്ലിലാ, പുലിയിലാ, കുളപ്പാടം ഫാക്ട റികളും പുതുതായി ലൈസൻസുകൊടുത്ത് പ്രവർത്തിക്കുന്ന മറ്റു മൂന്നു ഫാക്ടറികളും നിലവിലുണ്ടായിരുന്ന ഫാക്ടറി കൾപോലും ഫലപ്രദമായി നടത്താൻ പറ്റാത്ത പ്രതിസ ന്ധികൾക്ക് നടുവിലാണ് പുതിയ ഫാക്ടറികൾക്ക് ലൈ സൻസുകൊടുത്തത്. ആറു ഫാക്ടറികളും സ്വകാര്യമേഖ ലയിലാണ്.

നാലര പതിറ്റാണ്ടുകൾക്കു മുമ്പ് പഞ്ചായത്തിലെ മി ക്കവാറും മേഖലകളിൽ പ്രത്യേകിച്ച് ചരിവുതലങ്ങളിൽ ക ശുമാവ്കൃഷി വ്യാപകമായിരുന്നു. മുഖ്യ വരുമാനമാർഗ്ഗമാ യി കശുമാവ്കൃഷിയെ കണ്ടിരുന്നു. ക്രമേണ കൂടുതൽ ആദായകരമായ തെങ്ങുകൃഷിയിലേക്ക് ശ്രദ്ധകേന്ദ്രീകരിച്ച് കശുമാവിൻതോട്ടങ്ങൾപോലും വെട്ടിയഴിച്ച് തെങ്ങുകൃഷി ആരംഭിച്ചു. കശുവണ്ടി ഉല്പാദനരംഗത്തെ വമ്പിച്ച ഇടിവിന് ഇതു കാരണമായി. വിദേശരാജ്യങ്ങളിലെ തോട്ടണ്ടിയെ ആ ശ്രയിച്ചാണ് ഈ വ്യവസായം നിലനിറുത്തുന്നത്.

തീപ്പെട്ടിവ്യവസായയൂണിറ്റുകൾ, കൊപ്രാസംസ്കരണ യൂണിറ്റുകൾ, നെല്ലുകുത്തുമില്ലുകൾ, ഫ്ലവർമില്ലുകൾ, എൻ ഡിനീയറിംഗ് യൂണിറ്റുകൾ, പ്രിന്റിംഗ് പ്രസ്സ് യൂണിറ്റുകൾ, ഫർണിച്ചർ യൂണിറ്റുകൾ, വാണിജ്യാടിസ്ഥാനത്തിലുള്ള കല്ലു വെട്ടുയൂണിറ്റുകൾ, മെഴുകുതിരി, പർപ്പടനിർമ്മാണ യൂണി റ്റുകൾ, സോഡാനിർമ്മാണ യൂണിറ്റുകൾ, വനിതകളുടെ ടെയിലറിംഗ് യൂണിറ്റുകൾ തുടങ്ങി രണ്ടും മൂന്നും തൊഴി ലാളികൾവരെ പണിയെടുക്കുന്ന നിരവധി ചെറുകിട വ്യ വസായസംരംഭങ്ങൾ പഞ്ചായത്തിലെ വിവിധ മേഖലക ളിൽ നിലവിലുണ്ട്. കൃഷിപ്പണി ഉപജീവനമാർഗ്ഗം എന്ന തിൽക്കവിഞ്ഞ് ഈ സംരംഭങ്ങൾ ഫലപ്രദമായി പ്രവർ ത്തിക്കുന്നില്ല. കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാ

വ്യവസായയസംരംഭങ്ങളുടെ പട്ടിക

അവലംബം: പഞ്ചായത്ത് രേഖ

വ്യവസായത്തിന്റെ സ്വഭാവം	എണ്ണം	തൊഴിലാളികളുടെ എണ്ണം		വേതനനിരക്ക്		ലഭിക്കുന്ന തൊഴിൽദിനം
		പുരുഷൻ	സ്ത്രീ	പുരുഷൻ രൂ.	സ്ത്രീ രൂ.	
കശുഅണ്ടി	6	103	5897	പ്രതിമാസം 1200 മുതൽ 2000 വരെ	പ്രതിദിനം 30 മുതൽ 45 വരെ	100 മുതൽ 150 വരെ
കമ്പിക്കട്ട	96	1080	432	പ്രതിദിനം 50 മുതൽ 60 വരെ	പ്രതിദിനം 50 മുതൽ 60 വരെ	150 മുതൽ 190 വരെ
നാടൻകട്ട	7	24	48	പ്രതിദിനം 75 മുതൽ 125 വരെ	പ്രതിദിനം 75 മുതൽ 100 വരെ	75 മുതൽ 100 വരെ
സാമിൽ	13	55	10	പ്രതിദിനം 50 മുതൽ 80 വരെ	പ്രതിദിനം 20 മുതൽ 30 വരെ	200 മുതൽ 300 വരെ
ഓയിൽമിൽ	7	14		പ്രതിദിനം 50 മുതൽ 80 വരെ		150 മുതൽ 200 വരെ
ഓട്	3	64	8	പ്രതിദിനം 50 മുതൽ 65 വരെ	പ്രതിദിനം 50 മുതൽ 65 വരെ	150 മുതൽ 200 വരെ
മെറ്റൽക്രഷർ	5	51	9	പ്രതിദിനം 50 മുതൽ 100 വരെ	പ്രതിദിനം 50 മുതൽ 80 വരെ	200 മുതൽ 250 വരെ
പ്രിന്റിംഗ്	4	6	10	പ്രതിദിനം 50 മുതൽ 60 വരെ	പ്രതിദിനം 20 മുതൽ 40 വരെ	250 ദിവസം
വർക്ക് ഷോപ്പ്	7	19		പ്രതിദിനം 40 മുതൽ 125 വരെ		275 ദിവസം
റൈസ് & ഫ്ളവർമിൽ	21	28	2	പ്രതിദിനം 30 മുതൽ 45 വരെ	പ്രതിദിനം 20 മുതൽ 40 വരെ	250 ദിവസം
തീപ്പെട്ടി	4	10	30	പ്രതിദിനം 30 മുതൽ 50 വരെ	പ്രതിദിനം 120 മുതൽ 150 വരെ	150 മുതൽ 190 വരെ
ചൈനാക്ലേ മൈനിംഗ്	1	17	5	പ്രതിദിനം 60 മുതൽ 75 വരെ	പ്രതിദിനം 60 മുതൽ 75 വരെ	170 മുതൽ 200 വരെ
ചൈനാക്ലേ പൗഡർ യൂണിറ്റ്	1	35	5	പ്രതിദിനം 50 മുതൽ 75 വരെ	പ്രതിദിനം 50 മുതൽ 60 വരെ	250 മുതൽ 300 വരെ

നും ആദായം വർദ്ധിപ്പിക്കാനും കഴിയും. ഖാദി, വ്യവസായ ഡിപ്പാർട്ടുമെന്റുകളുടെ സഹായത്തോടെ ചുരുക്കംചില സോപ്പുനിർമ്മാണയൂണിറ്റുകൾ തുടക്കം കുറിച്ചതല്ലാതെ പ്രവർത്തനം ഫലപ്രദമായി നടക്കുന്നില്ല.

സംക്ഷിപ്ത് വിശകലനത്തിലൂടെ പ്രദേശത്തിന്റെ വ്യവസായമുഖമാണ് പ്രതിപാദിക്കപ്പെട്ടത്. ഗ്രാമസഭകളിൽ നിഷ്കർഷവും ഫലപ്രദവുമായി ഉയർന്നുവന്ന ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളാണ് താഴെ ക്രോഡീകരിക്കുന്നത്.

പ്രതിസന്ധികൾ

വൈദ്യുതി കമ്മി

വൈദ്യുത കമ്മിയും, വോൾട്ടേജ്ക്ഷാമവും വ്യവസായ രംഗത്തെ പ്രതിസന്ധിയുടെ പ്രധാനഘടകമാണ്. ഇത് ഉള്ള വ്യവസായങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിക്കുവാനും പുതിയ വ്യവസായങ്ങൾ ആരംഭിക്കുവാനും തടസ്സമായി നിൽക്കുന്നു.

വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം

വിദഗ്ദ്ധതൊഴിലാളികളുടെ അഭാവമാണ് മറ്റൊരു ഘടകം. തൊഴിൽവൈദഗ്ദ്ധ്യം നേടിയവർ മെച്ചപ്പെട്ട വേതന സൗകര്യങ്ങളും ജോലിസാദ്ധ്യതയുംതേടി വിദേശരാജ്യങ്ങളിലും മറുനാടുകളിലും കുടിയേറപ്പെടുന്നു. നിലവിലുള്ള തൊഴിലാളികൾക്ക് വൈദഗ്ദ്ധ്യം പോഷണംലഭിക്കാനാവശ്യമായ തുടർപരിശീലനം ലഭിക്കുന്നില്ല എന്നതും ഈ മേഖലയിലേക്ക് കടന്നുവരുന്ന പുത്തൻ തലമുറക്ക് പരിശീലനംനൽകി മെച്ചപ്പെട്ട വേതന ഘടന ഉറപ്പുവരുത്തി നിലനിറുത്താൻ കഴിയുന്നില്ലെന്നുള്ളതും പോരായ്മകളായി നിലനിൽക്കുന്നു.

വായ്പാലഭ്യതക്കുള്ള തടസ്സങ്ങൾ

ബാങ്കുകളടക്കമുള്ള വായ്പ ഏജൻസികളുടെ കടുത്ത നിബന്ധനകളും, അപ്രായോഗികസമീപനങ്ങളും, വായ്പത്തുക അനുവദിക്കുന്നതിലെ പരിമിതികളും തൊഴിൽ സംരംഭകനെ പുറകോട്ടടിക്കാൻ പ്രേരിപ്പിക്കുന്നു.

അനുകരണഭ്രമം

തൊഴിൽമേഖലയിൽകാണുന്ന വളരെ മോശമായ ഒരു മനോഭാവമാണിത്. പ്രാദേശിക വിഭവസാദ്ധ്യതകൾ കണക്കിലെടുക്കാതെ ഒരേ വ്യവസായം അനുകരണഭ്രമത്തിന്റെ അടിസ്ഥാനത്തിൽ ഒരു മേഖലയിൽ ആരംഭിക്കുക ഒരേതരം ഉല്പന്നങ്ങൾതന്നെ നിർമ്മിക്കുക. സാദ്ധ്യമാകുന്ന സംരംഭങ്ങളുടെ അനുബന്ധമായി ഉപോല്പന്നയൂണിറ്റുകൾ ആരംഭിക്കാതിരിക്കുക. ഈ പ്രവണത മാറണം.

വ്യവസായമേഖലയുമായുള്ള സമ്പർക്കക്കുറവ്

വ്യവസായമേഖലയിലെ പുത്തൻ പ്രവണതകളെ കണ്ടറിയുവാൻ ആ മേഖലയുമായുള്ള നിരന്തരബന്ധം അനിവാര്യമാണ്. ശാസ്ത്രസാങ്കേതികരംഗത്തെ മാറ്റങ്ങൾക്കനുസൃതമായും കൂടുതൽ ലാഭകരമായ തദ്ദേശീയവിഭവങ്ങളുടെ ലഭ്യത മനസ്സിലാക്കിയും ഉല്പന്നങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും വേണം. ഈ സമീപനം കാണുന്നില്ല.

സാങ്കേതിക പരിജ്ഞാനക്കുറവ്

ഓരോ ഉല്പന്നങ്ങളുടേയും ഗുണനിലവാരം ചോർന്നുപോകാതെ ഉപഭോക്താവിന് ആദായകരമായി ലഭ്യമാക്കാൻ ആഴത്തിലുള്ള സാങ്കേതികപരിജ്ഞാനം വേണ്ടതാണ്. വിപണനരംഗം പിടിച്ചടക്കി ലാഭകരമായി വ്യവസായയൂണിറ്റ് പ്രവർത്തിപ്പിക്കുവാൻ ഇതുവഴി സംരംഭകന് കഴിയും. ഇക്കാര്യത്തിൽ വീഴ്ച അനുഭവപ്പെടുന്നു.

അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്

ചില വ്യവസായങ്ങൾ നേരിടുന്ന ഒരു പ്രശ്നമാണിത്. കഴിയുന്നതും തദ്ദേശീയമായി ഈ വിഭവങ്ങൾ കണ്ടെത്താനുള്ള പുതിയ വഴികൾ തേടുന്നില്ല എന്നത് ഒരു പോരായ്മയാണ്.

കാർഷികോല്പന്നങ്ങളുമായി ബന്ധപ്പെട്ട വ്യവസായസംരംഭങ്ങളുടെ അപര്യാപ്തത.

തികച്ചും കാർഷികമേഖലയായ നമ്മുടെ പ്രദേശത്തെ വിഭവസാദ്ധ്യതകളെ അടിസ്ഥാനപ്പെടുത്തിയ വ്യവസായസംരംഭങ്ങൾ തുടങ്ങുന്നതിലുള്ള അനാസ്ഥ. അത്തരമൊരു സമീപനമല്ലാതെ കാർഷിക വ്യവസായികരംഗങ്ങളിൽ കൂട്ടായ പുരോഗതി നേടാനാവില്ല എന്ന അടിസ്ഥാനപ്രശ്നത്തിലുള്ള അവഗണന.

ലൈസൻസ് ചട്ടങ്ങളിലെ നൂലാമാലകൾ

തൊഴിൽസംരംഭകനെ പലപ്പോഴും കുഴയ്ക്കുന്ന ഒരു പ്രശ്നമാണ് ഇത്. ആവശ്യമില്ലാത്ത നിബന്ധനങ്ങൾ ഒഴിവാക്കുന്നകാര്യത്തിൽ ബന്ധപ്പെട്ടവരുടെ ഭാഗത്തുകാണുന്ന വീഴ്ച.

പല കാരണങ്ങളിൽ പ്രവർത്തനം പൂർണ്ണമായി നിലച്ചുപോയ വ്യവസായയൂണിറ്റുകൾ പുതിയമാർഗ്ഗങ്ങൾതേടി പ്രവർത്തനനിരതമാക്കുന്നതിൽ കാട്ടുന്ന അനാസ്ഥ

നമ്മുടെ പ്രദേശത്തെ ചുരുക്കം ചില യൂണിറ്റുകൾ ഈ പട്ടികയിൽ പെടുന്നതാണ്. സ്ഥലവും കെട്ടിടവുമുള്ളവപോലും ഈ പട്ടികയിലുണ്ട്. ഇത്തരം സ്ഥാപനങ്ങൾ പുനരുദ്ധാരണംനടത്തി പ്രവർത്തിപ്പിക്കുവാനോ സാദ്ധ്യതകളുടെ അടിസ്ഥാനത്തിൽ മറ്റേതെങ്കിലും ഉല്പന്നങ്ങളുടെ നിർമ്മിതിക്കോ ഇവയെ പ്രയോജനപ്പെടുത്താനുള്ള വിമുഖത.

പരിശീലന പരിപാടിയുടെ അപര്യാപ്തത

ഡിപ്പാർട്ടുമെന്റിന്റെ മാർഗ്ഗനിർദ്ദേശങ്ങളും അവയടങ്ങുന്ന ലഘു ലേഖകളുമാണ് നിലവിൽ സംരംഭകനുകിട്ടുന്ന മാർഗ്ഗനിർദ്ദേശം സ്വയംതൊഴിൽസംരംഭകർക്കും മറ്റും ചെട്ടവട്ടം പോലെ കൊടുക്കുന്ന പരിശീലനപരിപാടികളുമുണ്ട്. അതതു പ്രദേശത്തിന്റെ സ്വഭാവവും സാദ്ധ്യതയുമനുസരിച്ചുള്ള വിദഗ്ദ്ധ പരിശീലനംകൊടുക്കുന്നതിൽ വരുത്തുന്ന വീഴ്ച.

ധനസഹായം കിട്ടുന്നതിനുള്ള ബുദ്ധിമുട്ട്

ഡിപ്പാർട്ടുമെന്റുവഴി മറ്റു ധനവിനിമയ ഏജൻസികൾ വഴിയും ലോണും ധനസഹായവും ലഭിക്കുന്നതിന് കാലതാമസം വരുന്നു. മാത്രമല്ല അവ ലഭിക്കുന്നതിന് ഏർപ്പെടുത്തിയിരിക്കുന്ന, ഒഴിവാക്കാവുന്ന നിയമങ്ങളും നിബന്ധനകളും.

സാദ്ധ്യതകൾ

- പഞ്ചായത്തിൽ രണ്ടു നാളീകേര സംഭരണ-സംസ്കരണ യൂണിറ്റുകൾ ആരംഭിക്കും. അനുബന്ധ യൂണിറ്റുകൾ ആരംഭിക്കാം.

  ഉദാ: കോക്കനട്ട് ക്രീം, കാലിത്തീറ്റ
- തെങ്ങിൻതടി ഉപയോഗിച്ചുള്ള യന്ത്രവൽകൃത ഗൃഹനിർമ്മാണോപകരണയൂണിറ്റുകൾ ആരംഭിക്കാം. ചിരട്ട ഉപയോഗിച്ചുള്ള ഉല്പന്നങ്ങളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കാം.
- ഒരു യന്ത്രവൽകൃത റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ് ആരംഭിക്കാം.
- കാരിയർ ബാഗ് യൂണിറ്റുകൾ ആരംഭിക്കാനുള്ള സാദ്ധ്യതകളുണ്ട്.
- നിലവാരമുള്ള ഒരു കറിപൗഡർ നിർമ്മാണയൂണിറ്റ് ആരംഭിക്കാനുള്ള സാദ്ധ്യതകളുണ്ട്.
- ഗൃഹനിർമ്മിതിക്കാവശ്യമായ കതക്, കട്ടള, ജനാല തുടങ്ങിയവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് ആരംഭിക്കാം.
- കാർഡ് ബോർഡ് ബോക്സ് നിർമ്മാണം തുടങ്ങാം.
- നോട്ടുബുക്ക് നിർമ്മാണയൂണിറ്റിന് സാദ്ധ്യതയുണ്ട്.
- മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കണം.
- പച്ചത്തൊണ്ടിൽനിന്നുള്ള ചകിരിനാരുപയോഗിച്ചുള്ള വ്യവസായസംരംഭം ആകാം.
- നൂനറൽ എൻജിനീയറിംഗ് വർക്ക്ഷോപ്പ് വേണ്ടതാണ്.
- സ്ലാട്ടർ ഹൗസുകളോടുചേർന്ന് ഉപോല്പന്നയൂണിറ്റുകൾ തുടങ്ങാം.

* സ്പൈസ്സ് ഓയിൽ നിർമ്മാണയൂണിറ്റിന് സാദ്ധ്യതയുണ്ട്.

- ചൂരൽകൊണ്ടുള്ള ഉല്പന്നങ്ങളുടെ നിർമ്മാണയൂണിറ്റ് ആരംഭിക്കാം.
- കിണറുതൊടി വാർപ്പു വ്യവസായം ആരംഭിക്കാം.
- കട്ടക്കമ്പിനികളിലെ ചാരമുപയോഗിച്ച് ജൈവവള നിർമ്മാണയൂണിറ്റ് തുടങ്ങാം.
- ഓയിൽ എക്സ്ട്രാഷൻയൂണിറ്റ് തുടങ്ങാവുന്നതാണ്.
- പ്രാദേശിക കാർഷികോല്പന്നങ്ങളുടെ അടിസ്ഥാനത്തിൽ ഒരു ബേബി ഫുഡ് യൂണിറ്റ് ആരംഭിക്കാം.
- പഴവർഗ്ഗങ്ങൾ സുലഭമായതിനാൽ ജാംനിർമ്മാണയൂണിറ്റ് ആരംഭിക്കാം.
- ഖാദിപ്രൊഡക്ഷൻ സെന്റർ (പുലിയിലാ) ഗ്രാമപഞ്ചായത്തിന് കൈമാറി സഹകരണാടിസ്ഥാനത്തിൽ പുതിയ വ്യവസായ സംരംഭം ആകാം.
- ക്ഷീരോല്പന്ന വ്യവസായ യൂണിറ്റ് തുടങ്ങാം.
- ചൈനാക്ലേ സുലഭമായതിനാൽ സിറാമിക്സ് യൂണിറ്റ് തുടങ്ങാം.
- തുകൽ ഉപയോഗിച്ചുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഒരു യൂണിറ്റ് തുടങ്ങാവുന്നതാണ്.

നാലാം പഞ്ചവത്സര കമ്മിറ്റി [1979-84]

1	P. K. [illegible] (Chairman)
2	M. [illegible]
3	[illegible]
4	P. K. [illegible]
5	[illegible]
6	[illegible]
7	[illegible]
8	[illegible]
9	[illegible]
10	[illegible]
11	[illegible]
12	[illegible]

അഞ്ചാം പഞ്ചവത്സര കമ്മിറ്റി [1984]

1	[illegible]
2	[illegible]
3	[illegible]
4	[illegible]
5	[illegible]
6	[illegible]
7	[illegible]
8	[illegible]
9	[illegible]
10	[illegible]
11	[illegible]
12	[illegible]
13	[illegible]

ഗതാഗതം ഊർജ്ജം



ഭൂമിശാസ്ത്രപരമായി വേർതിരിക്കപ്പെട്ട കൊച്ചു തുരുത്തുകളായിരുന്നു നമ്മുടെ ഗ്രാമം. ആശയവിനിമയത്തിനും, പരസ്പര ബന്ധത്തിനുംവേണ്ടി ഉപയോഗിച്ചിരുന്ന നടപ്പാതകൾ യാത്രാസൗകര്യം കൂട്ടാൻവേണ്ടി വെട്ടുവഴികളാക്കി മാറ്റി. കാളവണ്ടികളും, വില്ലുവണ്ടികളുമായിരുന്നു യാത്രക്ക് ഉപയോഗിച്ചിരിക്കുന്നത്. 1953-ൽ പഞ്ചായത്ത് രൂപീകൃതമാകുമ്പോൾ രണ്ടു പ്രധാന റോഡുകളാണ് ഉണ്ടായിരുന്നത്. പെരുമ്പുഴു, പഴങ്ങാലം, നല്ലില, പുലിയില വഴി നെടുമൺകാവ് റോഡും, കണ്ണനല്ലൂർ, കുണ്ടുമൺവഴി മലയവയിൽ റോഡും. ഈ റോഡുകളും പിന്നീടുണ്ടായ മിക്കവാറും റോഡുകളും സന്നദ്ധപ്രവർത്തനങ്ങളുടെകൂടി സംഭാവനയാണ്. വികസനമെന്നാൽ റോഡ്നിർമ്മാണം മാത്രമാണെന്ന വികലമായ ധാരണമൂലം പൊതു ഫണ്ടിന്റെ ഏറിയകൂറും റോഡുനിർമ്മാണത്തിന് ചെലവാക്കിയതായി കാണാം. റോഡുകളുടെകാര്യത്തിൽ നമ്മുടെ പഞ്ചായത്തിന് മെച്ചപ്പെട്ട സ്ഥിതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്. വാഹനഗതാഗതയോഗ്യമായ 159 കി:മീറ്റർ റോഡുകളിൽ 32 കി: മീറ്റർ P.W.D. വകയും 14 കി:മീ പഞ്ചായത്ത് വകയുമായ ടാർചെയ്ത റോഡുകളാണ്. പഞ്ചായത്ത് വരുമാനത്തിന്റെ പകുതിയോളം റോഡുകളുടെ നിർമ്മാണത്തിനും പുനരുദ്ധാരണപ്രവർത്തനങ്ങൾക്കുമായി വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ ഇടനിലക്കാർവഴിയുള്ള ചോർച്ച റോഡുകളുടെ ഭദ്രത നഷ്ടപ്പെടുത്തുകയും കൂടുതൽ ബാദ്ധ്യതകൾ വരുത്തിവയ്ക്കുകയും ചെയ്തു. റോഡുനിർമ്മാണത്തിന് തുക ചെലവിടുന്ന ഏജൻസി, തുക, നിർമ്മാണരീതി തുടങ്ങിയ കാര്യങ്ങളെപ്പറ്റി നാട്ടുകാർക്ക് യാതൊരറിവുമില്ല. ഇക്കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തി.നിർമ്മാണപ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെയാകണം.

1. P.W.D റോഡുകൾ

കണ്ണനല്ലൂർ, കുണ്ടുമൺ, മലയവയൽ റോഡ്, ആഫീസ്മുക്ക് മീയണ്ണൂർ റോഡ്, പാലമുക്ക്, വള്ളിവേട്ടക്കാവ് റോഡ്, പെരുമ്പുഴ നെടുമൺകാവ് റോഡ്, കരിങ്ങോട്ട്മുക്ക്, മൈജിസ്ട്രേട്ട്മുക്ക് റോഡ്, കുരീപ്പള്ളി കുതിരവീണവിള ആറ്റൂർമുക്ക് റോഡ്, വെളിച്ചിക്കാല മീയണ്ണൂർ റോഡ് എന്നിവയാണ് P.W.D റോഡുകൾ. ഈ റോഡുകൾ യഥാസമയം അറ്റകുറ്റപ്പണിനടത്തി സംരക്ഷിക്കുന്നില്ല. ട്രെയിനേജ് സൗകര്യങ്ങൾ കുറവാണ്. വെള്ളമൊഴുകിപ്പോകാനായി നിർമ്മിച്ച കലുങ്കുകളുടെ ഓവുകൾ മണ്ണുമൂടി കിടക്കുന്നതിനാൽ വെള്ളം കെട്ടിക്കിടന്ന് റോഡ് നശിക്കുന്നു. താഴ്ചയുള്ള വശങ്ങൾ കെട്ടി സംരക്ഷിക്കാത്തതിനാൽ സൈഡ തകർന്ന് അപകടങ്ങൾ ഉണ്ടാകുന്നു. അതിർത്തിക്കല്ലുകൾ ഇല്ലാത്തതിനാൽ ചില സ്ഥലങ്ങളിൽ റോഡു കൈയ്യേറ്റം നടക്കുന്നു. ഏറ്റെടുത്ത പുതിയ റോഡിന്റെ നിർമ്മാണത്തിനുള്ള കാലതാമസങ്ങൾ ഉണ്ടാകുന്നു. ആഫീസ്മുക്ക്, മീയണ്ണൂർ റോഡിന്റെ ടാർചെയ്ത ഭാഗത്തിന് വീതി കുറവാണ്. മുട്ടക്കാവ് പാലം അപകടസ്ഥിതിയിലാണ്. കളയ്ക്കൽ, പുലിയില, പഴങ്ങാലം പാലങ്ങൾ വളരെ പഴക്കംചെന്നവയും വീതികുറഞ്ഞവയുമായതുകൊണ്ട് അപകടങ്ങൾ ഉണ്ടാകുന്നു. ഗതാഗതതടസ്സം നേരിടുന്നു. കുരീപ്പള്ളി, കുതിരവീണവിള, ആറ്റൂർമുക്ക് റോഡിലുള്ള വടക്കിടത്ത് ഇറയിലെ പാലം തകർന്നുകിടക്കുന്നു.

റോഡുകൾ യഥാസമയം അറ്റകുറ്റപ്പണികൾചെയ്ത് സംരക്ഷിക്കണം. കലുങ്കുകളുടെ ഓവുകൾ തെളിച്ച് വെള്ളം ഒഴുകിപ്പോകാൻ സംവിധാനം ഉണ്ടാക്കണം. ആവശ്യമുള്ളിടത്ത് ഓടനിർമ്മിച്ച് ട്രെയിനേജ് സൗകര്യം മെച്ചപ്പെടുത്തണം. താഴ്ചയുള്ള ഭാഗങ്ങൾ സൈഡ്കെട്ടി സംരക്ഷിക്കണം. പുതുതായി ഏറ്റെടുത്ത കുരീപ്പള്ളി ആറ്റൂർമുക്ക് റോഡിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുക. കണ്ണനല്ലൂർ, പൂയപ്പള്ളി റോഡിന്റെ ടാർ ഭാഗത്തിന്റെ വീതികൂട്ടുക. തൈക്കാവ് ജംഗ്ഷൻമുതൽ S.K.V. മുക്കുവരെ പൊളിഞ്ഞുകി

ടക്കുന്ന റോഡ് നന്നാക്കി ടാർചെയ്യുക. മുട്ടയ്ക്കാവ് പാലം പുതുക്കിപ്പണിയണം. പള്ളിമൺ, കളയ്ക്കൽ, പഴങ്ങാലം, പുലിയില പാലങ്ങൾ വീതികൂട്ടി പുതുക്കിപ്പണിയണം. വടക്കടത്തിറയിൽ പുതിയ പാലം നിർമ്മിക്കണം. ജംഗ്ഷനുകളിലുള്ള റോഡുഭാഗം പൂർണ്ണമായി ടാർചെയ്യണം.

ഗ്രാമസഭകളിൽനിന്ന് P.W.D പുതിയ റോഡുകൾ ഏറ്റെടുക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ട്. കുളപ്പാടം പുത്തൻകട- സൊസൈറ്റിമുക്ക്, പള്ളിമൺ എച്ച്.എസ് കിഴങ്ങുവിളമുക്ക്, ആശാൻമുക്ക്-പി.കെ.പി കവല, താന്നിവിളമുക്ക് ഇളവൂർ M.L.A റോഡ് എന്നിവ P.W.D ഏറ്റെടുക്കണം.

2. പഞ്ചായത്ത് റോഡുകൾ

പഞ്ചായത്ത് ഫണ്ടും മറ്റ് ഏജൻസികൾവഴിയുള്ള ധനസഹായവും ഉപയോഗിച്ച് ടാർചെയ്ത 14 കി:മീറ്റർ റോഡും പഴങ്ങാലം യു.പി. എസ്, ആർ.എസ്.എം, എച്ച്.എസ്, കുളപ്പാടം-സൊസൈറ്റിമുക്ക്, പള്ളിമൺ എച്ച്.എസ്-കിഴങ്ങുവിള, പഴങ്ങാലം ആശാൻമുക്ക്-പി.കെ.പി, താന്നിവിള-ഇളവൂർ M.L.A, S.K.V. ചാലക്കര റോഡുകൾ മെയിന്റനൻസ് നടത്തിയിട്ടില്ല. ഈ റോഡുകൾ അറ്റകുറ്റപ്പണിചെയ്ത് സംരക്ഷിക്കണം.

ഒരു കിലോമീറ്റർ ദൈർഘ്യത്തിൽ മെറ്റൽ റോഡുകൾ ഉണ്ട്. പതിനാലാം വാർഡിലെ ചാമവിള പോർക്കുളം റോഡും, ഒൻപതാം വാർഡിലെ കുന്നുമ്മേൽ, കുണ്ടുമൺ ജുമാഅത്ത് റോഡും ഇവ ടാർചെയ്യണം.

മൺറോഡുകളുടെ ഒരു വലിയ ശൃംഖല നമുക്കുണ്ട്. 112 കി:മീറ്റർ ദൈർഘ്യമുള്ള ഈ റോഡുകളുടെ നിർമ്മാണത്തിനും സംരക്ഷണത്തിനുമായി വലിയ തുക ചെലവഴിച്ചിരുന്നു. വീതികൂടിയ മെച്ചപ്പെട്ട റോഡുകളും, വീതികുറഞ്ഞ റോഡുകളും ഉണ്ട്. വീതിയുള്ള റോഡുകളും, പ്രാധാന്യമുള്ള റോഡുകളും ടാർചെയ്ത് മെച്ചപ്പെടുത്തണം. സന്നദ്ധപ്രവർത്തനംവഴി മൺറോഡുകൾ നിർമ്മിക്കുകയും സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും വേണം.

ലിങ്ക് റോഡുകളെപ്പറ്റിയുള്ള ഗ്രാമസഭാനിർദ്ദേശങ്ങൾ

ഒന്നിലധികം വാർഡുകളെ തമ്മിലും ഒരേ വാർഡിലെ വിവിധ കരകൾതമ്മിലും ബന്ധപ്പെടുത്തി നിലവിലുള്ള റോഡുകളേയും, പാലങ്ങളേയും, ബണ്ടുകളേയും നിർമ്മിച്ച് വികസിപ്പിക്കണം.

ഇത്തരം റോഡുകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

1) പഴങ്ങാലം ഒന്നും രണ്ടും വാർഡുകൾതമ്മിൽ ബന്ധിപ്പിക്കാൻ ആശാൻമുക്ക്, പുത്തൂട്ടിമുക്ക് ഏലാ റോഡ്, കുന്നുവിള പള്ളിവേട്ടക്കാവ് റോഡുമായി ബന്ധപ്പെടുത്താം.
2) മൂന്നാംവാർഡിലെ എള്ളുവിള ജംഗ്ഷനിൽനിന്നും പന്നിക്കോട്ടേക്ക് വയലിനു കുറുകെ റോഡുകൾ ലിങ്കുചെയ്യണം.
3) നാലാം വാർഡിലെ ഇടപ്പനയം മുരതൂർ ഏലാ, ആയൂർവ്വേദ റോഡുകൾ ബന്ധിപ്പിക്കണം.
4) ആറാം വാർഡിലെ കുളപ്പാടം പള്ളിമുക്ക് റോഡുമായി നാലാംവാർഡിലെ ത്രിവേണി പുന്നൂർ റോഡിനെ ബന്ധിപ്പിച്ച് റോഡ് വികസിപ്പിക്കണം.
5) എട്ടാം വാർഡിലെ കോട്ടേക്കായിലിൽ ബണ്ടുനിർമ്മിച്ച് മുട്ടയ്ക്കാവ് പറയൻകുഴി റോഡിനു വടക്കേ മൈലക്കാടുമായി ബന്ധപ്പെടുത്തണം.
6) പള്ളിമൺ ആറ്റിൽ പാലം ഉണ്ടാക്കി 13-ാം വാർഡിലെ പള്ളിമൺ നിലാംതാഴം റോഡിനെ വെളിച്ചിക്കാലകുണ്ടുമൺ പ്രദേശങ്ങളുമായി ബന്ധപ്പെടുത്തണം.
7) 10-ാം വാർഡിലെ ഇളവൂർ വള്ളക്കടവിൽ പാലമുണ്ടാക്കി കാഞ്ഞിരത്തിങ്കൽ റോഡും 12-ാം വാർഡിലെ പുത്തൻവീട്ടിൽ കട റോഡുമായി യോജിപ്പിക്കാം
8) മിയ്യണ്ണൂർ പുന്നക്കോട് ശാസ്താംപൊയ്ക ചാവർനട റോഡുകൾ ലിങ്കുചെയ്യണം.
9) പതിനാലാം വാർഡിലെ വയലാർ റോഡിനെ പെരുമ്പുഴ നെടുമൺകാവ് റോഡുമായി ബന്ധിപ്പിക്കണം.
10) വള്ളുവൻതറയിൽനിന്ന് ചാലക്കരയിലേക്ക് ലിങ്ക്റോഡ് ഉണ്ടാക്കണം.
11) പതിനഞ്ചാം വാർഡിലെ പുലിയിലാ സംഘം-പനയ്ക്കൽ ഏല-താന്നിവിള റോഡ് ലിങ്ക്ചെയ്യണം
12) പള്ളിമൺ കിഴക്കേക്കര-മിച്ചഭൂമി വെളിച്ചിക്കാല റോഡുകൾ പൂവൻവയൽ ഏലയുടെ പടിഞ്ഞാറ് ബണ്ടിട്ട് യോജിപ്പിക്കണം.
13) പതിനാലാംവാർഡിലെ ഭഗവാൻമുക്ക് പുളിമൂടിറ റോഡിനെ പതിനഞ്ചാം വാർഡിലെ മണ്ടയ്ക്കാട് റോഡുമായി യോജിപ്പിക്കുക.

വാഹനഗതാഗതം

പഞ്ചായത്തിലെ ജനങ്ങൾ റോഡുമാർഗ്ഗമാണ് ഗതാഗതത്തിന് ഉപയോഗിക്കുന്നത്. ബസ്സ്, കാർ, ലോറി, മിനി

ലോറി, ഓട്ടോറിക്ഷ, ഇരുചക്രവാഹനങ്ങൾ എന്നിവയെ പ്രധാനമായി ഗതാഗതത്തിന് ആശ്രിയിക്കുന്നു. ഇടത്തരക്കാരും, താഴ്ന്ന വരുമാനക്കാരും, ബസ്സിനെയാണ് ഗതാഗതത്തിന് ഉപയോഗിക്കുന്നത്. ജില്ലയിലെ മിക്കവാറും എല്ലാ പ്രധാന കേന്ദ്രങ്ങളിലേക്കും ബസ്സ് സർവ്വീസുകൾ ഉണ്ട്. എല്ലാവർക്കും ബസ്സ്മാർഗ്ഗം വന്നെത്താൻ കഴിയുന്ന ഒരു കേന്ദ്രം പഞ്ചായത്തിൽ ഇല്ലെന്നുള്ളത് പ്രധാന പ്രശ്നമാണ്. കണ്ണനല്ലൂർ, ആഫീസ്മുക്ക്-പൂയപ്പള്ളി, പെരുമ്പുഴ, നല്ലില റോഡുകളിലൂടെയാണ് കൂടുതൽ ബസ്സർവ്വീസുകൾ മറ്റ് P.W.D റോഡുകൾ മുഖേനയും സാമാന്യം ബസ്സ്യാത്രാ സൗകര്യമുണ്ട്. ചില പ്രദേശങ്ങളിലൂടെ ബസ്സർവ്വീസ് ഇല്ലാ എന്ന പ്രശ്നം പരിഹരിക്കേണ്ടതാണ്. പുലിയിലാസംഘം, നെടുമ്പന പുത്തൻചന്ത, ഇളവൂർ M.L.A മുക്ക്, പഴങ്ങാലം R.S.M.H.S, യു.പി. എസ് എന്നീ കേന്ദ്രങ്ങളിലൂടെ പുതിയ സർവ്വീസ് ആരംഭിക്കണം. മുൻ സർവ്വീസ് നടത്തിയിരുന്ന K.S.R.T.C. ബസ്സുകൾ പുനർസ്ഥാപിക്കണം. ഊന്നിൻമൂട്-കൊട്ടാരക്കര, കൊല്ലം-വെളിയം, കൊല്ലം- ആയൂർ, തിരുവനന്തപുരം-നല്ലില (ഫാസ്റ്റ്) എന്നീ സർവ്വീസുകൾ പുനർസ്ഥാപിക്കണം. പുനലൂരിൽനിന്ന് അഞ്ചൽ, ആയൂർ, പൂയപ്പള്ളി, പള്ളിമൺ, കണ്ണനല്ലൂർ കൊല്ലംവഴി എറണാകുളത്തേക്ക് K.S.R.T.C ഫാസ്റ്റ് സർവ്വീസുകൾ ആരംഭിക്കണം. കൊല്ലത്തുനിന്ന് കണ്ണനല്ലൂർ, മുട്ടയ്ക്കാവ്, മീയണ്ണൂർ, പൂയപ്പള്ളി വഴി കുളത്തൂർപ്പുഴക്ക് K.S.R.T.C ബസ്സ് ആരംഭിക്കണം.

ചരക്കുഗതാഗതത്തിന് ലോറി, മിനിലോറി, പെട്ടി ആട്ടോ, സൈക്കിൾ എന്നിവ ഉപയോഗിക്കുന്നു. കാളവണ്ടി, കൈവണ്ടിയും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു. സൈക്കിളിന്റെ ഉപയോഗം കുറഞ്ഞുവരുന്നു എന്ന് സ്ഥിതിവിവരക്കണക്കുകൾ തെളിയിക്കുന്നു. നമുക്ക് സാമാന്യം ഭേദപ്പെട്ട വാഹനസമ്പത്തുണ്ട്.

ഗതാഗതം പട്ടിക-1
ബസ്ഗതാഗതം സംബന്ധിച്ച്

വഴി	പ്രൈവറ്റ്	K.S.R.T.C	ആകെ
നെടുമ്പന-നല്ലില	7	1	8
പഴങ്ങാലം-നല്ലില	9	3	12
കുളപ്പാടം-പള്ളിമൺ-മീയണ്ണൂർ	17	3	20
കുളപ്പാടം-പള്ളിമൺ-മജിസ്ട്രേട്ട്	4	-	4
മുട്ടയ്ക്കാവ്-കുണ്ടുമൺ-TBജംഗ്ഷൻ	6	1	7
മുട്ടയ്ക്കാവ്-കുണ്ടുമൺ മലേവയൽ	2	-	2
T.B ശാസ്താംപൊയ്ക മീയണ്ണൂർ	3	1	4'
ആകെ	48	9	57

ജലഗതാഗതം

ജലഗതാഗതത്തിനുള്ള സൗകര്യങ്ങൾ തീരെ കുറവാണ്. രണ്ട് കടത്തുകൾ ഉണ്ട്. പള്ളിമൺ ആറ്റിൽ ഇളവൂർ വള്ളക്കടവും, പള്ളിമൺ വെളിച്ചിക്കാലക്കടവുമാണ് ഇവകൾ. കശുവണ്ടിത്തൊഴിലാളികളാണ് പ്രധാനമായും കടത്തുകളെ ആശ്രയിക്കുന്നത്. ഏപ്രിൽ, മെയ് മാസങ്ങളിൽ കടത്തു പ്രവർത്തിക്കുന്നില്ല. ഈ മാസങ്ങളിൽക്കൂടി കടത്ത് സൗകര്യം ഉണ്ടാക്കണം.

വണ്ടിത്താവളങ്ങൾ

പള്ളിമൺ, നല്ലില, കുളപ്പാടം, മീയണ്ണൂർ ജംഗ്ഷനുകൾ കേന്ദ്രീകരിച്ച്. ഓട്ടോറിക്ഷ, കാർ, ടെമ്പോ എന്നിവ പാർക്കുചെയ്യുന്നു. പാർക്കിങ്ങിന് അംഗീകൃത താവളങ്ങൾ ഇല്ലെന്നത് പ്രധാന പ്രശ്നമാണ്. ഈ ജംഗ്ഷനുകളിൽ സൗകര്യപ്രദമായി സ്ഥലം കണ്ടെത്തി വണ്ടിത്താവളങ്ങൾ ഉണ്ടാക്കണം. വണ്ടിത്താവളങ്ങൾ ഇല്ലാത്തതിനാൽ ഇവിടെ പലപ്പോഴും ഗതാഗതതടസ്സം ഉണ്ടാകാറുണ്ട്.

P.W.D, പഞ്ചായത്ത് റോഡുകളിലേക്ക് പടർന്നുകിടക്കുന്ന മരക്കൊമ്പുകൾ വാഹനഗതാഗതത്തിന് പലപ്പോഴും തടസ്സമാണ്. ഇവ വെട്ടിമാറ്റുന്നതിന് ഉടമകൾതന്നെ മുൻകൈ എടുക്കണം. ഈ നിലയിൽ ഒരു സംസ്കാരം വളർത്തിക്കൊണ്ടുവരണം.

ഗ്രാമസഭാ നിർദ്ദേശങ്ങളും, സാദ്ധ്യതകളും പരിശോധിച്ച് നമ്മുടെ പഞ്ചായത്തിലെ ടാർചെയ്ത P.W.D പഞ്ചായത്തു റോഡുകളുടേയും, ടാർ ചെയ്യേണ്ട റോഡുകളുടേയും മറ്റ് മൺ റോഡുകളുടേയും പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്. പുതിയ റോഡുകളുടെ നിർമ്മാണം പൂർണ്ണമായും സന്നദ്ധപ്രവർത്തനത്തിലൂടെ നടത്തുകയും ടാറിംഗ് ഒഴിച്ചുള്ള എല്ലാ പണികളും ഉപഭോക്താക്കളുടെ ചുമതലയിലായിരിക്കുകയും വേണം.

വാട്ടർ അതോറിട്ടിയും, ടെലിഫോൺ ഡിപ്പാർട്ടുമെന്റും റോഡ് വെട്ടിക്കുഴിക്കുന്നതുമൂലം റോഡിന്റെ പല ഭാഗങ്ങളും നശിക്കപ്പെടുന്നു. വെട്ടിപ്പൊളിക്കുന്ന ഭാഗം പണികഴിയുന്നതോടെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകൾതന്നെ അറ്റകുറ്റപ്പണി പൂർത്തിയാക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്ത് സമിതിയും, ഡിപ്പാർട്ടുമെന്റും, ഉപഭോക്താക്കളും ഒത്തുചേർന്നുകൊണ്ട് ഗതാഗതസംവിധാനം കുറ്റമറ്റതാക്കാൻ കഴിഞ്ഞാൽ അപകടങ്ങൾ ഒഴിവാക്കാനും, പരസ്പര വിശ്വാസം നിലനിർത്താനും കഴിയും.

No	പേരുവിവരം	വാർഡ്	വീതികൂട്ടേണ്ടവ	നീളം	വീതി
1	ആറ്റൂർവിള-പറക്കാണി ഇറ	1	400M	4M	
2	കുന്നത്തുമുക്ക്-മാടശ്ശേരിമുക്ക്	1	40M	4M	
3	പഴങ്ങാലം ക്ഷേത്രം-117-ാം നമ്പർ അംഗൻവാടി	1	200M	4M	
4	ഈച്ചാടിമുക്ക്-മേപ്പള്ളി ഇറ	1	500M	5M	
5	ആശാൻമുക്ക്-പുത്തൂട്ടിൽമുക്ക്-അക്കരവിളമാവിള ഇറ	1	850M	5M	
6	മുകളുവിളജംഗ്ഷൻ-പഴങ്ങാലം ഏല	1	150M	3M	
7	വിജീഷ്-മുടിയിൽ ഇറ	1	150M	3M	
8	പഴങ്ങാലം UPS-മണക്കാട്ഇറ-ഹെൽത്ത്സെന്റർ ജയമന്ദിരംമുക്ക്	1	1	1250M	5M
9	കുടിലഴികത്ത്മുക്ക്-ഐണിക്കാട് ഇറ-ശ്രീനിലയംവരെ	1	420M	4M	
10	പഴങ്ങാലംതുപ്പാശ്ശേരി ജംഗ്ഷൻ-ശരത്ത്ബ്രിക്സ്	1	700M	3M	
11	പഴങ്ങാലം രക്ഷാസൈന്യം പള്ളി-പിള്ളവീട്ടിൽ ഇറ	1	500M	4M	
12	കൊപ്പാറജംഗ്ഷൻ-പഴങ്ങാലം ഏല	1	320M	4M	
13	സിംഗപൂർ ജംഗ്ഷൻ-കല്ലുകുഴി-മുണ്ടപ്പള്ളി ഏല	1	326M	4M	
14	പഴങ്ങാലം പറങ്കിമാംവിള-ഇന്ദിരാഭവൻമുക്ക്	1	100M	3M	
15	കല്ലുവിളമുക്ക്-മാടശ്ശേരിമുക്ക്	1	120M	4M	
16	പഴങ്ങാലംക്ഷേത്രം-മുക്കേക്കടമുക്ക്	1	126M	4M	
17	പള്ളിവേട്ടക്കാവ് UPS-പുഷ്പംവിള മാടശ്ശേരി ഇറ	II	120M	5M	
18	പഴങ്ങാലംക്ഷേത്രം-പുഷപംവിള പാലമുകളിൽ	II	700M	4M	
19	പള്ളിവേട്ടക്കാവ്-നാല്സെന്റ്കോളനി-പുത്തൂട്ടിൽഇറ	II	1000M	51/2M	
20	കർമ്മലാറാണീജംഗ്ഷൻ-മാവിലകിഴക്കേക്കര	II	600M	4M	
21	അമ്മാച്ചൻമുക്ക്-പഴങ്ങാലം ഏല	II	300M	4M	
22	ഇടിമുക്ക്-പഴങ്ങാലം ഏല	II	400M	4M	
23	കുന്നുവിള കോളനി-രാജീവ് ദശലക്ഷം കോളനി	II	350M	31/2M	
24	വലിയവിള റോഡ്-RIകോണം മണലയ്യംക്ഷേത്രം	II	350M	3M	
25	കളീയ്ക്കൽജംഗ്ഷൻ-RIകോണം ചിറ	II	600M	4M	
26	റേഡിയോമുക്ക്-പീലിവടക്കതിൽ ഏല	III	470M	31/2M	
27	എള്ളുവിള ജംഗ്ഷൻ-അയ്യൻകോയിക്കൽ	III	100M	8M	
28	എള്ളുവിളമുക്ക്-മുള്ളൻകുന്നത്ത്-പോത്തേമുക്ക്	III	1100M	4M	
29	താഴേക്കടജംഗ്ഷൻ-മുള്ളൻകുന്നത്തുമുക്ക്	III	400M	31/2M	
30	നല്ലില-പോത്തേമുക്ക്	III	1100M	31/2M	
31	തെക്കേവിള-കീഴൂട്ട് ഇറ	III	120M	31/2M	
32	തെക്കേവിള-കൊച്ചുവീട്ടിൽ ഇറ	III	126M	3M	
33	ഇടവിളജംഗ്ഷൻ-കാഞ്ഞിരവിള ഇറ	III	460M	3M	
34	ട്രാൻസ്ഫോർമർ-പനയ്ക്കൽ ഇറ	III	366M	4M	

മൺ റോഡുകൾ

No	പേരുവിവരം	വാർഡ്	നീളം	വീതി	വീതി കൂട്ടേണ്ടത്
35	വടക്കേപള്ളിമുക്ക്-മഠത്തിൽ ഇറ	III	500M	41/2M	
36	ESI മുക്ക്-പ്ളാമൂട് റോഡ്	III	1100M	4M	
37	വാഴപ്പള്ളിൽ ജംഗ്ഷൻ-ഏറത്ത് ഏല	III	120M	3M	
38	ഏറത്ത് മുക്ക്-കൊട്ടയ്ക്കാട്മുക്ക്	III	400M	3M	
39	ESI ജംഗ്ഷൻ-ലക്ഷംവീട് ജംഗ്ഷൻ	III	1600M	6M	
40	വിളയിൽ ജംഗ്ഷൻ-കൊട്ടക്കാട്-നല്ലില	III	450M	6M	
41	വിളയിൽ ജംഗ്ഷൻ-നല്ലില ഏല	III	260M	5M	
42	കുരുതംമൂട് ജംഗ്ഷൻ-കശുവണ്ടിഫാക്ടറി	III	100M	3M	
43	തടത്തിൽമുക്ക്-കുമ്മായപ്പുര-നല്ലില ഏല	III	540M	3M	
44	കുന്നത്തുമുക്ക്-തടത്തിൽമുക്ക്	III	300M	3M	
45	പ്ളാവിളമുക്ക്-നല്ലില ഏല	III	410M	5M	
46	പ്ളാവിളമുക്ക്-പഴവൂർക്കോണം	III	650M	3M	
47	പുതുവേലിൽ ജംഗ്ഷൻ-പീലിവടക്കതിൽ ജംഗ്ഷൻ	III	350M	3M	
48	കൊച്ചുവീട്ടിൽ-തേക്കടിജംഗ്ഷൻ	III	350M	3M	
49	കിഴങ്ങുവിള-തടത്തിൽ ജംഗ്ഷൻ	III	260M	3M	
50	ആയൂർവ്വേദ ജംഗ്ഷൻ-പഴവൂർക്കോണം പേനട	IV	700M	5M	
51	കളയ്ക്കൽ-പഴവൂർക്കോണം	IV	320M	3M	
52	കളയ്ക്കൽ-മരുത്തൂർ ഏല	IV	482M	3M	
53	ആയൂർവ്വേദ ജംഗ്ഷൻ-പടിഞ്ഞാറെ ഏല(മരുതൂർ)	IV	790M	61/2M	
54	പുഷ്പംവിള-കുഴിയത്തിറ	IV	700M	4M	
55	വലിയവിള-പട്ടാണിക്കുന്നത്ത് ഏല	IV	1150M	5M	
56	പുന്നൂർ-പെരുവഴിക്കാട്-ലക്ഷംവീടുവരെ	IV	1125M	3M	
57	പുന്നൂർവിളയിൽ-പണയിൽ ഏലാവരെ	IV	390M	3M	
58	പുന്നൂർ പുത്തൻവിള-കളീയ്ക്കൽ പണയിൽ ഏല	IV	312M	3M	
59	വലിയവിള-കിഴക്കതിൽ ഏല	IV	520M	5M	
60	ആയൂർവ്വേദ ആശുപത്രി-ശിശുവിഹാർവരെ	IV	160M	4M	
61	ഇടപ്പനയം-മുക്കത്തുവിള-കുഴിയത്ത് വടക്കത് ഏല	IV	420M	31/2M	
62	ഇടപ്പനയം-മരുതൂർ ഏല	IV	400M	4M	
63	കാവടിവിള-കാട്ടൂർ	IV	653M	4M	
64	പഴവിളമുക്ക്-തടത്തിവിള	IV	400M	4M	
65	തടത്തിൽ മേലേഭാഗം-കാട്ടൂർ മഞ്ചുമുക്ക്	IV	700M	4M	
66	കുളത്തിൻമ്യം-വടക്കടത്ത് ജംഗ്ഷൻ	IV	466M	4M	
67	കാട്ടാർ മേലേമുക്ക്-ത്രിവേണിമുക്ക്	IV	600M	3M	
68	ത്രിവേണി-മുകളുവിള വടക്ക്	IV	300M	4M	
69	മഞ്ചുമുക്ക് ഭാഗം-തുണ്ടിപൊയ്ക	IV	500M	3M	
70	കാഞ്ഞാംകുന്ന്-വിളവീട് ജംഗ്ഷൻ	IV	260M	1/2M	
71	കാഞ്ഞാംകുന്ന്-മേലേവടക്കടം	IV	200M	3M	
72	ആലുംമൂട്-വടക്കടം ജംഗ്ഷൻ	IV	157M	3M	
73	പുത്തൻചന്ത-മോദീൻമുക്ക്	IV	1600M	8M	

74	കനകക്കുന്ന്-ഗുരുമന്ദിരംവരെ	IV	800M	41/2M	
75	താഴവിള-പറക്കോട്ടുകോണം ഏല	V	260M	51/2M	
76	പുത്തൻവിള-പുത്തൻചന്ത	V	950M	5M	
77	കാവനാട്ട്വിള-നോർത്ത് ഏല	V	750M	41/2M	
78	കൂനംമുക്ക്-പാപ്പാടി ഏല	V	750M	5M	
79	പള്ളിക്കോട്ടുവിള-നെടുമ്പനക്ഷേത്രം	V	600M	31/2M	
80	മേലൂട്ട്മുക്ക്-പോങ്ങറക്കുന്ന് ഏല	V	410M	4M	
81	കളയ്ക്കൽമുക്ക്-പാപ്പാടി ഏല	V	500M	31/2M	
82	വേപ്പിൻമുക്ക്-നാഗരാജക്ഷേത്രം	V	400M	5M	
83	കാവനാട്ടുവിളമുക്ക്-ആലുവിളമുക്ക്	V	490M	3M	
84	കൃഷിഭവൻ-ആമ്പാടി ഏല	V	360M	3M	
85	ടെലഫോൺ എക്സ്ചേഞ്ച്-കീഴൂട്ട് ഏല	V	610M	31/2M	
86	ആലുവിളമുക്ക്-കണ്ണമത്തുമുക്ക്	V	400M	31/2M	
87	കണ്ണമത്തുമുക്ക്-തകരഴികംമുക്ക്	V	240M	7M	
88	പഞ്ചായത്താഫീസ്-പുളിമൂടുവരെ	VI	1000M	6M	
89	പ്ലാവിളമുക്ക്-കല്ലുവിള	VI	500M	31/2M	
90	ഇടയ്ക്കലിൽമുക്ക്-കുളപ്പാടം ഏല-കളീക്കൽമുക്ക്	VI	850M	31/2M	
91	പുത്തൻവിള-ലക്ഷംവീട്	VI	600M	6M	
92	പള്ളിമുക്ക് കളീക്കൽ ഏല	VI	800M	6M	
93	ഖാദിജംഗ്ഷൻ-പുളിമൂട്	VI	400M	3M	
94	റോഡുവിള-കുഴിവിള	VI	400M	3M	
95	പണ്ടാരത്തുണ്ടി-ചിലവൂർക്കോണം	VI	600M	31/2M	
96	പനവിള-പണ്ടാരത്തുണ്ടിവരെ	VI	180M	3M	
97	കൂനൻമുക്ക്-ചിലവൂർക്കോണം	VI	300M	5M	
98	കാഞ്ഞരവിള-വലിയവിളമുക്ക്	VI	400M	3M	
99	വേപ്പിൻമുക്ക്-മണ്ണാൻമുക്ക്-ആനാട്ടുമുക്ക്	VI	750M	3M	
100	കുളപ്പാടം കശുവണ്ടിഫാക്ടറി-മുടീച്ചിറ	VII	530M	3M	
101	പുത്തൻകട-മുടീച്ചിറ	VII	540M	3M	
102	മസ്താൻമുക്ക്-മുടീച്ചിറ	VII	340M	3M	
103	അംഗനവാടി-പ്ലാവിൻകീഴ്	VII	680M	3M	
104	പോളക്കര-ചാരുംമൂട്	VII	120M	3M	
105	ഖാദി ജൂംഗ്ഷൻ-പോളച്ചിറ	VII	420M	4M	
106	കുളപ്പാടം കനാൽ-പോളച്ചിറ	VII	300M	3M	
107	പണ്ടാരത്തുണ്ടി-ക്ളേമൈൻ പോളച്ചിറ	VII	410M	4M	
108	മഞ്ഞക്കര തൈക്കാവ്-IPD ജൂംഗ്ഷൻ	VII	240M	31/2M	
109	തെങ്ങുവിള-തൈക്കാട്ട്	VII	260M	3M	
110	കരുമാന്റഴികം-ക്ളേമൈൻ റാഫീബ്രിക്സ്	VII	960M	5M	
111	നവജീവൻ-പോളച്ചിറ	VII	470M	6M	
112	താന്നിമുക്ക്-പോളച്ചിറ	VII	460M	5M	
113	പട്ടിയഴികം-പോളച്ചിറ	VII	360M	5M	
114	വലിയവിള-താന്നിമുക്ക്	VII	660M	5M	

115	വലിയവിള-ഇടപ്പാൻതോട്	VII	310M	31/2M
116	കല്ലുവര-വിളയിൽജംഗ്ഷൻ	VII	700M	4M
117	പടിഞ്ഞാറെ തൈക്കാവ്-ചെറിയിഞ്ച-ഓലക്കുഴി	VIII	520M	41/2M
118	വിളപ്പുറം-തെക്കേചെരുവിള	VIII	476M	41/2M
119	ആലുംമൂട്-ചെറിയിഞ്ച	VIII	700M	4M
120	മുട്ടക്കാവ് LPS-ഓലക്കുഴി	VIII	310M	31/2M
121	വൈദ്യശാല-പറയൻകുഴി	VIII	760M	5M
122	പുതിയിടത്ത്-പറയൻകുഴി	VIII	380M	41/2M
123	ഐണിക്കാട്-ദേവീക്ഷേത്രം	VIII	516M	4M
124	തൈക്കാട്ടുവിള-പറയൻകുഴി	VIII	210M	4M
125	വടക്കേതൈക്കാവ്-പാലമൂട്	VIII	406M	4M
126	വൈദ്യശാല-നവജീവൻ	VIII	300M	4M
127	താവറത്തുജംഗ്ഷൻ-കരുമാൻകഴികം	VIII	400M	3M
128	കെട്ടിടത്തിൽമുക്ക്-ലക്ഷംവീട്-പൂവൻവയൽ ഏല	IX	550M	31/2M
129	മുള്ളുവിള-വള്ളക്കടവ്	IX	740M	6M
130	വെളിച്ചിക്കാല-ആലുംമുക്ക്-കൊരകുളം	IX	510M	4M
131	പടിഞ്ഞാറെമുക്ക്-പുളിയ്ക്കൽകുന്ന് ഏല	IX	406M	3M
132	കിഴക്കേമുക്ക്-മണ്ണറക്കുഴി	IX	149M	41/2M
133	പൂംകോട്ട്മുക്ക്-പള്ളിമുക്ക്	IX	450M	5M
134	കുന്നുംമേൽമുക്ക്-പാണംകുഴി	IX	506M	6M
135	ചിറക്കടവ്-കുരക്കുളം ഏല	IX	120M	4M
136	SMTLPS കുരക്കുളമേല	IX	240M	3M
137	പള്ളിമൺ കിഴക്ക് കലുങ്ക്-PWD റോഡുവരെ	X	425M	5M
20	ശ്രീകൃഷ്ണസ്വാമിക്ഷേത്രം	XIII	ജുമാ അത്ത് പള്ളി	X	
21	കൊല്ലമ്പറമ്പിൽ ക്ഷേത്രം	XIV			
22	മഹാവിഷ്ണുക്ഷേത്രം, പുലിയില	XIV	മലേവയൽ തൈക്കാവ്	X	
23	തെറ്റിക്കുന്നിൽ ഭഗവതിക്ഷേത്രം	XV	പള്ളിമൺ തെക്കുഭാഗം	XIII	
24	കൊച്ചുമണ്ടയ്ക്കാട് ഭഗവതിക്ഷേത്രം	XV	തൈക്കാവ്, പുലിയില ജുമാ അത്ത്	XIV	

വനിതാക്ഷേമം

വിദ്യാഭ്യാസ-ആരോഗ്യ രംഗങ്ങളിൽ വൻ നേട്ടം കൈവരിച്ച സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി അത്രയൊന്നും മെച്ചപ്പെടുത്തുവാൻ കഴിഞ്ഞിട്ടില്ല. സാമൂഹ്യ സാമ്പത്തിക സമത്വം ലക്ഷ്യമിട്ട് നാളിതുവരെ നടന്നിട്ടുള്ള ക്ഷേമ പ്രവർത്തനങ്ങൾ ചെറിയ ചലനങ്ങൾ ഉണ്ടാക്കിയെന്നുമാത്രം. പൊതു സ്ഥിതിയിൽനിന്നും ഒട്ടും വ്യത്യസ്തമല്ല നമ്മുടെ പഞ്ചായത്തിലെ വനിതാരംഗവും. പുതിയ പഞ്ചായത്തീരാജ് സംവിധാനത്തിലൂടെ കൈവന്നിട്ടുള്ള സാഹചര്യങ്ങൾ ഉപയോഗിച്ച് സ്ത്രീകളുടെ സാമൂഹ്യ സാമ്പത്തിക പദവി ഉയർത്താൻ അവരുടെകൂടി പങ്കാളിത്തത്തോടെയുള്ള ആസൂത്രണപ്രക്രിയക്ക് തുടക്കംകുറിക്കണം.

1991-ലെ സെൻസസ് പഞ്ചായത്തിലെ ജനസംഖ്യയിൽ പകുതിയിലധികം സ്ത്രീകളാണെന്ന് കാണിക്കുന്നു. ആകെയുള്ള 42357 പേരിൽ 21427 പേർ സ്ത്രീകളാണ്. 2711 ആൺകുട്ടികളും 2722 പേർ പെൺകുട്ടികളുമുൾപ്പെടെ 6 വയസ്സിനു താഴെയുള്ള കുട്ടികളുടെ എണ്ണം 5433 ആണ്. വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ സ്ത്രീകൾ പിന്നോക്കമല്ല. മസ്ലീം, പട്ടികജാതി വിഭാഗങ്ങളിൽ വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകൾ പിന്നിലാണ്. നമ്മുടെ സ്ത്രീകളിൽ 15798 പേർ സാക്ഷരരാണ്.

തൊഴിലെടുക്കുന്ന സ്ത്രീകളിൽ ബഹുഭൂരിപക്ഷവും കശുവണ്ടി തൊഴിലാളികളാണ്. ഏതാണ്ട് 20% ഇവരിൽത്തന്നെ ചെറിയൊരു ശതമാനം കർഷകതൊഴിലാളികളും വനിതകളായ 10 ഡോക്ടർമാരും 12 എഞ്ചിനീയർമാരുമുണ്ട്. അദ്ധ്യാപികമാർ ഈ പഞ്ചായത്തിൽ ഒട്ടും കുറവല്ല. സർവ്വീസ് മേഖലയിലും കുറഞ്ഞ പങ്കാളിത്തമുണ്ട്.

വനിത പട്ടിക-1

തൊഴിൽവിഭജനം സ്ത്രീകളിൽ

തൊഴിൽ	ആൺ	പെൺ
കൃഷി	2137	62
കർഷകത്തൊഴിലാളികൾ	2869	167
കുടിൽവ്യവസായക്കക്കം	1036	1322
മറ്റു തൊഴിൽ	125	125
കെട്ടിടനിർമ്മാണം	400	245
വ്യാപാരം, വ്യവസായം	729	86
ഗതാഗതം, വാർത്താവിനിമയം	349	12
മൈനിംഗ്, ക്ളേ, പാറകഖാറി	125	35
ഇതര സർവ്വീസ്	1003	522

വനിതാ തൊഴിൽ വ്യവസായ സംരംഭങ്ങൾ തീരെ കുറവാണ്. ഏതാനും റെഡിമെയ്ഡ് ഗാർമെൻസ് യൂണിറ്റുകളും, ഒരു പാൽ ഉല്പന്ന വിപണനകേന്ദ്രവും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ വൈസ് പ്രസിഡന്റടക്കം 5 വനിതാ പ്രതിനിധികൾ ഉണ്ട്. പള്ളിമൺ ശ്രീവിലാസത്തിൽ ശ്രീമതി നാരായണി അമ്മയാണ് പഞ്ചായത്തിലെ ആദ്യത്തെ വനിതാ അംഗം.

സാമൂഹ്യ രാഷ്ട്രീയ മണ്ഡലങ്ങളിൽ സ്ത്രീപങ്കാളിത്തം നന്നേ കുറവാണ്. നേതൃത്വസ്ഥാനങ്ങളിൽ വനിതകൾ ഇല്ലെന്നുതന്നെ പറയാം. എന്നാൽ സാമൂഹ്യപ്രവർത്തകയും, തൊഴിലാളിനേതാവുമായിരുന്ന നെടുമ്പന മേലൂട്ടുവീട്ടിൽ ശ്രീമതി ലക്ഷ്മിക്കുട്ടി നമ്മുടെ പഞ്ചായത്തിലെ ആദ്യകാല വനിതാപ്രവർത്തകരിൽ പ്രമുഖസ്ഥാനത്തിൽ നിൽക്കുന്നു. മഹിളാസമാജങ്ങളുടെ പ്രവർത്തനം ഉണ്ടെങ്കിലും ഗുണപരമായ മാറ്റമുണ്ടാക്കാൻ കഴിയുന്നില്ല. നിലവിലുള്ള സഹകരണസംഘം ഭരണസമിതികളിൽ നാല് വനിതാ പ്രതിനിധികൾ ഉണ്ട്. കലാ കായിക സാംസ്കാരിക രംഗങ്ങളിൽ

വനിതകൾക്ക് നേതൃത്വമില്ല. സാമൂഹ്യക്ഷേമരംഗത്ത് സാ ാന്യം തൃപ്തികരമായി പ്രവർത്തിക്കുന്ന 30 അംഗൻവാടി കൾ ഉണ്ട്. ഇവിടങ്ങളിൽ കേന്ദ്രീകരിച്ച് മാതൃസംഗമംപോ ലെയുള്ള മാതൃകാപരമായ പരിപാടിയും ജനപങ്കാളിത്ത ത്തോടെ നടത്തുന്നു. കോളനിപ്രദേശങ്ങളിലെ സ്ത്രീകളുടേ യും കുട്ടികളുടേയും ആരോഗ്യനിലവാരം തൃപ്തികരമല്ല. അന്ധവിശ്വാസങ്ങളുടേയും, അനാചാരങ്ങളുടേയും സ്വാധീ നം ഇവരുടെ സർവ്വതോന്മുഖമായ പുരോഗതിക്ക് ഒരു പരി ധിവരെ തടസ്സമായിത്തീർന്നിട്ടുണ്ട്.

ഗ്രാമസഭാ സമ്മേളനങ്ങൾ എല്ലാംതന്നെ വനിതാക്ഷേമം സാമാന്യം സമഗ്രമായി പരിശോധിച്ചിട്ടുണ്ട്. സ്ത്രീകൾ നാഥ കളായിട്ടുള്ള കുടുംബങ്ങളുടെ എണ്ണം കൂടിവരുന്ന പ്രത്യേക സ്ഥിതി ചില ഗ്രാമസഭകൾ എടുത്തുകാണിക്കുന്നു. പുരു ഷന്മാരുടെ മദ്യപാനം, സ്വന്തമായ വരുമാനമില്ലായ്മ, വനി താക്ഷേമപദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട വിഷ യങ്ങൾ, അംഗനവാടികളുടെ പ്രവർത്തനം തുടങ്ങി നിര വധി പ്രശ്നങ്ങൾ ചർച്ചചെയ്യപ്പെട്ടു.

ജനസംഖ്യയിൽ പകുതിയിൽ കൂടുതൽ വരുന്ന വനി തകളുടെ പങ്കാളിത്തത്തോടുകൂടി മാത്രമേ എല്ലാ മേഖല കളിലും പുരോഗതി കൈവരിക്കാൻ കഴിയുകയുള്ളൂ. ഈ രംഗത്തുള്ള ദൗർബല്യങ്ങൾ പരിഹരിക്കുന്നതിന് സമൂഹ ത്തിന്റെ മൊത്തത്തിലുള്ള പരിശ്രമങ്ങൾ അനിവാര്യമാണ്. കാലാകാലങ്ങളായി അന്ധവിശ്വാസത്തിലും, പുരുഷമേധാ വിത്വത്തിലും കഴിഞ്ഞുപോന്ന ഇവരുടെ മോചനം ജന കീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ നേടിയെടുക്കാൻ ക ഴിയണം.

പൊതു ധാരയിലേക്ക് വനിതകളെ എത്തിക്കുന്നതിന് ഉന്നുള്ള തെറ്റായ ധാരണകളും അപവാദപ്രചരണവും അ വസാനിപ്പിക്കാൻ സമൂഹത്തിന്റെ ബോധപൂർവ്വമായ പരി ശ്രമം ആവശ്യമാണ്. കാർഷികവും, വ്യാവസായികവും ആയ പുരോഗതിക്ക് വനിതകളുടെ കഴിവും, പ്രയത്നവും ഉപ യോഗപ്പെടുത്താൻ കഴിഞ്ഞാൽ പഞ്ചായത്തിലെ മൊത്ത ത്തിലുള്ള പുരോഗതിക്ക് കാരണമാകുമെന്നകാര്യത്തിൽ സം ശയമില്ല.പൊതു പ്രശ്നങ്ങൾ

1. വിദ്യാഭ്യാസരംഗത്ത് ഹരിജൻ, മുസ്ലീം വനിതകളുടെ പിന്നോക്കാവസ്ഥ.
2. തൊഴിൽസംരംഭങ്ങളെപ്പറ്റിയുള്ള അജ്ഞതയും, പരി ശീലനകേന്ദ്രങ്ങളുടെ അഭാവവും, വായ്പ കിട്ടാനുള്ള ബുദ്ധിമുട്ടുകളും വനിതകൾ വ്യവസായസംരംഭങ്ങൾ ആരംഭിക്കാൻ തടസ്സമാകുന്നു.
3. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ.
4. തൊഴിൽരംഗങ്ങളിലെ സ്ത്രീകളും പുരുഷന്മാരും തമ്മി ലുള്ള കൂലിയുടെ അന്തരം.
5. പരമ്പരാഗത തൊഴിൽമേഖലയുടെ തകർച്ചയോടെ തൊഴിൽരഹിതരായവർ
6. പൊതു രാഷ്ട്രീയരംഗത്തെ പങ്കാളിത്തക്കുറവും, നേ തൃത്വമില്ലായ്മയും.
7. അന്ധവിശ്വാസങ്ങളും, അനാചാരങ്ങളും.
8. ഫാഷൻ ഭ്രമം.
9. പുരുഷന്മാരുടെ മദ്യപാനം.
10. സാമൂഹ്യവും, മതപരവുമായ വിലക്ക് സ്ത്രീകളെ പൊ തുധാരയിൽനിന്നകറ്റുന്നു.
11. ടി.വിയും മറ്റു മാധ്യമങ്ങളുംവഴിനടക്കുന്ന പ്രചരണ വും സ്ത്രീയെ ഉപഭോഗവസ്തു എന്ന നിലയിൽമാത്രം കാണിച്ചുകൊണ്ടുള്ള പരസ്യങ്ങൾ.
12. വനിതാക്ഷേമപദ്ധതികളുടെ പ്രയോജനം പൂർണ്ണമാ യും യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നില്ല.
13. സന്നദ്ധ സംഘടനാപ്രവർത്തനങ്ങളിൽ പങ്കാളിത്തമില്ല.
14. കലാ-കായികരംഗങ്ങളിൽ സ്ത്രീപങ്കാളിത്തം ഇല്ല.

★ നമ്മുടെ പഞ്ചായത്തിൽമാത്രം ഒതുങ്ങിനിൽക്കുന്നവ യല്ലവനിതാപ്രശ്നങ്ങൾ. പൊതുമാറ്റത്തിന്റ ഭാഗമായി മാത്രമേ ഇവരുടെ നില മെച്ചപ്പെടുത്താനാവൂ.

സാദ്ധ്യതകൾ

★ പിന്നോക്കംനിൽക്കുന്ന മേഖലകൾ വിദ്യാഭ്യാസത്തി ന് പ്രത്യേക പ്രോത്സാഹനവും പ്രചോദനവും നൽ കണം.

★ ചെറിയ പ്രതിഫലംനൽകി വനിതാ സാക്ഷരതാ പ്ര വർത്തകരെ ഉപയോഗിച്ച് സ്ത്രീകൾക്കിടയിലുള്ള നിര ക്ഷരത നിർമ്മാർജ്ജനം ചെയ്യണം.

★ കോളനികൾ കേന്ദ്രീകരിച്ച് കുട്ടികളുടെ വിദ്യാഭ്യാസ വും, ആരോഗ്യരക്ഷയും ഉറപ്പാക്കണം.

★ ജനസാന്ദ്രത കൂടിയതും, പിന്നോക്കംനിൽക്കുന്നതുമായ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ശിശുവിഹാർ തുടങ്ങണം.

★ തൊഴിൽസംരംഭകരെ പരിശീലിപ്പിക്കാനും വിവരങ്ങൾ എത്തിക്കാനും ഒരു കേന്ദ്രം ആരംഭിക്കണം.

★ വായ്പാസംബന്ധമായ നടപടികൾ ലളിതമാക്കണം.

★ വനിതാ തൊഴിൽസംരംഭകർ ആരംഭിച്ച പരിപാടിക

ളുടെ പുരോഗതി വിലയിരുത്തണം.

★ റെഡിമെയ്ഡ് ഗാർമെന്റ്, അച്ചാർ നിർമ്മാണം, ചന്ദനത്തിരി, സോപ്പ്, കരകൗശലവസ്തുക്കൾ, മെറ്റൽ ഉടയ്ക്കൽ, പച്ചക്കറികൃഷി, പശു-ആടുവളർത്തൽ, പൗൾട്രി ഫോം തുടങ്ങിയവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തണം. വനിതാ വ്യവസായ സംരംഭകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ സഹകരണ വിപണന കേന്ദ്രങ്ങൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കണം.

★ ഒരു വനിതാ വ്യവസായ സഹകരണസംഘം ആരംഭിക്കണം.

★ വനിതാക്ഷേമപദ്ധതികൾ പ്രയോജനപ്പെടുത്തണം.

★ അഗതികളായ സ്ത്രീകളെ പ്രത്യേകിച്ച് വൃദ്ധകളെ സംരക്ഷിക്കാനുള്ള ഒരു കേന്ദ്രം ആരംഭിക്കണം.

★ അഭ്യസ്തവിദ്യരായ യുവതികളെ മത്സരപരീക്ഷക്ക് തയ്യാറാക്കാൻ പഞ്ചായത്തടിസ്ഥാനത്തിൽ ഒരു പരിശീലനകേന്ദ്രം സന്നദ്ധസംഘടനകളുടെ സഹായത്തോടെ നടപ്പാക്കണം.

★ പൊതു രംഗത്തേക്കുവരുന്ന വനിതകളിൽ ആത്മവിശ്വാസം വളർത്തണം.

★ നേതൃത്വപരിശീലനം നൽകുകയും, തെരഞ്ഞെടുക്കപ്പെട്ട വനിതാപ്രതിനിധികൾ മറ്റു വനിതകളെക്കൂടി പൊതുരംഗത്തേക്ക് കൊണ്ടുവരികയും വേണം.

★ അംഗൻവാടികളിലെ മാതൃസംഗമങ്ങൾ ബോധവൽക്കരണത്തിന് പ്രയോജനപ്പെടുത്തണം.

★ അംഗൻവാടീജീവനക്കാരെ സംഘടിപ്പിച്ച് വനിതാ സന്നദ്ധ സംഘങ്ങൾ രൂപീകരിക്കണം.

★ സാമൂഹ്യപ്രവർത്തനങ്ങളിലേക്ക് ഈ സന്നദ്ധസംഘടനകൾവഴി വനിതകളെ കൊണ്ടുവരണം.

★ കലാ കായിക രംഗത്ത് സ്ത്രീകൾക്ക് പ്രോത്സാഹനം നൽകുന്നതിന് പരിശീലനകേന്ദ്രവും പ്രത്യേക കലാ കായിക മേളകളും സംഘടിപ്പിക്കണം.

★ പത്രവായനാശീലം വളർത്തുകയും കൂട്ടത്തോടെ വായനശാലകളിൽ ഇവരെ അംഗങ്ങളാക്കുകയും വേണം.

★ മദ്യവിപത്തിനെതിരേയുള്ള പ്രചരണം സ്ത്രീകളുടെ നേതൃത്വത്തിൽ ആരംഭിക്കണം.

★ മാദ്ധ്യമങ്ങളുടെ അശ്ലീല പ്രചരണത്തിനെതിരെ സ്ത്രീകളുടെ കൂട്ടായ മുന്നേറ്റമുണ്ടാകണം.

★ കശുവണ്ടിഫാക്ടറികളിൽ കുടിവെള്ളവും, സാനിട്ടേഷൻ സൗകര്യങ്ങളും, ക്യാന്റീനും, ഡൈനിംഗ് ഹാളും ഉണ്ടാക്കണം.

★ കശുവണ്ടിവ്യവസായത്തിലെ ജോലിരീതികളിൽ കാലാനുസൃതമായ മാറ്റം വരുത്തണം.

★ കശുവണ്ടിഫാക്ടറികൾ കേന്ദ്രീകരിച്ച് ആരോഗ്യ ബോധവത്കരണ ക്ലാസ്സുകളും, മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കണം.

സഹകരണം



കേരളത്തിലെ സഹകരണമേഖല അഖിലേന്ത്യാതലത്തിൽ പരിശോധിക്കുമ്പോൾ അഭിമാനകരമയനിലയിൽ വളർന്നിട്ടുള്ളതായി കാണാം. സ്വകാര്യ പണമിടപാടുകാരുടെ ചൂഷണത്തിൽനിന്നും കർഷകരെ മോചിപ്പിക്കുന്നതിന് വായ്പാസ്ഥാപനങ്ങൾ എന്നനിലയിൽ ആദ്യമായി രംഗത്ത് എത്തിയത് സഹകരണസ്ഥാപനങ്ങളായിരുന്നു.

ലോക സഹകരണപ്രസ്ഥാനത്തിന്റെ ചരിത്രത്തിൽ അറിയപ്പെടുന്ന ആദ്യത്തെ സഹകരണസംഘം 1844 ഒക്ടോബർ 24-ന് രജിസ്റ്റർചെയ്ത റോക്ഡെയിൽ ഇകിറ്റബിൾ സഹകരണസംഘമാണ്. ടി സംഘത്തിന്റെ 16-ാം വാർഷിക യോഗം 1860-ൽ ചേർന്നപ്പോൾ സമ്മേളനത്തിൽ പ്രസിദ്ധീകരിച്ച വാർഷിക റിപ്പോട്ടിലാണ് സഹകരണതത്വങ്ങൾ ആദ്യമായി വിളംബരംചെയ്തത്. തുറന്ന അംഗത്വം, ജനാധിപത്യഭരണം, ഓഹരിയിന്മേൽ ക്ലിപ്തപ്പെടുത്തിയ ആദായം, ഇടപാടുകളുടെ അടിസ്ഥാനത്തിൽ ലാഭം പങ്കിടൽ, കമ്പോളനിലവാരത്തിൽ രൊക്കവില്പന, മതപരവും, രാഷ്ട്രീയപരവുമായ നിഷ്പക്ഷത, സഹകരണ വിദ്യാഭ്യാസം.

1904-ൽ രൂപീകൃതമായ സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആണ് ഇന്ത്യയിൽ സഹകരണപ്രസ്ഥാനത്തിന് തുടക്കംകുറിച്ചത്. ഗ്രാമീണ കർഷകന്റെ സുഹൃത്തും വഴികാട്ടിയുമാണ് സഹകരണസ്ഥാപനങ്ങൾ. സാധാരണക്കാരെ ബാങ്കിംഗ് സമ്പ്രദായം പരിശീലിപ്പിച്ചതും സഹകരണസ്ഥാപനങ്ങൾതന്നെയാണ്. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽതന്നെ കേരളത്തിലും സഹകരണപ്രസ്ഥാനം ഉയർന്നുവരാൻ തുടങ്ങി. ഇതിന്റെഭാഗമായി നെടുമ്പനപഞ്ചായത്തിലും 1930കളിൽ ചെറിയ സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്ത് പ്രവർത്തനം തുടങ്ങി. നെടുമ്പന പുത്തൻചന്ത കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന "വിവിധോദ്ദേശ സഹകരണസംഘം" ആണ് ഈ പഞ്ചായത്തിലെ ആദ്യ സഹകരണസംഘം. സംഘടിത സഹകരണപ്രസ്ഥാനം 1956-ൽ രൂപീകരിച്ചതാണ് ശ്രീ. മാധവൻപിള്ള പ്രസിഡന്റായി പ്രവർത്തനം ആരംഭിച്ച "പഴങ്ങാലം സഹകരണസംഘം" എന്നാൽ പഞ്ചായത്തിലെ ആദ്യത്തെ ബാങ്കായി 9-6-1959-ൽ രജിസ്റ്റർചെയ്ത ശ്രീ. അബ്ദുൽഖാദർ കുഞ്ഞു ലബ്ബ പ്രസിഡന്റായുള്ള "നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക"ണ് പഞ്ചായത്തിലെ ഏറ്റവും വലിയ സഹകരണസ്ഥാപനവും ടി ബാങ്കാണ്. ഉപഭോക്തൃമേഖലയിൽ നല്ലില കൺസ്യൂമർ സഹകരണസംഘവും, പട്ടികജാതി, പട്ടികവർഗ്ഗ അംഗങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനായി രൂപീകരിച്ച നെടുമ്പന പഞ്ചായത്ത് പട്ടികജാതി, പട്ടികവർഗ്ഗ സഹകരണസംഘവും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കൂടാതെ നാല് ക്ഷീരോല്പാദക സഹകരണസംഘങ്ങളും 5 സ്കൂൾ സഹകരണസംഘങ്ങളും, 2 ഖാദി സൊസൈറ്റികളും, ഒരു കൈത്തറി സഹകരണസംഘവും, ഒരു യന്ത്രവൽകൃത ചകിരിവ്യവസായ സഹകരണസംഘവും, ഒരു ലേബർ കോൺട്രാക്ട് സഹകരണസംഘവും ഉണ്ട്.

സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

വായ്പാമേഖലയിൽ നെടുമ്പനപഞ്ചായത്തിലെ കർഷകർക്ക് തെല്ലൊരു ആശ്വാസംനൽകുന്ന സഹകരണസ്ഥാപനങ്ങളാണ് നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണ ബാങ്കും, പഴങ്ങാലം സർവ്വീസ് സഹകരണ സംഘവും. നെടുമ്പനപഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ആവശ്യങ്ങൾക്ക് മുൻതൂക്കംനൽകി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് പള്ളിമൺ നോർത്ത് ആസ്ഥാനമായുള്ള നെടുമ്പന പഞ്ചായത്ത് പട്ടികജാതി സഹകരണസംഘം. ടി സഹകരണ സ്ഥാപനങ്ങൾക്ക്കാലാനുകാലമായി കർഷകർക്കും ഇതര ജനവിഭാഗങ്ങൾക്കും തൃപ്തികരമായരീതിയിൽ വായ്പകൾനൽകുവാൻ കഴിഞ്ഞിട്ടില്ല. നിക്ഷേപങ്ങൾ വർദ്ദിപ്പിച്ചാൽ ഇതിനൊരു പരിഹാരം ലഭിക്കും. അതോടൊപ്പം " അവധി ബാക്കി" കുറച്ചുകൊണ്ടുവരികയും വേണം.

പഞ്ചായത്തിലെ കൺസ്യൂമർരംഗത്ത് പ്രവർത്തിക്കുന്ന ഒരു സഹകരണസ്ഥാപനമാണ് നല്ലിലാ കൺസ്യൂമർ സഹകരണസ്റ്റോർ. നല്ലിലാ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇതിന് നെടുമ്പന പുത്തൻചന്തയിലും ഒരു ബ്രാഞ്ചുണ്ടായിരുന്നു. ഇവയിലൂടെ ഭക്ഷ്യവസ്തുക്കളും, കർഷകർക്കാവശ്യമായ വളം, കീടനാശിനി എന്നിവ വില്പനനടത്തുകയും ചെയ്യുന്നു. സാമാന്യം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഈ സ്റ്റോറിന് സർക്കാർതലത്തിൽ നിത്യോപയോഗസാധനങ്ങൾ ലഭ്യമല്ലാത്തതിനാൽ പൊതു മാർക്കറ്റിൽനിന്നും സാധനങ്ങൾ വാങ്ങി വിൽക്കേണ്ടുന്ന പരിതസ്ഥിതിയാണുള്ളത്. നെടുമ്പന പുത്തൻചന്തയിൽ ഉണ്ടായിരുന്ന ഈ കൺസ്യൂമർ സ്റ്റോറിന്റെ ബ്രാഞ്ച് ലാഭകരമല്ല എന്ന കാരണത്താൽ അടച്ചുപൂട്ടി. പഞ്ചായത്ത് നിലവിലുള്ള നാല് ക്ഷീര സഹകരണസംഘങ്ങൾ സാമാന്യം മെച്ചമായി പ്രവർത്തിക്കുന്നവയാണ്. സ്കൂൾ സഹകരണസംഘങ്ങൾ കുട്ടികൾക്കാവശ്യമായ പഠനോപകരണങ്ങൾ വിതരണംചെയ്യുന്നു. വനിതാ സഹകരണസംഘങ്ങൾ ആരംഭിച്ചെങ്കിലും പ്രവർത്തനം തൃപ്തികരമല്ല. ഖാദി, കൈത്തറി മേഖലകളിലെ പ്രവർത്തനവും നല്ലരീതിയിൽ നടക്കുന്നില്ല. ഈ പഞ്ചായത്തും ഒരു മൾബറി സഹകരണസംഘം രജിസ്റ്റർചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. 1995-ൽ രജിസ്റ്റർചെയ്ത നെടുമ്പന യന്ത്രവത്കൃത ചകിരിവ്യവസായ സഹകരണസംഘം Q953 ഇനിയും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വായ്പാസംഘങ്ങളുടെ പ്രവർത്തനം

നെടുമ്പനപഞ്ചായത്തിലെ ഒന്നും രണ്ടും വാർഡുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണസംഘമാണ് പഴങ്ങാലം സർവ്വീസ് സഹകരണസംഘം. കാർഷികേതര-കാർഷിക വായ്പകളും കർഷകർക്കാവശ്യമായ വളം, കീടനാശിനികളും വിതരണംചെയ്യുന്നു. അംഗങ്ങളുടെ മുഴുവൻ ആവശ്യവും നടപ്പിലാക്കുവാൻ ഈ സംഘത്തിന് കഴിയുന്നില്ല. കൂടുതൽ വികസനം ആവശ്യമാണ്.

പഞ്ചായത്തിലെ 15 വാർഡുകളിൽ ഒന്നും രണ്ടും ഒഴികെയുള്ള 13 വാർഡുകൾ പരിധിയായുള്ള സഹകരണസംഘമാണ് നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ Q117. ഈ പഞ്ചായത്തിലെ ഏറ്റവും പ്രധാനപ്പെട്ട സാമ്പത്തിക സഹകരണസ്ഥാപനവും ഇതാണ്. അംഗങ്ങളുടെ വായ്പാ ആവശ്യം പൂർണ്ണമായും നിറവേറ്റണമെങ്കിൽ പ്രതിവർഷം പത്തുകോടി രൂപയെങ്കിലും വേണ്ടിവരും. എന്നാൽ ബാങ്കിലെ നിക്ഷേപത്തിന്റെ അപര്യാപ്തതമൂലം അംഗങ്ങളുടെ ആവശ്യം ആഗ്രഹിക്കുംവിധം നിറവേറ്റാൻ കഴിയുന്നില്ല. നല്ല വികസന സാദ്ധ്യതയുള്ള ഒരു സ്ഥാപനമാണ്. കൂട്ടായ്മയുടെ അഭാവവും സഹകരണമേഖലയിലെ സാദ്ധ്യതകളെക്കുറിച്ചുള്ള ബോധവത്കരണത്തിന്റെ അപര്യാപ്തതയും ഈ മേഖലയുടെ വളർച്ചക്ക് തടസ്സംനിൽക്കുന്നു. ടി സ്ഥാപനങ്ങളുടെ പ്രവർത്തന വിപുലീകരണത്തിന് നിക്ഷേപങ്ങൾ കൂടുതൽ ആകർഷിക്കുവാൻ കഴിയണം. പൊതുജനങ്ങളുടെ മിച്ചധനം സഹകരണമേഖലയിൽ നിക്ഷേപിക്കുവാനും അതുവഴി ബാങ്കിംഗ് ശീലം വളർത്തുവാനും ആസൂത്രിതമായ ബോധവത്കരണം ആവശ്യമാണ്. പൊതുമേഖലാ ബാങ്കുകളുടെ നിക്ഷേപത്തിന്റെ പലിശയും, നിക്ഷേപ-വായ്പാ അനുപാതവും, സഹകരണബാങ്കുളിലെ പലിശനിരക്കും, നിക്ഷേപ വായ്പാ അനുപാതവും താരതമ്യപഠനംനടത്തി പൊതുജനങ്ങളിൽ എത്തിക്കുവാൻ കഴിയണം. സഹകരണസ്ഥാപനങ്ങളുടെ വളർച്ചയാണ് ഗ്രാമത്തിലെ കാർഷിക-വ്യാവസായിക വികസനത്തിന്റെ അടിസ്ഥാനശില.

കാർഷികരംഗം

ഏകദേശം 7000 ത്തോളം കാർഷിക കുടുംബങ്ങൾ ഉൾക്കൊള്ളുന്ന പഞ്ചായത്താണ് നെടുമ്പന. കാർഷിക വായ്പകളാണ് ഇവിടത്തെ രണ്ട് സഹകരണസംഘങ്ങളും മുഖ്യമായി നൽകുന്നത്. നബാർഡും, മറ്റ് ഏജൻസികളുമായി ബന്ധപ്പെട്ട് പദ്ധതിവായ്പകൾ വിതരണംചെയ്യുന്നു. എങ്കിലും പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും അർഹമായ വായ്പാ യഥാസമയം നൽകാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

ദീർഘകാല കാർഷിക വായ്പ

കൊല്ലം ഭൂ വികസനബാങ്കിന്റെ പ്രവർത്തനപരിധിയിൽ വരുന്ന പഞ്ചായത്താണ് നെടുമ്പന. ഇവിടത്തെ കർഷകർക്ക് ആവശ്യാനുസരണം വായ്പലഭിക്കുന്ന സ്ഥിതിയല്ല ഇന്നുള്ളത്. കാലതാമസവും സാങ്കേതിക ബുദ്ധിമുട്ടുകളും പരിഹരിച്ച് കർഷകരെ ഈ സ്ഥാപനത്തിൽനിന്നും വായ്പ എടുക്കുന്നതിൽ താല്പര്യമുണ്ടാക്കണം.

മറ്റു വായ്പകൾ

കാർഷികേതര വായ്പയും സ്വർണ്ണപണയത്തിന്മേൽ വായ്പാ വിതരണവും നടത്തുന്ന സ്ഥാപനമാണ് നെടുമ്പന സർവ്വീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ Q117.

ജില്ലാ ബാങ്കിൽനിന്നുള്ള വായ്പയും, സ്വന്തം ഫണ്ടുപയോഗിച്ചുള്ള വായ്പയും വിതരണംനടത്തുന്നു. ഒരു കോടി രൂപ ഈ ഇനത്തിൽ ബാങ്ക് വിതരണംചെയ്തിട്ടുണ്ട്. 20

ലക്ഷത്തോളം രൂപ സ്വർണ്ണപണയമിനത്തിൽ വിതരണംന ടന്നിട്ടുണ്ട്. എന്നാൽ ആവശ്യാനുസരണം യഥാസമയം ഈ വായ്പകൾ ഗുണഭോക്താക്കൾക്ക് കൊടുക്കുവാൻ കഴിയു ന്നില്ല. സ്വന്തം ഫണ്ടിന്റെ അപര്യാപ്തതയാണ് ഇതിന് പ്ര ധാന കാരണം. നിക്ഷേപങ്ങൾ കാര്യമായി വർദ്ധിപ്പിച്ചെ ങ്കിൽമാത്രമേ ആവശ്യാനുസരണം വായ്പാപ്രവർത്തനം നട ത്താൻ കഴിയുകയുള്ളു.

പഴങ്ങാലം സർവ്വീസ് സഹകരണസംഘം കാർഷി കേതര വായ്പാ ഇനത്തിൽ 13.5 ലക്ഷം രൂപ വിതരണംചെ യ്തിട്ടുണ്ട്. ഇവിടെയും നിക്ഷേപത്തിന്റെ കുറവ് വായ്പാ പ്ര വർത്തനത്തെ സാരമായി ബാധിക്കുന്നു.

പൊതുമേഖലാ ബാങ്കുകൾക്ക് അനുസൃതമായി നി ക്ഷേപ സുരക്ഷിതത്വ പദ്ധതിയും, നിക്ഷേപ ഇൻഷ്വറൻ സുംസഹകരണബാങ്കുകളും നടപ്പിലാക്കിയിട്ടുണ്ട്. നിക്ഷേ പകർക്ക് ഉയർന്ന പലിശനൽകുന്ന ഈ ബാങ്കുകളുടെ നി ക്ഷേപ വർദ്ധന നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തികവ ളർച്ചക്ക് അത്യാവശ്യമാണ് ഇതിന് ജനങ്ങളുടെ സഹക രണം കൂടിയേ കഴിയൂ.

നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം Q 117

ഏകദേശം 6000 ത്തോളം കാർഷിക കുടുംബങ്ങൾ ഇതിന്റെ പ്രവർത്തനപരിധിയിൽ വരുന്നു. എന്നാൽ മുഴു വൻ കർഷകരും ഈ ബാങ്കിലെ അംഗങ്ങളല്ല. സാമ്പത്തി കാവശ്യങ്ങൾ നിറവേറ്റുന്നതിന് പരിധിക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ട് പരമാവധി ധനസഹായം കർഷകരിൽ എ ത്തിക്കുന്നുണ്ട്. 1995-96 വർഷം ടി ബാങ്ക് 30 ലക്ഷത്തോ ളം രൂപ ഹ്രസ്വകാല വായ്പയായും, 15 ലക്ഷത്തോളം രൂപ മദ്ധ്യകാല-ദീർഘകാല കാർഷിക വായ്പയായും വിതരണം ചെയ്തിട്ടുണ്ട്. നബാർഡ് നിലവിലുള്ള കാർഷിക വായ്പാവി തരണസംവിധാനത്തിൽ മാറ്റംവരുത്തിയാൽമാത്രമേ ഉദ്ദേശി ക്കുന്നരൂപത്തിൽ വായ്പാവിതരണം നടത്താൻ കഴിയുകയു ള്ളു. കൃത്യസമയത്ത് വായ്പ തിരിച്ചടക്കാത്തതും ഇതിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കർഷ കർക്ക് ആവശ്യമായ വളം, കീടനാശിനി എന്നിവ യഥാസ മയം സംഭരിച്ച് വിതരണംചെയ്യുവാൻ ഈ സ്ഥാപനം പര മാവധി ശ്രമിക്കുന്നുണ്ട്.

പഴങ്ങാലം സർവ്വീസ് സഹകരണസംഘം

ഏകദേശം 1000 ത്തോളം കാർഷിക കുടുംബങ്ങൾ ഈ സംഘത്തിന്റെ പരിധിയിലുണ്ട്. എല്ലാ കർഷകരും നില വിൽ അംഗങ്ങളല്ല. 95-96 വർഷത്തിൽ 3.6 ലക്ഷം രൂപ യുടെ ഹ്രസ്വകാല കാർഷിക വായ്പയും, 3 ലക്ഷം രൂപയു ടെ മദ്ധ്യകാല-ദീർഘകാല വായ്പയും വിതരണംചെയ്തിട്ടുണ്ട്.

ക്ഷീര സഹകരണസംഘങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പള്ളിമൺ, മുട്ടയ്ക്കാവ്, കു ണ്ടുമൺ, നല്ലില എന്നീ പ്രദേശങ്ങളിൽ നാല് ക്ഷീര സഹ കരണസംഘങ്ങൾ പ്രവർത്തിച്ചുവരുന്നു. ത്രിക്കോവിൽവട്ടം പഞ്ചായത്തിലെ പാലമുക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ക്ഷീരോല്പാദക സഹകരണസംഘം ഈ പഞ്ചായത്തിലെ നാല്, അഞ്ച്, ആറ് വാർഡുകളുടെ പരിധിയിൽ ഉൾപ്പെട്ട താണ്. ഈ വാർഡുകൾ വേർപെടുത്തി നെടുമ്പന കേ ന്ദ്രീകരിച്ച് ഒരു ക്ഷീര സഹകരണസംഘം ആരംഭിക്കാവു ന്നതാണ്. നമ്മുടെ പഞ്ചായത്തിലെ ക്ഷീരോല്പാദക കർഷ കർക്ക് പാൽ വിപണനംചെയ്യാൻ നിലവിലുള്ള സംഘങ്ങൾ പര്യാപ്തമല്ല. ആകയാൽ നെടുമ്പന പുത്തൻചന്ത, പഴ ങ്ങാലം, പുലിയില, ഇളവൂർ, കുളപ്പാടം, വെളിച്ചിക്കാല എന്നീ പ്രദേശങ്ങൾ കേന്ദ്രമാക്കി ക്ഷീരസംഘങ്ങൾ തുടങ്ങാവുന്നതാണ്. ക്ഷീരകർഷകർക്ക് മിതമായ വിലക്ക് കാലിത്തീറ്റ വിതരണംചെയ്യുന്നതിന് ആവശ്യമായ പദ്ധതി ആവിഷ്കരിക്കേണ്ടതാണ്. സാമ്പത്തികശേഷി കുറഞ്ഞ കർ ഷകർക്ക് നല്ലയിനം കറവുമാടുകളെ വായ്പാപരിധിയിൽ ഉൾ പ്പെടുത്തി വിതരണംചെയ്യേണ്ടതാണ്.

ഉപഭോക്തൃ സഹകരണസംഘം

നല്ലില കേന്ദ്രീകരിച്ചുനടത്തുന്ന സഹകരണ കൺസ്യൂ മർ സ്റ്റോറിന്റെ പ്രവർത്തനം പഞ്ചായത്തിലെ പ്രധാന പ്പെട്ട കേന്ദ്രങ്ങളിലേക്കുംകൂടി വ്യാപിപ്പിക്കണം. സിവിൽ സപ്ലൈസ് കോർപ്പറേഷൻവഴി കുറഞ്ഞനിരക്കിൽ നിത്യോ പയോഗസാധനങ്ങൾ ഈ മേഖലക്ക് വിതരണം ചെയ്താൽ കൂടുതൽ കരുത്താർജ്ജിച്ച് പ്രവർത്തിക്കാൻകഴിയും.

ലേബർ കോൺട്രാക്ട് സഹകരണസംഘം

ഈ പഞ്ചായത്തിൽ രജിസ്റ്റർചെയ്തിട്ടുള്ള ലേബർ കോൺട്രാക്ട് സഹകരണസംഘത്തിന്റെ പ്രവർത്തനം കാ ര്യക്ഷമമല്ല. അസംഘടിത മേഖലയിലുള്ള തൊഴിലാളികളെ കൂട്ടിയോജിപ്പിച്ചുകൊണ്ട് ഇവർക്ക് സ്ഥിരംതൊഴിൽ ലഭി ക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് സം ഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതുണ്ട്.

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തനം പരിധി	വ്യക്തി അംഗം	ഓഹരിമൂലധനം (000)	കടം (000)	നിക്ഷേപം (000)	കാർഷികം	കാർഷികേതരം	പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ	ജീവനക്കാർ
1.	നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം Q 117	1959	നെടുമ്പന പഞ്ചായത്തിൽ 1, 2 വാർഡുകൾ ഒഴികെ	8938	1821	7400	10135	4390	99535	15121	നഷ്ടം	8
2.	പഴങ്ങാലം സർവ്വീസ് സഹകരണ സംഘം	1956	പഴങ്ങാലം 1, 2, വാർഡ്	1727	256	1188	1295	635	1323	2225	നഷ്ടം	2

ക്ഷീരസഹകരണസംഘം

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	വ്യക്തി അംഗങ്ങൾ	ഓഹരിമൂലധനം (000)	നിക്ഷേപം (000)	കടം (000)	പ്രവർത്തന മൂലധനം	വ്യാപാര ഇടപാടുകൾ	ലാഭമോ നഷ്ടമോ	ജീവനക്കാർ	
										സ്ഥിരം	മറ്റുള്ളവർ
1.	APCOS മിൽമ പള്ളിമൺ	1959	220		80635			പാൽ കാലത്തീറ്റ	ലാഭം	3	–
2.	APCOS മിൽമ മുട്ടക്കാവ്	1991	157	1570				പാൽ കാലത്തീറ്റ	ലാഭം	3	–

ഖാദി സഹകരണസംഘം

ഈ മേഖലയിൽ കൂട്ടായ പ്രവർത്തനം നടക്കുന്നില്ല. ചില കേന്ദ്രങ്ങളിൽ ഒറ്റപ്പെട്ട പ്രവർത്തനം നടക്കുന്നുണ്ട്. ഈ സംഘങ്ങളുടെ പ്രവർത്തനം മറ്റു മേഖലയിൽക്കൂടി വ്യാപിപ്പിച്ചാൽ ധാരാളം പുതിയ സംരംഭങ്ങൾ ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. ഇതുവഴി ധാരാളം തൊഴിൽ ദിനങ്ങൾ ഉണ്ടാക്കാൻ കഴിയും.

കൈത്തറി സഹകരണസംഘം

1954-മുതൽ പുലിയിലാ കേന്ദ്രീകരിച്ച് പ്രവർത്തിച്ചു വരുന്നസ്ഥാപനമാണ് പുലിയിലാ കൈത്തറി സഹകരണ സംഘം. 50 തറികൾ പ്രവർത്തിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ 6 എണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളു. നൂലിന്റേയും, ചായത്തിന്റേയും വിലകൂടുതൽ ഇത്തരം സ്ഥാപനങ്ങളുടെ വളർച്ചയെ മുരടിപ്പിക്കുന്നു. കൂടാതെ റിബേറ്റ് ഇനത്തിൽ സർക്കാർ സംഘങ്ങൾക്ക് കൊടുക്കാനുള്ള തുക യഥാസമയം നൽകാത്തതും ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നു. തൊഴിലാളികൾക്ക് വേതനം വളരെ കുറവാണ്. മൂലധനത്തിന്റെ അഭാവം ഈ മേഖലയുടെ പ്രവർത്തനത്തെ സാരമായി ബാധിച്ചിരിക്കുന്നു.

വിവിധ മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾ

1. സഹകരണബാങ്കുകളുടെ പ്രവർത്തനം വിപുലീകരിക്കുക.

2. എല്ലാ കർഷകരേയും അംഗങ്ങളാക്കി ഓഹരിമൂലധനം വർദ്ധിപ്പിക്കുക.
3. സഹകരണബാങ്കുൾ കർഷകരെസംബന്ധിച്ച പൂർണ്ണ വിവരങ്ങൾ അടങ്ങിയ ലാന്റ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുക. അതനുസരിച്ച് ഓരോ വർഷത്തിലും ആവശ്യമായ വായ്പ അനുവദിച്ചുകൊടുക്കുക.
4. നിക്ഷേപ സമാഹരണം ഫലപ്രദമായി നടത്തി പ്രവർത്തനമൂലധനം വർദ്ധിപ്പിക്കുക.
5. കാർഷിക വായ്പയുടെ ക്രഡിറ്റ് ലിമിറ്റ് നിശ്ചയിക്കാനും, വായ്പ പാസ്സാക്കാനുമുള്ള അധികാരം സർവ്വീസ് ബാങ്കുകൾക്ക് നൽകുക.
6. കാർഷിക ആവശ്യത്തിനായി നബാഡിൽനിന്ന് വായ്പ കൃത്യമായി അനുവദിച്ചുകിട്ടുന്നതിന് നടപടി സ്വീകരിക്കുക.
7. കാർഷിക വായ്പകൾ നബാർഡ് നേരിട്ട് സർവ്വീസ് ബാങ്കുകൾക്ക് നൽകിയോ അല്ലെങ്കിൽ സ്റ്റേറ്റ് സഹകരണബാങ്കുവഴി സർവ്വീസ് ബാങ്കുകൾക്ക് എത്തിക്കുകയോ ചെയ്യുക.
8. സർക്കാരിൽനിന്നും അനുവദിച്ചുകിട്ടുന്ന പലിശ സബ്സിഡി യഥാകാലം വായ്പക്കാർക്ക് ലഭിക്കുന്നില്ല. വായ്പ അടയ്ക്കുമ്പോൾത്തന്നെ പലിശസബ്സിഡി അനുവദിച്ച് വായ്പ കുറവുചെയ്തുകൊടുക്കാൻ സംവിധാനം ഉണ്ടാക്കുക.
9. നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണബാങ്കിന് നല്ലിലാ കേന്ദ്രമാക്കി ഒരു ബ്രാഞ്ച് തുറന്നുപ്രവർത്തിക്കുക.
10. ജനങ്ങളുടെ മിച്ചധനം സഹകരണബാങ്കിൽ നിക്ഷേപിക്കുന്നതിന് ആവശ്യമായ പുതിയ നിക്ഷേപപദ്ധതികൾ ആസൂത്രണംചെയ്ത് നടപ്പാക്കുക.
11. പഞ്ചായത്തിലെ കേരവികസനത്തിന് ഒരു കോക്കനട്ട് ഗ്രോംവേഴ്സ് സഹകരണസംഘം ആരംഭിക്കുക.
12. നെൽപ്പാടങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണസംഘങ്ങൾ രജിസ്റ്റർചെയ്യുക.
13. പഞ്ചായത്തിൽ രണ്ട് കൺസ്യൂമർ സഹകരണസംഘങ്ങൾകൂടി പുതുതായി ആരംഭിക്കുക.
14. പ്രൈമറി സഹകരണബാങ്കുകൾനടത്തുന്ന ചിട്ടിയുടെ സല 25000-ൽനിന്നും ഒരുലക്ഷം രൂപ സലയുള്ള ചിട്ടികൾ നടത്തുന്നതിന് അംഗീകാരം നൽകുക.
15. പഞ്ചായത്തിൽ ശാസ്ത്രീയ സർവ്വേയുടെ അടിസ്ഥാനത്തിൽ പുതിയ ക്ഷീരസഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.
16. സഹകരണമേഖലയിൽ ഒരു കാലിത്തീറ്റ ഫാക്ടറി ആരംഭിക്കുക.
17. പഞ്ചായത്തുപ്രദേശത്തെ കർഷകർക്ക് ദീർഘകാല കാർഷികവായ്പ നൽകുന്ന കൊല്ലം കാർഷികവികസനബാങ്കിന്റെ വായ്പാ വിതരണസമ്പ്രദായം ലളിതവൽക്കരിക്കുകയും പഞ്ചായത്തുതോറും ബാങ്കിന്റെ നേതൃത്വത്തിൽ വായ്പാമേളകൾ നടത്തുന്നതിന് നടപടി സ്വീകരിക്കുക.
18. നെടുമ്പന ഗ്രാമപഞ്ചായത്തിന്റെ ദൈനംദിന പറ്റുവരവിനുള്ള അക്കമുണ്ട്. പഞ്ചായത്ത് ഓഫീസിന് ഏറ്റവും അടുത്തുള്ള നെടുമ്പന വില്ലേജ് സർവ്വീസ് സഹകരണബാങ്കിൽ തുടങ്ങുക.
19. പഞ്ചായത്തിൽ രണ്ട് ഡയറീഫാമുകൾ, ഒരു ഗോട്ട് ഫാമും തുടങ്ങുന്നതിന് നടപടി സ്വീകരിക്കുക.
20. സഹകരണമേഖലയിൽ കാർഷികോല്പന്ന വിതരണകേന്ദ്രങ്ങൾ തുറക്കുക (General Marketing and Production Cooperative Society)
21. പുതുതായി വനിതാസഹകരണസംഘങ്ങൾ ആരംഭിക്കുക.
22. കർഷകർക്ക് നല്ലയിനം വിത്തുകൾ യഥാസമയം എത്തിക്കുവാൻ നടപടി സ്വീകരിക്കുക.
23. പ്രാഥമിക സഹകരണസംഘങ്ങൾക്ക് ഇന്നുനൽകുന്ന പലിശമാർജ്ജിൻ ജില്ലാ ബാങ്കുകൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
24. സിമ്പിൾ മോർട്ടേജ് Simple Mortage പദ്ധതിപ്രകാരം വായ്പ നൽകുവാൻ പ്രാഥമിക സഹകരണസംഘങ്ങളെ അനുവദിക്കുക.
25. പ്രാഥമിക സഹകരണബാങ്കുകളിൽ ഡിമാന്റ് ഡ്രാഫ്റ്റ് സമ്പ്രദായം നടപ്പിലാക്കാൻ അനുവാദം ഉണ്ടാക്കുക.
26. ജില്ലാ സഹകരണബാങ്കുകൾ ഇപ്പോൾ നൽകിവരുന്ന വ്യക്തി അംഗ വായ്പകൾ നിർത്തലാക്കുക. അത്തരം വായ്പകൾ പ്രാഥമിക സഹകരണബാങ്കുകൾവഴി വിതരണംചെയ്യുക.

തൊഴിൽസാദ്ധ്യതകൾ

സംസ്ഥാനത്തിന്റെ നിലവിലുള്ള സാഹചര്യത്തിൽ ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി അഭ്യസ്ഥരുടെ തൊഴിലില്ലാ

യ്മയാണ്. തൊഴിലിനോടുള്ള നമ്മുടെ യുവാക്കളുടെ സമീപനത്തിൽ, അടിസ്ഥാനപരമായ മാറ്റം അനിവാര്യമാണ്. ഏത് തൊഴിലും മാന്യമാണ് എന്ന തോന്നൽ ഉണ്ടാക്കിയെടുക്കണം. ഓരോരുത്തരും എല്ലാവർക്കുംവേണ്ടിയും, എല്ലാവരും ഓരോരുത്തർക്കുംവേണ്ടിയും പ്രവർത്തിക്കുക എന്ന സഹകരണതത്വം നടപ്പിലാക്കിയാൽ നമ്മുടെ പഞ്ചായത്തിന്റെ സാമൂഹ്യ സാമ്പത്തിക തൊഴിൽമേഖലകളിൽ വമ്പിച്ച സാമൂഹ്യ പരിവർത്തനം നടത്താൻ കഴിയും. സഹകരണ പ്രസ്ഥാനം ഇതിനെ അനുയോജ്യമാണ്. ഈ മേഖലയിൽ ഇന്നുള്ള സാദ്ധ്യത എത്രകണ്ട് വർദ്ധിപ്പിക്കാമെന്ന് നാം ആലോചിക്കണം.

ക്രഡിറ്റ് മേഖലയുടെ വളർച്ചയിലൂടെയും, വിപുലീകരണത്തിലൂടെയും പുതിയ തൊഴിൽസാദ്ധ്യതകൾ കണ്ടെത്താൻ കഴിയും. നാളീകേര സംസ്കരണയൂണിറ്റുമായി ബന്ധപ്പെട്ട് ഏകദേശം പത്തോളംപേർക്ക് തൊഴിൽലഭിക്കാൻ സാദ്ധ്യതയുണ്ട്. കൺസ്യൂമർമേഖലയുടെ പുനരുദ്ധാരണം വഴി 5 പേർക്ക് തൊഴിൽ കൊടുക്കാവുന്നതാണ്. ഖാദി സഹകരണസംഘങ്ങൾവഴി 100 കണക്കിന് യുവതീ യുവാക്കൾക്ക് തൊഴിൽകണ്ടെത്താൻ കഴിയും. വനിതാ സഹകരണസംഘങ്ങളുടെ മേൽനോട്ടത്തിൽ റെഡിമെയ്ഡ് വസ്ത്രങ്ങൾ, കറിപൗഡർ യൂണിറ്റ്, നോട്ടുബുക്ക് യൂണിറ്റ്, വിവിധയിനം അച്ചാറുകൾ തുടങ്ങിയ ചെറുകിട വ്യവസായ സംരംഭങ്ങൾവഴി ധാരാളംപേർക്ക് തൊഴിൽകണ്ടെത്താൻകഴിയും. രണ്ട് ഡയറി സഹകരണസംഘങ്ങൾ രൂപീകരിച്ചാൽ പത്തുപേർക്ക് തൊഴിൽകൊടുക്കാനാവും. നിലവിലുള്ള ലേബർകോൺട്രാക്ട് സഹകരണസംഘത്തിന്റെ പ്രവർത്തനം വിപുലീകരിച്ചാൽ നിരവധിപേർക്ക് തൊഴിൽസാദ്ധ്യതയുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗക്ഷേമം



തൊട്ടുകൂടായ്മയും, തീണ്ടിക്കൂടായ്മയും ആരോപിച്ച് സാമൂഹ്യധാരയിൽനിന്ന് നൂറ്റാണ്ടുകളായി മാറ്റിനിറുത്തപ്പെട്ട ഒരു ജനത–പട്ടികജാതി/പട്ടികവർഗ്ഗക്കാർ. പകലന്തിയോളം പാടത്തും, പറമ്പിലും പണിയെടുത്ത് ഉടുതുണിക്ക് മറുതുണിയില്ലാതെ ചെറ്റമാടങ്ങളിലും ചെളിക്കുണ്ടുകളിലും അന്തിയുറങ്ങിയ അശരണർ. നൂറ്റാണ്ടുകൾക്കു മുമ്പ് നാടെമ്പാടുമുണ്ടായിരുന്ന സ്ഥിതിയിൽനിന്നും ഒട്ടും മെച്ചപ്പെട്ടതായിരുന്നില്ല നമ്മുടെ പഞ്ചായത്തിലേയും. ഈ നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ശക്തിപ്രാപിച്ച സാമൂഹിക–രാഷ്ട്രീയപ്രസ്ഥാനങ്ങളുടെ വ്യാപനവും ഗാന്ധിയൻ ചിന്താധാരയും നാട്ടിൽ നിലനിന്ന ജാതിക്കെതിരായ പോരാട്ടത്തിന്റെ ശക്തി വർദ്ധിച്ചു. ശ്രീനാരായണഗുരു, ചട്ടമ്പിസ്വാമി, അയ്യൻകാളി, സഹോദരൻ അയ്യപ്പൻ, ഡോ: പൽപ്പു തുടങ്ങിയ സാമൂഹ്യ പരിഷ്കർത്താക്കളുടെ സ്വാധീനവും അധ:സ്ഥിതിമുന്നേറ്റങ്ങൾക്ക് ആക്കംകൂട്ടി. 1936–ലെ ക്ഷേത്രപ്രവേശന വിളംബരത്തോടെ തിരുവിതാംകൂറിലെങ്ങും പത്തിതാഴ്ത്തിയ ജാതിസർപ്പം പിന്നെയും ഒരുനൂറ്റാണ്ടുകാലം ഒളിഞ്ഞുതെളിഞ്ഞുനിന്ന് ഉഗ്രവിഷം ചീറ്റി. സ്വാതന്ത്ര്യപ്രാപ്തിക്കു ശേഷം നിയമനിർമ്മാണത്തിലൂടെ ജാതിവ്യവസ്ഥയെ തളയ്ക്കാൻ ശ്രമം ആരംഭിച്ചെങ്കിലും ഉദ്ദേശിച്ചത്ര ഫലം ചെയ്തില്ല. ജന്മിയുടെ ദൃഷ്ടിയിൽ മൃഗതുല്യരായിത്തുടർന്ന അധ:സ്ഥിതന്റെ അവകാശപോരാട്ടങ്ങൾക്ക് ആക്കംനൽകിയത് കേരളത്തിലെ പുരോഗമന രാഷ്ട്രീയപ്രസ്ഥാനങ്ങളായിരുന്നു. ജന്മിത്വത്തിന്റെ ക്രൂരമായ ആക്രമണങ്ങൾ പലതും ഭീതിയോടെ ഓർക്കുന്ന പഴയ തലമുറയുണ്ടെങ്കിലും കാര്യമായ ചെറുത്തുനില്പിന്റെ കഥകളൊന്നും അവരിൽനിന്നും കേൾക്കാനില്ല. ആദ്യകാലങ്ങളിൽത്തന്നെ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം പട്ടികജാതി കുടുംബങ്ങൾക്കും സ്വന്തമായി കൃഷിഭൂമിയും, കിടപ്പാടവും ഉള്ളവരായിരുന്നു. ഇപ്രകാരം പൈതൃകമായി കിട്ടിയ മണ്ണ് സംരക്ഷിക്കുന്നകാര്യത്തിൽ പുതിയ തലമുറ പരാജയപ്പെട്ടെങ്കിലും പഞ്ചായത്തിൽ ഭൂരഹിതരായ പട്ടികജാതിക്കാർ തുലോം കുറവാണ്.

വിവിധ കോളനികളിലായി ആകെ 5069 പട്ടികജാതിക്കാരാണ്. ഇവരിൽ 142 പേർ മീയ്യണ്ണൂർ കണ്ണങ്കരക്കുന്നിലെ വേടർ സമുദായംഗങ്ങൾ ആണ് (45കുടുംബങ്ങൾ) കൊല്ലം താലൂക്കിലായതിനാൽ അവർക്ക് പട്ടികവർഗ്ഗ വിഭാഗത്തിന്റെ ആനുകൂല്യം ലഭ്യമല്ല. പഞ്ചായത്തിലെ ജനസംഖ്യയുടെ 12% ഈ വിഭാഗത്തിൽപ്പെട്ടവരാണ്. വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ താരതമ്യേന മെച്ചപ്പെട്ട ആനുകൂല്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. പ്രത്യേകിച്ച് 1979–ന് ശേഷം ഈ വിഭാഗങ്ങളുടെ ജീവിത നിലവാരത്തിൽ അത്ഭുതപൂർവ്വമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ചില കോളനികൾ വിദ്യാഭ്യാസമായും, സാമൂഹ്യമായും പുരോഗതി നേടിയിട്ടുണ്ട്. (ഉദാ: നെടുമ്പന കളയ്ക്കൽ, പള്ളിമൺ ചാലക്കര, പള്ളിമൺ, കിഴക്കേക്കര, പഴങ്ങാലം കുന്നുവിള പഞ്ചായത്തിലെ മുഴുവൻ കോളനികളിലും വൈദ്യുതി എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. എങ്കിലും നിരവധി പ്രശ്നങ്ങൾ ഇനിയും പരിഹരിക്കപ്പെടേണ്ടതായുണ്ട്. ഇവയ്ക്ക് അടിയന്തിര പരിഹാരം കാണേണ്ടതുണ്ട്.

സാമൂഹ്യപദവി

പട്ടികജാതിക്കാരുടെ ജീവിതനിലവാരവും, സാമൂഹ്യ പദവിയും സാമാന്യ തൃപ്തികരമാണ്. അമ്പതു കൊല്ലങ്ങൾക്കുമുമ്പ് അവർക്കിടയിൽ നിലനിന്ന അന്ധവിശ്വാസത്തിനും, അനാചാരത്തിനും മാറ്റമുണ്ടായിട്ടുണ്ട്. മരണാനന്തര ചടങ്ങുകൾ, വിവാഹം എന്നിവയിൽ അരനൂറ്റാണ്ട് മുമ്പുവരെ നിലനിന്ന പ്രത്യേക പന്തിഭേജനം ഇന്ന് കാണാനില്ല. ജാതിപ്പേര് ചൊല്ലിവിളിക്കാൻ മുന്നോക്കക്കാരിലെ മുതിർന്ന തലമുറയിൽപ്പോലും ഇന്ന് പതിവില്ല. മാതൃകാ കുടുംബജീവിതം, കുട്ടികളുടെ വിദ്യാഭ്യാസം, പൊതു പ്രവർ

ത്തനം എന്നിവയിലും സാമൂഹ്യധാരയുമായി ഇഴുകിച്ചേരാൻ ബഹുഭൂരിപക്ഷംപേരും തല്പരരാണ്.

വിദ്യാഭ്യാസം

വിദ്യാഭ്യാസകാര്യത്തിൽ പഴയ കാലത്തേക്കാൾ പുരോഗതി ഉണ്ടായിട്ടുണ്ട്. 6000ലധികം വരുന്ന സ്കൂൾ വിദ്യാർത്ഥികളിൽ 341 ആൺകുട്ടികളും 396 പെൺകുട്ടികളുമടക്കം 737 പേർ പട്ടികജാതി വിഭാഗക്കാരാണ്. സ്കൂൾ പ്രായക്കാരായ കുട്ടികളിൽ 90% പേരും വിദ്യാലയങ്ങളിൽ എത്തുന്നതായി കണക്കുകൾ കാണിക്കുന്നു. വിവിധ കാരണങ്ങളാൽ സ്കൂൾ വിദ്യാഭ്യാസം മതിയാക്കുന്ന (കൊഴിഞ്ഞുപോകുന്ന) വരിൽ 15% പേർ പട്ടികജാതി വിദ്യാർത്ഥികളാണ്. എന്നാൽ L.P., U.P വിഭാഗത്തിലെ കൊഴിഞ്ഞുപോക്കൽ കഴിഞ്ഞ 5 വർഷങ്ങളിലെ ശരാശരി 5% മാണ്. സാമ്പത്തിക ബുദ്ധിമുട്ട് അനുഭവപ്പെടുന്ന അച്ഛനമ്മമാരെ സഹായിക്കുന്നതിനായി വിദ്യാലയം വിട്ട് തൊഴിൽ തേടിപ്പോകുന്നതിനാൽ ഹൈസ്കൂൾ ക്ലാസ്സുകളിലെ കൊഴിഞ്ഞുപോക്ക് പട്ടികജാതിക്കാരുടെ ഇടയിൽ 15% വരും. നിലവിലുള്ള പൊതുവിദ്യാഭ്യാസ സമ്പ്രദായം ചെലവേറിയതാണ്. ഇത് മറികടക്കാൻ കഴിയുന്ന സാമ്പത്തിക സാഹചര്യം ഈ വിഭാഗക്കാർക്കില്ല. കോളേജ് വിദ്യാഭ്യാസം സിദ്ധിച്ചവർ ഏറെയുണ്ടെങ്കിലും മെഡിക്കൽ, എൻജിനീയറിംഗ് എന്നീ വിഭാഗത്തിൽ പരീക്ഷായോഗ്യതയുള്ളവർ തുലോം കുറവാണ്.

തൊഴിൽ

ജന്മിമാരുടെ കൃഷിയിടങ്ങളിൽ പണിയെടുക്കുന്നവരായിരുന്നു ഭൂരിഭാഗവും. കാലാന്തരത്തിൽ കാർഷികമേഖലയിൽ മതിയായ തൊഴിൽദിനങ്ങൾ ലഭ്യമാകാത്തതിനാൽ മറ്റു മേഖലകൾ കണ്ടെത്താൻ ഇവർ നിർബ്ബന്ധിതരായി. വിവിധ മേഖലകളിലെ (നിർമ്മാണം, കശുവണ്ടി, ഇഷ്ടിക) എന്നീ മേഖലകളിലെ മെച്ചപ്പെട്ട സേതന വേതനവ്യവസ്ഥയും, കാർഷികമേഖലയിൽനിന്ന് ഇവരെ അകറ്റിക്കൊണ്ടുപോകാൻ കാരണമായി. സ്ത്രീതൊഴിലാളികൾ ഏറിയ പങ്കും ഇപ്പോൾ കശുവണ്ടിമേഖലയിൽ പണിയെടുക്കുന്നവരാണ്. പട്ടികജാതിക്കാരുടെ പുരോഗതിക്കായി കഴിഞ്ഞ 10 വർഷങ്ങളിലായി പരമാവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഭവനനിർമ്മാണം, ഗതാഗതം, കുടിവെള്ളം, വൈദ്യുതി എന്നീ മേഖലകളുടെ വികസനത്തിനായും ലക്ഷക്കണക്കിന് രൂപയുടെ വികസനപ്രവർത്തനം നടന്നുവരുന്നു. കോളനികളിലെ മുഴുവൻ ഭവനങ്ങളിലും വെളിച്ചമെത്തിക്കാനുള്ള പ്രവർത്തനങ്ങൾക്ക് മുൻതൂക്കംകൊടുത്തുള്ള പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഉഗ്രൻകുന്ന് ശാസ്താംപൊയ്ക മേഖലയിൽ വൈദ്യുതി എത്തിക്കുന്നതിനായി രണ്ടുലക്ഷത്തി എൺപത്തൊന്പതിനായിരം രൂപയുടെ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. പഴങ്ങാലം ഉണ്ണിയേശു കോളനിയിലും, കളയ്ക്കൽ ഹരിജൻ കോളനിയിലും കുടിവെള്ളം ലഭ്യമാക്കുന്നതിനായി കുഴൽകിണർ സ്ഥാപിക്കാൻ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്പെഷ്യൽ കമ്പോണന്റ് സ്കീമിൽപ്പെടുത്തി പന്നിക്കോട് പുന്നൂർ മുടവാടൻകോളനിയിൽ കുടിവെള്ളം എത്തിക്കാൻ പള്ളിമൺ വാട്ടർ സപ്ലൈസ്സ് സ്കീമിൽനിന്നും ലൈൻ നീട്ടിക്കൊടുത്തിട്ടുണ്ട്. പഞ്ചായത്തിൽനിന്നും 600 കുടുംബങ്ങൾക്ക് സൗജന്യമായി വീട് വൈദ്യുതീകരിച്ചതുകൂടാതെ, കാർഷികവൃത്തിയെ പ്രോത്സാഹിപ്പിക്കാൻ 90 ഓളം കുടുംബങ്ങൾക്ക് സൗജന്യ നടീൽവസ്തുക്കളും, രാസവളകിറ്റുകളും വിതരണംചെയ്തിട്ടുണ്ട്. S.E.P. സ്കീമിലുൾപ്പെടുത്തി പള്ളിമൺ കിഴക്കേക്കര കോളനിയിൽ ഓവർഹെഡ് ടാങ്ക് സ്ഥാപിക്കാൻ 9 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച് നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. കളയ്ക്കൽ പ്രദേശത്ത് കമ്മ്യൂണിറ്റി ഹാളും, ചാലക്കര കോളനി കേന്ദ്രീകരിച്ച് സ്പ്രിംഗിൾ ടൈപ്പ് ഇറിഗേഷൻ സ്കീം നടപ്പിലാക്കുകയും ചെയ്തു. തലമുറകളായി അവഗണനയും ആണ്ടുകിടന്ന ഈ അവശജന വിഭാഗത്തിന്റെ ഉന്നമനത്തിനായി പഞ്ചായത്ത് മനസ്സിരുത്തി പ്രവർത്തിച്ചുവരുന്നെങ്കിലും ഇവരുടെ തൊഴിൽ, സാമൂഹ്യപദവി, വിദ്യാഭ്യാസം എന്നീ മേഖലകളിൽ ആശാവഹമായ മുന്നേറ്റം അവകാശപ്പെടാനില്ല. എല്ലാ തുറകളിലും അവശരായ ഇവരുടെ നാനാവിധമായ പുരോഗതിയിലൂടെ മാത്രമേ വികസനം പൂർണ്ണമാകൂ.

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ പുരോഗതി ഇല്ല.
2. വിദ്യാർത്ഥികളിൽ കൊഴിഞ്ഞുപോക്കുണ്ട്.
3. കോളനികളിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തത.
4. കാർഷികമേഖലയിൽനിന്ന് തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നു.
5. തൊഴിൽസാദ്ധ്യത കുറയുന്നു.
6. എല്ലാവർക്കും സ്വന്തമായി ഭൂമിയും, വീടും ഇല്ല.
7. കോളനികളിൽ വൈദ്യുതിയും, കുടിവെള്ളവും പൂർണ്ണമായി എത്തിയിട്ടില്ല.
8. സ്ഥിരവും, സാങ്കേതികരംഗത്തുള്ള തൊഴിലും ലഭ്യമല്ല.
9. കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല.
10. ആരോഗ്യസംരക്ഷണ സംവിധാനങ്ങൾ മെച്ചപ്പെട്ടതല്ല.

11. I.R.D.P. പദ്ധതിയും, മറ്റു പദ്ധതികളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല.
12. പട്ടികജാതി/ പട്ടികവർഗ്ഗത്തിന് ആനുകൂല്യങ്ങൾ പൂർണ്ണമായി ലഭിക്കുന്നില്ല.
13. പട്ടികജാതിക്കാരുടെ ക്ഷേമപദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മ.

സാദ്ധ്യതകൾ

1. വിദ്യാഭ്യാസ ഉന്നമനത്തിനായി ഈ വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനും, കൊഴിഞ്ഞുപോക്ക് തടയുന്നതിനും പഞ്ചായത്തിന്റെ സഹായത്തോടെ കോളനികൾ കേന്ദ്രീകരിച്ച് രാത്രികാല പഠനകേന്ദ്രങ്ങൾ തുറക്കണം.
2. അഭ്യസ്തവിദ്യർക്ക് സർക്കാർ ഏജൻസികൾ നൽകിവരുന്ന വായ്പകളും, സഹായങ്ങളും പഞ്ചായത്തുമുഖേന വിതരണംചെയ്യുകയും, മേൽനോട്ടം ഗ്രാമ പഞ്ചായത്തിനെ ഏല്പിക്കുകയും വേണം.
3. സാങ്കേതികരംഗത്തുംമറ്റും പരിശീലനംനൽകി വ്യവസായംതുടങ്ങാൻ ആവശ്യമായ വായ്പ പൂർണ്ണമായും അനുവദിക്കുക. വായ്പകൾ നിർദ്ദിഷ്ട കാര്യത്തിന് ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.
4. സ്ത്രീകളുടെ തൊഴിൽസാദ്ധ്യത വർദ്ധിപ്പിക്കാൻ സഹകരണമേഖലയിൽ കുട്ടനെയ്ത്ത്, പായനെയ്ത്ത്, പ്ലാസ്റ്റിക് വസ്തുക്കളുടെ നിർമ്മാണം മുതലായവ ആരംഭിക്കാൻ പദ്ധതികൾ ആവിഷ്കരിക്കു.
5. പാർപ്പിട നിർമ്മാണ സഹായധനം വർദ്ധിപ്പിക്കുക.
6. ലക്ഷംവീട് കോളനികളുടെ പരിമിതികൾ പരിഹരിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.
7. വീട് പുതുക്കിപ്പണിയുന്നതിനും, അറ്റകുറ്റപ്പണികൾക്കും പലിശരഹിതവായ്പ അനുവദിക്കു.
8. പട്ടികജാതി വികസനവകുപ്പ് മുഖേന നടത്തിവരുന്ന ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി പഞ്ചായത്തിൽ നടപ്പിലാക്കി വസ്തുവും, വീടുമില്ലാത്ത കുടുംബങ്ങളെ സഹായിക്കുക.
9. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിച്ചുകൊടുക്കുക.
10. കോളനികളിലെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് പൊതുകിണർ കുഴിപ്പിക്കുകയും വാട്ടർ സപ്ലൈ സ്കീം നടപ്പാക്കുകയും വേണം.
11. ആഗ്രോ സർവ്വീസ് സെന്ററുകൾ എല്ലാ കോളനികളിലും അനുവദിക്കുക.
12. ഈ പഞ്ചായത്തിലെ ഗവൺമെന്റ് ആശുപത്രി ഉഗ്രൻകുന്ന്, ശാസ്താംപൊയ്ക, കൊത്തുപാറ, പ്ലാവഴികം, മലപ്പുറം, പള്ളിമൺ കിഴക്കേക്കര അംബേക്കർ കോളനി, കാട്ടുവിള എന്നീ പട്ടികജാതി കോളനികളുടെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനായി വിപുലീകരിക്കുകയും പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും ധനസഹായം ലഭിക്കുകയും വേണം. പുതിയ സ്പെഷ്യലൈസ്സ് യൂണിറ്റുകൾ ആരംഭിക്കുക.
13. പട്ടികജാതി സഹകരണസംഘത്തിന്റെ പ്രവർത്തനം ഈ വിഭാഗത്തിലെ മുഴുവൻ ജനങ്ങളുടേയും സാമ്പത്തിക ഉന്നമനത്തിന് ഉതുകുന്ന രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
14. കോളനികളുടെ ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് പുതിയ റോഡുകൾ നിർമ്മിക്കുകയും നിലവിലുള്ളവ വിപുലീകരിക്കുകയും ചെയ്യുക.
15. എല്ലാ വീടുകളും സൗജന്യമായി വൈദ്യുതീകരിക്കുക.
16. പട്ടികജാതിക്കാർ കൂടുതൽ താമസിക്കുന്ന മേഖലകളിലെ വിദ്യാലയങ്ങളോട് അനുബന്ധിച്ച് പ്രീ-പ്രൈമറി ആരംഭിക്കുക. ഗവൺമെന്റിൽനിന്നും, വിവിധ ഏജൻസികളിൽനിന്നും ലഭിക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിന് കോളനികൾ കേന്ദ്രീകരിച്ച് പൊതു നോട്ടീസ് ബോർഡ് താമസിക്കുക.
18. സംവരണ വാർഡായ നെടുമ്പന നാലാം വാർഡിലെ പട്ടികജാതി കോളനികളായ പുന്നൂർ, മുടവാരം, കളയ്ക്കൽ, ആയൂർവ്വേദം, കാട്ടൂർ എന്നീ കോളനികളെ ബന്ധിപ്പിച്ച് റോഡ് നിർമ്മിക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽനിന്നും ആവശ്യമായ ധനസഹായം അനുവദിക്കുക.

ക്ഷേമപദ്ധതികൾ യഥാസമയം ലഭ്യമാക്കുന്നതിന് ആവശ്യമായ ബോധവത്കരണപരിപാടികൾ നടപ്പിലാക്കിയും, ക്ഷേമപദ്ധതികൾ നടപ്പിലാക്കിയും അർഹതപ്പെട്ടവർക്ക് കൃത്യസമയത്ത് ലഭ്യമാക്കുന്നതിന് സഹായകരമായരീതിയിൽ നിബന്ധനകൾ ലഘൂകരിച്ച് വായ്പകളും മറ്റും അനുവദിച്ച് തൊഴിൽസംരംഭങ്ങൾ ഉണ്ടാക്കാനും, വരുമാനം വർദ്ധിപ്പിക്കാനും കഴിയണം. വിദ്യാഭ്യാസപ്രശ്നത്തിൽ ഫലപ്രദമായി ഇടപെട്ട് നിലവിലുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. മേൽപ്പറഞ്ഞ പദ്ധതികൾ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കിയാൽ ഈ വിഭാഗത്തെ വിദ്യാഭ്യാസ സാമൂഹ്യ സാമ്പത്തികരംഗങ്ങളിൽ ഉയർത്തിക്കൊണ്ടുവരാൻ കഴിയും. അതിനുള്ള പ്രവർത്തനങ്ങൾ ജനകീയ ആസൂത്രണത്തിലൂടെ കാര്യക്ഷമമായി നടപ്പിലാക്കണം.

പട്ടികജാതി കോളനികൾ

നമ്പർ	കോളനിയുടെ പേര്	വാർഡ് നമ്പർ	ആകെവീട്	കുടുംബങ്ങളുടെ എണ്ണം	വൈദ്യുതി ഉള്ളത്	വാട്ടർ സപ്ലൈ വാട്ടർ/എത്തിയത് എത്താത്തത്
1	വേലൻപറമ്പ്	II	28	157	ഉണ്ട്	ഇല്ല
2	കുന്നുവിള	II	21	113	ഉണ്ട്	ഇല്ല
3	പുഷ്പംവിള	II	16	62	ഉണ്ട്	ഇല്ല
4	പന്തിക്കോട്	III	24	120	ഉണ്ട്	ഇല്ല
5	പാലനിരപ്പ്	III	12	50	ഉണ്ട്	ഇല്ല
6	കാട്ടൂർ	IV	35	175	ഉണ്ട്	ഇല്ല
7	കളയ്ക്കൽ	IV	65	260	ഉണ്ട്	ഇല്ല
8	പുന്നൂർ മുടവാരം	IV	50	200	ഉണ്ട്	ഇല്ല
9	ചായിക്കരഴികം	V	16	50	ഉണ്ട്	ഇല്ല
10	വലിയവിള	VII	16	64	ഉണ്ട്	ഇല്ല
11	കുഴി അയ്യം	VIII	14	70	ഉണ്ട്	ഉണ്ട്
12	കാട്ടുവിള	IX	13	52	ഉണ്ട്	ഇല്ല
13	ശാസ്താംപൊയ്ക	X	35	181	ഉണ്ട്	ഇല്ല
14	ഉഗ്രൻകുന്ന്	X	49	249	ഉണ്ട്	ഇല്ല
15	മലപ്പുറം	X	22	100	ഉണ്ട്	ഇല്ല
16	പള്ളിമൺ കിഴക്കേക്കര	XI	90	500	ഉണ്ട്	ഉണ്ട്
17	കണ്ണങ്കര കോളനി	XI	27	87	ഉണ്ട്	ഇല്ല
18	ബ്ലാവഴികം	XI	29	102	ഉണ്ട്	ഇല്ല
19	അയ്യൻങ്കാളി	XII	39	100	ഉണ്ട്	ഇല്ല
20	ചാലക്കര	XIII	54	300	ഉണ്ട്	ഇല്ല
21	കാരക്കാട്	XIV	20	80	ഉണ്ട്	ഇല്ല
22	പുനവൂർ	XIV	15	53	ഉണ്ട്	ഇല്ല
23	പുലിയില സംഘം	XV	28	128	ഉണ്ട്	ഇല്ല

ഹൗസ്സൈറ്റ് കോളനി

കോളനിയുടെ പേര്	വാർഡ്	ആകെ വീട്	കുടുംബങ്ങളുടെ എണ്ണം	വൈദ്യുതി ഉള്ളത്/ ഇല്ലാത്തത്	വാട്ടർ സപ്ലൈ ഉള്ളത് ഇല്ലാത്തത്
1. ജയന്തി കോളനി	II	65	65	ഉണ്ട്	ഇല്ല
2. ഉണ്ണിയേശു	II	68	70	ഇല്ല	ഇല്ല
3. രാജീവ്ഗാന്ധി	II	17	19	ഇല്ല	ഇല്ല
4. കളിയ്ക്കൽ ലക്ഷംവീട്	VI	23	25	ഉണ്ട്	ഇല്ല
5. വെളിച്ചിക്കാല	IX	22	22	ഉണ്ട്	ഇല്ല
6. കാഞ്ഞിരതിങ്കൾ	X	38	38	ഉണ്ട്	ഉണ്ട്
7.മാലേവയൽ	X	36	38	ഉണ്ട്	ഉണ്ട്
8. കൊട്ടുപാറ	XI	20	22	ഉണ്ട്	ഇല്ല
9. വട്ടവിള	XII	18	20	ഉണ്ട്	ഇല്ല
10. വാളമുഴി	XII	20	24	ഉണ്ട്	ഇല്ല
11. അഭിലാഷ്	XII	42	42	ഇല്ല	ഇല്ല
12. ചാലക്കര	XIII	16	18	ഉണ്ട്	ഇല്ല
13. പുലിയില ലക്ഷംവീട്	XV	22	25	ഉണ്ട്	ഇല്ല

പഞ്ചായത്തിലെ സ്കൂളിൽപഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം

(അവലംബം: വിദ്യാലയങ്ങളിൽനിന്ന് ലഭിച്ച കണക്ക്)

ഓരോ ക്ളാസ്സിലും പഠിക്കുന്നവർ				തോറ്റു പഠിക്കുന്നവർ		
STD	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
I	40	49	89	ഇല്ല	ഇല്ല	
II	40	43	83	1	1	2
III	36	40	76	2	0	2
IV	41	49	90	4	5	9
V	38	49	87	4	4	8
VI	46	54	100	8	7	15
VII	44	43	87	7	1	8
VIII	26	19	45	12	6	18
IX	14	28	42	8	4	12
X	16	22	38	ലഭ്യമല്ല		

വിഭവസമാഹരണം



സാമ്പത്തികമായി വളരെ പിന്നോക്കംനിൽക്കുന്ന പഞ്ചായത്താണ് നെടുമ്പന. പഞ്ചായത്തിലെ മനുഷ്യപ്രകൃതി വിഭവങ്ങളെ ഉപയോഗപ്പെടുത്തി വികസനപ്രവർത്തനങ്ങൾ ആസൂത്രണംചെയ്യുന്നതിനുള്ള തയ്യാറെടുപ്പിലാണല്ലോ നമ്മൾ. ഇതിന് വിഭവസമാഹരണം ഏറ്റവും അത്യാവശ്യമായ ഘടകമാണ്.

ജനസംഖ്യയുടെ 60%ത്തോളം ജനങ്ങൾ കാർഷികമേഖലയെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. സർക്കാർ- അർദ്ധസർക്കാർ-സ്വകാര്യ മേഖലകളിൽ ജോലിചെയ്യുന്ന ജീവനക്കാർ 11% ത്തോളം വരും. 6% പേർ ഗൾഫിലും, മറ്റു വിദേശരാജ്യങ്ങളിലും ജോലിചെയ്യുന്നവരാണ്. സംഘടിതവും, അസംഘടിതവുമായ തൊഴിൽമേഖലയിൽ ഉപജീവനംതേടുന്ന നല്ലൊരുശതമാനം ജനവിഭാഗങ്ങൾ ഇവിടെയുണ്ട്. അസംഘടിതമേഖലയിൽ പണിയെടുക്കുന്നവരിൽ ഭൂരിപക്ഷവും കെട്ടിടനിർമ്മാണം, ഇഷ്ടികനിർമ്മാണം, മെറ്റൽക്രഷർനിർമ്മാണം തുടങ്ങിയവയിൽപ്പെടുന്നു.

കാർഷികമേഖലയിൽ കഴിഞ്ഞകാലങ്ങളിൽ വന്നുചേർന്ന പിന്നോക്കാവസ്ഥയും, സുരക്ഷിതത്വം ഇല്ലായ്മയും യുവതീ യുവാക്കളെ പലരേയും വ്യവസായ-നിർമ്മാണരംഗത്തേക്ക് ആകർഷിക്കുവാൻ കാരണമായി. കാർഷികരംഗത്ത് അർപ്പണബോധത്തോടും ആത്മാർത്ഥതയോടും നിലയുറപ്പിച്ചാൽ നെടുമ്പനപഞ്ചായത്തിനെ ഒരു മാതൃകാ കാർഷിക ഗ്രാമമാക്കി മാറ്റുവാൻ നമുക്കു കഴിയും.

ഗൾഫിൽ ജോലിചെയ്യുന്നവരുടെ പണം ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ ഉല്പാദനമേഖലകളിൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. ഇന്നിപ്പോൾ പണത്തിന്റെ ഭൂരിഭാഗവും ആഡംബരപൂർണ്ണമായ കെട്ടിടനിർമ്മാണത്തിനും, ഉല്പാദനക്ഷമമല്ലാത്ത മറ്റുരംഗങ്ങളിലും അറിഞ്ഞോ, അറിയാതെയോ ഉപയോഗിക്കുന്ന പ്രവണത കണ്ടുവരുന്നു. ഫലഭൂയിഷ്ടമായ കൃഷിഭൂമിയുള്ള നമുക്ക് പരമാവധി ഭൂമി കൃഷിക്കുപയോഗപ്പെടുത്തുന്നു. ഉല്പാദനം ഇന്നത്തേതിൽനിന്നും ഇരട്ടിയാക്കാൻ കഴിയും. കാർഷികമേഖലയിൽനിന്ന് കിട്ടുന്ന ഉല്പന്നങ്ങൾ വ്യവസായരംഗത്ത് അസംസ്കൃതപദാർത്ഥമാക്കാൻ കഴിഞ്ഞാൽ കാർഷിക-വ്യവസായ-തൊഴിൽ മേഖലകളിൽ അഭൂതപൂർവ്വമായി മുന്നേറാൻ കഴിയും. അനധികൃതമായി ചൂഷണവിധേയമാകുന്ന പ്രകൃതിസമ്പത്തിനെ നിയമവിധേയമായി സംസ്കരിച്ച് ഉപയോഗിച്ചാൽ പഞ്ചായത്തിന്റെ വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. സ്കൂളുകൾ, വിവിധ സ്ഥാപനങ്ങൾ, സാംസ്കാരികകേന്ദ്രങ്ങൾ തുടങ്ങിയവ നമ്മുടെ വിഭവസ്രോതസ്സുകളാണ്.

സ്പെഷ്യൽഗ്രേഡ് പഞ്ചായത്തായ നെടുമ്പനയുടെ പ്രധാന വരുമാനമാർഗ്ഗം കെട്ടിട നികുതിയാണ്. വസ്തുകൈമാറ്റനികുതി, ലൈസൻസ് ഫീസ് എന്നിവയാണ് മറ്റു വരുമാനമാർഗ്ഗങ്ങൾ.

പട്ടിക-1

ഇനം	1991-92	1995-96	വ്യത്യാസം	
കെട്ടിടനികുതി	174509	323754	149845	
തൊഴിൽനികുതി	11970	177300	65330	കൃത്യമായി ലഭിക്കുന്നില്ല
വസ്തു കൈമാറ്റനികുതി	320165	248497	71668	
സർവ്വീസ് നികുതി	31936	60266	28330	
ഡെപ്പോസിറ്റ്	36156	45000	8844	
ലൈസൻസ് ഫീസ്	15690	21055	5565	
ഗ്രാന്റുകൾ	568459	1262556	694097	
പദ്ധതിയേതരവിഹിതം	178800	1213738	1034938	

കെട്ടിടനുകുതി കാലോചിതമായി പരിഷ്കരിച്ച് പഞ്ചായത്ത്വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കാൻ കഴിയും. കച്ചവടനികുതി നിർണ്ണയത്തിലും പോരായ്മകൾ ഉണ്ടായിട്ടുണ്ട്.

പഞ്ചായത്തിന്റെ മറ്റുവരുമാനത്തിൽ ഒതുങ്ങിനിന്നുകൊണ്ട് ചെലവ് നിർവ്വഹിക്കാൻ ഭരണസമിതി ശ്രദ്ധിച്ചിട്ടുണ്ട്. വരുമാനത്തിന്റെ സിംഹഭാഗവും ഭരണപരമായ ആവശ്യത്തിന് തെരുവുവിളക്കുകൾക്കും, കുടിവെള്ളത്തിനുമാണ് ഉപയോഗിക്കുന്നത്. പൊതുമരാമത്ത്, പൊതുജനാരോഗ്യം എന്നീ രംഗങ്ങളിൽ ബാക്കിതുക ഉപയോഗിച്ചുള്ള പ്രവർത്തനം നടന്നുവരുന്നു. എന്നാൽ ആരോഗ്യം, വിദ്യാഭ്യാസം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ വേണ്ടത്ര സമ്പത്ത് ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല.

നമ്മുടെ പഞ്ചായത്തിൽ രണ്ട് പ്രാഥമിക സഹകരണ ബാങ്കുകളും, സ്റ്റേറ്റ്ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ഒരു ശാഖയും പ്രവർത്തിക്കുന്നു. പഞ്ചായത്തിൽ 7 രജിസ്റ്റേർഡ് സ്വകാര്യ പണമിടപാട്സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളിൽ ഭൂരിഭാഗവും പൊതുമേഖലാ ബാങ്കിലാണ്. എന്നാൽ ഈ ബാങ്കിൽ നിക്ഷേപങ്ങളെ അപേക്ഷിച്ച് വായ്പകൾ വളരെ കുറവാണ്. കാർഷിക-വ്യാവസായിക രംഗങ്ങളിൽ ഈ നിക്ഷേപം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയുന്നില്ല. സഹകരണബാങ്കുകളിൽ നിക്ഷേപം ആനുപാതികമായി കുറവാണ്. എന്നാൽ വായ്പകളുടെ അനുപാതം കൂടുതലാണുതാനും. സഹകരണബാങ്കുകളിൽ നിക്ഷേപം കൂടുതൽ കണ്ടെത്തി പഞ്ചായത്തിന്റെ സാമ്പത്തിക വികസനത്തിന് വലിയ സംഭാവന ചെയ്യാൻ കഴിയും.

ക്രമ നമ്പർ	ബാങ്കിന്റെ പേര്	നിക്ഷേപം രൂ.	വായ്പകൾ രൂ.	പ്രവർത്തന മൂലധനം രൂ.
1	നെടുമ്പനവില്ലേജ് സർവ്വീസ് സഹകരണ ബാങ്ക് Q117	10135340	15444548	18929857
2	പഴങ്ങാലം സർവ്വീസ് സഹകരണ സൊസൈറ്റി	1294623	1958522	2738073
3	S.B.T. ബ്രാഞ്ച്, നല്ലില	53912000	15041000	1748294

പ്രശ്നങ്ങൾ

1. കെട്ടിടനികുതി നിർണ്ണയത്തിലെ അപാകതകൾ
2. ഭൂനികുതി ചുമത്തുന്ന രീതി
3. ഭൂകൈമാറ്റനികുതി കൃത്യമായും ലഭിക്കായ്ക
4. നികുതികൾ മുൻകൂറായി അടയ്ക്കാൻ വ്യവസ്ഥകൾ ഇല്ല, ഇളവുകൾ ഇല്ല.
5. വിനോദനികുതിയുടെ പങ്ക് വളരെ കുറാവാണ്.
6. തൊഴിൽനികുതി പിരിവ് കാര്യക്ഷമമല്ല.
7. ലൈസൻസ് ഫീസ് കൃത്യമായി പിരിക്കുന്നില്ല.
8. കാർഷിക വ്യവസായ ആവശ്യങ്ങൾക്ക് ചുരുങ്ങിയ പലിശയ്ക്ക് പാൽ ലഭ്യമല്ല.
9. തെരുവുവിളക്കിന് ഭീമമായതുക ചെലവഴിക്കേണ്ടിവരുന്നു.
10. ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റേയും, പൊതു മാർക്കറ്റുകളുടേയും അഭാവം.
11. നിക്ഷേപങ്ങളുടെ അഭാവം.

സാദ്ധ്യതകൾ

1. പഞ്ചായത്ത് പുറംപോക്കുകൾ, തോടുപുറംപോക്കുകൾ എന്നിവ കണ്ടെത്തി പഞ്ചായത്തിന് മുതൽ കൂട്ടണം.
2. തോടുപുറംപോക്കു സ്ഥലങ്ങളിലും, പൊതു സ്ഥലങ്ങളിലും, പഞ്ചായത്തുവക ഭൂമികളിലും ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.
3. പഞ്ചായത്തിലെ കെട്ടിടങ്ങളുടെ വിസ്തൃതി, പൂർണ്ണമായ നിർമ്മാണച്ചെലവ്, ഉപയോഗിച്ച വസ്തുക്കളുടെ സ്വഭാവം എന്നിവയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കണം.
4. പ്രധാന വ്യാപാര കേന്ദ്രങ്ങളിലെ കടകൾക്കുംമറ്റും നികുതി നിശ്ചയിക്കുമ്പോൾ സ്ഥലത്തിന്റെ മൂല്യംകൂടി കണക്കിലെടുക്കാം.
5. 1500 ച: അടിയിൽക്കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് പ്രത്യേക നിരക്കിൽ നികുതി നിശ്ചയിക്കണം.
6. കെട്ടിടനികുതി, ഭൂനികുതി തുടങ്ങിയവ മുൻകൂട്ടി അടക്കാൻ സംവിധാനം വേണം.
7. തൊഴിൽനികുതി പിരിവ് ഊർജ്ജിതപ്പെടുത്തണം.
8. പ്രൈവറ്റ് ഹോസ്പിറ്റൽ, സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ, ഡ്രൈവിംഗ് സ്കൂൾ, നഴ്സറിസ്കൂൾ, ചെറുകിട വ്യവസായ സ്ഥാപനങ്ങൾ എന്നിവ പഞ്ചായത്തിൽ രജിസ്റ്റർചെയ്ത് ഫീസ്സും തൊഴിൽനികുതിയും

പിരിക്കാം.

9. ഈ പഞ്ചായത്തിലെ വിവിധ വ്യവസായസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന മാസശമ്പളക്കാരായ മുഴുവൻ ജീവനക്കാരിൽനിന്നും തൊഴിൽനികുതി പിരിക്കേണ്ടതാണ്.

10. ഒരു ഹെക്ടറിൽ കൂടുതൽ സ്ഥലത്ത് റബ്ബർകൃഷിചെയ്യുന്ന കർഷകരിൽനിന്നും ചെറിയതോതിൽ നികുതി ഈടാക്കാവുന്നതാണ്.

11. പഞ്ചായത്തു മാർക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചും, വികസിപ്പിച്ചും വരുമാനം വർദ്ധിപ്പിക്കാം.

12. സാമൂഹ്യ-സാംസ്കാരിക സന്നദ്ധസംഘടനകളിൽനിന്നും സാമ്പത്തിക ഉന്നതിയുള്ള വ്യക്തികളിൽനിന്നും സംഭാവനകൾ സ്വീകരിക്കാവുന്നതാണ്.

13. സിനിമാശാലകളിൽനിന്നും വില്പനനടത്തുന്ന ടിക്കറ്റിന്റെ അടിസ്ഥാനത്തിൽ നികുതി പിരിക്കണം.

14. മണൽവാരൽ നിയമവിധേയമാക്കി നികുതി ഏർപ്പെടുത്തിയാൽ വരുമാനമുണ്ടാക്കാൻ കഴിയും.

15. ചൈനാക്ലേ മൈനിംഗ് പഞ്ചായത്തിൽ രണ്ടു കേന്ദ്രങ്ങളിൽ നടക്കുന്നുണ്ട്. ജില്ലാ മൈനിംഗ് ആന്റ് ജിയോളജി വകുപ്പാണ് ഇതിന്റെ ഫീസ് ഈടാക്കുന്നത്. ഈ രംഗത്തുള്ള വരുമാനം പഞ്ചായത്തിനുകൂടി ലഭ്യമാക്കണം.

16. ഓട്ടോ-ടാക്സി-ടെമ്പോ എന്നിവയ്ക്ക് നിലവിൽ പഞ്ചായത്തിൽ സ്റ്റാന്റില്ല. പഞ്ചായത്തുവകയായി സ്ഥിരം സ്റ്റാന്റുകൾ ഉണ്ടാക്കി നിശ്ചിത ഫീസ് ഈടാക്കിയാൽ വരുമാനം വർദ്ധിപ്പിക്കാം.

17. പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ പച്ചക്കറി, പഴം, സംഭരണവിതരണകേന്ദ്രം സ്ഥാപിച്ച് ഈ രംഗത്ത് പുരോഗതി കൈവരിക്കാം, വരുമാനം വർദ്ധിപ്പിക്കാം.

18. മനുഷ്യാദ്ധ്വാനം സംഭാവനചെയ്ത് വിവിധ സന്നദ്ധ സംഘടനകളെ ഏകോപിപ്പിച്ച് വിപുലമായ പ്രവർത്തനമേറ്റെടുക്കാം.

19. പഞ്ചായത്തിൽ അറവുശാല ഉണ്ടാക്കി ഫീസ് ചുമത്തി വരുമാനം വർദ്ധിപ്പിക്കാം.

20. അറവുശാലയുമായി ബന്ധപ്പെട്ട് അനുബന്ധ വ്യവസായ യൂണിറ്റ് ആരംഭിച്ചാൽ തൊഴിലും, വരുമാനവും വർദ്ധിപ്പിക്കാം.

21. സന്നദ്ധ സേവനതല്പരരായ 500 ചെറുപ്പക്കാരുടെ മനുഷ്യാദ്ധ്വാനം പ്രയോജനപ്പെടുത്താൻ കഴിയണം. ഇതിനാവശ്യമായ കർമ്മപദ്ധതികൾക്ക് രൂപംനൽകാൻ പഞ്ചായത്തുതലത്തിൽ സന്നദ്ധ സേവന സമിതി രൂപീകരിക്കണം.

22. പഞ്ചായത്തിലെ ബൗദ്ധികസ്വത്ത് പൂർണ്ണമായി ഉപയോഗിക്കുവാൻ കഴിയണം.

ഉപസംഹാരം

ഈ ഗ്രാമപഞ്ചായത്തിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്രം സമഗ്രമായി വിലയിരുത്താനുള്ള പരിശ്രമം പരമാവധി നടത്തിയിട്ടുണ്ട്. നാട്ടറിവ് ശേഖരിച്ചും, വിവരശേഖരണം നടത്തിയും, സംവാദത്തിലേർപ്പെട്ടും പരമാവധി കൃത്യതയിലെത്താനുള്ള സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. ഗ്രാമത്തിന്റെ ഭൗതികഘടനയിൽ വന്ന മാറ്റങ്ങൾക്ക് ചാലകശക്തിയായി പ്രവർത്തിച്ച പോയതലമുറയെ നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടാണ് ഘടനയിൽ വന്ന മാറ്റങ്ങളെ വിലയിരുത്തിയിട്ടുള്ളത്. മാറ്റത്തിന്റെ ദിശാസന്ധിയിൽ എത്തിനിൽക്കുന്ന നമുക്ക് ആ മാറ്റത്തിന്റെ തുടക്കംകുറിക്കുന്ന–ജനകീയ ആസൂത്രണ പരിപാടിയിൽ പങ്കാളികളായി ഒന്നിച്ചു മുന്നേറാം. ഈ റിപ്പോർട്ട് മുഴുവൻ അർത്ഥത്തിലും വിശകലനംചെയ്യണമെന്ന് അഭ്യർത്ഥന. റിപ്പോർട്ട് തയ്യാറാക്കുന്നതിൽ സഹായിച്ച എല്ലാവരോടും നന്ദിപറഞ്ഞുകൊണ്ട്.....

ഭരണസമിതിക്കുവേണ്ടി

S. നാസറുദീൻ

പ്രസിഡന്റ്

നെടുമ്പന ഗ്രാമപഞ്ചായത്ത്

കുറിപ്പുകൾ

കുറിപ്പുകൾ

കുറിപ്പുകൾ